ഡോ. ഹെർമൻ ഗുണ്ടർട്ട്

പറുദീസയിലെ ഭാഷാപണ്ഡിതൻ

31 B
1032

x
bes8
N12<527082059 021
ubTÜBINGEN

ഡോ. ഹെർമൻ ഗുണ്ടർട്ട്

ആൽബ്രെഷ്ട് ഫ്രൻസ്

1937-ൽ തെക്കൻ ജർമനിയിലെ ഒരു കർഷക കുടുംബത്തിൽ ജനിച്ച ആൽബ്രെഷ്ട് ഫ്രൻസ് സർവകലാശാലാ തലത്തിൽ ഭാരതീയ ഭാഷാ വിജ്ഞാനീയം, ക്ലാസിക്കൽ ആർക്കിയോളജി, മതവിജ്ഞാനീയം എന്നിവ പഠിച്ചു. 1966-ൽ മാർബുർഗ് സർവകലാശാലയിൽനിന്നു ജൈമിനീയ ബ്രാഹ്മണത്തെക്കുറിച്ചുള്ള പ്രബന്ധത്തിന് ഡോക്ടർ ബിരുദം നേടി. 1969-ൽ ഹാംബുർഗ് സർവകലാശാലയിൽ ചേർന്നു. പ്രോട്ടസ്റ്റൻറു ദൈവശാസ്ത്രം പഠിച്ചു വ്യുർട്ടൻബർഗിലെ സഭയിൽ പുരോഹിതനായിത്തീർന്നു. 1974-77 വരെ മധുര സർവകലാശാലയിൽ ജർമനും തമിഴ്നാടു തിയോളജിക്കൽ സെമിനാരിയിൽ വേദശാസ്ത്രവും പഠിപ്പിച്ചു. 1986-ൽ ബർലിനിൽ നടന്ന ലോകമലയാള സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. 1993-ൽ ഇൻഡോജർമൻ സൊസൈറ്റിയുടെയും ബാദൽവ്യുർട്ടൻബർഗ് സംസ്ഥാന ഗവൺമെൻറിൻെറയും സഹകരണത്തിൽ സ്റ്റുട്ഗാർട്ടിൽ നടക്കുന്ന ഗുണ്ടർട്ട് കോൺഫറൻസിൻെറ സംഘാടക സമിതി കൺവീനറാണ്. ഹെർമൻ ഗുണ്ടർട്ടിൻെറ ഡയറിക്കുറിപ്പുകൾ (മൂന്നു വാല്യം) ജീവചരിത്രം എന്നിവ ജർമൻ ഭാഷയിൽ പ്രസിദ്ധീകരിച്ചു. സംസ്കൃതത്തിൽ നിന്ന് ഏതാനും ഉപനിഷത്തുകളും തമിഴിൽ നിന്ന് തിരുക്കുറൾ, തിരുവാചകം എന്നിവയും ജർമനിൽ പരിഭാഷപ്പെടുത്തി. ഏതാനും കവിതാ സമാഹാരങ്ങളും യോഗവിദ്യയെക്കുറിച്ചുള്ള ഒരു പഠനവും പ്രസിദ്ധീകരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നു.

സ്കറിയാ സക്കറിയ

1947-ൽ എടത്വാ കരിക്കമ്പള്ളി കുടുംബത്തിൽ ജനിച്ചു. ബിരുദത്തിന് ഊർജതന്ത്രവും ബിരുദാനന്തര ബിരുദത്തിനു മലയാള സാഹിത്യവും പഠിച്ചു. 1968-ൽ കേരള സർവകലാശാലയിൽ നിന്ന് സചിവോത്തമ ഗോൾഡ്മെഡൽ. 1969 മുതൽ ചങ്ങനാശ്ശേരി സെൻറ് ബർക്മാൻസ് കോളജിൽ അധ്യാപകൻ. 1989-ൽ മികച്ച കോളജ് അധ്യാപകനുള്ള AIACHEയുടെ അവാർഡ്. കേരള സർവകലാശാലാ ലിംഗ്വിസ്റ്റിക്സ് വകുപ്പിൽ സമർപ്പിച്ച ഗവേഷണ പ്രബന്ധം പ്രാചീന മലയാള ഗദ്യത്തിൻെറ വ്യാകരണ വിശകലനമാണ്. 1990-ൽ ഫ്രൈബുർഗിലെ ഗെയ്ഥേ ഇൻസ്റ്റിറ്റ്യൂട്ടിൽ ജർമൻ പഠനം. അലക്സാണ്ടർ ഫോൺ ഹുമ്പോൾട്ട് ഫെലോ എന്ന നിലയിൽ ജർമനിയിലെയും സ്വിറ്റ്സർലണ്ടിലെയും സർവകലാശാലകളിലും ഗ്രന്ഥശേഖരങ്ങളിലും ഗവേഷണപഠനങ്ങൾ നടത്തി. മലയാളത്തിലും ഇംഗ്ലീഷിലുമായി ഇരുപത്തഞ്ചോളം ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും. മലയാളം ബൈബിൾ, ഡി സി ബുക്സിൻെറ വാർഷിക ചെറുകഥാ സമാഹാരങ്ങൾ, ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര എന്നിവയുടെ എഡിറ്റർ.

ഭാര്യ: മേരിക്കുട്ടി. മക്കൾ: സുമ, അരുൾ

ഡോ. ഹെർമൻ ഗുണ്ടർട്ട്

പറുദീസയിലെ ഭാഷാപണ്ഡിതൻ

ആൽബ്രെഷ്ട് ഫ്രൻസ്
സ്കറിയാ സക്കറിയ

ഡി. സി. ബുക്സ് കോട്ടയം

1991

വില 50.00

(Malayalam)

Dr. Hermann Gundert

Biography

by Dr. Albrecht Frenz

Prof. Scaria Zacharia

Rights Reserved

First Published October 1991

Cover design : Asok

Printed at D.C.Offset Printers, Kottayam

Publishers :

D.C. BOOKS, KOTTAYAM-686 001

Kerala State, India

Distributors:

CURRENT BOOKS

Kottayam, Thiruvananthapuram, Kollam, Pathanamthitta, Alappuzha, Eranakulam, Aluva, Kozhikode, Palakkad, Thalassery, Kalpetta

UNIV.BIBL. TÜBINGEN

31 B 1032-3 [!]

Rs. 50.00

60/91-92

S.No.1824 DCB 1287 BPM 16 MPL-2000-1091

HGS

Hermann Gundert Series

herausgegeben
von
Albrecht Frenz
und
Scaria Zacharia

Band 3. 3 (Malayalam)
Dr. Hermann Gundert

Die Titel der ganzen Reihe (Malayalam)-
jeweils mit einer kritischen Einleitung:

Hermann Gundert

Band 1 A Malayalam and English Dictionary
Band 2 Grammatische Werke
Band 3 Quellen zu seinem Leben und Werk
(*3.1* Deutsch, *3.2* Englisch, *3.3* Malayalam)
Band 4 Geschichtliche und literarische Werke
Band 5 Christliche Literatur
Band 6 Malayalam-Bibel

Gesamtherstellung der Malayalam-Werke
D. C. Books Kottayam, Kerala, Indien

In Verbindung mit der
Dr. Hermann-Gundert-Konferenz Stuttgart
19.-23. Mai 1993

HGS (Hermann Gundert Series)

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര

എഡിറ്റർമാർ

ഡോ. ആൽബ്രഷ്ട് ഫ്രൻസ്

പ്രൊഫ. സ്കറിയാ സക്കറിയ

വാല്യം 3.3 ഡോ. ഹെർമൻ ഗുണ്ടർട്ട്

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥ പരമ്പരയിലെ വാല്യങ്ങൾ

വാല്യം 1 മലയാളം - ഇംഗ്ലീഷ് നിഘണ്ടു

വാല്യം 2 മലയാള ഭാഷാ വ്യാകരണം

വാല്യം 3 ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ ജീവചരിത്രം

1. ജർമൻ ഭാഷയിൽ : Hermann Gundert—Quellen zu seinem Leben und Werk

2. ഇംഗ്ലീഷിൽ : Dr. Hermann Gundert and Malayalam Language

3. മലയാളത്തിൽ : ഡോ. ഹെർമൻ ഗുണ്ടർട്ട്

വാല്യം 4 ചരിത്രകൃതികൾ, സാഹിത്യരചനകൾ, പഴഞ്ചൊല്ലുകൾ

വാല്യം 5 ക്രൈസ്തവ രചനകൾ

വാല്യം 6 മലയാളം ബൈബിൾ

പ്രസാധകർ

മലയാളം : ഡി സി ബുക്സ്, കോട്ടയം

ജർമൻ : Sueddeutsche Verlagsgeseleschaft, Ulm

1838 ഒക്ടോബറിൽ ആദ്യമായി കേരളം കണ്ടപ്പോൾ ഗുണ്ടർട്ട്
എഴുതി:
*'മലകളിലെല്ലാം പച്ചപ്പ്. വരണ്ട കർണാട്ടിക് ദേശം കടന്നു
വരുന്നവന് ഈ നാട് പറുദീസയാണ്.'*
G M 18.11.1838

ഗുണ്ടർട്ട് പറഞ്ഞു:
*'സ്വർഗത്തിൽ വച്ചും ഓരോ പുതിയ ഭാഷ പഠിക്കുവാൻ എനിക്ക്
അവസരം കിട്ടിയാൽ എന്തൊരു സന്തോഷമായിരിക്കും.'*
കേരള സാഹിത്യചരിത്രം, വാല്യം നാല്
1964 : 165

ഇദ്ദേഹമാണ്
പറുദീസയിലെ ഭാഷാപണ്ഡിതൻ



ഹെർമൻ ഗുണ്ടർട്ട്
1814-1893



പ്രസാധകക്കുറിപ്പ്

മലയാള ഭാഷയ്ക്ക് ഏറ്റവും വിലപ്പെട്ട സംഭാവന നല്കിയ ഡോ. ഹെർമൻ ഗുണ്ടർട്ടിൻെറ ചരമ ശതാബ്ദി 1993-ലാണ്. 25-ാമത്തെ വയസ്സിലാണ് അദ്ദേഹം തിരുവനന്തപുരത്ത് എത്തുന്നത് —1838 ഒക്ടോബർ 7-ന്. മിഷനറി പ്രവർത്തനം ലക്ഷ്യമാക്കി മലയാളക്കരയിലെത്തിയ ഗുണ്ടർട്ട് 1839 മുതൽ 20 വർഷക്കാലം ഇല്ലിക്കുന്നിൽ (ഇന്നത്തെ തലശ്ശേരി പട്ടണത്തിൻെറ ഒരു ഭാഗം) ചെലവഴിച്ചു. 1859-ൽ സ്വദേശമായ ജർമനിക്കു മടങ്ങി. 1893-ൽ അന്തരിക്കയും ചെയ്തു. ജർമനിയിലായിരുന്ന കാലത്താണ് മലയാളവ്യാകരണം (പൂർണ രൂപം - 1868), നിഘണ്ടു (1872) എന്നീ മികച്ച കൃതികൾ മംഗലാപുരത്തുനിന്നു പുറത്തു വന്നത്. അമ്പതിൽ കുറയാത്ത പുസ്തകങ്ങൾ മലയാളത്തിലും അതിലധികം ജർമനിലും പ്രസിദ്ധപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ദൈവം ഗുണ്ടർട്ടിനെ കേരളത്തിലേക്കയച്ചത്, കുറെ ആത്മാക്കളെ രക്ഷിക്കാനായിരുന്നോ, മറിച്ച് മലയാള ഭാഷയെ രക്ഷിക്കാനായിരുന്നോ എന്നു സംശയമുണ്ട്.

"പല വിദേശീയ വിദ്വാന്മാരും ഭാഷയ്ക്കു പല പ്രകാരത്തിൽ കൈങ്കര്യം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലും അവരിൽ പ്രഥമ പദത്തെ അലങ്കരിക്കുന്നത് ഡാ. ഹെർമൻ ഗുണ്ടർട്ട് എന്ന ജർമൻ പണ്ഡിതനാകുന്നു. അദ്ദേഹം പാലാഴിയിൽ നിന്നു ദേവാമൃതമെന്നപോലെ കടഞ്ഞെടുത്തു കൈരളിക്കു കാഴ്ചവച്ച മലയാളം-ഇംഗ്ലീഷ് നിഘണ്ടുപോലെ ഒരു മഹാഗ്രന്ഥം മലയാളത്തിൽ വേറെ യില്ല." ഇത് മഹാകവി ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ (വാല്യം നാല്, അധ്യായം 44) രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഇത്രയും വലിയ ഒരു മനുഷ്യനെപ്പറ്റി മലയാളത്തിൽ എത്രയോ ജീവചരിത്രങ്ങൾ, ഇക്കഴിഞ്ഞ ഒരു നൂറു വർഷത്തിനിടയിൽ ഉണ്ടാകേണ്ടതായിരുന്നു. എങ്കിലും ഒന്നോ ഒന്നരയോ പുസ്തകം മാത്രമേ ഉണ്ടായിട്ടുള്ളു. കെ. പി. വറീതിൻെറ പുസ്തകമാണ് അതിൽ എടുത്തു പറയത്തക്കതായി ഉള്ളത്.

ഗുണ്ടർട്ട് കേരളം വിട്ടിട്ട് 132 വർഷങ്ങളായിരിക്കുന്നു. ഇതിനിടയിൽ പല തലമുറകൾ കടന്നുപോയി. ജർമനിയിൽ 'ഹെർമൻ ഗുണ്ടർട്ട് പഠനങ്ങൾ'ക്കു നേതൃത്വം നല്കുന്ന ഡോ. ആൽബ്രഷ്ട് ഫ്രൻസിൻെറ പത്നി ഗുണ്ടർട്ടിൻെറ നാലാം തലമുറയിലെ കൊച്ചുമകളാണ്. ഇന്നും ഗുണ്ടർട്ട്, സ്വന്തം കൃതികളിലൂടെ ജീവിക്കുന്നു. ഇന്നും മലയാളഭാഷയെ സംബന്ധിച്ച മൗലികപഠനങ്ങളിലെല്ലാം ഗുണ്ടർട്ടിൻെറ നിഘണ്ടുവും വ്യാകരണവും സംശോധകഗ്രന്ഥങ്ങളാണ്. കേരള ചരിത്ര പഠനത്തിലും സാഹിത്യ ചരിത്രങ്ങളിലും ഗുണ്ടർട്ട് കടന്നുവരുന്നു. ഇതെല്ലാമാണെങ്കിലും അദ്ദേഹത്തിൻെറ വ്യക്തിത്വത്തെക്കുറിച്ചും സാഹിത്യ പരിശ്രമങ്ങളെക്കുറിച്ചും വിശദവും സത്യസന്ധവുമായ വിവരങ്ങൾ ലഭ്യമായിരുന്നില്ല. എന്തിന്, ഗുണ്ടർട്ട് രചിച്ച കൃതികളുടെ എണ്ണം പോലും അറിഞ്ഞുകൂടായിരുന്നു.

ഇപ്പോൾ, ആദ്യമായി ഗുണ്ടർട്ടിനെക്കുറിച്ച് ഗവേഷണ പഠനങ്ങളുടെ വെളിച്ചത്തിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധീകരിക്കയാണ്. ജർമൻ ഇൻഡോളജിസ്റ്റും പ്രഗല്ഭ ഗവേഷകനുമായ ഡോ. ആൽബ്രെഷ്ട് ഫ്രൻസും ചങ്ങനാശ്ശേരി സെൻറ് ബർക്ക്മാൻസ് കോളജിലെ പ്രൊഫ. സ്കറിയാ സക്കറിയയും ചേർന്ന് അവതരിപ്പിക്കുന്ന 'ഗുണ്ടർട്ട് ഗ്രന്ഥപരമ്പര'യിൽ കൗതുകകരമായി പലതുമുണ്ടാവും. ഗുണ്ടർട്ട് കൃതികളുടെ എണ്ണംതന്നെ ഇരട്ടിയായിരിക്കുന്നു. നിഘണ്ടുവിനും വ്യാകരണത്തിനുമപ്പുറം, ബൈബിൾ, ഒരായിരം പഴഞ്ചൊൽ, കേരളോല്പത്തി തുടങ്ങി കേട്ടുകേൾവിയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന പല കൃതികളും ഈ പരമ്പരയിലൂടെ മലയാളികൾക്കു ലഭ്യമാകും. ജർമനിയിലും കേരളത്തിലുമായി പ്രസിദ്ധീകരിക്കുന്ന പരമ്പരയിലെ മൂന്നാം വാല്യമത്രെ ഗുണ്ടർട്ടിൻെറ ജീവചരിത്രം—ഡോ ഹെർമൻ ഗുണ്ടർട്ട്: പറുദീസയിലെ ഭാഷാപണ്ഡിതൻ. ആയിരക്കണക്കിനു കത്തുകളും ഡയറിക്കുറിപ്പുകളും മറ്റ് അമൂല്യ രേഖകളും പരിശോധിച്ച് തയ്യാറാക്കിയ ആധികാരിക ജീവചരിത്രം എന്ന നിലയിൽ ഇതിനു പ്രത്യേക പ്രാധാന്യമുണ്ട്. ഗുണ്ടർട്ട് രചിച്ച മലയാള കൃതികൾ, ജർമൻ കൃതികൾ, കൈയെഴുത്തു ഗ്രന്ഥങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഈ പുസ്തകത്തിൽ നിങ്ങൾക്കു കാണാം. ഗുണ്ടർട്ട് ആൽബം എന്നു വിശേഷിപ്പിക്കാവുന്ന ഒരു ചിത്രശേഖരവും.

ഇൻഡോ-ജർമൻ സൗഹൃദത്തിൻെറ പ്രതീകമായ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയുടെ മലയാള പ്രസാധനം ഞങ്ങൾ ഏറ്റെടുത്തത് ഒരു 'സാംസ്കാരിക ബാധ്യത' എന്ന നിലയിലാണ്; ഇതിൻെറ സാമ്പത്തിക ബാധ്യത ഉണ്ടാക്കാവുന്ന കുഴപ്പങ്ങളെപ്പറ്റി ഓർമിച്ചുകൊണ്ടുതന്നെ. ഇക്കാര്യത്തിൽ ഞങ്ങൾക്ക് ഉത്തേജനവും സഹായവും ചെയ്യാൻ തയ്യാറായ ഡോ. ഫ്രൻസിനും പ്രൊഫ. സ്കറിയാ സക്കറിയയ്ക്കും സ്നേഹാശംസകൾ.

കോട്ടയം

ഒക്ടോബർ 7-1991

ഡി. സി. കിഴക്കെമുറി

മുഖവുര

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര(HGS)യുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ജീവചരിത്രമാണിത്. ഗുണ്ടർട്ടിന്റെ കത്തുകളും ഡയറിക്കുറിപ്പുകളും അവലംബമാക്കി ഡോ. ആൽബ്രഷ്ട് ഫ്രൻസ് ജർമൻ ഭാഷയിൽ രചിച്ച പുസ്തകമാണ് Hermann Gundert Quellen zu seinem Leben und Werk Von Dr. Albrecht Frenz, HGS 3.1, Sueddeutsche Verlagsgesellschaft, Ulm, 1991 ഇതിനു മുഖ്യാവലംബം. അതിൽ നിന്നു കേരളീയർക്ക് അപ്രസക്തമെന്നു തോന്നാവുന്ന കാര്യങ്ങൾ വിട്ടുകളഞ്ഞു. മലയാളികൾക്ക് കൗതുകകരമായേക്കാവുന്നതും ജർമൻ മൂലത്തിലില്ലാത്തതുമായ മററു ചില കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. ഗ്രന്ഥസംവിധാനത്തിലും വിഷയക്രമീകരണത്തിലും അല്പം മാററങ്ങൾ വരുത്തിയിട്ടുണ്ട്. ഇങ്ങനെ മലയാളികളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് മൂലകൃതി പരിശോധിക്കാനും പുനരവതരിപ്പിക്കാനും കഴിഞ്ഞതിൽ എനിക്ക് അത്യധികം സന്തോഷം തോന്നുന്നു. ജർമനിയിലെ താമസത്തിനിടയിൽ മൂന്നാഴ്ചയിലേറെ ഈ ഗ്രന്ഥത്തിന്റെ പണിപ്പുരയിൽ ഡോ. ഫ്രൻസിനോടൊപ്പം നിത്യേന പതിനാറു മണിക്കൂർ വീതം ജോലി ചെയ്തതാണ് എന്റെ ഏററവും അവിസ്മരണീയമായ ജർമൻ അനുഭവം!

ഗുണ്ടർട്ടിന്റെ കത്തുകളിൽ നിന്നുള്ള ഉദ്ധരണികൾ ഡോ. ഫ്രൻസിന്റെ സ്വകാര്യ കമ്പ്യൂട്ടറിൽ നിന്നു വള്ളിപുള്ളി വ്യത്യാസമില്ലാതെ നിരായാസം മൂലകൃതിയിലേക്കു പകർത്തിയിട്ടുണ്ട്. പക്ഷേ, മലയാളത്തിലേക്കു തർജമ ചെയ്യേണ്ടിവന്നപ്പോൾ ഞങ്ങൾ വല്ലാതെ കുഴഞ്ഞു. ചില ഭാഗങ്ങളിലെ കുരുക്കുകളഴിക്കാൻ അനേക മണിക്കൂറുകൾ വേണ്ടിവന്നു. എന്തെല്ലാം വിഷയങ്ങളെ ചുററിപ്പിണഞ്ഞ് പടർന്നു കയറിയിരി ക്കുന്നവയാണ് അദ്ദേഹത്തിന്റെ പഴയ ജർമൻ വാക്യങ്ങൾ! ബഹുഭാഷാപണ്ഡിതനായിരുന്ന അദ്ദേഹത്തിന്റെ ഭാഷയിൽ ലിപിതലത്തിലും പദതലത്തിലും വാക്യതലത്തിലും അന്യഭാഷാ സ്വാധീനം പ്രകടമാകാറുണ്ട്. പോരെങ്കിൽ, എനിക്കു ജർമനോ ഡോ. ഫ്രൻസിന് മലയാളമോ നല്ല നിശ്ചയമില്ല. ഇംഗ്ലീഷിന്റെ മാധ്യസ്ഥ്യത്തിലാണ് പലപ്പോഴും ചർച്ചകൾ പുരോഗമിക്കുക. ആശയങ്ങൾ നഷ്ടപ്പെടുത്താതെ ലളിതമായി തർജമ ചെയ്യാനായിരുന്നു ശ്രമം. പദാനുപദ തർജമയ്ക്ക് ഒരുമ്പെട്ടിട്ടില്ല എന്നു സാരം. സാധാരണ വായനക്കാർ ഇത്രയും കൊണ്ടു തൃപ്തരായേക്കും. മൗലിക ഗവേഷണത്തിനു പുറപ്പെടുന്നവർക്ക് ഇതൊരു വഴികാട്ടിയായിരിക്കും. ജർമനും മലയാളവും തുല്യനിലയിൽ കൈകാര്യം ചെയ്യാൻ പ്രാപ്തിയും ഗുണ്ടർട്ടു മനസ്സൂന്നിയ വിഷയങ്ങളിലെല്ലാം അഗാധ പരിജ്ഞാനവുമുള്ള ഒരു തർജമക്കാരൻ ഉണ്ടാകുവോളം കാത്തിരിക്കാൻ മനസ്സുവരാത്തതുകൊണ്ടാണ് ഞങ്ങൾ ഈ സാഹസത്തിന് ഒരുമ്പെട്ടത് . ഇതു മനസ്സിലാക്കി പോരായ്മകൾ സഹൃദയർ ക്ഷമിക്കുമല്ലോ.

ഹെർമൻ ഗുണ്ടർട്ടിനെ അതിമാനുഷനായി പരിഗണിക്കുന്നവർക്ക് ഈ കൃതി അരുചികരമായേക്കാം. ഹെർമൻ ഗുണ്ടർട്ട് എന്ന മനുഷ്യനെ പരിചയപ്പെടുത്താനാണ് ഇവിടെ തുനിയുന്നത്. വികാരവിചാരങ്ങളോടു കൂടിയ

നമ്മെപ്പോലുള്ള ഒരു മനുഷ്യൻ നമ്മുടേതുപോലുള്ള പശ്ചാത്തലത്തിൽ നിന്ന് എങ്ങനെ കഠിനാധ്വാനത്തിലൂടെ സാഹസികമായി മുന്നേറി അനശ്വരനായി ത്തീർന്നു എന്നു വിശദീകരിക്കാനാണ് ഇവിടത്തെ ശ്രമം. അദ്ദേഹത്തെക്കുറിച്ച് ആരാധനയല്ല, സ്നേഹബഹുമാനങ്ങളാണ് ഇതെഴുതുന്നവർക്കുള്ളത്. ഇന്നത്തെ നിലയിൽ ഞങ്ങൾക്ക് വിയോജിപ്പു തോന്നുന്ന ചില കാര്യങ്ങൾ പോലും അദ്ദേഹത്തിൻെറ ജീവിതത്തിലും ചിന്തകളിലുമുണ്ട്. എന്നിട്ടും ഞങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുന്നു, ആദരിക്കുന്നു. ഇങ്ങനെ സ്വാതന്ത്ര്യത്തിൻെറ വിശാലമായ ശാലകളിലൊരിടത്തു ഗുണ്ടർട്ടിനെ കുറെക്കൂടി അടുത്തു കാണാൻ ഈ ഗ്രന്ഥം നിങ്ങൾക്ക് ഉപകരിച്ചെങ്കിൽ ഞങ്ങൾ കൃതാർഥരായി.

ഹെർമൻ ഗുണ്ടർട്ടിൻെറ ഗ്രന്ഥശേഖരവും കേരള പഠനത്തിൽ പ്രസക്തമാകാവുന്ന മററു രേഖാലയങ്ങളും പഠന കേന്ദ്രങ്ങളും സന്ദർശിക്കാൻ എന്നെ ജർമനിയിലേക്കു ക്ഷണിച്ച അലക്സാണ്ടർ ഫോൺ ഹുമ്പോൾട്ട് ഫൗണ്ടേഷനെയും എന്നെ അതിഥിയായി സ്വീകരിച്ചുപചരിച്ച ട്യൂബിങ്ങൻ സർവകലാശാല, ബാസൽ മിഷൻ കേന്ദ്രം (സ്വിററ്സർലണ്ട്), ലൈപ്സിഗിലെ മത സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയവയെയും നന്ദിപൂർവം ഓർമിക്കുന്നു.

ജർമനിയിൽ കേരളത്തിൻെറ അനൗദ്യോഗിക അമ്പാസിഡറാണ് ഡോ. ആൽബ്രെഷ്ട് ഫ്രൻസ്! അദ്ദേഹത്തിൻെറ വിജ്ഞാനകൗതുകവും സഹനശീലവും സ്നേഹാതിരേകവും നേരിട്ടു മനസ്സിലാക്കാൻ എനിക്ക് അവസരം ലഭിച്ചു. മലയാളം, കേരളം, ഗുണ്ടർട്ട് എന്നീ വാക്കുകൾ പല ജർമൻ അക്കാദമിക്കുകളും ഭരണ കർത്താക്കളും ആദ്യം കേട്ടത് ഡോ. ഫ്രൻസിൽ നിന്നാണ്. തുടക്കത്തിൽ ഇവയെല്ലാം ബാലിശമായ കൗതുകങ്ങളായി പല പണ്ഡിതന്മാരും തള്ളിക്കളഞ്ഞു. ഇന്ന് കാര്യങ്ങൾ മാറിയിരിക്കുന്നു. ഡോ. ഫ്രൻസിൻെറ ഗവേഷണ പദ്ധതികളും 1993-ൽ നടക്കാനിരിക്കുന്ന ഗുണ്ടർട്ട് കോൺഫറൻസും ജർമനിയിലെ വൈജ്ഞാനിക മണ്ഡലത്തിൽ ശ്രദ്ധിക്കപ്പെടുന്നുണ്ട്. പ്രൊട്ടസ്ററൻറു സഭയിലെ ഔദ്യോഗിക ജോലികൾക്കിടയിൽ വിശ്രമ വേളകൾ ഒഴിവാക്കിയും മിതവ്യയം പാലിച്ചും കേരള പഠനത്തിനു വേണ്ടി സമയവും പണവും ചെലവഴിക്കുന്ന ഈ ജർമൻ പ്രതിഭയോടൊപ്പം ഇങ്ങനെയൊരു മഹാസംരംഭത്തിൽ എളിയ പങ്കാളിയാകാൻ കഴിഞ്ഞത് മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഡോ. ഫ്രൻസിൻെറ ഭാര്യ ഗെട്രൗദ്, ഹെർമൻ ഗുണ്ടർട്ടിൻെറ നാലാം തലമുറക്കാരിയായ കൊച്ചുമകളാണ്. മക്കളായ മാർഗരററ് ക്രിസ്ററഫ്, അമെരി, സ്റെറഫാൻ എന്നിവർക്ക് പിതാവിൻെറ സാഹസിക പഠനപരിശ്രമങ്ങളിൽ അഭിമാനമുണ്ടെങ്കിലും ഏറെ സന്തോഷമില്ല. പിതാവിൽ നിന്നു തങ്ങൾക്കു പങ്കുവച്ചു കിട്ടേണ്ട അറിവും ആഹ്ലാദവും അദ്ദേഹത്തിൻെറ ഗുണ്ടർട്ടു പഠനങ്ങൾക്കിടയിൽ നഷ്ടപ്പെട്ടുപോകുന്നല്ലോ. എങ്കിലും തങ്ങളുടെ മുതുമുത്തച്ഛനെക്കുറിച്ചുള്ള അന്വേഷണമാണെന്ന് ഓർത്തിട്ടാവാം ആ പരിഭവം ചെറിയ കുത്തുവാക്കുകളിൽ ഒതുക്കുന്നു. ഡോ. ഫ്രൻസിൻെറ കുടുംബം കേരളത്തിൽ നിന്നുള്ള അതിഥി എന്ന നിലയിൽ എന്നോടു കാണിച്ച ഊഷ്മളമായ സ്നേഹം ഞാൻ ഇവിടെ അനുസ്മരിക്കട്ടെ. ഈ ഗ്രന്ഥത്തിൻെറ കൈയെഴുത്തുപ്രതി പകർത്തിത്തന്ന അനിലിനും കൈയെഴുത്തുപ്രതി വായിച്ചുനോക്കി ചില തിരുത്തലുകൾ നിർദേശിച്ച എസ്.ബി. കോളജ് മലയാളം വകുപ്പധ്യക്ഷൻ പ്രൊഫ. എൻ.എസ്. സെബാസ്ററ്യനും നന്ദി.

കൂടുതൽ കാര്യങ്ങൾ ഡോ. ഫ്രൻസിൻെറ കുറിപ്പിലുണ്ട്.

ആഗസ്ററ് 15, 1991

സ്കറിയാ സക്കറിയ

മലയാളികളായ സഹോദരങ്ങളോട്

ഡോ. ആൽബ്രഷ്ട് ഫ്രൻസ്

ഡോ. ഹെർമൻ ഗുണ്ടർട്ടിനോടു മലയാളികൾ പ്രകടിപ്പിക്കുന്ന സ്നേഹാദരങ്ങൾ ജർമൻകാരായ ഞങ്ങളെ വിസ്മയിപ്പിക്കാറുണ്ട്. ഈ പ്രതിഭാസം മനസ്സിലാക്കാനുള്ള പരിശ്രമങ്ങൾ ഹെർമൻ ഗുണ്ടർട്ട് പഠനങ്ങളിലേക്ക് എന്നെ നയിച്ചു. ഈ ഗവേഷണ മാർഗത്തിൽ ഉത്സാഹപൂർവം മുന്നോട്ടു പോകാൻ എന്നെ സഹായിച്ചത് കേരളീയരുടെ ഊഷ്മളമായ സ്നേഹവും പരിഗണനയുമാണ്.

1979-ൽ ഗുണ്ടർട്ടിൻെറ ഒരു ലഘു ജീവചരിത്രം പ്രസിദ്ധീകരിച്ചു—*Hermann Gundert, missionar und Sprachforscher, Ulm Donald.* 1981-ൽ യാദൃച്ഛികമായി എൻെറ കൈയിൽ വന്നു ചേർന്ന ഡയറിക്കുറിപ്പുകളും മററുചില അനുബന്ധ രേഖകളും വിശദമായി പഠിച്ചു മൂന്നു വാല്യമായി (1983-1986) പ്രസിദ്ധപ്പെടുത്തി.

1986 ജനുവരിയിൽ ഗുണ്ടർട്ടിൻെറ കത്തുകൾ പകർത്തി കമ്പ്യൂട്ടർ ഡിസ്കുകളിൽ ശേഖരിക്കാൻ ശ്രമം തുടങ്ങി. ഈ ഘട്ടത്തിൽ, 1986 ഒക്ടോബറിൽ ബർലിനിൽ നടന്ന ഡോ. ഹെർമൻ ഗുണ്ടർട്ട് സ്മാരക ലോകമലയാള സമ്മേളനം അതിൽ സംബന്ധിച്ച യൂറോപ്യൻ പ്രതിനിധികൾക്ക് ഈ രംഗത്ത് ശ്രദ്ധയർപ്പിക്കാൻ ഉത്സാഹം പകർന്നു. കേരളത്തിൻെറ സാംസ്കാരിക വൈവിധ്യവും ബൗദ്ധിക ഊർജസ്വലതയും സ്നേഹോദാരതയും പ്രകടമാക്കിയ സമ്മേളനം ഭാവി പ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്ന നല്ല ബന്ധങ്ങൾ പടുത്തുയർത്താൻ ഉപകരിച്ചു. അവിടെ കേരളത്തിൽ നിന്നുള്ള പ്രതിനിധികളും ജർമൻ മലയാളികളും ഉണ്ടായിരുന്നു. ഹൈന്ദവരും ക്രൈസ്തവരും മുസ്ലിങ്ങളുമുണ്ടായിരുന്നു. രാഷ്ട്രീയ നേതാക്കന്മാരും കലാസാഹിത്യനായകരും ഉദ്യോഗസ്ഥ പ്രമുഖരുമുണ്ടായിരുന്നു. കാരണവന്മാരും സ്കൂൾകുട്ടികളും ഉണ്ടായിരുന്നു. അവിസ്മരണീയമായ കേരളീയാനുഭവമായിരുന്നു ബർലിനിലെ ലോക മലയാള സമ്മേളനം.

ലോകമലയാള സമ്മേളനത്തിനു ശേഷം ഗുണ്ടർട്ടിൻെറ ജന്മനഗരമായ സ്ററുട്ഗാർട്ടിൽ വന്നെത്തിയ പ്രൊഫ. സ്കറിയാ സക്കറിയ ട്യൂബിങ്ങൻ സർവകലാശാലാ ലൈബ്രറി സന്ദർശിക്കാൻ എൻെറ സഹായം ആവശ്യപ്പെട്ടത് ഭാഗ്യമായിത്തീർന്നു. അവിടെ ചെന്നെത്തിയ ഞങ്ങൾ ഗുണ്ടർട്ട് ഗ്രന്ഥശേഖരം കണ്ടെത്തി—അമൂല്യങ്ങളായ കൈയെഴുത്തു ഗ്രന്ഥങ്ങൾ, അത്യന്തവിരളമായ അച്ചടിപ്പകർപ്പുകൾ. (1991 മാർച്ചിൽ കാൽവിലെ സ്ററയിൻഹൗസിൽ നിന്നു ലഭിച്ച പതിനാറ് താളിയോല ഗ്രന്ഥങ്ങൾ കൂടി ഇപ്പോൾ ട്യൂബിങ്ങൻ ലൈബ്രറിയിൽ എത്തിയിരിക്കുന്നു.) ഇവയെല്ലാം പ്രൊഫ. സ്കറിയാ നൽകിയ വിവരങ്ങളനുസരിച്ച് ലൈബ്രറി രേഖകളിൽ ചേർത്തിട്ടുണ്ട്. ജർമനിയിൽ ഭാരതീയ പഠനത്തിനുള്ള മുഖ്യ ലൈബ്രറികളിലൊന്നാണ് ട്യൂബിങ്ങൻ. തന്മൂലം ലൈബ്രറി അധികൃതർക്ക് ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥശേഖരം സംരക്ഷിക്കുന്നതിലും വിലയിരുത്തുന്നതിലും ഉത്സാഹമുണ്ടായി. ലൈബ്രറി ഡയറക്ടർ ഡോ. ഫെലിക്സ് ലിയോൺ ഹാർഡിൻെറ അഭ്യർഥനയനുസരിച്ച് പ്രൊഫ. സ്കറിയായെ അലക്സാണ്ടർ ഫോൺ ഹുമ്പോൾട്ട് ഫൗണ്ടേഷൻ (Alexander Von Humboldt Foundation) ജർമനിയിലേക്കു ക്ഷണിച്ചു. ലൈബ്രറിയിലെ പൗരസ്ത്യ വിഭാഗം അധ്യക്ഷൻ ഡോ. ജോർജ് ബൗമാൻെറ മാർഗനിർദേശത്തിലും ഡോ. കാൾഹൈൻസ്

ഗ്രൂസ്നറുടെ സഹകരണത്തിലും വളരെയേറെ കാര്യങ്ങൾ ചുരുങ്ങിയ സമയം കൊണ്ട് ചെയ്തു തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എൻെറ വ്യക്തിപരമായ പഠനപരിശ്രമങ്ങൾക്കും അദ്ദേഹത്തിൻെറ സാന്നിധ്യം സഹായകരമായി. ഞങ്ങൾ ബാസൽമിഷൻ കേന്ദ്രത്തിലെ ഗ്രന്ഥശേഖരം അവിടത്തെ ആർക്കൈവ്സ്ററ് ഡോ. പോൾ ജങ്കിൻസിൻെറ സഹകരണത്തോടെ വിശദമായി പരിശോധിച്ചു. സ്ററുട്ഗാർട്ടിലെ സ്റേററ് ലൈബ്രറി, മാർബഹായിലെ ഷില്ലർ സ്മാരകമായ ജർമൻ ലിററററി മ്യൂസിയം, പുരാതന സർവകലാശാലാ നഗരങ്ങളായ ലൈപ്സിഗിലും ഹാളേയിലുമുള്ള ഗ്രന്ഥശേഖരങ്ങൾ, ബർലിനിലെ സ്റേററ് ലൈബ്രറി എന്നിങ്ങനെ പല സാംസ്കാരിക സ്ഥാപനങ്ങളിലും ഗ്രന്ഥങ്ങളും രേഖകളും പരിശോധിക്കാൻ പ്രൊഫ. സ്കറിയാ സമയം കണ്ടെത്തി. ഇങ്ങനെ ശേഖരിച്ചവയിൽ നല്ലൊരു ഭാഗം പ്രത്യക്ഷമായോ പരോക്ഷമായോ ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയുടെ ഉള്ളടക്കത്തെ സ്വാധീനിച്ചിട്ടുണ്ട്. ചിലതെല്ലാം വിശദമായ പഠനത്തിനു നീക്കിവച്ചിരിക്കുന്നു. ഇക്കൂട്ടത്തിൽപ്പെടുന്നവയാണ് അയ്യായിരത്തോളം പേജു വരുന്ന തലശ്ശേരി രേഖകൾ, കാൽവിലെ സ്ററയിൻ ഹൗസിൽ നിന്ന് ഇക്കഴിഞ്ഞ മാർച്ചിൽ ട്യൂബിങ്ങനിൽ വന്നെത്തിയിരിക്കുന്ന പതിനാറു താളിയോല ഗ്രന്ഥങ്ങൾ , ഗുണ്ടർട്ട് ആദ്യം ഇംഗ്ലീഷിലെഴുതിയ മലയാള വ്യാകരണം എന്നിവ.

ഹെർമൻ ഗുണ്ടർട്ടിനെക്കുറിച്ചു പഠിക്കാൻ ജർമനിയിൽ ചുരുക്കം ചിലർക്കെങ്കിലും കൗതുകമുണ്ടായിരിക്കുന്നു. ആ ഉത്സാഹം വളർത്തിയെടുക്കാൻ ഉപകരിക്കുമെന്ന പ്രതീക്ഷയിൽ ഗുണ്ടർട്ട് ശതാബ്ദിവത്സരത്തിൽ (1993) അദ്ദേഹത്തിൻെറ ജന്മനഗരമായ സ്ററുട്ഗാർട്ടിൽ ഒരു പ്രദർശനവും ഏതാനും ദിവസത്തെ സമ്മേളനവും സംഘടിപ്പിക്കുന്നതാണ്. ബാദൻ വ്യുർട്ടൻബർഗ് സംസ്ഥാനത്തിൻെറ മിനിസ്ററർ പ്രസിഡണ്ട് അധ്യക്ഷനായുള്ള സംഘാടക സമിതി രണ്ടു വർഷമായി ഇതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ട്യൂബിങ്ങൻ സർവകലാശാലയിലെ ഇൻഡോളജി വകുപ്പധ്യക്ഷൻ പ്രൊഫ. ഡോ. ഹെൻറിക് ഫോൺ സ്ററീററൻ കോൺ, സ്ററുട്ഗാർട്ട് സ്റേററ് ലൈബ്രറിയിലെ ഡോ. എബർഹാർഡ് സ്വിങ്, ലിണ്ടൻ മ്യൂസിയത്തിലെ ഡോ. ക്രസൽ എന്നിവർ തുടക്കം മുതൽ കമ്മിററിയിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ ഇൻറർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്ററിക്സി(ISDL)ൻെറ സഹകരണത്തോടെ ദ്രാവിഡഭാഷാ സാഹിത്യങ്ങളെക്കുറിച്ചുള്ള ഒരു സെമിനാറും കോൺഫറൻസിൻെറ ഭാഗമായി നടക്കുന്നതാണ്. ജർമനിയിലെ പ്രമുഖ ദ്രാവിഡ ഭാഷാ പണ്ഡിതനായ ഡോ. ഡീററർ കാപ്പാണ് ഇതിൻെറ മുഖ്യസംഘാടകൻ.

സ്ററുട്ഗാർട്ടിലെ ഓണററി ഇന്ത്യൻ കോൺസൽ ജനറലായ ഹെൽമുട്ട് നൺസാണ് കോൺഫറൻസിനു പിന്തുണ നൽകുന്ന ഒരു പ്രമുഖ വ്യക്തി. അദ്ദേഹം ട്രഷററായിരിക്കുന്ന ഇൻഡോ-ജർമൻ സൊസൈററി കോൺഫറൻസിൻെറ പൊതു ചുമതല വഹിക്കുന്നു. ട്യൂബിങ്ങൻ യൂണിവേഴ്സിററി ലൈബ്രറി, ഹൈഡൽബർഗ് സർവകലാശാലയിലെ സൗത്തേഷ്യൻ പഠന കേന്ദ്രം എന്നീ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ തല്പരരാണ്. സ്ററുട്ഗാർട്ടിലെയും കാൽവിലെയും നഗരസഭകളും സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നു. ഗുണ്ടർട്ടിൻെറ കത്തുകൾ സൂക്ഷിക്കുന്ന മാർബഹായിലെ ഷില്ലർ സ്മാരക ജർമൻ സാഹിത്യ മ്യൂസിയം വിശിഷ്യ അതിൻെറ

പഴയ അധ്യക്ഷൻ പ്രൊഫ. ഡോ. ബർണാഡ് സെല്ലർ ഗുണ്ടർട്ട് പഠനത്തിനു സമ്പൂർണ്ണ സഹകരണം നൽകുന്നുണ്ട്.

ഈ പുസ്തകത്തിന്റെ മുഖ്യാവലംബമായ ഗ്രന്ഥം, ഈ പുസ്തകത്തോടൊപ്പം ജർമൻഭാഷയിൽ പ്രസിദ്ധീകരിക്കുന്ന Hermann Gundert Quellen zu seinem Leben und Werk, Suddeutsche Verlag, Ulm എന്ന ഗ്രന്ഥത്തിന്റെ അച്ചടിക്ക് ഡോ. സെല്ലർ അധ്യക്ഷനായുള്ള ബാദൻവ്യൂർട്ടൻബർഗിഷൻ ഹ്യൂപ്പൊത്തിക്കൻ ബാങ്കിന്റെ സാംസ്കാരിക വിഭാഗം സഹായം നൽകുന്നു.

ഗുണ്ടർട്ട് കുടുംബത്തിന് ഇത്തരമൊരു സംരംഭത്തിൽ സ്വാഭാവികമായും താല്പര്യമുണ്ടായിരിക്കുമല്ലോ. കാൽവിൽ ആ കുടുംബത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന സ്ററയിൻഹൗസും അടുത്തകാലത്ത് അന്തരിച്ച അവിടത്തെ കാരണവർ ജോർജ് ഷ്യൂളയും—അദ്ദേഹം 1986 -ൽ ബർലിനിലെ മലയാള സമ്മേളനത്തിൽ പങ്കെടുത്തിരുന്നു—അമൂല്യരേഖകൾ നൽകി ഞങ്ങളെ സഹായിച്ചു. കോൺഫറൻസിനോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന വിജ്ഞേയമായ സുവനീറിലേക്ക് ഇരുപതോളം മലയാളികൾ ലേഖനങ്ങൾ നൽകുന്നു.

ഹെർമൻ ഗുണ്ടർട്ടിന്റെ ഇന്ത്യയിലെ ജീവിതത്തോടു ബന്ധപ്പെട്ട പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കാൻ 1990-ൽ എനിക്കു ഭാഗ്യമുണ്ടായി. തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടകം, കേരളം എന്നീ സംസ്ഥാനങ്ങളിലുള്ള ആ സ്ഥലങ്ങൾ സന്ദർശിച്ചു പല വിവരങ്ങളും ശേഖരിച്ചു. ആ യാത്രയ്ക്കിടയിൽ പാലായിലെ ഓശാന നഗറിൽ നടന്ന ഒരു സമ്മേളനത്തിൽ വച്ച് ഗുണ്ടർട്ടിന്റെ ഗ്രന്ഥങ്ങൾ മലയാളത്തിൽ ഒരു പരമ്പരയായി പ്രസിദ്ധപ്പെടുത്താനുള്ള സാധ്യതയെക്കുറിച്ച് ഡി.സി. കിഴക്കെമുറിയുമായി സംസാരിക്കാൻ ഇടയായി. സാഹിത്യപ്രവർത്തകനും സ്വാതന്ത്ര്യസമരഭടനുമായ അദ്ദേഹം തികഞ്ഞ ഔദാര്യത്തോടുകൂടി ഈ ചുമതല ഏറ്റെടുത്തു. ആറു വാല്യങ്ങളുടെ ഏകദേശരൂപം കോട്ടയത്തു നടന്ന കൂടിക്കാഴ്ചയിൽ രണ്ടോ മൂന്നോ മണിക്കൂർ കൊണ്ട് ചർച്ച ചെയ്തു തീരുമാനിച്ചു. ഇത്ര ചുരുങ്ങിയ സമയം കൊണ്ട് ഇത്ര വലിയ തീരുമാനം കൈക്കൊള്ളാൻ കഴിഞ്ഞ ഡി.സി. കിഴക്കെമുറിയെ വിസ്മയപൂർവമാണ് ഞാൻ എപ്പോഴും ഓർമിക്കുക.

ഡി.സി. ബുക്സ് പ്രസിദ്ധീകരിക്കുന്ന ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിലെ മൂന്നാമത്തെ വാല്യം ഹെർമൻ ഗുണ്ടർട്ടിന്റെ ജീവചരിത്രമായിരിക്കണമെന്നും അത് ഞാൻ തയ്യാറാക്കണമെന്നും ഡി.സി.യും പ്രൊഫ. സ്കറിയാ സക്കറിയയും ആവശ്യപ്പെട്ടു. ഗുണ്ടർട്ടിന്റെ ഡയറിക്കുറിപ്പുകളും കത്തുകളും അവലംബിച്ചായിരിക്കണം ജീവചരിത്ര രചന എന്നും ഈ സുഹൃത്തുക്കൾ നിർദേശിച്ചു. അങ്ങനെയാണ് ഈ ചരിത്രരചനയ്ക്ക് അകാലത്ത് ഞാൻ ഒരുമ്പെട്ടത്. അകാലത്ത് എന്നു പറയാൻ കാരണം ഗുണ്ടർട്ടിന്റെ ലഭ്യമായ കത്തുകൾ മുഴുവൻ ഞാൻ പരിശോധിച്ചിട്ടില്ല എന്നതാണ്. 1873 വരെയുള്ള കത്തുകൾ ഇപ്പോൾ കമ്പ്യൂട്ടർ ഡിസ്കിൽ പകർത്തിയിട്ടുണ്ട്. ഇവ 13,000 പേജുകളിലായി 8,000 കത്തുകളുണ്ട്. ഇനിയും ഇരുപതു വർഷത്തെ കത്തുകൾ ശേഷിക്കുന്നു! 1873 വരെയുള്ള കത്തുകളിൽ തന്നെ ചിലതെല്ലാം കണ്ണിൽപ്പെടാതെ കിടക്കുന്നുണ്ടാവാം.

മലയാളികൾക്കു വേണ്ടിയുള്ള ജീവചരിത്രമാണ് 1990 ഒക്ടോബറിൽ ഞാൻ എഴുതിത്തുടങ്ങിയത്. എന്നാൽ ജർമൻകാരായ സഹകാരികൾ, ജർമൻ ഭാഷയിൽ

ഗുണ്ടർട്ടിനെക്കുറിച്ച് ഒരു മൗലിക റഫറൻസ് ഗ്രന്ഥത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി, പ്രാഥമിക ലക്ഷ്യത്തിൽ നിന്ന് എന്നെ വ്യതിചലിപ്പിച്ചു. ആദ്യം തയ്യാറാക്കിയ ഏതാനും അധ്യായങ്ങൾ മലയാളത്തിലേക്കു തർജമ ചെയ്യാൻ ഉൽമ് സർവകലാശാലയിലെ ഡോ. രാജപ്പൻ നായരെ ഏല്പിക്കയും ചെയ്തിരുന്നു. (ഡോ. നായരും പത്നി ഡോ. രാധയും ചേർന്ന് ഏതാനും അധ്യായങ്ങൾ തർജമ ചെയ്തു തന്നെങ്കിലും കൃതിയുടെ പരിപ്രേക്ഷ്യത്തിലും സംവിധാനത്തിലുമുണ്ടായ മാറ്റം മൂലം അത് ഉപയോഗിക്കാൻ കഴിഞ്ഞില്ല. അവരുടെ സൗമനസ്യവും ഭാഷാ സ്നേഹവും ഇവിടെ അനുസ്മരിക്കുന്നു.) അതിനു ശേഷമാണ് മാറ്റങ്ങളെല്ലാം സംഭവിച്ചത്. കൃതിയുടെ വലിപ്പവും പരിപ്രേക്ഷ്യവും മാറിപ്പോയി. പ്രൊഫ. സ്കറിയാ സക്കറിയയുമായി ആലോചിച്ച് പല കാര്യങ്ങളും കൂട്ടിച്ചേർത്തു. ജർമൻകാർക്കു കൗതുകകരമാകാവുന്ന പല വിവരണങ്ങളും കൃതിയിലേക്കു കടന്നുവന്നു. ഗുണ്ടർട്ട് ജർമൻ ഭാഷയിൽ എഴുതിയ ചില രചനകൾ അനുബന്ധമായി ചേർത്തു. ഇങ്ങനെ വികാസപരിണാമ വിധേയമായ മൂലകൃതി അമ്മട്ടിൽ മലയാളത്തിൽ തർജമ ചെയ്തു പ്രസിദ്ധീകരിക്കുന്നതിൽ പ്രസക്തിയില്ലെന്ന് തോന്നി.

തന്മൂലം സ്വതന്ത്രമായ ഒരു പുനരാഖ്യാനം അവതരിപ്പിക്കാൻ തീരുമാനിച്ചു. ജർമനിയിലുണ്ടായിരുന്ന പ്രൊഫ. സ്കറിയാ സക്കറിയയുമായി മൂലകൃതിവായിച്ച് ചർച്ചകൾ നടത്തി മലയാള പുനരാഖ്യാനം തയ്യാറാക്കി. അവിസ്മരണീയമായ ദിനങ്ങളായിരുന്നു അവ. മൂലകൃതിയും അതിലെ പരാമർശങ്ങളുടെ പൊരുളും പ്രസക്തിയുമെല്ലാം സുവിശദമായി ചർച്ച ചെയ്യപ്പെട്ടു. അങ്ങനെ ഉരുത്തിരിഞ്ഞ താണ് നിങ്ങളുടെ കൈയിലിരിക്കുന്ന ഈ ഗ്രന്ഥം.

ഇത്തരുണത്തിൽ ക്ഷമാപണത്തോടെ ഒരു കാര്യം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഹെർമൻ ഗുണ്ടർട്ടിനെപ്പോലുള്ള ഒരു ബഹുമുഖ വ്യക്തിത്വത്തെ ഒരു ജീവചരിത്രത്തിൽ വിശേഷിച്ച് ഡയറിക്കുറിപ്പുകളും കത്തുകളും ആധാരമാക്കിയുള്ള കൃതിയിൽ തൃപ്തികരമായി അവതരിപ്പിക്കാൻ ബുദ്ധിമുട്ടുണ്ട്. ഭാഷാസാഹിത്യസംരംഭങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ താരതമ്യേന വിരളമാണ്, കത്തുകളിലും ഡയറിയിലും. 1873 വരെയുള്ള കത്തുകളിൽ നിന്ന് പ്രസക്ത ഭാഗങ്ങൾ ഇവിടെ ചേർത്തിട്ടുണ്ട്.

മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലഭ്യമായ ജീവചരിത്രഗ്രന്ഥങ്ങൾക്കും ഡി.സി.ബുക്സ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിലെ മററു വാല്യങ്ങൾക്കും പൂരകമാകത്തക്കവണ്ണമാണ് ഈ കൃതി ആസൂത്രണം ചെയ്തിരിക്കുന്നത്.

ഉദാഹരണത്തിന് കെ.പി. വറീതിന്റെ *ഡോക്ടർ ഹെർമൻ ഗുണ്ടർട്ട്* എന്ന കൃതിയിൽ ബാസൽമിഷന്റെ വളർച്ചയിൽ ഗുണ്ടർട്ട് വഹിച്ച പങ്ക് ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു. അത്തരം കാര്യങ്ങൾ ചുരുക്കം ചില വാക്യങ്ങളിൽ ഇവിടെ ഒതുക്കിയിരിക്കയാണ്. ഇനിയും ഗുണ്ടർട്ടിനെക്കുറിച്ച് പല ജീവചരിത്ര രചനകൾക്കും പ്രസക്തിയുണ്ട്. അങ്ങനെയുള്ളവർക്ക് ഞങ്ങളുടെ കൃതി ഏതെങ്കിലും തരത്തിൽ സഹായകമാകുമെങ്കിൽ ഞങ്ങൾ കൃതാർഥരായി.

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയുടെ ഭാഗമായിട്ടാണല്ലോ ഈ ജീവചരിത്രകൃതി പ്രസിദ്ധീകരിക്കുന്നത്. ഗുണ്ടർട്ടിന്റെ സാഹിത്യ സംരംഭങ്ങളെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ പ്രൊഫ. സ്കറിയാ സക്കറിയ മററു വാല്യങ്ങൾക്ക് എഴുതുന്ന ആമുഖ ലേഖനങ്ങളിൽ ചേർക്കുന്നതാണ്. മലയാളികൾക്ക് തങ്ങളുടെ പ്രിയപ്പെട്ട

ഗുണ്ടർട്ടിനെ കുറെക്കൂടി അടുത്തറിയാൻ ഇവയെല്ലാം ഉപകരിച്ചേക്കും.

ഗ്രന്ഥരചനയിൽ എന്നെ നിരന്തരം സഹായിക്കുന്ന ചില വ്യക്തികളുണ്ട്. എന്റെ പ്രിയ പത്നി ഗെട്രൗദ്, അവരുടെ മുത്തച്ഛനെക്കുറിച്ചുള്ള പഠനത്തിൽ എന്റെ വലം കൈയാണ്. മകൾ മാർഗരററ് ഫ്രൻസും സാരമായ സഹായം നൽകുന്നു. മാൽട്രൗഡ് കോഹ്, മാർഗരററ് ഫെൽഡ്മാൻ, യുട്ടാ ഹോയിക്കർട്ട്, എറിക്കാ റാബൂസ് മിഷൽ ഫ്രിററ്ഷെ എന്നിവരെയും നന്ദിപൂർവം സ്മരിക്കേണ്ടതുണ്ട്.

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ഡി.സി. ബുക്സിന്റെ അധ്യക്ഷൻ ഡി.സി. കിഴക്കെമുറിക്കും ഗുണ്ടർട്ടിന്റെ ജീവചരിത്രവും തെരഞ്ഞെടുത്ത കൃതികളും ഒരു വാല്യമായി ജർമനിയിൽ പ്രസിദ്ധീകരിക്കുന്ന സ്യൂഡ് ഡോയിച്ചെ ഫെർലാഗിന്റെ അധ്യക്ഷൻ ഊദോഫോഗ്ററിനും നന്ദി.

മലയാളികളായ വായനക്കാർക്കെല്ലാം സ്നേഹം നിറഞ്ഞ കൂപ്പുകൈ!

സ്ററുട്ഗാർട്ട്
7 ജൂലൈ 1991.

1991 ജൂലൈ 7: ഹെർമൻ ഗുണ്ടർട്ട് ഇന്ത്യയിൽ (മദ്രാസ്) കാലുകുത്തിയതിന്റെ 155-ാം വാർഷികദിനം

Vorwort

Dieses Buch ist Teil einer Reihe, in der Hermann Gunderts Werke in diesem und im nächsten Jahr in Kerala nachgedruckt werden. Diese Reihe trägt den Titel *Hermann Gundert Series* (HGS) und wird in zwei Abschnitten erscheinen. Der erste Abschnitt umfaßt Hermann Gunderts *A Malayalam and English Dictionary*, seine *Malayalam-Grammatik* und eine *Biographie* Hermann Gunderts in Malayalam und Deutsch. Dabei ist die deutsche Ausgabe – gedruckt in Ulm – weitgehend als Quellenbuch aus Hermann Gunderts Briefen und Publikationen zusammengestellt. Sowohl der Malayalam- als auch der deutschen Version wird eine vorläufige Bibliographie beigefügt. Der zweite Abschnitt der HGS soll 1992 erscheinen und wird durch die *Literarischen Schriften*, die *Christlichen Schriften* und die *Malayalam-Bibel* Hermann Gunderts gebildet.
Die Veröffentlichung der HGS wurde von dem Verleger und einstigen Weggefährten Mahatma Gandhis während der Unabhängigkeitsbewegung, D. C. Kizhakemuri – *D. C. Books*, Kottayam, angeregt und mit ihm gemeinsam geplant. Die erste Begegnung fand Anfang September 1990 bei dem Hermann-Gundert-Seminar einer interreligiösen Konferenz des Indian Institute of Christian Studies in Palai, Zentralkerala, statt. Der Termin für die Herausgabe des ersten HGS-Abschnitts wurde bewußt auf Anfang Oktober dieses Jahres gelegt, denn am 6. Oktober 1838 überschritten Hermann und Julie Gundert in Neyattingiri die Grenze nach Kerala und kamen noch am selben Tag nach Tiruvananthapuram. Wir danken D. C. Kizhakemuri, daß er die nicht einfache Unternehmung auf sich genommen hat.
Die HGS entsteht im Zusammenhang mit der *Dr. Hermann-Gundert-Konferenz*, die vom 19. bis 23. Mai 1993 in Stuttgart stattfindet. Dieser Konferenz soll eine Ausstellung zum Leben und Werk Hermann Gunderts, ebenso ein internationales Seminar von Dravidologen vorausgehen. Bei einer Podiumsdiskussion dieser Konferenz soll auf der Internationalen Gartenbauausstellung auch die deutsch-indische Partnerschaft zur Sprache kommen. Veranstaltet wird die Konferenz durch die Deutsch-Indische Gesellschaft, Stuttgart – die Schirmherrschaft übernahm der Ministerpräsident des Landes Baden-Württemberg. Das Konferenzjahr beginnt im Frühjahr 1992 in Kerala und findet dort im Herbst 1993 seinen Abschluß.
Einen wesentlichen Impuls zu dieser Konferenz gab Herr Helmut Nanz, Honorargeneralkonsul der Indischen Republik, ohne dessen Ermutigung und Weitsicht die Pläne nicht ausgeführt worden wären. Herr Dr. Eberhard Zwink, Oberbibliotheksrat an der Württembergischen Landesbibliothek Stuttgart, zeigte früh den zeitlichen Rahmen und die inhaltlichen Vorgaben zur Konferenz auf. Ebenfalls schon am Anfang der

Planung formulierte Professor Dr. Heinrich von Stietencron die Konferenzziele, wodurch der ganzen Veranstaltung ein wissenschaftlicher Hintergrund gegeben ist. Das geplante Konferenzseminar für Dravidologie unmittelbar vor der Gundert-Konferenz wird Professor Dr. Dieter Kapp leiten. Dem GENO-Haus und dem Leiter der Werbeabteilung, Herrn Jürgen Veiel, danken wir, daß die Konferenz-Ausstellung in den Räumen dieses Hauses stattfinden kann.
Wir danken der Deutsch-Indischen Gesellschaft, daß sie die Konferenz veranstaltet und freuen uns über das gute Klima zu der Geschäftsstelle mit ihrer früheren Leiterin, Frau Brigitte Etzel und der neuen Leiterin, Frau Marika Berbergall. Der Evangelischen Landeskirche in Württemberg und ihrem Ökumenereferenten, Oberkirchenrat Walter Arnold, ist zu danken, daß sie angesichts der missionarischen Leistung Dr. Hermann Gunderts vier Jahre lang eine halbe Pfarrstelle zur Vorbereitung der Konferenz zur Verfügung stellte. Der Archivar der Basler Mission in Basel, Paul Jenkins, gab viele Hinweise zur Quellenlage der frühen Jahre der Basler Mission in Malabar. Der frühere Ministerpräsident, Lothar Späth, wie auch der jetzige Ministerpräsident, Erwin Teufel, förderten mit ihren Mitarbeitern die Konferenz schon zu einem frühen Zeitpunkt.
Für die Vergabe eines Sonderstipendiums an Professor Scaria Zacharia durch die Alexander von Humboldt-Stiftung sind wir außerordentlich dankbar. Die Anträge dafür wurden von Dr. Felix Leonhard, dem Direktor der Universitätsbibliothek Tübingen, und Dr. George Baumann, dem Leiter der Orientabteilung dieser Bibliothek, zusammen mit Dr. Karl Heinz Grüßner eingereicht; auch die wissenschaftliche Begleitung lag bei ihnen. Durch die Forschungsarbeit von Prof. Scaria Zacharia konnten wertvolle Erkenntnisse über Hermann Gundert und sein Werk gewonnen werden. Das Deutsche Literaturarchiv/Schiller-Nationalmuseum Marbach am Neckar, Handschriftenabteilung, gewährte durch Herrn Dr. Werner Volke die Bearbeitung der Briefe Hermann Gunderts. Viel Entgegenkommen fanden wir bei den Nachkommen Hermann Gunderts im Steinhaus Calw.
Die Stiftung der Württembergischen Hypothekenbank für Kunst und Wissenschaft unter dem Kuratoriums-Vorsitzenden, Prof. Dr. Dr. h. c. Bernhard Zeller, stellte dankenswerterweise für den Druck der deutschen Ausgabe des dritten, hier vorliegenden Bandes der HGS einen Druckkostenzuschuß zur Verfügung.

Albrecht Frenz

Stuttgart, 7. Juli 1991 – 155. Jahrestag der Ankunft Hermann Gunderts in Madras.

ജർമൻ ഭാഷയിലുള്ള ജീവചരിത്രത്തിന് (Hermann Gundert - Quellen zu seinem Leben und Werk) ഡോ. ആൽബ്രഷ്ട് ഫ്രൻസ് എഴുതിയ മുഖവുര

ഉള്ളടക്കം

1 **ബാല്യം, വിദ്യാഭ്യാസം** 41-49

വീട് — മാതാപിതാക്കൾ

മിഷണറി സങ്കല്പം

വിദ്യാഭ്യാസം — സ്കൂൾ

മൗൾബ്രോണിൽ

എഴുതിത്തുടങ്ങുന്നു

മാനസിക സംഘർഷങ്ങൾ

2 **സർവകലാശാലയിൽ** 50-57

ഗെയ്ഥേ, ഹേഗൽ, സ്ട്രൗസ്

മഴ ശമിച്ചു, മാനം തെളിഞ്ഞു

1833 ആഗസ്റ്റ് 12

സാഹിത്യ പരിചയം വർധിക്കുന്നു

3 **ബാസൽ വഴി ഇന്ത്യയിലേക്ക്** 58-62

ഇംഗ്ലണ്ടിൽ

ജോർജ് മ്യൂളർ

ഇന്ത്യൻ ഭാഷകളും താരതമ്യ വ്യാകരണവും

പേർഫെക്റ്റിൽ

4 **തമിഴ്നാട്ടിൽ** 63-66

മേലൂരിലെ ആൽമരം

മധുരയിൽ

റേനിയൂസിൻെറ വീട്ടിൽ

ഉദാരമതികൾ

കരകൗശല വിദഗ്ധരെ ആവശ്യമുണ്ട്

5 **ആന്ധ്രപ്രദേശിൽ** 67-70

ചിറ്റൂരിൽ

വിവാഹം —വധു ജൂലി

അനിശ്ചിതത്വത്തിൻെറ ചുഴിയിൽ

ബാസൽ മിഷനിലേക്ക്

പാളയംകോട്ടയിലും നാഗർകോവിലിലും

6 പശ്ചിമ തീരത്ത് 71-74

ഒക്ടോബർ 6-ന് പറുദീസയിൽ

പുതിയ ദൗത്യത്തിലേക്കുള്ള സ്നാപനം

മറുപടിയില്ലാത്ത കത്തുകൾ

7 ഉറ്റചങ്ങാതിമാരും സഹപ്രവർത്തകരും 75-77

സാമുവേൽ ഹേബിക്

ഹെർമൻ മ്യൂഗ്ളിങ്

ഗോട്ഫ്രീഡ് വൈഗ്ലേ

8 വീണ്ടും ജീവിതകഥയിലേക്ക് 78-88

മംഗലാപുരത്തുനിന്നു മലബാറിലേക്ക്

തലശ്ശേരി വഴി അഞ്ചരക്കണ്ടിയിലേക്ക്

മിഷണറി ശൈലിയിൽ ഒരു പ്രേമലേഖനം

ഇല്ലിക്കുന്നു ബംഗ്ലാവ്

മലബാറിൽ താമസമുറപ്പിക്കുന്നു

മലയാളത്തിൻെറ മർമങ്ങൾ തേടുന്നു

വഴിതെളിച്ചെടുക്കാൻ കഴിയുന്നില്ല

പട്ടണത്തിലേക്ക്

വീണ്ടും ഇല്ലിക്കുന്നിൽ

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

കുഞ്ഞിവൈദ്യൻ, വൃദ്ധദാർശനികൻ

പൗൽ ചന്ദ്രൻ

സാമൂഹിക സേവന കേന്ദ്രങ്ങൾ

9 മലയാള രചനകൾ 89-95

മലയാള വാക്കിൻെറ നിഷ്പത്തിയാണ് പ്രധാനം

സംസ്കൃതം ഗുരുമുഖത്തുനിന്നു പഠിക്കണം

ഇംഗ്ലീഷിൽ എഴുതിയ മലയാള വ്യാകരണം

ബൈബിൾ സംരംഭങ്ങൾ

സത്യവേദ ഇതിഹാസം

ഗീതങ്ങൾ

ചോദ്യോത്തരങ്ങൾ

കേരളോൽപത്തി

രാജ്യസമാചാരവും പശ്ചിമോദയവും

ജോർജ് ഫ്രീഡറിക് മ്യൂള്ളർ

ഫ്രിറ്റ്സും ഇറിയോണും
അബ്രഹാം മൂളിയിൽ
മാപ്പിള മലയാളം
10 **കോട്ടയത്തും കൊച്ചിയിലും** 96-102
സി. എം. എസ്. മിഷണറിമാരും കോട്ടയം കോളജും
മലയാള ഗദ്യത്തെക്കുറിച്ച്
ബയിലിയെക്കുറിച്ച്
കൊച്ചിയിലെ സുനഗോഗിൽ
യഹൂദഹത്യ
പുരോഹിതനല്ല, സ്കൂൾമാസ്റ്ററാണ്
11 **ജർമനിയിൽ ഒരു ഇടവേള** 103-105
അതിശയോക്തി കലരാത്ത റിപ്പോർട്ട്
ഗ്രന്ഥശേഖരങ്ങളിൽ
മാനുഷഹൃദയത്തിലെ ചിത്രങ്ങൾ
12 **കൂടുതൽ മലയാള രചനകൾ** 106-115
ക്രിസ്തുസഭാ ചരിത്രം
ദേശവർണനകൾ
ചിറയ്ക്കലേക്ക്
മാർഗരറ്റും എലിസബത്തും
ഗുണ്ടർട്ട് നിശ്ശബ്ദനാകുന്നു
കാൾ ഗ്രൗൾ
കാൽഡ്വലും ഗുണ്ടർട്ടും
വീണ്ടും ശബ്ദിക്കുന്നു
13 **സാഹിത്യപ്രവർത്തനം ഊർജസ്വലമാവുന്നു** 116-127
പുനരാഖ്യാനങ്ങൾ
ക്രിസ്തമാഹാത്മ്യം
വജ്രസൂചി
പഴഞ്ചൊൽമാല
നളചരിത സാരശോധന
മലയാള വ്യാകരണം
മലയാള വ്യാകരണ ചോദ്യോത്തരവും ഗാർത്ത്‌വെയിറ്റും
ബൈബിൾ തർജമകൾ
തർജമ തുടങ്ങുന്നു

സമ്പൂർണ പുതിയ നിയമം
പഴയ നിയമം —പവിത്ര ലേഖകളും പ്രവാചക ലേഖകളും
അനന്യമായ വിവർത്തനം
കാവ്യഭാഷാ പരിചയം വേണം
സുവിശേഷ സംഗ്രഹം
സത്യവേദ സംക്ഷേപ ചരിത്രം
14 **മിഷണറി ദൗത്യം** 128-134
ലിറ്റർജി കമ്മീഷൻ
സുവിശേഷ യാത്ര
മിഷണറിമാരും കേരളീയ മനസ്സും
സഹപ്രവർത്തകരും മേലധികാരികളും
ഇന്ത്യൻ മാതൃക വേണം
നിങ്ങളുടെ ഭരണം ഏറിപ്പോകുന്നു
മംഗലാപുരത്ത് ഒരു ഇടവേള
യാക്കോബു രാമവർമ
വീണ്ടും മലബാറിലേക്ക്
15 **സ്കൂൾ ഇൻസ്പക്ടർ** 135-141
പാഠപുസ്തകങ്ങൾ
മലയാള പാഠാവലി—പാഠമാല
മദിരാശി സർവകലാശാലയ്ക്കുവേണ്ട പുസ്തകങ്ങൾ
സ്കൂൾ ഇൻസ്പക്ടറുടെ സന്ദർശനം
രാജി സമർപ്പിച്ചു
16 **ജർമനിയിൽ രണ്ടാം ജന്മം** 142-144
മലബാറിലേക്കു മടക്കയാത്രയില്ല
കാൽവിലേക്ക്
പ്രസാധകനായ ഗുണ്ടർട്ട്
17 **ജർമനും മലയാളവും** 145-155
മലയാള കൃതികളിലൂടെ
ജർമൻ രചനകൾ
പത്രാധിപർ
മലയാളം-ഇംഗ്ലീഷ് നിഘണ്ടു
വരാപ്പുഴ നിഘണ്ടുക്കൾ
ഗുണ്ടർട്ട് നിഘണ്ടുവിൻെറ തനിമ
നിഘണ്ടുവിൻെറ പണിപ്പുരയിൽ
അച്ചടി പൂർത്തിയായപ്പോൾ

18 **കർത്തവ്യനിരതനായിക്കഴിയുമ്പോൾ.....** 156-162
പുത്രി മാറിയുടെ ഡയറിക്കുറിപ്പ്
19 **സാമാന്യാവലോകനം** 163-199
കത്തുകൾ, ഡയറിക്കുറിപ്പുകൾ
അച്ചടിച്ച കത്തുകളും ഡയറിക്കുറിപ്പുകളും
മലയാള കൃതികൾ
മലയാള ഗദ്യശൈലി
ഇംഗ്ലീഷിലുള്ള രചനകൾ
തമിഴ് രചനകൾ
മലയാള ഗ്രന്ഥശേഖരം
കൈയെഴുത്തു ഗ്രന്ഥങ്ങൾ
ജർമൻ ഭാഷയിൽ
20 **മലയാളികളുടെ മമത** 200-202
ഭാവിക്കുവേണ്ടി

ഹെർമൻ ഗുണ്ടർട്ട്, 1832

ഹെർമൻ ഗുണ്ടർട്ടും ജൂലി ഗുണ്ടർട്ടും, 1840

ഗുണ്ടർട്ടിന്റെ പുത്രി മാറി, വിശ്രുത ജർമൻ സാഹിത്യകാരനും നോബൽ സമ്മാന ജേതാവുമായ ഹെർമൻ ഹെസ്സേയുടെ അമ്മ, 1870

ഹെർമൻ ഗുണ്ടർട്ട് പുത്രന്മാരായ സാമുവേൽ, ഡേവിഡ്, ഫ്രീഡറിക്, ഹെർമൻ, പൗൽ എന്നിവരോടൊപ്പം, 1859





ഹെർമൻ ഗുണ്ടർട്ടിന്റെ ജന്മസ്ഥലം ഇന്ന് - സ്റ്റുട്ട്ഗാർട്ടിലെ കിർഷ് സ്ട്രാസെ

ഷില്ലർ സ്മാരക ജർമൻ സാഹിത്യ മ്യൂസിയം, മാർബഹാ. ഗുണ്ടർട്ടിന്റെ കത്തുകൾ ഇവിടെ സൂക്ഷിച്ചിരിക്കുന്നു





1991-ൽ കാൽവിലെ സ്റ്റയിൻ ഹൗസിൽ നിന്നു ട്യൂബിങ്ങൻ സർവകലാശാലയ്ക്കു നൽകിയ മലയാളം താളിയോല ഗ്രന്ഥങ്ങൾ

രാമചരിതം, ഗുണ്ടർട്ടിന്റെ പകർപ്പ്
Tübingen University Library





പരിപൂർണത തേടുന്ന മനസ്സ് - ഗുണ്ടർട്ടു നിഘണ്ടുവിൻെറ പരിണാമത്തിലെ ഒരു ഘട്ടം

Tübingen University Library



ഗുണ്ടർട്ടിന്റെ കേരളപ്രവേശം വിവരിക്കുന്ന കത്തിലെ ഒരു ഭാഗം
Deutsches Literaturarchiv, Marbach



ഗുണ്ടർട്ടു താമസിച്ച (1839-1849) ഇല്ലിക്കുന്ന്, 1842-ൽ വരച്ച ചിത്രം



ചിറയ്ക്കൽ ഗുണ്ടർട്ടു താമസിച്ചിരുന്ന (1849-1856) വീട്

ബാസൽ മിഷൻഭവനം-ബാസൽ, സ്വിറ്റ്സർലണ്ട്. 1826

1823-ൽ ഹെർമൻ ഗുണ്ടർട്ടിന്റെ പിതാവു പ്രസിദ്ധീകരിച്ച മാസിക(Nachrichten aus der Heidenwelt)യിൽ പ്രത്യക്ഷപ്പെട്ട ചിത്രം.
Basel Mission Archives, Switzerland



ഗുണ്ടർട്ടു പഠിച്ച വിദ്യാലയം - മൗൾബ്രോൺ. മുഖ്യകവാടം



മൗൾ ബ്രോണിലെ എട്ടു നൂറ്റാണ്ടു പഴക്കമുള്ള ജലധാര.
ഹെർമൻ ഹെസ്സെ ഇതെക്കുറിച്ച് ഒരു കവിത എഴുതിയിട്ടുണ്ട്

ട്യൂബിങ്ങൻ സർവകലാശാലാ ലൈബ്രറിയുടെ കവാടം

തലശ്ശേരിയിലെ മുസ്ലിം പള്ളി, 1860

ട്യൂബിങ്ങനിൽ ഗുണ്ടർട്ടു താമസിച്ചു പഠിച്ച വിദ്യാർത്ഥി മന്ദിരം - Tübinger stift,
ഹേഗൽ, കെപ്ലർ തുടങ്ങിയ പ്രതിഭാശാലികൾ ഇവിടത്തെ പഴയ അന്തേവാസികളാണ്



കാൽവിൽ ഗുണ്ടർട്ടിന്റെ ശവകുടീരം



കാൽവിൽ ഗുണ്ടർട്ടു പാരമ്പര്യം സംരക്ഷിക്കുന്ന സ്റ്റയിൻ ഹൗസ്

ഗുണ്ടർട്ടിന്റെ ഡയറിക്കുറിപ്പുകൾ (മൂന്നു വാല്യം) ജീവചരിത്രം എന്നിവ ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ച ഡോ. ആൽബ്രഷ്ട് ഫ്രൻസ് കുടുംബാംഗങ്ങളോടൊപ്പം. ഭാര്യ, ഗെട്രൗദ് ഗുണ്ടർട്ടിന്റെ കൊച്ചു മകളാണ്. മക്കൾ: മാർഗരറ്റ്, അമെരി, ക്രിസ്റ്റഫ്, സ്റ്റെഫാൻ



1

ബാല്യവും വിദ്യാഭ്യാസവും

വീട്- മാതാപിതാക്കൾ

ജർമനിയിലെ ബാദൻവ്യുർട്ടൻബർഗ് സംസ്ഥാനത്തിൻെറ തലസ്ഥാനമായ സ്ററുട്ഗാർട്ടിൽ ഗുണ്ടർട്ടിൻെറ ജന്മഗൃഹം അന്വേഷിക്കുന്നവർ കിർഷ് സ്ട്രാസെ (ദേവാലയ റോഡ്) വരെ തേടിപ്പിടിച്ചെത്തിയാലും ആ പഴയവീട് കണ്ടെത്തുകയില്ല. രണ്ടാംലോക മഹായുദ്ധ കാലത്ത് അതു നിശ്ശേഷം തകർന്നുപോയി. നഗരസഭാ മന്ദിരത്തിനും കത്തീഡ്രലിനും ഇടയിൽ, മാർക്കററിൽനിന്നു വരുമ്പോൾ ഇടതുവശത്തായി കടകളോടുകൂടി നിന്നിരുന്ന ആ വീട്ടിലാണ് ഗുണ്ടർട്ടിൻെറ മാതാവായ ക്രിസ്ററ്യാനെ എൻസ്‌ലിൻ (Christiane Ensslin) വളർന്നത്. ഒരു അധ്യാപകൻെറ പുത്രനും വ്യവസായിയുമായിരുന്ന ലുഡ്‌വിഗ് ഗുണ്ടർട്ട് (Ludwig Gundert) 1810 ഒക്ടോബർ 14-ന് ക്രിസ്ററ്യാനെയെ വിവാഹം കഴിച്ച് ആ വീട്ടിൽ താമസമുറപ്പിച്ചു.

മതനവീകരണത്തിൻെറ ആന്തര ചൈതന്യം നിലനിർത്താൻ പതിനേഴും പതിനെട്ടും നൂററാണ്ടുകളിൽ തെക്കൻ ജർമനിയിൽ ശക്തി പ്രാപിച്ച ഭക്തി പ്രസ്ഥാന (Pietism) ത്തിൻെറ വക്താവായിരുന്നു ലുഡ്‌വിഗ്. ജീവനുള്ള വിശ്വാസം സ്നേഹഫലങ്ങൾ പുറപ്പെടുവിക്കണമെന്നും അതിനു സാമൂഹിക പ്രവർത്തനം ആവശ്യമാണെന്നും ഭക്തിപ്രസ്ഥാനക്കാർ വിശ്വസിച്ചു. ഒരു തരം ആത്മീയമായ പുനർജനനംകൊണ്ടു മാത്രമേ ദൈവസന്തതികളാവാൻ കഴിയൂ എന്നും അവർ കരുതി. യൊഹാൻ ആൽബ്രെഷ്ട് ബെംഗൽ (Johann Albrecht Bengel, 1687-1752), ഫ്രീഡറിക് ക്രിസ്ററഫ് ഓട്ടിംഗർ (Friedrich Christoph Oetinger, 1702-1782) എന്നിവരായിരുന്നു ഈ പ്രസ്ഥാനത്തിൻെറ മുഖ്യവക്താക്കൾ. ഇവരുടെ ചിന്തകൾ വിശിഷ്യ ഓട്ടിംഗറുടെ സാർവലൗകിക വീക്ഷണവും മിസ്ററിസിസവും ഗുണ്ടർട്ടിനെ സാരമായി സ്വാധീനിച്ചിട്ടുണ്ട്.

1812-ൽ ബ്രിട്ടീഷ് ബൈബിൾ സൊസൈററി സ്ററുട്ഗാർട്ടിൽ ശാഖ തുറന്നപ്പോൾ അതിൻെറ പ്രാരംഭ പ്രവർത്തകരിൽ ഒരാളായിത്തീർന്നു ലുഡ്‌വിഗ് ഗുണ്ടർട്ട്. ഭാര്യ ക്രിസ്ററ്യാനെ ഭക്തിപ്രസ്ഥാനത്തിൽ ഉൾപ്പെട്ടു നിന്നിരുന്നെങ്കിലും ഏറെ അന്തർമുഖിയായിരുന്നു. മാനസികമായ ഒരുതരം

ഉത്കണ്ഠ അവരെ ബാധിച്ചിരുന്നതായി കാണാം. തനിക്ക് ആത്മീയ പുനർജനനം ലഭിച്ചിട്ടുണ്ടോ എന്ന ഉത്കണ്ഠ നിറഞ്ഞ ചിന്ത യൗവനത്തിൽ ക്രിസ്റ്റ്യാനെ എഴുതിയ കത്തുകളിൽ കാണാം. നവ്യഹൃദയം തനിക്കു നൽകണമേ എന്ന് അവർ നിരന്തരം പ്രാർഥിച്ചിരുന്നു. CD 26. നവ്യഹൃദയം കാംക്ഷിക്കുന്ന ഈ സ്വഭാവം പുത്രനിൽ പിൽക്കാലത്തു പ്രകടതരമായി കാണാം.

ലുഡ്വിഗിന്റെയും ക്രിസ്റ്റ്യാനെയുടെയും മൂന്നാമത്തെ കുട്ടി 1814 ഫെബ്രുവരി നാലാംതീയതി ജനിച്ചു. പത്താംദിവസം കത്തീഡ്രലിൽ കുട്ടിക്കു സ്നാപനം നൽകി. ഹെർമൻ എന്നായിരുന്നു ബാലന്റെ നാമം. ഈ പേരു തിരഞ്ഞെടുത്തതിനു പ്രത്യേക കാരണമുണ്ടായിരുന്നു. അക്കാലത്ത് ജർമൻ ദേശീയതയുടെ പ്രതീകമായിരുന്നു, എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ജർമനിയിൽ നിന്നു റോമാക്കാരെ തുരത്തിയ, ഹെർമൻ ഡെർ കെറുസ്കർ (Herman der Cherusker) . 1813-ൽ ലൈപ്സിഗിൽ വച്ചു നെപ്പോളിയന്റെ സൈന്യത്തെ തകർത്തു വൈദേശികാധിപത്യത്തിൽ നിന്നു മോചനം നേടിയ ജർമൻ ജനത അവരുടെ വർഗാഭിമാനത്തിന്റെ പ്രതീകമായ ഹെർമന്റെ പേര് അക്കാലത്തു ജനിച്ച അനേകം കുട്ടികൾക്കു നൽകുകയുണ്ടായി.അതാണ് ഹെർമൻ ഗുണ്ടർട്ട് എന്ന പേരിന്റെ പൊരുൾ.

മിഷണറി സങ്കല്പം

വളരെ ചെറുപ്പത്തിൽതന്നെ ഹെർമൻ ഗുണ്ടർട്ടിനു പരിചയപ്പെടാൻ കഴിഞ്ഞ പ്രശസ്തനായ ഒരു വ്യക്തിയായിരുന്നു സ്റ്റെഫാൻ ഗ്രെല്ലറ് (1773-1837) എന്ന അമേരിക്കൻ കച്ചവടക്കാരൻ. അദ്ദേഹം യൂറോപ്പിലെങ്ങും സഞ്ചരിച്ച് ക്രിസ്തുമത പ്രചാരണയത്നങ്ങൾ ശക്തിപ്പെടുത്തിയിരുന്നു. ഹെർമൻ ഗുണ്ടർട്ട് ആദ്യമായി കണ്ടുമുട്ടിയ ഊർജസ്വലനായ ക്രിസ്തുമത പ്രചാരകൻ ഇദ്ദേഹമായിരുന്നിരിക്കണം. ഗുണ്ടർട്ട് പിൽക്കാലത്ത് എഴുതുന്നു: *ഉത്തമ പ്രൊട്ടസ്റ്റന്റു വിശ്വാസത്തോടു ബന്ധപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. വശ്യവും സൗമ്യവുമായ ആ വ്യക്തിത്വം വമ്പന്മാരുടെയും എളിയവരുടെയും ഹൃദയങ്ങളെ വശീകരിച്ചു. ഈ സ്നേഹദൂതന്റെ മുമ്പിൽ രാജകൊട്ടാരങ്ങളുടെയും വത്തിക്കാന്റെയും കവാടങ്ങൾ തുറന്നു കിടന്നു. തടവറകളുടെയും ആതുരാലയങ്ങളുടെയും വാതിലുകൾ അയാളെ സ്വാഗതം ചെയ്തു. ഈ മനുഷ്യനാണ് സ്റ്റെഫാൻ ഗ്രെല്ലറ്.* പിതാവായ ലുഡ്വിഗിലൂടെ ഹെർമൻ പരിചയപ്പെട്ട മറ്റൊരു മാതൃകാ പുരുഷനാണ് യൊഹാൻ എവാൻഗെലിസ്ത ഗോസ്നർ (Johannes Evangelista Gossner—1773-1858). കത്തോലിക്കാ പുരോഹിതനായിരുന്ന ഇദ്ദേഹം പ്രൊട്ടസ്റ്റന്റു വിശ്വാസിയായിത്തീർന്നു. അറുപതാം വയസ്സിൽ മിഷണറി സംഘം സ്ഥാപിച്ച് ഊർജസ്വലമായ പ്രവർത്തനം നടത്തി. അദ്ദേഹം പലപ്പോഴും സ്റ്റുട്ഗാർട്ടിൽ വന്നിരുന്നു. അദ്ദേഹത്തിന്റെ *മാനുഷഹൃദയം* എന്ന ലഘുഗ്രന്ഥം മിഷണറിമാരിലൂടെ ലോകമെങ്ങും പ്രചരിച്ചിട്ടുള്ളതാണ്. ഗുണ്ടർട്ടിന്റെ പിതാവ് ഇതു സ്വന്തം നിലയിൽ അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചു. കേരളത്തിലെത്തിയ ഗുണ്ടർട്ട് *മാനുഷഹൃദയം* എന്ന പേരിൽ ഇതു തർജമ ചെയ്തു. ഇതിന് അനേകം പതിപ്പുകളുണ്ടായി. ഗുണ്ടർട്ട് തനിക്കു പ്രചോദനം

നൽകിയ ഈ മഹാത്മാവിന്റെ ലഘുജീവചരിത്രം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹെർമൻ ഗുണ്ടർട്ടിന്റെ ബാല്യത്തിൽ തെക്കൻ ജർമനിയിൽ കടുത്ത ക്ഷാമമുണ്ടായി. 1816-ൽ ലുഡ്‌വിഗ് ഗുണ്ടർട്ട് എഴുതി: *ഞങ്ങൾ പരമദാരിദ്ര്യത്തിലായിരിക്കുന്നു.* CD 69 തൊട്ടടുത്ത വർഷം സ്ഥിതിഗതികൾ കൂടുതൽ വഷളായി. *ഞാൻ ഒരു പോംവഴിയും കാണുന്നില്ല. മുന്നിലോ പിന്നിലോ ഇടത്തോ വലത്തോ വെളിച്ചം കാണുന്നില്ല. എങ്ങോട്ട് എങ്ങനെ പോകണമെന്ന് എനിക്കറിഞ്ഞുകൂടാ. ഈ കയററം കയറി ഞാൻ കുഴഞ്ഞു.* CD 71 എന്നാണ് ലുഡ്‌വിഗ് ഗുണ്ടർട്ട് എഴുതുന്നത്.

1817-ലെ വേനൽക്കാലത്ത് ലുഡ്‌വിഗിന് ഒരു വഴി പെട്ടെന്നു തെളിഞ്ഞുകിട്ടി. ജെ.എച്ച്. എൻസ്‌ലിൻ (1778-1847) എന്നൊരു അഭ്യുദയകാംക്ഷി ലുഡ്‌വിഗിന്റെ ദരിദ്രാവസ്ഥയും അഭിരുചികളും കാൽവിലേക്കുള്ള ഒരു യാത്രയ്ക്കിടയിൽ മനസ്സിലാക്കി. ഉദാരമതിയായ ആ സമ്പന്നൻ അയാളെ തന്റെ കച്ചവടസ്ഥാപനത്തിൽ നിയമിച്ചു. ബൈബിൾ സംഘത്തിന്റെ ഓഫീസിൽ ജോലി ചെയ്യാൻ അനുവാദം നൽകുകയും ചെയ്തു. 1820-ൽ ലുഡ്‌വിഗ് സ്ററുട്ഗാർട്ടിലെ ബൈബിൾ സൊസൈററിയുടെ മുഴുവൻ സമയ സെക്രട്ടറിയായി. അതോടെ അദ്ദേഹം സ്വന്തം പാത കണ്ടെത്തി എന്നുപറയാം. കൊച്ചുകുട്ടിയായിരുന്ന ഹെർമൻ പലപ്പോഴും പിതാവിന്റെ ഓഫീസിൽ പോകാറുണ്ടായിരുന്നു. *സർക്കാർ സൗജന്യമായി നൽകിയ കൊട്ടാരത്തിലായിരുന്നു ബൈബിൾ സൊസൈററി പ്രവർത്തിച്ചിരുന്നത്. പണ്ട് കുതിരലായമായി ഉപയോഗിച്ചിരുന്ന താഴത്തെ നിലയിൽ നിറയെ ബൈബിളുകളാണ്. അവിടെ കുട്ടികളായ ഞങ്ങൾക്കു വേണ്ടുവോളം ഒളിയിടങ്ങൾ ഉണ്ട്.* CD 108 എന്നു ഗുണ്ടർട്ട് പിൽക്കാലത്ത് എഴുതിയിട്ടുണ്ട്.

വിദ്യാഭ്യാസം, സ്കൂൾ

കുടുംബസുഹൃത്തായിരുന്ന ഒരധ്യാപകനാണ് ഹെർമനെയും മൂത്ത സഹോദരൻ ലുഡ്‌വിഗിനെയും അക്ഷരവിദ്യയിലേക്കു നയിച്ചത്. 1820 ഒക്ടോബറിൽ ആ സഹോദരന്മാർ സ്ററുട്ഗാർട്ടിലെ ലത്തീൻസ്കൂളിൽ ചേർന്നു. അമ്മയുടെ ഓർമക്കുറിപ്പിൽ: *ആൺമക്കളെ സ്കൂളിലയച്ചു. മൂത്തവന് തനിയെ സ്കൂളിൽ പോകാൻ മടിയായതുകൊണ്ട്, പ്രായം തികഞ്ഞില്ലെങ്കിലും, ഇളയവനെയും സ്കൂളിലയച്ചു.* CD 94. സ്കൂൾ വിദ്യാഭ്യാസഘട്ടത്തിൽ, കുടുംബത്തിൽനിന്നുള്ള സ്വാധീനം കുറയുകയല്ല, വർധിച്ചുവരികയാണു ചെയ്തത്. പലപ്പോഴും വിദേശികൾ ബൈബിൾ കേന്ദ്രം സന്ദർശിച്ചിരുന്നു. 1821-ൽ ഗുണ്ടർട്ട്കുടുംബത്തിൽ ജെ.പി. ഗ്രീവ്സ് എന്ന ഇംഗ്ലീഷുകാരൻ അതിഥിയായി വന്നു. അദ്ദേഹത്തിന്റെ ലാളിത്യം കുടുംബാംഗങ്ങളെ സ്വാധീനിച്ചു. ഗ്രീവ്സിന്റെ *നവ്യജന്മം* എന്ന ലഘുലേഖ പിതാവായ ലുഡ്‌വിഗ് ഗുണ്ടർട്ട് തർജമ ചെയ്ത് അച്ചടിപ്പിച്ചു. ഇതിന്റെ കൈയെഴുത്തുപ്രതി സൂക്ഷ്മപരിശോധനയ്ക്കായി ഏൽപിച്ചത് ക്രിസ്ററ്യൻ ഗോട്ട്ലീബ് ബ്ലൂംഹാർട്ട് (1776-1838) എന്ന ദൈവശാസ്ത്രജ്ഞനെയാണ്. ഇദ്ദേഹം പിന്നീട് ബാസൽമിഷന്റെ പ്രഥമ

ഇൻസ്പക്ടറായിത്തീർന്നു. ബാസൽമിഷൻെറ രണ്ടാംവാർഷിക പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ 1822-ൽ ഇദ്ദേഹത്തോടൊപ്പം ലുഡ്‌വിഗ് ഗുണ്ടർട്ടും പോകയുണ്ടായി. ലോകത്തിൻെറ നാനാഭാഗത്തുനിന്നുമുള്ള ക്രിസ്തുമത പ്രചാരകരെ കണ്ടുമുട്ടാനും പരിചയപ്പെടാനും ബാസലിൽവച്ച് അവസരം ലഭിച്ച ലുഡ്‌വിഗ് മിഷണറി പ്രവർത്തനങ്ങളിൽ അതീവതൽപരനായിത്തീർന്നു. ആ ഘട്ടത്തിൽ അദ്ദേഹം ആരംഭിച്ചതാണ് സ്ററുട്ഗാർട്ട് മിഷൻ മാസിക: *Nachrichten aus der Heidenwelt*. 1823-ൽ തുടങ്ങിയ ഈ പ്രസിദ്ധീകരണം 1842-വരെ അദ്ദേഹം നടത്തി. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുള്ള വാർത്തകൾ ചിത്രങ്ങളോടുകൂടി ഇതിൽ ചേർത്തുപോന്നു. ഭൂലോക വൃത്താന്തങ്ങളെല്ലാം കൈകാര്യം ചെയ്യുന്ന ഈ ആനുകാലിക പ്രസിദ്ധീകരണത്തിൻെറ പണിപ്പുരയിലാണ് ഹെർമൻ ഗുണ്ടർട്ട് ബാല്യം ചെലവഴിച്ചത്. അവിടെ ലേഖനരചനയും അച്ചടിയുമെല്ലാം നേരിട്ടുകണ്ടുതന്നെ അദ്ദേഹം പഠിച്ചിരിക്കണം. പ്രസ്തുത മിഷൻ മാസികയിൽ ഇന്ത്യയെക്കുറിച്ചുള്ള അനേകം സചിത്രലേഖനങ്ങൾ കാണാം.അവയിൽ നിന്നായിരിക്കണം ഹെർമൻ ഗുണ്ടർട്ട് ആദ്യമായി ഇന്ത്യയെക്കുറിച്ച് അറിവു നേടിയത്. ഭാരതത്തിലെ ദേവീദേവന്മാരുടെയും ജനവർഗങ്ങളുടെയും ചിത്രങ്ങളോടുകൂടിയ ഈ മാസികയുടെ പഴയ പ്രതികൾ ബാസലിലെ മിഷൻ ഗ്രന്ഥശേഖരത്തിലുണ്ട്. ലുഡ്‌വിഗ് ഗുണ്ടർട്ടിൻെറ ഉത്സാഹത്തിൽ സ്ററുട്ഗാർട്ടിൽ ഓരോ വർഷവും മിഷൻസമ്മേളനം നടത്തുന്നതിനുള്ള ഏർപ്പാട് ഉണ്ടായി.

ബാല്യത്തിൽതന്നെ മരണത്തിൻെറ നടുക്കം സ്വന്തം ഭവനത്തിൽ അനുഭവിക്കാൻ ഹെർമൻ ഗുണ്ടർട്ടിന് ഇടവന്നു. 1827-ൽ കുഞ്ഞുപെങ്ങൾ മരിച്ചു. അതിനുമുൻപ് മററു രണ്ടു സഹോദരങ്ങൾ മരിച്ചെങ്കിലും ഹെർമൻ നന്നേ ചെറുപ്പമായിരുന്നതിനാൽ ഇത്രത്തോളം ആഘാതങ്ങൾ സൃഷ്ടിക്കാൻ ആ മരണങ്ങൾക്കു കഴിഞ്ഞിരുന്നില്ല. ജീവിതത്തിൻെറ അർഥവും പ്രസക്തിയും ആഴത്തിൽ അന്വേഷിക്കാനും കൂടുതൽ മതാത്മകനാകാനും സഹോദരങ്ങളുടെ മരണം കാരണമായിത്തീർന്നിരിക്കാം. ഭക്തിപ്രസ്ഥാനക്കാരുടെ പാരമ്പര്യത്തിലാണ് മാതാപിതാക്കൾ ഇത്തരം സംഭവങ്ങളോടു പ്രതികരിച്ചിരുന്നത്.

മൗൾബ്രോണിൽ

പതിമൂന്നാം വയസ്സിൽ സ്കൂൾവിദ്യാഭ്യാസത്തിൻെറ രണ്ടാം ഘട്ടത്തിലേക്ക് ഹെർമൻ പ്രവേശിച്ചു. സ്ററുട്ഗാർട്ടിനും കാൾസ്റൂഹിനും ഇടയിലുള്ള മൗൾബ്രോൺ (Maulbronn) എന്ന സ്ഥലത്തെ പ്രശസ്തവും പുരാതനവുമായ വിദ്യാലയത്തിലായിരുന്നു പഠനം. യൊഹാനസ് കെപ്ലറെ (1571-1630)പ്പോലുള്ള പ്രഗല്ഭമതികളുടെ മാതൃവിദ്യാലയമാണിത്. പന്ത്രണ്ടാം നൂററാണ്ടിൽ ആരംഭിച്ച ഈ സ്ഥാപനം തുടക്കത്തിൽ സന്യാസമന്ദിരമായിരുന്നു. മതനവീകരണത്തിനുശേഷം അതു പൊതുവിദ്യാഭ്യാസ സ്ഥാപനമായി മാറി.അവിടെ പഠനകാര്യങ്ങളിൽ

വലിയ ബുദ്ധിമുട്ടൊന്നും ഹെർമൻ അനുഭവിച്ചിരുന്നില്ല. എന്നാൽ പഠനത്തിൽ മുൻപന്തിയിലുമായിരുന്നില്ല. ഹീബ്രു, ഗ്രീക്ക്, ലത്തീൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതശാസ്ത്രം, മററു ശാസ്ത്രവിഷയങ്ങൾ എന്നിവയെല്ലാം അവിടെ പഠിച്ചു. ഏററവും ഇഷ്ടപ്പെട്ട വിഷയങ്ങൾ ചരിത്രവും ഭൂമിശാസ്ത്രവും ഗണിതശാസ്ത്രവുമായിരുന്നു. ഹെർമൻെറ സംഗീതാഭിരുചി വളർത്തിയെടുക്കുന്നതിൽ ഈ വിദ്യാലയം നല്ല പങ്കു വഹിച്ചു. രാഗങ്ങളും വാദ്യങ്ങളും ദേവാലയ സംഗീതവും പരിശീലിപ്പിക്കാൻ അവിടെ വിപുലമായ ഏർപ്പാടുണ്ടായിരുന്നു. ഓർഗനിലും പിയാനോയിലും വയലിനിലുമായിരുന്നു ഹെർമന് കൂടുതൽ താൽപര്യം. ദൈവശാസ്ത്രപരിശീലനത്തിനു മുന്നോടിയാകത്തക്കവണ്ണമാണ് അവിടെ പഠനകാര്യങ്ങളെല്ലാം ക്രമീകരിച്ചിരുന്നത്. ഗ്രീക്ക് ലത്തീൻ ഭാഷകളിൽ ക്ലാസിക് കവികളുടെയും ജർമനിൽ ഗെയ്ഥെയുടെയും കൃതികൾ വായിക്കുന്നതിലും പകർത്തിയെടുക്കുന്നതിലും ഇക്കാലത്തു കഥാപുരുഷൻ ഉത്സുകനായിരുന്നു. അങ്ങനെ പകർത്തിയെടുത്ത ചില കൃതികൾ കാൽവിലെ സ്റ്റയിൻ ഭവനത്തിൽ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്.

എഴുതിത്തുടങ്ങുന്നു

പതിനാറാം വയസ്സിൽ സ്കൂളിൽവച്ച് ഹെർമൻ തയ്യാറാക്കിയ ഒരു പ്രഭാഷണം ഇപ്പോൾ കൈയെഴുത്തായി സ്ററുട്ഗാർട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ മതനവീകരണത്തിനുശേഷം (1618-1648) യൂറോപ്പിലുണ്ടായ മുപ്പതുവർഷയുദ്ധ (Thirty Years' War)ത്തെയാണ് പ്രതിപാദിക്കുന്നത്. സംഘട്ടനങ്ങളുടെ അനിവാര്യത, സ്വാതന്ത്ര്യത്തിൻെറ മൂല്യം, പത്രസ്വാതന്ത്ര്യത്തിൻെറ പ്രാധാന്യം, അന്തിമമായി ഉരുത്തിരിയുന്ന സർഗാത്മക സമാധാനം എന്നിവയെക്കുറിച്ചെല്ലാം ആ പതിനാറുകാരൻ എഴുതുന്നു. ഏകതാനതയുടെ സ്ഥാനത്തു ബഹുഭാവസമൂഹത്തെ അംഗീകരിക്കേണ്ടതിൻെറ ആവശ്യകത വിശദീകരിക്കുകയും *ഇങ്ങനെയൊരു യുദ്ധം ഇനിയുമുണ്ടാകില്ലെങ്കിൽ, ഈ യുദ്ധം വ്യർഥമായിരുന്നില്ല* എന്ന പ്രമേയം അംഗീകരിക്കുകയും ചെയ്യുന്നിടത്ത് പ്രതിഭയുടെ തിളക്കമുണ്ട്. പിൽക്കാലത്ത് മലയാള ചരിത്ര പഠനത്തിൽ നിഴലിക്കുന്ന ചരിത്ര വിശകലന വൈഭവം അന്നുതന്നെ അദ്ദേഹം സ്വായത്തമാക്കിയിരിക്കണം.

മൗൾബ്രോണിലെ പഠനകാലത്ത്, ഹെർമൻ ഗുണ്ടർട്ട് എന്ന പതിനാറുകാരൻ ബൈബിളിലെ യഹെസ്കേൽ പ്രവാചകൻെറ പുസ്തകത്തിൽനിന്ന് ഒരു ഭാഗം ജർമനിലേക്കു തർജമ ചെയ്തു. ഹീബ്രുഭാഷ പഠിക്കുന്ന കാര്യത്തിൽ ആ വിദ്യാർഥിക്കുണ്ടായിരുന്ന സാമർഥ്യവും വിദ്യാർജനത്തിലുണ്ടായിരുന്ന സാഹസികതയും വെളിവാക്കുന്നതാണ് ഈ സംഭവം. പിതാവിന് ജന്മദിനസമ്മാനമായി അയച്ചുകൊടുത്തതായിരിക്കണം തർജമ. '13 ആഗസ്ററ്, 1830' എന്നു രേഖപ്പെടുത്തിയിട്ടുള്ള കൈയെഴുത്തുഗ്രന്ഥം കാൽവിൽ സൂക്ഷിച്ചിരിക്കുന്നു. ഗുണ്ടർട്ട് ചെറുപ്പത്തിൽ ജർമനിലേക്ക് തർജമ ചെയ്ത ഭാഗം ഇവിടെ ഉദ്ധരിക്കാം. 1881ൽ പ്രസിദ്ധീകരിച്ച ഗുണ്ടർട്ടിൻെറ മലയാളതർജമയിൽ നിന്ന്.

സാമ്പ്രദായിക മലയാള കാവ്യഭാഷയുടെ സംക്രമണംകൊണ്ട് ഇതര ബൈബിൾ തർജമകളിൽ നിന്നു വ്യത്യസ്തമാണ് ഇതിലെ ശൈലി.

യഹെസ്കേൽ

അധ്യായം 21

ദവാഗ്നിയായി (6) യഹോവയുടെ വാൾ (23)യഹൂദയെയും അമ്മോന്യരെയും ഒടുക്കും. (31) മശീഹ മാത്രം രാജത്വപൗരോഹിത്യങ്ങളെ പുതുക്കും.

1,2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര മുഖ
ത്തെ തെക്കോട്ടുവെച്ചു ദക്ഷിണ ദിക്കു നോക്കി തൂകി വറണ്ട ഭൂമി
3 യിലെ വനത്തിന്നു നേരേ പ്രവചിക്ക! തെക്കേ വനത്തോടു പറക:
യഹോവാവചനത്തെ കേൾക്ക! യഹോവാകർത്താവ് ഇവ്വണ്ണം
പറയുന്നു: ഇതാ ഞാൻ നിന്നിൽ അഗ്നി കത്തിക്കുന്നതു ഏതു
പച്ചമരവും ഏതു ഉണ ങ്ങിയ മരവും തിന്നും, കഠോരജ്വാല കെടാതു,
തെക്കുമുതൽ വടക്കോട്ടു സകലമുഖം അതിനാൽ വെന്തവിയും.
4 യഹോവയായ ഞാൻ അതു കൊളുത്തി എന്ന് എല്ലാ ജഡവും
5 കാണും; അതു കെടുക ഇല്ല. ഞാനോ പറഞ്ഞു: യഹോവാ കർത്താവേ
അവൻ സദൃശങ്ങൾ മൊഴിയുന്നുവല്ലോ എന്ന് ഇവർ എന്നെക്കൊണ്ടു
പറയുന്നു!
6,7 എന്നാറേ യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യ
പുത്ര യരുശലേമിനു നേരെ മുഖത്തെ വെച്ചു വിശുദ്ധസ്ഥലങ്ങളെ
കൊള്ളേ തൂകി ഇസ്രയേൽ നാട്ടിന്ന് എതിരേ പ്രവചിക്ക! ഇസ്രയേൽ
8 നാട്ടോടു പറക: യഹോവാകർത്താവ് ഇപ്രകാരം പറയുന്നു: ഞാൻ
ഇതാ നിന്നെക്കൊള്ളേ (വരും) എൻ വാളിനെ ഉറയിൽനിന്ന് ഊരി
നീതിമാനെയും ദുഷ്ടനെയും നിന്നിൽനിന്നു ഛേദിക്കും.
9 നിന്നിൽനിന്നു നീതിമാനെയും ദുഷ്ടനെയും ഛേദിപ്പാറാകയാൽ എൻ
വാൾ തെക്കുമുതൽ വടക്കോട്ടു സകലജഡത്തിനും എതിരേ ഉറയെ
10 വിട്ടുചെല്ലും. യഹോവയാകുന്ന ഞാൻ എൻ വാളിനെ ഉറയിൽനിന്ന്
ഊരി എന്നു സകലജനവും അറിയും; അത് ഇനി മടങ്ങുക ഇല്ല.
11 നീയോ മനുഷ്യപുത്ര നടുഒടികേ ഞരങ്ങുക, അവർ കാൺകെ
12 കൈപ്പോടെ ഞരങ്ങുക! പിന്നേ എന്തിന്നു നീ ഞരങ്ങുന്നു? എന്നു
നിന്നോടു ചോദിച്ചാൽ പറക: വരുന്ന ശ്രുതി നിമിത്തം തന്നേ. ഏതു
ഹൃദയവും ഉരുകും എല്ലാ കൈകളും തളരും ഏത് ആത്മാവും മയങ്ങും
എല്ലാ മുഴങ്കാലും വെള്ളമായിപ്പോകും. അതാ വരുന്നു, സംഭവിക്കുന്നു
എന്നു യഹോവാകർത്താവിൻ അരുളപ്പാടു.
13,14 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര
പ്രവചിച്ചു പറക: യഹോവ ഇവ്വണ്ണം പറയുന്നു: ഒരു വാൾ! മൂർച്ച കൂട്ടി
മിനുക്കിയ വാൾ! അരുകുലെക്കായി മൂർച്ച കൂട്ടിയതു, മിന്നൽ ആവാൻ
15 മിനുക്കിയതു. അല്ല (1 മോ. 49, 10) എൻ പുത്രന്റേ ചെങ്കോൽ എല്ലാ
മരത്തെയും അപഹസിക്കുന്നു (എന്നു) നാം ആനന്ദിക്കയോ?
16 അതിനെ അണെപ്പാൻ കൊടുത്തതോ കൈയിൽ പിടിപ്പാൻ തന്നേ;

ഈ വാൾ മൂർച്ചകൂട്ടി ഊട്ടിയതു കൊല്ലുന്നവൻേറ കൈയിൽ
17 കൊടുപ്പാനേ. മനുഷ്യപുത്ര നിലവിളിച്ചു മുറയിടുക! എൻ
ജനത്തിന്നല്ലോ ഇതു തട്ടുന്നു, ഇസ്രായേൽ പ്രഭുക്കൾക്ക്
എപ്പേർക്കുമേ; എൻ ജനവുമായി അവർ വാളിന്നു തെറിച്ചു കിടക്കുന്നു,
18 അതുകൊണ്ടു തുടെക്ക് അലെക്ക! പരീക്ഷ സിദ്ധിച്ചു; പിന്നേ
അപഹസിക്കുന്ന ചെങ്കോൽ കൂടേ നില്ലാ എന്നു വരികിൽ എന്തു?
19 എന്നു യഹോവയുടേ അരുളപ്പാടു നീയോ മനുഷ്യപുത്ര കൈകളെ
കൊട്ടി പ്രവചിക്ക! വാൾ മൂന്നിരട്ടിക്ക, കുതർന്നവരുടേ വാൾ;
20 അവരെ ചുഴലുന്നതു ഒരു മഹാനെ കുതർന്ന വാൾ. ഹൃദയം
ഉരുകുവാനും ഇടർച്ചകൾ പെരുകുവാനും വേണ്ടി തെളങ്ങി ചലിക്കുന്ന
വാളിനെ ഞാൻ അവരുടേ എല്ലാ വാതിലുകളിലും ഇട്ടു; ഹാഹാ
21 മിന്നൽ ആവാൻ ചമെച്ചതു, അരുകുലെക്ക് ഊരിയതു! ഒന്നിച്ചു
വലത്തോട്ടു വെട്ടുക, ഇടത്തോട്ടു തിരിക, വായ്ത്തല വിധിച്ച
22 കോണിന്നു തല്ലുക! ഞാനും കൈകളെ കൊട്ടി എൻ ഊഷ്മാവിനെ
ശമിപ്പിക്കും.യഹോവയായ ഞാൻ ഉരെച്ചു.
23, 24 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര
ബാബേൽ രാജാവിൻേറ വാൾ വരുവാൻ രണ്ടു വഴികളെ വരെച്ചു
കൊൾക, രണ്ടും ഒരു ദിക്കിൽനിന്നു പുറപ്പെടുക! പട്ടണത്തിൻേറ
വഴിത്തലെക്കു ഒരു കുറിക്കൈയും കൊത്തി എഴുതുക. വാൾ
25 അമ്മോന്യരുടേ റബ്ബത്തിലേക്കും യഹൂദയിൽ ഉറെച്ച യരുശലേമിന്നും
26 ചെല്ലുവാൻ ഓരോ വഴി കുറിക്ക! ബാബേൽ രാജാവാകട്ടേ
ഇരുവഴിത്തലെക്കൽ ലക്ഷണം പറയിപ്പാൻ നിൽക്കുന്നു. അമ്പുകളെ
കുലുക്കി, പിതൃക്കളോടു ചോദിച്ചു, യാഗ യകൃത്തിൽ നോക്കി,
27 വലങ്കൈയിൽ അതാ 'യരുശലേം' എന്ന വിധി കിട്ടി, എങ്കിലോ
യന്ത്രമുട്ടികൾ വെക്ക, പോർവിളിക്കു വാവിടുക, ആർപ്പിന്നു ശബ്ദം
ഉയർത്തുക, വാതിലുകൾക്കു നേരേ മുട്ടികൾ വെക്ക, മേടു മാടുക,
28 കൊത്തളം തീർക്ക—അതു (യഹൂദർ) ആയവർക്കു വ്യാജലക്ഷണ
മായിത്തോന്നും, ദിവ്യസത്യങ്ങൾ അവർക്കുണ്ടല്ലോ; (ദൈവം)
ആയവനോ (ജനം) കുടുങ്ങുവാൻ വങ്കുററത്തെ ഓർപ്പിക്കുന്നു.
29 യഹോവാകർത്താവു കേവലം ഇപ്രകാരം പറയുന്നു: നിങ്ങളുടേ
കുററത്തെ നിങ്ങൾ തന്നേ ഓർപ്പിച്ചു നിങ്ങളുടേ പാപങ്ങൾ എല്ലാ
ക്രിയകളിലും പ്രത്യക്ഷമായി കാട്ടി ദ്രോഹങ്ങൾ വെളിപ്പെടുകയാൽ
തന്നേ; നിങ്ങൾ ഓർമയിൽ വന്നതുകൊണ്ടു തന്നേ കൈക്കൽ
30 അകപ്പെടും. നീയോ കുലപ്പെടുവോനേ, ദുഷ്ടനേ, ഇസ്രായേൽ
മന്നവാ! അന്തത്തെ വരുത്തുന്ന കുററകാലത്തിൽ നിൻേറ നാൾ
31 വന്നു, യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു:
(മഹാപുരോഹിതൻേറ) തലപ്പാവു നീങ്ങി (രാജ) കിരീടം പൊക്കമായി.
ഇവ ഇന്നത് ഇനി അല്ല; താണതിനെ ഉയർത്തുന്നു, ഉയർന്നതു
32 താഴ്ത്തുന്നു. ഞാൻ അതു കീഴ്മേൽ മറിപ്പു മറിപ്പു മറിപ്പാക്കി വെക്കും;
ഈ അവസ്ഥയും നില്ലാതു, ന്യായം ഉടയവൻ (1 മോ. 49 10)

വരുവോളമത്രേ, അവനു ഞാൻ അതുകൊടുക്കും. നീയോ മനുഷ്യ
33 പുത്ര പ്രവചിച്ചു പറക; അമ്മോന്യപുത്രർക്കും അവർ
നിന്ദിക്കുന്നതിന്നും നേരേ യഹോവാകർത്താവ് ഇപ്രകാരം പറയുന്നു:
34 ഹാ വാൾ, അരുകുലെക്ക് ഊരി, മിന്നലായി തിന്മാൻ അണെച്ചു
മിനുക്കിയ വാൾ! (അമ്മോനേ) നിനക്കു മായാദർശനവും
പൊളിലക്ഷണവും പറയുമ്പോൾ (വാൾ) നിന്നെ (വെട്ടി), അന്തത്തെ
വരുത്തുന്ന കുററകാലത്തിൽ ആരുടേ നാൾ വന്നു ആ
ദുഷ്ട(യഹൂദ)ന്മാരിൽ കുലപ്പെട്ടവരുടേ കഴുത്തുകൾമേൽ
35 നിന്നെ കിടത്തും. നിൻേറ (വാൾ) ഉറയിലേക്കു മടക്കുക! നീ
സൃഷ്ടിക്കപ്പെട്ട സ്ഥലത്തു നിൻേറ ഉത്ഭവദേശത്തു ഞാൻ നിനക്കു
36 ന്യായം വിധിച്ചു, എൻ ഈററലിനെ നിൻമേൽ ചൊരിഞ്ഞു എൻ
ചീററത്തിൻ തീയെ നിൻമേൽ ഊതി നാശകന്മമാളരായ പൊട്ടന്മാരുടേ
37 കയ്യിൽ നിന്നെ ഏൽപ്പിക്കും. നീ തീക്ക് ഇര ആകും, നിൻേറ രക്തമേ
ദേശത്തിൽ ഇരിക്കും, നിന്നെ ഇനി ഓർപ്പാറില്ല, യഹോവയായ
ഞാനല്ലോ ഉരെച്ചു.

മാനസിക സംഘർഷങ്ങൾ

ഹെർമൻെറ വിദ്യാലയ ജീവിതകാലത്ത് വിപ്ലവചിന്തകൾ വ്യാപകമായ പ്രചാരം നേടുകയായിരുന്നു. തൊട്ടടുത്ത ഗ്രാമമായ ഫയിഹിംഗനി (Vaihingen)ൽ നിന്ന് *ഗ്രെൻസ് ബോട്ടൻ* (Grenzboten= അതിർത്തി ദൂതൻ)എന്നൊരു ആനുകാലിക പ്രസിദ്ധീകരണം തുടങ്ങിയപ്പോൾ അതിൽ ആദ്യം മുതൽ ഹെർമൻ ഗുണ്ടർട്ട് രാഷ്ട്രീയ ലേഖനങ്ങൾ എഴുതിയിരുന്നു. ഇത് പിതാവിന് അനിഷ്ടകരമായി. 1831 ജനുവരിയിൽ ആരംഭിച്ച പ്രസിദ്ധീകരണം ഏതാനും മാസത്തിനുള്ളിൽ നിരോധിച്ചു; പ്രസ് കണ്ടുകെട്ടുകയും ചെയ്തു.

ചെറുപ്പം മുതൽ ഈശ്വരാശ്രയബുദ്ധിയായിരുന്ന ഗുണ്ടർട്ട് സ്വാതന്ത്ര്യബോധവും ഭക്തിപ്രസ്ഥാനവും പൊരുത്തപ്പെടുത്തിക്കൊണ്ടു പോകാൻ നന്നേ ക്ലേശിച്ചു. മൗൾബ്രോണിലെ വിദ്യാഭ്യാസം കാര്യക്ഷമമായിരുന്നെങ്കിലും അവിടത്തെ കർക്കശമായ അച്ചടക്കം അസഹ്യമായി ഗുണ്ടർട്ടിനു തോന്നി. അനുവാദം കൂടാതെ പുറത്തിറങ്ങിയിരുന്ന് ആകാശത്തേക്കു നോക്കി നക്ഷത്രം കണ്ടു രസിച്ചതിന് അവിടെവച്ചു ശിക്ഷ സഹിക്കേണ്ടി വന്നു എന്നു പറയുമ്പോൾ അവിടത്തെ ചിട്ടവട്ടങ്ങൾ ഊഹിക്കാമല്ലോ. സ്ററുട്ഗാർട്ടിലേക്കു മടങ്ങിപ്പോകാൻ ഹെർമൻ ആഗ്രഹിച്ചു. മാതാപിതാക്കൾക്ക് അതു സമ്മതമായില്ല. അങ്ങനെയിരിക്കെ ഡേവിഡ് ഫ്രീഡറിക് സ്ട്രൗസ് (David Friedrich Strausss, 1808 - 1874) ആ വിദ്യാലയത്തിൽ അധ്യാപകനായി വന്നു. ക്രൈസ്തവ വേദവിജ്ഞാനീയം തുറന്ന മനസ്സോടെ വായിക്കാനും പഠിക്കാനും പഠിപ്പിക്കാനും ശ്രമിച്ച ഈ ഗുരുഭൂതൻ അവിടെയും ട്യൂബിങ്ങൻ സർവകലാശാലയിലും ഗുണ്ടർട്ടിന് ഏററവും പ്രിയങ്കരനായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഗുണ്ടർട്ട് എഴുതുന്നു: *ഡേവിഡ് സ്ട്രൗസ്*

മൗൾബ്രോണിൽ അധ്യാപകനായി വന്നതോടെ സ്ഥിതിഗതികൾ പെട്ടെന്നു മെച്ചപ്പെട്ടു. അദ്ദേഹത്തിന്റെ ദാക്ഷിണ്യബുദ്ധി എല്ലാവരെയും ആകർഷിച്ചു. സർവകലാശാലയിലേക്കു പോകാം എന്ന പ്രതീക്ഷ പലർക്കുമുണ്ടായി. CD 352

ഹെർമൻ ചിന്താപരമായ സ്വാതന്ത്ര്യം പ്രകടിപ്പിച്ചു തുടങ്ങിയപ്പോൾ മാതാപിതാക്കൾക്കു സന്തോഷം തോന്നിയെങ്കിലും മകനെക്കുറിച്ചുള്ള ഉത്കണ്ഠ വിട്ടുമാറാതെ നിന്നു. അമ്മയുടെ കത്തുകളിൽ വളരെയേറെ ഉപദേശവും പരിഭ്രാന്തിയും പ്രകടമായിക്കാണാം. പിതാവ് അമ്മയുടെ കത്തിനെക്കുറിച്ച് മകനെഴുതുന്നു: *അമ്മ എഴുതിയിരിക്കുന്നതുപോലെ ഞാൻ എഴുതുകയില്ല. കാരണം ഞാൻ എന്റെ ചെറുതും വലുതുമായ കുട്ടികളെ നിത്യേന എന്റെ പ്രാർഥനയിൽ ഏകപിതാവിന് സമർപ്പിക്കുന്നുണ്ട്. എന്റെ കുട്ടികളുടെ സ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നു. അവർ തങ്ങളുടെ വഴി കണ്ടെത്തും.* CD 368

ഒരിക്കൽ അവധിക്കാലത്ത് സ്റ്റുട്ഗാർട്ടിൽ മൊസാർട്ടിന്റെ 'മാന്ത്രിക ഓടക്കുഴൽ' എന്ന ഓപ്പറ കാണാൻ ഹെർമൻ ആഗ്രഹിച്ചു. മാതാപിതാക്കൾക്ക് അതു ഹിതകരമായി തോന്നിയില്ല. ഉത്തമ ഭക്തിപ്രസ്ഥാനക്കാർക്ക് ഇതിലൊന്നും ഭ്രമം പാടില്ലെന്നാണ് വയ്പ്. എങ്കിലും ഹെർമൻ പറഞ്ഞു: *സംഗീതപുസ്തകങ്ങൾ പകർത്തി ഞാൻ അല്പം പണം ഉണ്ടാക്കുന്നുണ്ട്. അതിനാൽ ഞാൻ ഓപ്പറ ഹാളിൽ സംഗീതം കേട്ടു നോട്ടുബുക്കിൽ നോക്കിയിരുന്നുകൊള്ളാം. സ്റേറജിലെ ഭ്രമകരമായ കാര്യങ്ങളിലേക്കൊന്നും നോക്കുകയേയില്ല.* ഇതു മാതാപിതാക്കളെ തൃപ്തിപ്പെടുത്തിയെന്നു തോന്നുന്നു. ഗുണ്ടർട്ട് സ്വന്തം കൈപ്പടയിൽ രാഗങ്ങളും ഗീതങ്ങളും പകർത്തിയ ബുക്കുകൾ ഇപ്പോഴും കാൽവിലും സ്റ്റുട്ഗാർട്ടിലും സൂക്ഷിച്ചിട്ടുണ്ട്.

2

സർവകലാശാലയിൽ

1831 ഒക്ടോബർ 24-ന് ഹെർമൻ ഗുണ്ടർട്ട് ട്യൂബിങ്ങൻ സർവകലാശാലയിൽ ചേർന്നു പഠനം ആരംഭിച്ചു. ബാദൻ വ്യുർട്ടൻബർഗ് സംസ്ഥാനത്ത് നെക്കാർ നദീതീരത്തുള്ള ട്യൂബിങ്ങൻ 1477 മുതൽ സർവകലാശാലാ നഗരമായി അറിയപ്പെടുന്നു. വേദവിജ്ഞാനീയം, തത്ത്വചിന്ത, ഭാരതീയപഠനം, വൈദ്യശാസ്ത്രം എന്നിങ്ങനെ ചില മേഖലകളിൽ എക്കാലത്തും പ്രശസ്തമായിരുന്നു ഇവിടത്തെ സർവകലാശാല. ട്യൂബിങ്ങനിലെ പ്രസിദ്ധീകരണശാലകൾ അവിടത്തെ ബൗദ്ധികാന്തരീക്ഷം അവികലമായി നിലനിറുത്തുന്നതിൽ നല്ല പങ്കു വഹിച്ചിട്ടുണ്ട്. ട്യൂബിങ്ങൻ സർവകലാശാലാ ലൈബ്രറിയിൽ അത്യപൂർവ ഗ്രന്ഥങ്ങളടക്കം ഇരുപതു ലക്ഷത്തോളം വാല്യങ്ങൾ ഇപ്പോൾ ലഭ്യമാണ്.

അവിടെ ഇവാഞ്ചലിക്കൽ സ്ററിഫ്ററിലാണ് ഗുണ്ടർട്ട് താമസിച്ചത്. നെക്കാർ നദീതീരത്തുള്ള ഈ വിദ്യാർഥിമന്ദിരം പണ്ട് അഗസ്ററീനിയൻ സന്യാസമന്ദിരമായിരുന്നു. 1557-ൽ മതനവീകരണത്തിനുശേഷം ഇതു പ്രൊട്ടസ്ററൻറു വേദവിദ്യാലയമായി മാറി. കെപ്ലർ, ഹേഗൽ എന്നിങ്ങനെ അനേകം പ്രതിഭാശാലികൾ താമസിച്ചു പഠിച്ച വിദ്യാലയമന്ദിരമാണിത്. സ്ററുഡൻറ് ക്ലബ്ബുകളിൽ ചേരുകയില്ല എന്നു പ്രതിജ്ഞയെടുപ്പിച്ചാണ് മാതാപിതാക്കൾ പുത്രനെ സർവകലാശാലയിലേക്ക് അയച്ചത്. എന്നാൽ അവിടെ ഇതിനെക്കാളെല്ലാം അസുഖകരമായി മാതാപിതാക്കൾക്ക് അനുഭവപ്പെട്ടത് ഡേവിഡ് ഫ്രീഡറിക് സ്ട്രൗസ് എന്ന അധ്യാപകൻെറ സാന്നിധ്യമാണ്. ഹെർമൻ ഗുണ്ടർട്ട് ട്യൂബിങ്ങനിൽ വിദ്യാർഥിയായപ്പോൾ പ്രിയങ്കരനായ ഗുരുനാഥൻ അവിടെ പ്രഫസറായി വന്നെത്തി.

ഗെയ്ഥേ, ഹേഗൽ, സ്ട്രൗസ്

ക്രിസ്തുവിൻെറ ജീവിതം വസ്തുനിഷ്ഠമായി മനസ്സിലാക്കാനും വിശദീകരിക്കാനുമുള്ള സാഹസിക യത്നങ്ങളുടെ പേരിലാണ് സ്ട്രൗസ് ഇന്ന് അറിയപ്പെടുന്നത്. ഭക്തിപ്രസ്ഥാനക്കാർ ക്രിസ്തുവിനു ചുററും പടുത്തുയർത്തിയ വൈകാരിക സങ്കൽപങ്ങൾ തകർക്കാൻ അദ്ദേഹം ഒരുമ്പെട്ടു. തന്മൂലം അവരുടെ ദൃഷ്ടിയിൽ സ്ട്രൗസ് പണ്ഡിതൻ വല്ലാത്ത അപകടകാരിയായിരുന്നു. ലുഡ്വിഗ് ഗുണ്ടർട്ട് പുത്രനെഴുതി:

മൗൾബ്രൗൺ മുതൽ സ്ട്രൗസ് നിന്നെ വല്ലാതെ സ്വാധീനിക്കുന്നു. തന്മൂലം മററു പഠനങ്ങളെല്ലാം കുഴപ്പത്തിലായി. ട്യൂബിങ്ങനിലെ വന്ദ്യവയോധികരും പണ്ഡിതമതികളുമായ ഗുരുനാഥന്മാരുടെ മാർഗനിർദേശത്തിൽ നീ പ്രായോഗികമായ കാര്യങ്ങളിലേക്കു തിരിയും എന്നായിരുന്നു എൻെറ പ്രതീക്ഷ. സുവിശേഷ വെളിച്ചത്തിൽ തത്ത്വചിന്ത വിശദീകരിക്കാനല്ലാതെ മറിച്ചു ചെയ്യാൻ നീ ഒരുമ്പെടും എന്നു ഞാൻ കരുതിയില്ല. ഇതാ, ഇപ്പോൾ സ്ട്രൗസ് ട്യൂബിങ്ങനിലെത്തി ഉത്സാഹികളെ ഉദാത്തമായ ലക്ഷ്യത്തിൽ നിന്നു വ്യതിചലിപ്പിച്ചു ഹേഗലിൻെറ ദേവരഥം വലിക്കുന്നവരാക്കുന്നു. അവരെല്ലാം ചേർന്ന് ഇപ്പോൾ ആ രഥം ആഹ്ലാദപൂർവം വലിക്കയാണ്. എൻെറ പ്രിയപ്പെട്ട മകനും ഇപ്പോൾ ആ ദേവരഥത്തിൽ കയറുകെട്ടി വലിക്കുന്നു. എൻെറ മകൻ അകത്തും പുറത്തും സർവബാധകളിൽ നിന്നും രക്ഷനേടാൻ ഇപ്പോൾ ബ്രഹ്മാവായ ഹേഗലിൻെറയും വിഷ്ണുവായ ഗെയ്ഥേയുടെയും ദേവരഥങ്ങളോടു തന്നെ ബന്ധിച്ചിരിക്കുന്നു. CD 389

ഇതൊന്നും മാതാപിതാക്കളും മകനുമായുള്ള വൈകാരികമായ ബന്ധത്തെ ഉലച്ചില്ല എന്നുവേണം കരുതാൻ. രോഗിണിയായിരുന്ന അമ്മയ്ക്ക് 1832 സെപ്ററംബർ 1-ന് പിതാവ് നൽകിയ സമ്മാനം ഹെർമൻെറ മനോഹരചിത്രമാണ്. അമ്മയ്ക്ക് ഇത് അത്യന്തം സന്തോഷകരമായി. അമ്മയുടെ രോഗനില വഷളായിക്കൊണ്ടിരുന്നു. 1833 ജനുവരി 20-ന് ട്യൂബിങ്ങനിൽ നിന്ന് സ്ററുട്ഗാർട്ടിൽ കുതിച്ചെത്തിയ മകന് അമ്മയുടെ മൃതദേഹമാണ് കാണാൻ കഴിഞ്ഞത്. ആ ഘട്ടത്തിൽ പിതാവിനെ സമാശ്വസിപ്പിക്കേണ്ട ഭാരം കൂടി പുത്രനായി. അവിടം മുതൽ ഗുണ്ടർട്ട് മാതാവിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങി. അമ്മയെ സംബന്ധിച്ച ഓർമകളെല്ലാം സമാഹരിച്ച് അക്കാലത്തെഴുതിയ കൃതിയാണ് *Christianens Denkmal* (*ക്രിസ്ററ്യാനെയുടെ സ്മരണ*).* 1868-ൽ ഈ കൃതി ആദ്യമായി അച്ചടിപ്പിച്ചു. 1893-1894 -ലും ഇതിന് ഒരു പതിപ്പുണ്ടായി.

മഴ ശമിച്ചു, മാനം തെളിഞ്ഞു

ട്യൂബിങ്ങനിലെ സഹപാഠികളുടെ ഇടയിൽ ഹെർമന് സവിശേഷമായ ഒരു സ്ഥാനമുണ്ടായിരുന്നു. പല സഹപാഠികളുടെയും മനസ്സ് സംഘർഷ നിർഭരമായിരുന്നു എന്ന് മനസ്സിലാക്കാം. ഹേഗലിൻെറയും സ്ട്രൗസിൻെറയും സിദ്ധാന്തങ്ങൾ ഭക്തിപ്രസ്ഥാനത്തിൽ പരിശീലനം നേടിവന്ന ചെറുപ്പക്കാരിൽ വല്ലാത്ത പിരിമുറുക്കം സൃഷ്ടിച്ചു. ചിലരെല്ലാം സർവകലാശാലയിൽ നിന്ന് ഓടിപ്പോയി. മററു ചിലർ ആത്മഹത്യയിൽ മോചനം കണ്ടെത്തി. പലരെയും ശക്തിപ്പെടുത്തേണ്ട ഭാരം ഹെർമനു വന്നുകൂടി. ഇങ്ങനെയിരിക്കെ, ഒരു ദിവസം സ്ററുട്ഗാർട്ടിലെ വീട്ടിൽ ഹെർമൻെറ മുറിയിൽ ഒരു സഹപാഠിയുടെ അമ്മ ഇങ്ങനെ ഒരു കുറിപ്പ് എഴുതിവച്ചു: *എൻെറ മകൻ പൊയ്പോയി, അതിനു കാരണം നീയാണ്.* അയാൾ എങ്ങോട്ടാകാം പോയിരിക്കുകയെന്ന് അറിയാമായിരുന്നതുകൊണ്ട് ഉടനെ പുറപ്പെട്ടു സ്വിററ്സർലണ്ട്

---

* ഈ കൃതിയെ സൂചിപ്പിക്കുന്ന ചുരുക്കെഴുത്താണ് CD.

അതിർത്തിയിൽ വച്ച് അയാളെ പിടികൂടാൻ ഹെർമനു കഴിഞ്ഞു. ഒരു വിധത്തിൽ അയാളെയും കൂട്ടി മടക്കയാത്ര ആരംഭിച്ചു. വഴിയിൽ ഏറെ യൊന്നും സംസാരിക്കാൻ അയാൾ ഉത്സാഹം കാണിച്ചില്ല. ഉയരമേറിയ ഒരു പാറക്കെട്ടിനുമുകളിൽ എത്തിയപ്പോൾ ഒഴിഞ്ഞുനിൽക്കാൻ ഗുണ്ടർട്ടിനോട് സ്നേഹിതൻ ആവശ്യപ്പെട്ടു. അയാൾ എന്താണ് ചെയ്യാൻ തുടങ്ങുന്നതെന്ന് ഗുണ്ടർട്ടിനറിയാമായിരുന്നു. പിന്തിരിപ്പിക്കാനുള്ള ശക്തി തനിക്കില്ലെന്ന് അപ്പോൾ തോന്നിയിരിക്കണം. ആ നിമിഷത്തിൽ എന്തെല്ലാമോ വിചാരവികാര തരംഗങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലൂടെ കടന്നുപോയി. സ്നേഹിതനെ ആത്മഹത്യയിൽ നിന്നു പിന്തിരിപ്പിച്ചു മടക്കിക്കൊണ്ടു വരാൻ ഹെർമൻ ഗുണ്ടർട്ടിനു കഴിഞ്ഞു. 1856-ൽ ചിറയ്ക്കൽ നിന്നു മംഗലാപുരത്തേക്കു തന്നെ സ്ഥലംമാററിയപ്പോൾ പഴയ ഈ സംഭവം ഗുണ്ടർട്ട് അനുസ്മരിക്കുന്നുണ്ട്. 1856 ഫെബ്രുവരി 27-ാം തീയതി ആത്മകഥാരൂപത്തിൽ പുത്രന്മാർക്ക് എഴുതിയ കത്തിലും ഈ സംഭവം പ്രത്യക്ഷപ്പെടുന്നു: *...അവിടെ എന്റെ സർവശക്തിയും ചോർന്നുപോയി. നിരാശനായ വ്യക്തിയെ സഹായിക്കാൻ ആഗ്രഹിച്ചു; സാധിച്ചില്ല. നിശ്ശബ്ദനായി ഞാൻ നടന്നു; കണ്ണീർ ചൊരിഞ്ഞ് ഞാൻ പ്രാർഥിച്ചു. എനിക്കുവേണ്ടിയല്ല, എന്റെ സ്നേഹിതനുവേണ്ടി. എന്റെ പ്രാർഥന ചെവിക്കൊണ്ടു. അന്ന് പ്രാർഥനയെക്കുറിച്ച് എനിക്കു വിചിത്രമായ ധാരണയാണുണ്ടായിരുന്നത്. ചെറുപ്പത്തിൽ മനസ്സിൽ കടന്നുകൂടിയിരുന്ന അവ്യക്തമായ ധാരണ! എന്റെ നിസ്വതയും വ്യഥയും നിമിത്തം ദൈവം എന്റെ യാചന അനുവദിച്ചു. അപ്പോൾ മഴ ശമിച്ചു, മാനം തെളിഞ്ഞു. അസ്വസ്ഥമായ ജീവിതത്തിൽനിന്ന് എനിക്ക് ദൈവരാജ്യത്തിന്റെ സ്വസ്ഥതയിലേക്ക്, ഇന്ത്യയിലെ മിഷണറിയായി കടന്നു ചെല്ലാം എന്ന് തോന്നി. ഇന്ത്യ എന്ന പേര് എങ്ങനെ കടന്നുവന്നു എന്ന് എനിക്കറിഞ്ഞുകൂടാ. അക്കാലത്തു ഞങ്ങളുടെ ഭാവനാലോകത്തിലും പഴയകാലത്തു മിഷണറി മാസികയിലും പലതും ഉണ്ടായിരുന്നു.*

'1833 ആഗസ്ററ് 12' എന്ന ശീർഷകത്തിൽ ഇക്കാലത്തു ഹെർമൻ ഗുണ്ടർട്ട് എഴുതിയ ഒരു കവിത ഇവിടെ തർജമ ചെയ്തു ചേർക്കാം. കഥാനായകന്റെ സാഹിത്യാഭിരുചിയും മാനസികോദ്വേഗങ്ങളും വെളിപ്പെടുത്തുന്നതാണ് കവിത.

1833 ആഗസ്ററ് 12

സായാഹ്നമായി!
ഞാൻ പരാതി പറയണോ?
പകലത്തെ അധ്വാനം കൊണ്ട്
ക്ഷീണിച്ച സൂര്യൻ യാത്രയാകുന്നു;

ചുററും മേഘങ്ങൾ കറുത്ത നിഴലുകളാകുന്നു;
രാത്രിയുടെ മൗനത്തിലേക്ക്
താരങ്ങൾ വെളിച്ചം വീഴ്ത്തുന്നു.

ഇപ്പോൾ നീ പുറത്തിറങ്ങി നടക്കുന്നു,
ശരത്കാലത്തിൻെറ ആദ്യത്തെ
അവ്യക്ത ചിഹ്നങ്ങളിലൂടെ
തണുപ്പേറിയ രാത്രിയുടെ
വിരളമായ അർച്ചനകളിലൂടെ!

മലയിൽ നിനക്കു ചുററും
മുന്തിരിപ്പഴങ്ങൾ കുറുകി പാകമാകുന്നു.
അതിവേഗം പാകമാകുന്ന പഴങ്ങൾ
അമ്മയുടെ ശക്തി നുണഞ്ഞുകുടിക്കുന്നു.
പൂക്കളിൽ,
ശാന്തനായ ശിശുവിലെന്നപോലെ,
ഇനിയും ജീവൻ തുടിക്കുന്നു.

ശാന്തമായ ഒരു നക്ഷത്രം
തലയാട്ടി നന്ദിയോതുന്നു.
പൂക്കൾ, മുന്തിരിമാലകൾ
ഇലകൾ, പഴങ്ങൾ—
ഇവയെല്ലാം കണ്ട് ആനന്ദിക്കുന്ന
ഉത്സാഹഭരിതമായ മനുഷ്യമുഖം.

കതിർക്കുലകൾ ഇളക്കിപ്പോകുന്ന
വണ്ടികൾ ധാന്യപ്പുരയിലേക്കു മോങ്ങുന്നു.

ഈ ചിന്തകളെല്ലാം
സ്വാതന്ത്ര്യമാർന്ന ദൈവരാജ്യത്തിൽനിന്നുള്ളവ.
വർണപ്പൊലിമയോടെ
അവ മാറിപ്പോകുന്നു.
എന്നാൽ ഒരു കാര്യം മാത്രം നിത്യം മടങ്ങിവരുന്നു:
ഇവയെല്ലാം ഗ്രഹിക്കുന്ന മനുഷ്യദൃഷ്ടി!

അമ്മയുടെ മാറിൽ സ്വപ്നം കണ്ടു കഴിഞ്ഞിരുന്ന
നീ പൂവായിരുന്നില്ലേ?
ജീവിതത്തിൻെറ വേനലിൽ
നീ പാകമായ പഴമായിരുന്നില്ലേ?

തൻെറ വീര്യവും മാർദ്ദവവും പരീക്ഷിക്കാൻ
വീഞ്ഞാട്ടുന്നവനെ കാത്തിരിക്കുന്ന
പാകമായ മുന്തിരിപ്പഴമല്ലേ നീ?

വരണ്ട വയലിലെ
കതിർക്കുലയാണല്ലോ നീ;
കർഷകൻെറ കയ്യിൽ പതിച്ച
സഹോദരികളെ നീ കാണുന്നു.

തൻെറ അയൽക്കാരെ
അജ്ഞാതമായ അറകളിലേക്കു
കുതിരകൾ കൊണ്ടുപോകുന്നതു കാണുമ്പോൾ
അവൾ വേദന സഹിക്കാതെ വിലപിക്കുന്നു
അനുക്ഷണം പരിണാമ വിധേയമാകുന്ന
ജന്മത്തിലൂടെ നിത്യതയുടെ വിഹായസ്സിലേക്കു
നീ നോക്കുന്നു.

വൈകുന്നേരത്തെ കാററിൽ
ഇലകൾ നിനക്കായി കാത്തു നിൽക്കുന്നു.
നിൻെറ നരച്ച തലയ്ക്കു മുകളിലെ
കാററിനെയും മേഘത്തെയും
നീ ഗൗനിക്കേണ്ട.
മരങ്ങളുടെ ക്ഷീണിച്ച ശിഖരങ്ങൾക്കിടയിലൂടെ
പുഷ്പിക്കുന്ന താരകകാന്തി നീ കാണൂ!

പകൽ തീരാറാകുമ്പോൾ,
മലമുകളിൽ നിൽക്കുന്ന
യുവാക്കളുടെ തിളയ്ക്കുന്ന കരുത്തു
അനന്തചൈതന്യത്തിൻെറ സൂര്യനാകാൻ
പ്രതിജ്ഞയെടുക്കുന്നു.

സായാഹ്നമായി എന്ന് അവൻ കാണുന്നു,
അതു ജീവിതസൂര്യനെ മൂടുന്നു,
അതു ഭൂമിയുടെ താഴ്വരയിലെ
ഉഴവുചാലുകളെ മൂടുന്നു.
നക്ഷത്രങ്ങളെപ്പോലെയാകാനാണ്
അവനു മോഹം,
സൂര്യനെ എന്നെന്നും കാണാൻ,
താരകളോടു ചേർന്നു
മത്സരിച്ചു മത്സരിച്ചു വിളങ്ങാൻ.

നൂററാണ്ടിൻെറ മെതിക്കളത്തിലാണ്
നീ നിൽക്കുന്നത്.
ഇതാ, നീ കരഞ്ഞുറങ്ങിയ തൊട്ടിൽ
അതാ, നിന്നെ കാത്തുനിൽക്കുന്ന ലോകം!

മുക്തി നേടിയവർ അവിടെ ഉയരത്തിൽ
നമ്മുടെ ആഹ്ലാദകർമങ്ങൾക്കായി
കൈവീശുന്നു.
പ്രിയപ്പെട്ടവർ, ഇവിടെ
സ്വകർമങ്ങളിൽ വ്യാപൃതരായിരിക്കുന്നു.

നീ ഒരിക്കൽ അവൾക്കു നൽകിയ
നിന്റെ വലംകൈ ഉയർത്തൂ.
അങ്ങനെ പരിണതപ്രജ്ഞർ
അവസാനത്തെ ചുവടുവയ്ക്കാൻ
നിന്നെ സഹായിക്കട്ടെ.

എന്നെന്നും പ്രിയപ്പെട്ടവൾക്ക്:
എന്നാൽ, ഇടംകൈ,
നിന്റെ ദൃഷ്ടി,
സ്നേഹത്തിന്റെ ബോധജ്വാല
യുവതീർഥാടകർക്കായി നൽകൂ!

അമ്മയെക്കുറിച്ചുള്ള സ്മരണകൾ ഈ കവിതയുടെ കേന്ദ്രമായി വർത്തിക്കുന്നു. കലാപരമായ അകലം പാലിച്ചുകൊണ്ട് ഹെർമൻ ഗുണ്ടർട്ട് കുറിച്ചിട്ടിരിക്കുന്ന ഈ വരികളിൽ ജീവിതദർശനത്തിന്റെ കരുത്തും ഭാവനയുടെ തിളക്കവും അനുഭവവേദ്യമാകും.

സാഹിത്യപരിചയം വർധിക്കുന്നു

സർവകലാശാലയിൽ പഠിച്ചിരുന്ന കാലത്ത് ക്ലാസിക്കൽ ഗ്രീക്കിൽ നിന്നു സാഹിത്യഭംഗിയുള്ള കൃതികൾ തർജമ ചെയ്യുന്നതിൽ ഹെർമൻ ഗുണ്ടർട്ട് ഉത്സുകനായിരുന്നു. സോഫോക്ലീസിന്റെ ആന്റിഗണി, ഈഡിപ്പസ് രാജാവ് എന്നിവ അദ്ദേഹം തർജമ ചെയ്തു. CT 18. ഇവയും മററു പല കൈയെഴുത്തുകളും കാൽവിൽ സൂക്ഷിച്ചിട്ടുണ്ട്. ഗ്രീക്കുഭാഷയിൽ തനിക്കുണ്ടായിരുന്ന അറിവ് ഓരോ ഘട്ടത്തിലും അദ്ദേഹം പരിപോഷിപ്പിച്ചെടുത്തിരുന്നു. ജീവിതാന്ത്യത്തോളം അദ്ദേഹം ഗ്രീക്കുസാഹിത്യം താൽപര്യപൂർവം വായിച്ചു.

1834 ജൂൺ 22-ന് ലുഡ്‌വിഗ് ഗുണ്ടർട്ട് പുനർവിവാഹം ചെയ്തു. ആ സന്ദർഭത്തിൽ ഗുണ്ടർട്ട് എഴുതിയ കാവ്യം കൈയെഴുത്തായി ലഭിച്ചിട്ടുണ്ട്.*

1834 ഒക്ടോബർ മാസം മുതൽ ട്യൂബിങ്ങനിൽ കുട്ടികൾക്കുവേണ്ടി ഹെർമൻ ഗുണ്ടർട്ട് ചെറിയ സമ്മേളനങ്ങൾ സംഘടിപ്പിച്ചു തുടങ്ങി.

* ഈ രണ്ടാം വിവാഹത്തിലുണ്ടായ എമ്മാ എന്ന പെൺകുട്ടിയെ പിൽക്കാലത്ത് ജോർജ് പ്ലബ്സ്ററ് എന്ന മിഷണറി വിവാഹം കഴിച്ചു. മംഗലാപുരം പ്രസിന്റെ ചുമതലക്കാരനായിരുന്നു പ്ലബ്സ്ററ്. നിഘണ്ടുവിന്റെ അച്ചടിയെക്കുറിച്ച് അദ്ദേഹവുമായി ഗുണ്ടർട്ട് നടത്തുന്ന കത്തിടപാടുകൾ പ്രാധാന്യമർഹിക്കുന്നു.



QUOD DIVINUM NUMEN FELIX FAUSTUMQUE ESSE JUBEAT

CLEMENTISSIME INDULGENTE

AUGUSTISSIMO ET POTENTISSIMO DOMINO

GUILIELMO

REGE WURTTEMBERGIAE,

RECTORE UNIVERSITATIS MAGNIFICO

ROBERTO MOHL

FACULTATIS PHILOSOPHICÆ DECANO

HENR. CHRISTOPH. GUIL. SIGWART

ORDO FACULTATIS PHILOSOPHICÆ

IN REGIA UNIVERSITATE TUBINGENSI

VIRUM PRAENOBILISSIMUM AC DOCTISSIMUM

DOMINUM

HERMANN GUNDERT

POST COMPROBATAM ERUDITIONEM

PHILOSOPHIÆ DOCTOREM SEU ARTIUM LIBERALIUM MAGISTRUM

CREAT

HOCQUE DIPLOMATE RENUNTIAT

ട്യൂബിങ്ങൻ യൂനിവേഴ്സിറ്റി ഹെർമൻ ഗുണ്ടർട്ടിന് നല്കിയ പിഎച്ച്. ഡി. ബിരുദം

അക്കാലത്ത് എഴുതുന്നു: *ഇപ്പോൾ എനിക്കു പല സന്തോഷങ്ങളുമുണ്ട്; വിശേഷിച്ചു കുട്ടികളുടെ സമൂഹത്തിൽ. ഞാൻ ക്ഷീണിച്ചു തളർന്നാണ് വരുന്നതെങ്കിലും കുട്ടികളുടെ തിളക്കമുള്ള മുഖത്തും കണ്ണുകളിലും നോക്കുമ്പോൾ താനേ ഉന്മേഷമുണ്ടാകുന്നു. എനിക്കു സ്നേഹവും പരിഗണനയും ലഭിക്കുന്നു. അവരെ ആഹ്ലാദപൂർവം ഞാൻ സത്യവചനം പഠിപ്പിക്കുന്നു. കഴിഞ്ഞയാഴ്ച മുതൽ ഒരു അനാഥബാലനെ ഞാൻ പഠിപ്പിക്കുന്നുണ്ട്. അവന് വിശ്വാസവും സ്നേഹവും വർധിച്ചു വരുന്നു. അങ്ങനെ കാര്യങ്ങളെല്ലാം നേരെയാകുന്നു.* കുട്ടികളുടെ കാര്യത്തിൽ ഹെർമൻ ഗുണ്ടർട്ട് പ്രകടിപ്പിക്കുന്ന താൽപര്യം അവർക്കു വേണ്ടിയുള്ള പലതരം പ്രവർത്തനങ്ങളിലൂടെ പിൽക്കാലത്തും നിലനിൽക്കുന്നതായി കാണാം. ഇന്ത്യയിൽ വിദ്യാലയങ്ങൾ നടത്തുന്നതിലും പാഠപുസ്തകങ്ങൾ രചിക്കുന്നതിലും കാൽവിൽ കുട്ടികൾക്കുവേണ്ടിയുള്ള മാസിക നടത്തുന്നതിലും അദ്ദേഹം അതീവ ഉത്സുകനായിരുന്നു.

ചരിത്രം, ഇതിഹാസചരിത്രം, ദൈവശാസ്ത്രം, മനോവിജ്ഞാനീയം, തത്ത്വശാസ്ത്രം, ബൈബിൾ, ബൈബിൾ ഭാഷകൾ എന്നിവയായിരുന്നു ട്യൂബിങ്ങനിലെ മുഖ്യപാഠ്യവിഷയങ്ങൾ. പഠനം പൂർത്തിയാക്കുന്ന കാലത്തു ഭക്തി പ്രസ്ഥാനത്തിൻെറയും മിസ്ററിസിസത്തിൻെറയും വക്താവായിരുന്ന ഓട്ടിംഗറുടെ രചനകളിൽ ഗുണ്ടർട്ടിനു താൽപര്യം വർധിച്ചു.

3

ബാസൽ വഴി ഇന്ത്യയിലേക്ക്

1835 -ൽ ബാസൽമിഷൻ കേന്ദ്രത്തിലുണ്ടായിരുന്ന ഒരു സ്നേഹിതൻ വഴി ഗുണ്ടർട്ടിന് ഇന്ത്യയിലേക്കു പോകാൻ ക്ഷണം ലഭിച്ചു. ആന്റോൺ നോറീസ് ഗ്രോവ്സ് (1795-1853) എന്ന ക്രിസ്തുമത പ്രചാരകൻ ഇന്ത്യയിൽ തന്റെ രണ്ടു പുത്രന്മാരെ ഗ്രീക്കും ഹീബ്രുവും പഠിപ്പിക്കാൻ ഒരാളെ ആവശ്യമുണ്ടെന്ന് ബാസലിലേക്ക് എഴുതിയിരുന്നു. ആ സ്ഥാനത്തേക്കാണ് ഗുണ്ടർട്ടിനെ ക്ഷണിച്ചത്.

ട്യൂബിങ്ങനിൽ വച്ച് ഗുണ്ടർട്ടിനു ലഭിച്ച രണ്ട് സുഹൃത്തുക്കളുടെ ക്ഷണമനുസരിച്ച് അദ്ദേഹം 1835-ൽ സ്വിററ്സർലണ്ട് സന്ദർശിച്ചു. ആ യാത്രയിലാണ് അദ്ദേഹം ആദ്യമായി ബാസലിൽ എത്തിയത്. ബാസൽമിഷൻ കേന്ദ്രത്തിലും അദ്ദേഹം പോയി. സൂറിച്ച്, ബേൺ തുടങ്ങിയ സ്ഥലങ്ങളിലും സന്ദർശനങ്ങൾ നടത്തി. അക്കാലത്തു സ്വിററ്സർലണ്ടിലുണ്ടായിരുന്ന സഹോദരൻ ലുഡ്വിഗിനെയും സന്ദർശിച്ചു. ഹെർമൻ ഗുണ്ടർട്ടിന് സ്വിററ്സർലണ്ടു യാത്ര തന്റെ ആരോഗ്യനില നിർണയിക്കാനുള്ള ഒരു പരീക്ഷണം കൂടിയായിരുന്നു. സ്വിററ്സർലണ്ടിലൂടെ നിർബാധം സഞ്ചരിക്കാൻ കഴിഞ്ഞാൽ തനിക്ക് ഇന്ത്യയിലേക്കും യാത്രചെയ്യാം എന്നായിരുന്നു അദ്ദേഹത്തിന്റെ കണക്കു കൂട്ടൽ. ഏതായാലും സ്വിററ്സർലണ്ടിൽനിന്ന് പൂർണ ആരോഗ്യവാനായി മടങ്ങിവന്ന ഹെർമൻ ഗുണ്ടർട്ട് ഇന്ത്യയിലേക്കു പോകാനുള്ള തീരുമാനം ഒന്നുകൂടി ഉറപ്പിച്ചു.

ജന്മദേശമായ വ്യുർട്ടൻബർഗിൽ അക്കാലത്തു സൈനിക സേവനം നിർബന്ധിതമായിരുന്നെങ്കിലും ആ വർഷം വേണ്ട സൈനികരെ തിരഞ്ഞെടുത്തപ്പോൾ ഗുണ്ടർട്ടിന് ഒഴിവു കിട്ടി. ആ സൗകര്യം ഉപയോഗിച്ച് ഹെർമൻ ഡോക്ടർ ബിരുദത്തിനുവേണ്ടിയുള്ള പഠനങ്ങൾ നടത്താൻ തുനിഞ്ഞു. മടങ്ങി വന്ന് ജർമനിയിൽ അധ്യാപകനോ വൈദികനോ ആയി ജോലിയിൽ പ്രവേശിക്കാനുള്ള അനുവാദത്തോടുകൂടി ഇന്ത്യയിലേക്കു പോകാനുള്ള രാജകീയാനുമതി പത്രത്തിന് ഗുണ്ടർട്ട് അപേക്ഷിച്ചു. ലഘുജീവചരിത്രത്തോടു കൂടിയ ഈ അപേക്ഷ വ്യുർട്ടൻബർഗ് ഇവാഞ്ചലിക്കൽ സഭയുടെ സ്ററുട്ഗാർട്ടിലുള്ള ആർക്കൈവ്സിൽ

സൂക്ഷിച്ചിട്ടുണ്ട്. അനുമതിപത്രത്തിനു വേണ്ടി വ്യുർട്ടൻബർഗ് രാജാവിനു നേരിട്ടു സമർപ്പിച്ച അപേക്ഷയും ഇതേ സ്ഥലത്തു കാണാം. ഈ അപേക്ഷയിൽ ഇന്ത്യയിലേക്കു പോകുന്ന സാഹചര്യം വിശദമായി വിവരിക്കുന്നു: *ഗ്രോവ്സ് എന്നൊരാളുടെ കൂടെ കുറേക്കാലത്തേക്കു കൽക്കട്ടായിലേക്കു പോകാൻ എനിക്ക് ആഗ്രഹമുണ്ട്. മുമ്പ് ലണ്ടനിൽ ഡോക്ടറായിരുന്ന ഗ്രോവ്സ് ഏതെങ്കിലും മിഷണറി സംഘത്തിൽ ചേരാതെ തന്നെ ഇന്ത്യയിലെ കൽക്കട്ടയിൽ ക്രിസ്തുമത പ്രചാരണം നടത്താൻ ഒരുങ്ങുന്നു. ഇക്കാര്യത്തിനു നിയുക്തരായിരിക്കുന്ന തന്റെ രണ്ടു പുത്രന്മാരെ വീട്ടിലിരുന്ന് ബൈബിൾ ഭാഷകളും അടിസ്ഥാന ദൈവശാസ്ത്രവും പഠിപ്പിക്കാൻ ഒരു അധ്യാപകനെ അയാൾ അന്വേഷിക്കുകയാണ്. പുത്രന്മാരോടൊപ്പം ഈ അധ്യാപകനും മതപ്രചാരണത്തിനിറങ്ങണം എന്നാണ് ഗ്രോവ്സിന്റെ ആഗ്രഹം.*

1835 സെപ്റ്റംബർ 18-ന് ഗുണ്ടർട്ട് എഴുതി: *എന്റെ പരീക്ഷ ആരംഭിച്ചു...അത് സെപ്റ്റംബർ എട്ടിനു തീരും. നാട്ടിൽനിന്നു പുറപ്പെടുംമുമ്പേ പരീക്ഷാഫലം അറിയാമായിരിക്കും.* ജർമനിയിൽ നിന്ന് പുറപ്പെടും മുമ്പ് അദ്ദേഹത്തിന് ഡോക്ടർ ബിരുദമടക്കമുള്ള വിദ്യാഭ്യാസയോഗ്യതകൾ എല്ലാം നേടാൻ കഴിഞ്ഞു.

1835 ഒക്ടോബർ 2-ന് അദ്ദേഹം സ്റ്റുട്ഗാർട്ടിൽ നിന്നു യാത്ര തിരിച്ച് ഹൈഡൽബർഗിൽ എത്തി. അവിടെ നിന്നു മാൻഹൈമിൽ വന്ന് കപ്പൽ കയറി റൈൻ നദിയിലൂടെ മൈൻസ്, കൊളോൺ എന്നീ നഗരങ്ങൾ കടന്നു റോട്ടർഡാമിലെത്തി. അവിടെ ഒരു സുഹൃത്തിന്റെ വീട്ടിൽ അല്പം വിശ്രമിച്ചശേഷം അടുത്ത കപ്പലിൽ ലണ്ടനിലേക്കു പുറപ്പെട്ടു.

ഇംഗ്ലണ്ടിൽ

മഹാനഗരമായ ലണ്ടന്റെ മുഖരിതവും വർണശബളവുമായ അകത്തളത്തിലേക്ക് കടന്നുചെന്ന ഹെർമൻ ഗുണ്ടർട്ടിന്റെ പ്രതികരണങ്ങൾ അവിടെനിന്ന് അയച്ച കത്തുകളിൽ കാണാവുന്നതാണ്. ഇംഗ്ലണ്ടിലെ ഔദ്യോഗിക ക്രൈസ്തവസഭയായ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെയും അതിന്റെ പ്രവർത്തനങ്ങളിൽ നിന്നു വേർപെട്ടുനിന്ന് മിഷൻ പ്രവർത്തനങ്ങൾ നടത്തുന്ന മററു ക്രൈസ്തവരുടെയും നിലപാടുകൾ വസ്തുനിഷ്ഠമായി പഠിക്കാൻ ഗുണ്ടർട്ട് ശ്രമിച്ചു. ഔദ്യോഗിക സഭയുടെ നൈയാമികത, അനുഷ്ഠാനപരത, ഹയരാർക്കിക്കൽ ഘടന, പാരമ്പര്യ ഭക്തി ഇവയെല്ലാം ബൈബിൾ തത്ത്വങ്ങൾക്കു നിരക്കാത്തവയാണെന്നു കരുതിയ വിമതർ ഇംഗ്ലണ്ടിൽ വർധിച്ചു വരികയായിരുന്നു. ജർമനിയിൽ നിന്ന് എത്തിയ യുവാവായ ഗുണ്ടർട്ടിന് ഈ വിവാദത്തെക്കുറിച്ച് ധ്യാനാത്മകമായി പറയാനുണ്ടായിരുന്നത് ഇതാണ്: *ഉവ്വ്, എന്റെ ഹൃദയം തന്നെ എന്തെല്ലാം ഘടനകളാണ് പടുത്തുയർത്തുന്നത് എന്നു ഞാൻ അറിയുന്നു. അതുകൊണ്ട് ഇവയിൽ നിന്നെല്ലാം മോചനം നേടാൻ ഞാൻ ക്രിസ്തുവിന്റെ നുകം ചുമക്കുന്നു.* GM 14.12.35 നിരന്തരമായ നവീകരണത്തിലൂടെ മാത്രമേ ഘടനാത്മകമായ തിന്മകളിൽനിന്നു

മോചനമുള്ളു എന്നാവാം ഗുണ്ടർട്ടിന്റെ വിവക്ഷ. പിൽക്കാലത്ത് സഭകളുടെ സംഘടനാത്മകതയും ചൈതന്യപൂർണരായ വ്യക്തികളുടെ സ്വാതന്ത്ര്യവും ഏറ്റുമുട്ടുന്ന അനേകം സന്ദർഭങ്ങളിൽ ഗുണ്ടർട്ടിനു നിർണായകമായ പങ്കു വഹിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം സുവർണമധ്യമാർഗമാണ് അദ്ദേഹം അവലംബിച്ചിരുന്നതെന്നു സാമാന്യമായിപ്പറയാം.

കാൾ തിയോഫിലോസ് റേനിയൂസ് (Carl Theophilus Ewald Rhenius 1790-1838) എന്നൊരു ജർമൻ ലൂഥറൻ മിഷണറി അക്കാലത്ത് തിരുനൽവേലിയിൽ പ്രവർത്തിച്ചിരുന്നു. തുടക്കത്തിൽ ഇംഗ്ലണ്ടിലെ ചർച്ച് മിഷണറി സൊസൈററിയുടെ ഭാഗമായിട്ടായിരുന്നു പ്രവർത്തനം. ക്രമേണ ചർച്ച് മിഷണറി സംഘവും റേനിയൂസും കഴിഞ്ഞ ഖണ്ഡികയിൽ സൂചിപ്പിച്ച തരത്തിലുള്ള കാരണങ്ങളാൽ ബന്ധം പിരിഞ്ഞു. ആ ഘട്ടത്തിൽ റേനിയൂസ് പ്രസിദ്ധീകരിച്ച രണ്ടു ലഘുലേഖകൾ ഇംഗ്ലണ്ടിൽ വച്ച് ഗുണ്ടർട്ടിനു ലഭിച്ചു. *Rhenius and the Mission Society of the English; Church unity of all Christians.* ഇവ രണ്ടും ഗുണ്ടർട്ട് ഉടനടി ജർമൻ ഭാഷയിലാക്കി പ്രസിദ്ധീകരണത്തിന് സ്വദേശത്തേക്ക് അയച്ചു. എന്നാൽ അദ്ദേഹത്തിന്റെ പിതാവോ സ്നേഹിതരോ അത് അച്ചടിക്കാൻകൂടി തയ്യാറായില്ല! അവയുടെ കൈയെഴുത്തു പകർപ്പുകൾ ബാസൽമിഷൻ രേഖാലയത്തിൽ കാണാം. SB 23.71

ലണ്ടനിൽ നിന്ന് ബ്രിസ്ററളിൽ എത്തിയ ഗുണ്ടർട്ടിന് തന്നെ ഇന്ത്യയിലേക്കു കൂട്ടിക്കൊണ്ടു പോകേണ്ട ഗ്രോവ്സിന്റെ സഹോദരീഭർത്താവായ ജോർജ് മ്യൂളർ (1805-1898) എന്നൊരു മതപ്രവർത്തകനുമായി ഉററ ബന്ധം പുലർത്താൻ കഴിഞ്ഞു. ഹാളേയിലെ ഫ്രാങ്കേ മിഷണറി ഇൻസ്ററിററ്യൂട്ടിന്റെ സ്വാധീനത്തിൽ ജീവിതവീക്ഷണം വികസിപ്പിച്ച് ഇംഗ്ലണ്ടിലെത്തിയ ഈ സ്വതന്ത്ര മതപ്രവർത്തകന്റെ ആതുരസേവനപദ്ധതികൾ, വിശിഷ്യ അനാഥമന്ദിരം, ഗുണ്ടർട്ടിനെ ആകർഷിച്ചു. ഗുണ്ടർട്ട് എഴുതുന്നു: *എല്ലാം വിനീതമാണ്, ലളിതമാണ്, ബൈബിൾ ചൈതന്യം നിറഞ്ഞതാണ്. പ്രകടനപരതയില്ല. പാണ്ഡിത്യാടോപമില്ല, രാഷ്ട്രീയമില്ല. 1833-ൽ കോളറാ പടർന്നു പിടിച്ചപ്പോൾ റോമൻ കത്തോലിക്കരൊഴികെ മറെറല്ലാ പുരോഹിതരും പട്ടണം വിട്ടുപോയപ്പോൾ, മ്യൂളറും കൂട്ടുകാരനും ദരിദ്രരെയും രോഗികളെയും പരിചരിച്ച വൃത്താന്തം പട്ടണത്തിൽ പരക്കെ അറിവുള്ളതാണ്.* ഗ്രോവ്സുമായി പല കാര്യങ്ങളും ചർച്ച ചെയ്യണമെന്ന് ഗുണ്ടർട്ട് ആഗ്രഹിച്ചെങ്കിലും അദ്ദേഹത്തെ കൈയിൽ കിട്ടുക വിഷമമായിരുന്നു. മ്യൂളറുമായി താരതമ്യം ചെയ്ത് ഗുണ്ടർട്ട് എഴുതുന്നു: *എന്നാൽ ഗ്രോവ്സ് ബോംബെയിൽ നിന്നു തിരുനൽവേലിയിലേക്കു പോയി; 1833-34-ൽ തിരുനൽവേലിയിൽ നിന്നു മദ്രാസിലേക്കും ബംഗാളിലേക്കും നീങ്ങി. 1834-35-ൽ കൽക്കത്തയിൽ നിന്ന് ഇംഗ്ലണ്ടിലേക്ക്, 1835-ൽ ജർമനിയിലേക്കും സ്വിററ്സർലണ്ടിലേക്കും. 1836-ൽ രണ്ടാം വിവാഹം കഴിഞ്ഞ് പുതിയ പ്രവർത്തകരുമായി മടങ്ങി വന്ന് എല്ലാം തന്നിഷ്ടം പോലെ ചെയ്യുന്നു.* GM 10.12.39

ഇന്ത്യൻ ഭാഷകളും താരതമ്യ വ്യാകരണവും

ട്യൂബിങ്ങനിൽ ഗുണ്ടർട്ട് സംസ്കൃതം പഠിച്ചു. 1835 ജൂണിൽ പിതാവിനയച്ച കത്തിൽ സംസ്കൃതഭാഷയിൽ താൻ മുന്നേറുന്നതായി രേഖപ്പെടുത്തിക്കാണുന്നു. ഇംഗ്ലണ്ടിൽ താമസിച്ച കാലത്ത് ബംഗാളി പഠിച്ചു. *ഞാൻ ഇപ്പോൾ ഈ ഭാഷയിൽ (ബംഗാളിയിൽ) യോഹന്നാൻെറ സുവിശേഷം പരിഭാഷപ്പെടുത്തുകയാണ്. ഭാഷയിൽ ഉപസ്ഥിതി നേടാൻ ഇംഗ്ലീഷ് ഭാഷയിൽ ബംഗാളി വ്യാകരണം ചമയ്ക്കാൻ വേണ്ട വിഭവങ്ങൾ ശേഖരിക്കുന്നു* എന്ന് 1835 നവംബർ 29-ാം തീയതി അയച്ച കത്തിൽ കാണുന്നു. ഇതേ കത്തിൽ ബംഗാളിവാക്കുകൾ വിശദീകരിച്ച ശേഷം അദ്ദേഹം എഴുതി; *രൂപാവലി ക്രമത്തിലുള്ളതാണ്. സംസ്കൃതത്തിലുള്ളത്ര വൈവിധ്യമില്ല. അതിനാൽ എളുപ്പം കടന്നു പോകാം, ഓർമിക്കാം.*

1835-ലെ ക്രിസ്മസ് കാലത്തും പുതുവത്സരത്തിലും ഗുണ്ടർട്ടിനു ബന്ധം പുലർത്താൻ കഴിഞ്ഞ വ്യക്തിയാണ് ജെ. ഡബ്ല്യു. ന്യൂമാൻ. ഇദ്ദേഹം ഓക്സ്ഫഡിൽ നിന്നു പ്രശംസനീയമായി ബിരുദം നേടിയശേഷം ഔദ്യോഗിക സഭയുമായുള്ള ബന്ധം ഉപേക്ഷിച്ച് ഗ്രോവ്സിൻെറ കൂടെ സിറിയയിൽ പോയി മിഷണറിയായി പ്രവർത്തിച്ചു. അവിടെ നിന്നു കോൺസ്ററാൻറിനോപ്പിൾ വഴി ഇംഗ്ലണ്ടിൽ മടങ്ങിവന്ന് കോളജധ്യാപകനായി. ക്ലാസിക്കൽ ഗ്രീക്കും ആധുനിക ഗ്രീക്കും അറബിയും മററു പല ഭാഷകളും അദ്ദേഹത്തിനു വശമായിരുന്നു. കെൽട്ടിക് ധാതുക്കളുടെ ഇൻഡോ ജർമാനിയൻ സ്വഭാവത്തെക്കുറിച്ച് പ്രിച്ചാർഡ് (Prichard) എഴുതിയ ഒരു പുസ്തകം ഗുണ്ടർട്ടിനു ന്യൂമാൻ സമ്മാനിച്ചു.

ന്യൂമാൻെറ അസാധാരണമായ ഭാഷാപരിജ്ഞാനവും ദൈവശാസ്ത്ര വീക്ഷണവും ഗുണ്ടർട്ടിന് ഇഷ്ടമായി. ഇരുവരും ഓട്ടിംഗറുടെ ക്രൈസ്തവ വീക്ഷണം സ്വീകാര്യമായി കരുതി. ഗ്രോവ്സിൻെറ മതപ്രചാരണ സംരംഭങ്ങളെ ക്കുറിച്ചു പല പുതിയ അറിവുകളും ഗുണ്ടർട്ടിന് ന്യൂമാൻ നൽകി. ഏതെങ്കിലും സഭാവിഭാഗവുമായി ബന്ധപ്പെടാതെ എല്ലാം തനിക്ക് ഇഷ്ടപ്പെട്ടതുപോലെ ചെയ്യുന്നതാണ് ഗ്രോവ്സിൻെറ ശൈലിയെന്ന് ഗുണ്ടർട്ട് മനസ്സിലാക്കി. വേദശാസ്ത്രത്തെക്കുറിച്ചും ഭാഷാശാസ്ത്രത്തെക്കുറിച്ചും ഈ സുഹൃത്തുക്കൾ വിശദമായി ചർച്ച ചെയ്തു. ഗുണ്ടർട്ട് ന്യൂമാന് സംസ്കൃത ഭാഷയും ന്യൂമാൻ ഗുണ്ടർട്ടിന് താരതമ്യവ്യാകരണ സിദ്ധാന്തവും പരിചയപ്പെടുത്തിക്കൊടുത്തു. ഈ ഘട്ടത്തിൽ ഗുണ്ടർട്ട് എഴുതുന്നു: *ഇന്ത്യയിലേക്കു പോകാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു; ആ മിഷൻ മേഖലയിലേക്കുള്ള വിളി ഞാൻ ഇപ്പോൾ കൂടുതൽ വ്യക്തമായി കേൾക്കുന്നു.* GM 2.3.36

പേർഫെക്ററിൽ

ബ്രിസ്ററളിൽ നിന്ന് വിൽഫോർഡ് ഹാവനിൽ എത്തിയ ഗുണ്ടർട്ട് അവിടെ ഗ്രോവ്സിൻെറ സംഘത്തിൽ പെട്ട മററു പ്രവർത്തകരോടു ചേർന്നു. അവിടെ നിന്നു പേർഫെക്റ്റ് (Perfect) എന്ന കപ്പലിൽ 1836 ഏപ്രിൽ 1-ാം തീയതി ദുഃഖവെള്ളിയാഴ്ച അവർ ആഫ്രിക്ക ചുററിയുള്ള വഴിയിൽ

ഇന്ത്യയിലേക്കു പുറപ്പെട്ടു. യാത്ര പുറപ്പെടാൻ കാത്തു കഴിയുമ്പോൾ ഗുണ്ടർട്ട് സംഘത്തി ലുണ്ടായിരുന്ന മൂന്നു സ്ത്രീകളെ ബംഗാളി പഠിപ്പിച്ചു തുടങ്ങി. മററു രണ്ടുപേരെ ഹിന്ദുസ്ഥാനി പഠിപ്പിച്ചു. അതേ സംഘത്തിലുണ്ടായിരുന്ന രണ്ടുപേർ ഗുണ്ടർട്ടിനെ തെലുങ്കു പഠിപ്പിച്ചു.

ഗ്രോവ്സിൻെറ ഒരു പഴയ സുഹൃത്ത് — അദ്ദേഹം ഇന്ത്യയിൽ ഏറെക്കാലം താമസിച്ച് തെലുങ്കു പഠിച്ചതാണ് —മുമ്പു തന്നെ ഗുണ്ടർട്ടിനു തെലുങ്കു ഭാഷ പരിചയപ്പെടുത്തിക്കൊടുക്കുകയും ഒരു വ്യാകരണഗ്രന്ഥം സമ്മാനിക്കുകയും ചെയ്തിരുന്നു.

കപ്പൽ പുറപ്പെട്ടു രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഗ്രോവ്സിൻെറ മനസ്സു മാറിയതായി ഗുണ്ടർട്ട് അറിഞ്ഞു. കൽക്കത്തയിലേക്കു പോകുന്നതിനു പകരം മദ്രാസിലിറങ്ങാനായിരുന്നു പുതിയ ആലോചന. ഗുണ്ടർട്ടിനെ ആശ്വസിപ്പിക്കാനായിരിക്കണം മംഗലാപുരത്തുള്ള ജർമൻ മിഷണറിമാരെ വല്ലപ്പോഴുമൊക്കെ പോയിക്കാണാൻ ഏർപ്പാടുണ്ടാക്കാം എന്ന് ഗ്രോവ്സ് പറഞ്ഞു. ഗുണ്ടർട്ട് തുടർന്നും സഹയാത്രികരെ ബംഗാളിയും ഹിന്ദുസ്ഥാനിയും ക്രമമായി പഠിപ്പിച്ചു. മെയ് അഞ്ചാം തീയതി ബ്രസീലിൽ നിന്ന് ഫ്രാൻസിലെ ബോർഡോ (Bordeane)യിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടു. അതിൽ യൂറോപ്പിലേക്കുള്ള കത്തുകൾ അയച്ചു. യാത്രയ്ക്കിടയിൽ ഒരു ദിവസം ഗുണ്ടർട്ട് കടലിലിറങ്ങി കുളിച്ചു. തൊട്ടടുത്ത ദിവസം അതിനു തുനിഞ്ഞപ്പോൾ ഒരു കൂററൻ സ്രാവിനെയാണു കണ്ടത്. പിന്നീട് ഗുണ്ടർട്ട് ഈ സാഹസത്തിന് ഒരുമ്പെട്ടില്ല. യാത്രയ്ക്കിടയിൽ കാററിൻെറ കുസൃതികൊണ്ട് കപ്പൽ ഒരു ഘട്ടത്തിൽ ബ്രസീൽ തീരംവരെ സഞ്ചരിച്ചു. യാത്രയിലുടനീളം കടലിനെയും കാററിനെയും യാത്രയെയും കുറിച്ച് കപ്പിത്താനുമായി ചർച്ച നടത്തുന്നതിലായിരുന്നു ഗുണ്ടർട്ടിന് ഉത്സാഹം.

1836 ജൂലൈ 7-ന് കപ്പൽ മദ്രാസിനടുത്തു നങ്കൂരമിട്ടു. അടുത്ത ദിവസം അവർ മദ്രാസിൽ ഇറങ്ങി സെൻറ് ജോർജ് കോട്ടയിലേക്കു പോയി.

4

തമിഴ്നാട്ടിൽ

ഗുണ്ടർട്ട് ഒരു മാസത്തോളമേ മദ്രാസിൽ താമസിച്ചുള്ളൂ. ഗ്രോവ്സിന്റെ പുത്രന്മാർക്കു ഗ്രീക്കോ ഹീബ്രുവോ പഠിക്കാൻ ഉത്സാഹമില്ലാതെ വന്നപ്പോൾ അവിടെ ഗുണ്ടർട്ടിനു പ്രസക്തിയില്ലാതായി. തിരുനൽവേലിക്കടുത്തുള്ള സിന്ധുപ്പൻതുറയിൽ പ്രവർത്തിച്ചിരുന്ന റേനിയൂസ് എന്ന മിഷണറിയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ ഗ്രോവ്സ് ഗുണ്ടർട്ടിനെ നിയോഗിച്ചു. റേനിയൂസിനെ കഴിഞ്ഞ അധ്യായത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ടല്ലോ. മദ്രാസിലെ വെർപ്പേരിയിൽ നിന്ന് ആഗസ്ററ് 5-ന് പല്ലക്കിൽ പുറപ്പെട്ടു. പോണ്ടിച്ചേരി, കൂടല്ലൂർ, മായാപുരം, കുംഭകോണം, തഞ്ചാവൂർ വഴി ഗുണ്ടർട്ട് തിരുച്ചിറപ്പള്ളിയിലെത്തി. അവിടെ അല്പം വിശ്രമിച്ചശേഷം തോവരൻ കുറിച്ചി, കോടംപട്ടിവഴി മേലൂരിൽ 16-ാം തീയതി എത്തിച്ചേർന്നു. അവിടെ ടി. ബി.യിലാണ് അദ്ദേഹം താമസിച്ചത്. അന്ന് ഗുണ്ടർട്ടിന് ഒരു വിശേഷപ്പെട്ട അനുഭവമുണ്ടായി. അത് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു:

മേലൂരിലെ ആൽമരം

ഈ സായാഹ്നം അവിസ്മരണീയമാണ്. ബംഗ്ലാവിന്റെ മുമ്പിലുള്ള ആൽമരം ഇതുവരെ ഞാൻ ഇന്ത്യയിൽ കണ്ടവയിൽ ഏററവും വലുതാണ്. അതിന്റെ എണ്ണമറ്റ വേരുകളും ശാഖകളും അന്യോന്യം പടർന്നു പന്തലിച്ചിരിക്കുന്നു. രാത്രിയുടെ നിശ്ശബ്ദത, ഇളംതെന്നൽ, തിളങ്ങുന്ന നക്ഷത്രങ്ങൾ ഇവയെല്ലാം എന്നെ ഇവിടെ എത്തിച്ച ദൈവത്തിനു നന്ദിപറയാൻ പ്രചോദിപ്പിക്കുന്നു. നമ്മുടെ ജീവിതപ്പാതയിൽ ഇത്തരം മുഹൂർത്തങ്ങൾ ആവശ്യമാണ്. അവിടെ എത്തിനിൽക്കുമ്പോൾ ദൈവാത്മാവ് നമ്മുടെ ഉത്കണ്ഠകളും അസ്വസ്ഥതകളും നിറഞ്ഞ ചിന്താഭാരങ്ങൾ യേശുക്രിസ്തുവിന്റെ വിശാല ഹൃദയത്തിലേക്ക് ഒഴിവാക്കുന്നു...

ധ്യാനാത്മകമായ ഹൃദയത്തിലുണ്ടാകുന്ന അതീന്ദ്രിയാനുഭവമാണിത്—പതഞ്ജലിയുടെ യോഗസൂത്രത്തിലും സെൻ ബുദ്ധർ

ശനത്തിന്റെ മൗലിക രേഖയായ ബി-യാൻ-ലു*വിലും യോഹന്നാന്റെ വെളിപാടു പുസ്തകത്തിലും പൂർണ രൂപത്തിൽ ആവിഷ്കരിക്കുന്ന അനുഭവം. ഗുണ്ടർട്ടിന്റെ ഹൃദയത്തിൽ നിന്നു പലതും നീങ്ങി. പുതിയവയ്ക്കു കടന്നുവരാൻ വേണ്ടുവോളം ഇടം ലഭിച്ചു. ഇന്ത്യൻ അനുഭവത്തിന് അദ്ദേഹം സജ്ജനായി എന്നു വേണം കരുതാൻ. ഈ അനുഭവം വാചാലമായി അദ്ദേഹം ഒരിടത്തും അവതരിപ്പിച്ചു കാണുന്നില്ല. ചെറിയ ചെറിയ അതീന്ദ്രിയാനുഭവങ്ങൾ പോലും വചോവിലാസത്തോടെ പെരുപ്പിച്ച് അവതരിപ്പിക്കുന്നവരുണ്ട്. ഗുണ്ടർട്ടിന്റെ കാര്യത്തിൽ ഈ അനുഭൂതി അദ്ദേഹത്തിന്റെ കർമങ്ങളിലേക്കു ചൈതന്യരൂപേണ സംക്രമിക്കുകയാണ് ചെയ്തത്. ഗുണ്ടർട്ട് എഴുതുന്നു:

എല്ലാവിധ മുൻവിധികളും ക്ഷുദ്രസിദ്ധാന്തങ്ങളും ചൊരിഞ്ഞുകളഞ്ഞ് ഓരോ ദിവസവും, ഇരുപത്തിനാലു മണിക്കൂറും എന്തു ചെയ്യണം എന്നറിയാൻ ഞാൻ ക്രൂശിതനെ ആ ബിന്ദുവിലേക്ക് ഒതുങ്ങാൻ, അതായത് വികാസം പ്രാപിക്കാൻ കൂടുതൽ കൂടുതൽ കൊതിക്കുന്നു.

മധുരയിൽ

പിറേറന്ന് ഗുണ്ടർട്ട് മധുരയിലെത്തി അമേരിക്കൻ മിഷണറിമാരെക്കണ്ടു. അവർക്കു തമിഴ് ക്രൈസ്തവരെക്കുറിച്ചു നല്ലതൊന്നും പറയാനില്ല എന്നതിൽ അദ്ദേഹത്തിനു വിസ്മയം തോന്നി. വൈകുന്നേരം മധുര മീനാക്ഷിക്ഷേത്രം സന്ദർശിച്ച ശേഷം അദ്ദേഹം എഴുതി: *തൃക്കോവിലിലേക്ക് അടുക്കുമ്പോൾ അനുഭവപ്പെടുന്ന ഞെരുക്കം വിവരിക്കാനാവില്ല. അവിടെ എല്ലാം പൂർവനിർണീതമാണ്. മനുഷ്യന് ആവിഷ്കരിക്കാൻ കഴിയാത്തവിധം ശാശ്വതമാണ്. കർത്താവ് ഇസ്രയേൽക്കാരോടു നിർബന്ധപൂർവം വിലക്കിയതിനെക്കുറിച്ചു ഹൃദയത്തിൽ എന്തോ അനുഭവപ്പെടും. അതീവ കൗതുകം, രഹസ്യാത്മകത, പ്രീതിദമായ പ്രതിഫലനങ്ങൾ, കാമനകളുടെയും അറിവിന്റെയും നാട്യങ്ങൾ... ഇതിന്റെയും തുടക്കം ചൈതന്യപൂർണമാണെന്നു കരുതാം. ഈശ്വരനെ സൃഷ്ടികളിൽ തേടുന്നു. പ്രപഞ്ചാത്മാവിനെയും ദൈവിക സൃഷ്ടികളെയും കുറിച്ചുള്ള ഭാവനകൾ, ദർശനങ്ങൾ എന്നിവ ഈശ്വരസ്തുതിക്കു പകരമാകുന്നു.* GM 19.8.35

അന്നുതന്നെ ഒരു അമേരിക്കൻ മിഷൻ കേന്ദ്രം ഗുണ്ടർട്ട് സന്ദർശിച്ചു. മിഷൻ സ്കൂളുകളുടെ പ്രവർത്തനം നോക്കിക്കാണാൻ ഇത് അവസരമായി: *സ്കൂൾ പ്രവർത്തനങ്ങളിലാണ് ഇവർക്കു താല്പര്യം. ആയിരത്തോളം കുട്ടികളുണ്ട്. കുട്ടികളും അധ്യാപകരും മാസത്തിൽ രണ്ടു പ്രാവശ്യം മിഷണറിയുടെ വീട്ടിലെത്തി ബൈബിൾ പഠിക്കുന്നു. സ്കൂൾ ഹാളിലും*

---

*ഹെർമൻ ഗുണ്ടർട്ടിന്റെ കൊച്ചുമകനായ ഡോ. വിൽഹലം ഗുണ്ടർട്ട് (1880-1971) മൂന്നു വാല്യമായി ഈ രേഖ ചൈനീസ് ഭാഷയിൽ നിന്നു ജർമനിലേക്കു തർജമ ചെയ്തു. BI-YAEN-LU, Carl Hanser Verlag München 1977.

താൻ താമസിക്കുന്നിടത്തും മിഷണറി പ്രസംഗിക്കും. ചന്തയിൽ പ്രസംഗം നടത്താറില്ല. ചിലർ മിഷണറിയുടെ മുറിയിൽ വന്നു സംസാരിക്കും. GM 19.8.35 മേലൂരിലെയും മധുരയിലെയും അനുഭവങ്ങൾ ഗുണ്ടർട്ടിൻെറ ഹൃദയത്തിൽ നന്നായിപ്പതിഞ്ഞു.

റേനിയൂസിൻെറ വീട്ടിൽ

അടുത്ത ദിവസം അദ്ദേഹം തിരുനൽവേലിയിലേക്കു പുറപ്പെട്ടു. തിരുമംഗലം, വിരുദനഗർ, സാത്തൂർ, കയത്തൂർ വഴി തിരുനൽവേലിക്കടുത്തുള്ള സിന്ധുപ്പൻതുറയിൽ 1836 ഓഗസ്ററ് ഇരുപത്തൊന്നിന് ഗുണ്ടർട്ട് എത്തിച്ചേർന്നു: *രാത്രി മുഴുവൻ സഞ്ചരിച്ച് പുലർച്ചയ്ക്ക് റേനിയൂസിൻെറ വീട്ടിലെത്തി. വിശാലമായ വയലിൻെറ നടുവിലെ വീട്ടുവളപ്പാണത്. അവിടെ കുതിരലായവും സ്കൂളും മിഷണറിമാർക്കും വേലക്കാർക്കുമുള്ള താമസസൗകര്യങ്ങളുമുണ്ട്. ഇതെല്ലാം പതിനേഴു രൂപയ്ക്ക് ഒരു മുഹമ്മദീയൻ വാടകയ്ക്കു നൽകിയിരിക്കുന്നതാണ്.* GM 19.8.36

അന്നു വൈകിട്ട് ഗുണ്ടർട്ട് റേനിയൂസിൻെറ പ്രസംഗം കേട്ടെങ്കിലും ഒററ വാക്കുപോലും മനസ്സിലായില്ല. *എന്നാൽ തൊട്ടടുത്ത ദിവസം, റേനിയൂസിൻെറ കൊച്ചുമകൾ സോഫി എൻെറ തമിഴ് മുൻഷിയാകാൻ വെമ്പുന്നു* എന്ന് ഗുണ്ടർട്ട് എഴുതുന്നു. അവിടെ മതപ്രചാരകരായി പരിശീലനം നേടുന്നവർക്കു ഗ്രീക്കും ഭൂമിശാസ്ത്രവും ചരിത്രവും ഗുണ്ടർട്ട് പഠിപ്പിക്കുന്നു! *...ഞാൻ ഇവ ഇംഗ്ലീഷിൽ പഠിപ്പിക്കുന്നു...അവർ എന്നെ തമിഴും പഠിപ്പിക്കുന്നു* എന്നാണു വിശദീകരണം. ഒക്ടോബർ ഏഴിന് എഴുതിയ കത്ത്: *തമിഴിലേക്കു ചിലതെല്ലാം തർജമ ചെയ്യാൻ എനിക്കാഗ്രഹമുണ്ട്. അതിനു യൂറോപ്യന്മാരിൽ നിന്നും നാട്ടുകാരിൽ നിന്നും വേണ്ട സഹായങ്ങൾ ഇത്ര എളുപ്പത്തിൽ മററൊരിടത്തും കിട്ടുകയില്ല. പുതിയ നിയമ പഠനത്തിന് അവശ്യം വേണ്ട ഗ്രീക്ക്-തമിഴ് നിഘണ്ടു ഞാൻ എഴുതിത്തുടങ്ങി. ഗുണ്ടർട്ട് രചിച്ച ലഘു ഹീബ്രു-തമിഴ് നിഘണ്ടു തങ്ങൾ ഉപയോഗിക്കുന്നതായി മതപ്രസംഗകരുടെ പിൽക്കാലത്തെ കത്തിൽ കാണുന്നു.* AG 15.4.37

ഉദാരമതികൾ

തിരുനൽവേലിയിൽ ഇംഗ്ലീഷ് മിഷണറിമാരും റേനിയൂസും തമ്മിൽ പിണങ്ങിപ്പിരിഞ്ഞിരുന്നതിനാൽ റേനിയൂസ് പക്ഷത്തുള്ളവർക്ക് പല സ്ഥലത്തു പ്രാർഥനാലയങ്ങളില്ലായിരുന്നു. പട്ടണത്തിൽ ഒരു പ്രാർഥനാലയം നിർമിക്കാൻ വലിയ വില കൊടുക്കേണ്ടിവരുമെന്നുള്ള തുകൊണ്ട് അതു സാധ്യമല്ല എന്നു കരുതിയിരിക്കുമ്പോൾ ഒരു ക്രൈസ്തവേതരൻ സ്ഥലം കുറഞ്ഞ വിലയ്ക്കു നൽകി. ഗ്രാമങ്ങളിൽ സ്കൂളും പ്രാർഥനാലയവും നിർമിക്കാൻ റേനിയൂസിനു വില വാങ്ങാതെ ബ്രാഹ്മണർ സ്ഥലം നൽകിയിരുന്നു എന്ന് ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. GM 6.9.36

കരകൗശലവിദഗ്ധരെ ആവശ്യമുണ്ട്

1836 നവംബറിനും 1837 ആഗസ്ററിനും ഇടയിൽ ഗുണ്ടർട്ട് എഴുതിയ കത്തുകളിൽ ഒരെണ്ണമൊഴികെ മറെറാന്നും കണ്ടുകിട്ടിയിട്ടില്ല. അക്കാലത്തെഴുതിയ കത്തുകളിൽ തമിഴ് പാരമ്പര്യങ്ങളെക്കുറിച്ചും നാടോടിപ്പാട്ടുകളെക്കുറിച്ചും വിശദമായ പരാമർശങ്ങൾ ഉണ്ടായിരുന്നു. നഷ്ടപ്പെട്ടുപോയ കത്തിൻെറ കരടു കുറിപ്പിൽ കാണുന്ന ചില ചിന്തകൾ കൗതുകകരമായിരിക്കുന്നു. *തങ്ങളുടെ ജോലിയും ജീവിതവും വഴി, വല്ലപ്പോഴുമൊക്കെ പ്രസംഗം കൊണ്ടും, ദൈവസേവനം അനുഷ്ഠിക്കാൻ താല്പര്യമുള്ള ജർമൻ കരകൗശല ജോലിക്കാരെ ലഭിച്ചാൽ കൊള്ളാം എന്നു മിഷണറിമാർക്കുണ്ട്. ഇന്ത്യയിലെ കരകൗശല ജോലിക്കാർ പഴഞ്ചൻ രീതിക്കാരാണ്. ഓരോ കരവേലയും ഓരോ ജാതിക്കാരാണ്. ഓരോ ജാതിക്കാർക്കും ചെയ്യാവുന്ന ജോലികൾ, ജോലിചെയ്യേണ്ട രീതി, ജോലിക്കുള്ള ഉപകരണങ്ങൾ, എന്നിവയെക്കുറിച്ചെല്ലാം ചട്ടങ്ങളുണ്ട്. തന്മൂലം പരീക്ഷണ കൗതുകം തീരെയില്ല...വിദേശത്തു നിന്നു വന്നെത്തുന്ന കരവേലക്കാർക്ക് ഇവിടെ ദൈവഹിതം കണ്ടെത്താനാവണം. അവർ ഇവിടെ നിന്നു മടങ്ങിപ്പോയി വിവാഹം കഴിക്കാം എന്നു കരുതരുത്. യൂറോപ്യൻ ഭാര്യമാരെ ലഭിക്കുന്നില്ലെങ്കിൽ ദൈവഹിതം മനസ്സിലാക്കി ഇന്ത്യൻ ക്രൈസ്തവരിൽനിന്നു വിവാഹം ചെയ്യണം. മററു യൂറോപ്യന്മാരുടെ ദൃഷ്ടിയിൽ ഇത് പോരായ്മയായിരിക്കും എന്നതുകൊണ്ട് നല്ല വിശ്വാസമുള്ളവരേ ഇതിനു തുനിയാവൂ.*

റേനിയൂസിൻെറ വ്യക്തിത്വം ഗുണ്ടർട്ടിനെ വശീകരിച്ചു. ബഹുഭാഷാ പണ്ഡിതനും ബഹുജന സമ്മതനും കർമനിരതനുമായിരുന്ന റേനിയൂസ് ഉത്തമ മതപ്രചാരകർക്ക് നല്ല ബൗദ്ധിക പരിശീലനം കൂടിയേ തീരൂ എന്ന വിശ്വാസക്കാരനായിരുന്നു. സ്ഥിരോത്സാഹവും ധർമപ്രതിബദ്ധതയും തനിക്കു ബോധ്യമില്ലാത്ത കാര്യങ്ങളിൽ പ്രതിയോഗികൾക്കു കീഴടങ്ങാത്ത സ്വഭാവവും റേനിയൂസിൻെറ എടുത്തുപറയേണ്ട ഗുണവിശേഷങ്ങളാണ്. ഈ കാഴ്ചപ്പാട് ഗുണ്ടർട്ടിനെ നന്നായി സ്വാധീനിച്ചു. റേനിയൂസിൻെറ ലഘുജീവിതചരിത്രത്തിൽ റോബർട്ട് കാൽഡ്വലിനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: *റേനിയൂസിനേക്കാൾ സമർഥനും വിവേകമതിയും പ്രായോഗിക ബുദ്ധിയും ഉത്സാഹശാലിയുമായ മറെറാരു മിഷണറിയെ ഇന്ത്യ കണ്ടിട്ടില്ല.* MM 1868:289

5

ആന്ധ്രപ്രദേശിൽ

1837 തുടക്കത്തിൽ ഗ്രോവ്സ് ഗുണ്ടർട്ടിനെ മടക്കിവിളിച്ചു. റേനിയൂസ് വിട്ടുകൊടുത്ത രണ്ടു മതപ്രചാരകരെയും കൂട്ടി തൂത്തുക്കുടിയിലേക്കും അവിടെ നിന്നു വള്ളത്തിൽ പാമ്പനിലേക്കും അദ്ദേഹം പോയി. രാമേശ്വരത്ത് ഏതാനും ദിവസം താമസിച്ചിട്ട് അവർ മദ്രാസിൽ എത്തി. ഗ്രോവ്സിൻെറ മിഷൻ സംഘം ആ ഘട്ടത്തിൽ വല്ലാത്ത അനൈക്യത്തിലായിരുന്നു. അതിനാൽ പുതിയൊരു സേവന മേഖലയിലേക്ക് അദ്ദേഹം നീങ്ങി.

ചിററൂരിൽ

1837 മെയ് 1-ന് ഗുണ്ടർട്ട് ആന്ധ്രപ്രദേശിൽ തമിഴ്നാടിൻെറ അതിർത്തിയിലുള്ള ചിററൂരിൽ എത്തി. ഉടനടി പാഠശാലയും പ്രാർഥനാലയവും സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചു. പിന്നീട് ഗ്രോവ്സ് സായ്വിൻെറ ഭാര്യയും ഗുണ്ടർട്ടിനോടൊപ്പം കപ്പലിലുണ്ടായിരുന്ന സ്വിററ്സർലണ്ടുകാരിയായ ജൂലിയും ബാഗ്ദാദുകാരിയായ ഹന്നാ തോമായും ചിററൂരിൽ എത്തി. പെൺകുട്ടികൾക്കു വേണ്ടി ഒരു അനാഥാലയം അവർ സ്ഥാപിച്ചു. JB 1869:1, 361-390. ചിററൂരിലും പരിസരത്തുമായി അദ്ദേഹം ആറു സ്കൂളുകൾ തുടങ്ങി. അനാഥബാലന്മാർക്കു വേണ്ടിയുള്ള ഒരു ഭവനവും സ്ഥാപിച്ചു. ചിററൂരിൽ തമിഴും തെലുങ്കുമായിരുന്നു ഗുണ്ടർട്ടിൻെറ ഭാഷകൾ.

വിദ്യാർഥി ജീവിതകാലത്ത് ഗുണ്ടർട്ട് ക്രമമായി ഡയറിക്കുറിപ്പുകൾ എഴുതിയിരുന്നു. പിന്നീട് അതു മുടങ്ങിപ്പോയി. ചിററൂരിൽ 1837 സെപ്ററംബർ 1-ന് അദ്ദേഹം വീണ്ടും ഡയറി എഴുതിത്തുടങ്ങി. 1893 ഏപ്രിൽ 16 വരെ, അതായത് മരിക്കുന്നതിന് ഒമ്പതു ദിവസം മുമ്പുവരെ ഇതു തുടർന്നു. ഈ ഡയറിക്കുറിപ്പുകളും അനുബന്ധ രേഖകളും ഇപ്പോൾ മൂന്നു വാല്യമായി ജർമനിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിവാഹം, വധു ജൂലി

ചിററൂരിൽ എത്തിയതു മുതൽ ഗുണ്ടർട്ടിനെ പല കാര്യങ്ങളിലും ജഡ്ജി

ലസ്‌ലിയും കുടുംബവും സഹായിച്ചിരുന്നു. സ്വിററ്സർലണ്ടുകാരിയായ ജൂലി എന്ന മിഷണറി യുവതിയെ ഗുണ്ടർട്ടിൻെറ പത്നിയായി നിർദേശിച്ചത് ഈ ദമ്പതിമാരാണ്. ജൂലൈ 14-ന് ലസ്‌ലിയുടെ വീട്ടിൽ വച്ച് ഗുണ്ടർട്ട് ഇക്കാര്യം ജൂലിയുമായി സംസാരിച്ചു. ജീവിതപങ്കാളിയാകാനുള്ള ക്ഷണം ജൂലി സ്വീകരിച്ചു. അങ്ങനെ 1838 ജൂലൈ 23-ന് തിങ്കളാഴ്ച എട്ടുമണിക്ക് ഗ്രോവ്സിൻെറ ഭവനത്തിൽ വച്ച് ഗുണ്ടർട്ട് വിവാഹിതനായി. വധുവിനെ സംബന്ധിച്ച് മാതാപിതാക്കൾക്കയച്ച കത്തിൽ:

ജൂലിയെക്കുറിച്ചു പറഞ്ഞാൽ നല്ല പ്രായോഗിക ബുദ്ധിയുള്ളവളാണ്. വീട്ടുകാര്യങ്ങളിൽ പലതുകൊണ്ടും എമിലി അമ്മയെപ്പോലെതന്നെ...അവൾ ആരോഗ്യവതിയാണ്. ഇവിടത്തെ കാലാവസ്ഥയുമായി പൊരുത്തപ്പെട്ടു പോകുന്നു. ഉയരം കുറഞ്ഞ് മെലിഞ്ഞ ശരീരം, നല്ല ചുറുചുറുക്ക്. വേനൽക്കാലമാണ് അവൾക്ക് ഏററവും നല്ലത്. വിദ്യാസമ്പന്നയായ ഗ്രോവ്സ് മദാമ്മയെക്കാൾ നന്നായി അവൾ തമിഴ് വശമാക്കിയിരിക്കുന്നു. താൻ വെറും നിസ്സാരയാണെന്നു കരുതുന്ന അവൾ എന്നെ വലിയ ആളായി പരിഗണിക്കുന്നു. പരിചരണമല്ലാതെ മറെറാന്നും എനിക്കായി നൽകാനില്ല എന്നാണ് അവൾ കരുതുന്നത്. അവൾ സുന്ദരിയല്ല, പാടാൻ അറിഞ്ഞുകൂടാ, വാദ്യോപകരണങ്ങളും വശമില്ല, വരയ്ക്കാനും കഴിവില്ല. എല്ലാം ഉൾക്കൊള്ളാനും മുതിർന്നവരുടെയും കുട്ടികളുടെയും സ്വഭാവങ്ങൾ മനസ്സിലാക്കാനും അവൾ സമർഥയാണ്. (അനാഥമന്ദിരത്തിലെ) മുപ്പതു കുട്ടികളും അവളെ അത്യധികം സ്നേഹിക്കുന്നു. അവൾ പോകുന്നു എന്നു കേട്ടപ്പോൾ മുതിർന്ന കുട്ടികൾ കരഞ്ഞു. ഇപ്പോൾ അവളെ ഏറെ കാണാൻ കിട്ടുന്നില്ല. നല്ല ജോലിയുണ്ട്. ഞാൻ അവളോടുതന്നെ തുറന്നു പറഞ്ഞിട്ടുള്ളതുപോലെ ഈ വിവാഹക്കാര്യത്തിന് ഞങ്ങളുടെ പ്രായത്തിലുള്ള വ്യത്യാസം നിമിത്തം ആദ്യം എനിക്കു മടിയായിരുന്നു. 1809 ഒക്ടോബർ ഒന്നാണ് അവളുടെ ജനനത്തീയതി....കാലാവസ്ഥ, തെക്കൻ ജർമനിയുമായി താരതമ്യപ്പെടുത്തുമ്പോൾ, എൻെറ പ്രായം വളരെ വേഗം വർധിപ്പിക്കുന്നു. അതുകൊണ്ടു ഞങ്ങൾ തമ്മിൽ നല്ല ചേർച്ചയായിരിക്കണം. GM 17-7-38*

അനിശ്ചിതത്വത്തിൻെറ ചുഴിയിൽ

ഗുണ്ടർട്ടും ജൂലിയുമായുള്ള വിവാഹം ഗ്രോവ്സ് ദമ്പതികൾക്ക് അനിഷ്ടകരമായി. മററു പല കാരണങ്ങൾ കൊണ്ടും ദുർബലമായിരുന്ന ആ ബന്ധം വിവാഹത്തോടുകൂടി തീർത്തും അററുപോയി. തന്മൂലം ഗുണ്ടർട്ട് ദമ്പതികൾ ചിററൂരിൽ നിന്നു സ്ഥലം മാറിപ്പോകാൻ ആഗ്രഹിച്ചു. പാളയംകോട്ടയിലെ ജർമൻ മിഷണറിമാർ ഗുണ്ടർട്ടിനെ അങ്ങോട്ടു ക്ഷണിച്ചിരുന്നു. ജൂലൈ 30-ന് ഗുണ്ടർട്ട് ചിററൂരിൽ നിന്നു പുറപ്പെട്ടു. *ഞങ്ങൾ കാളവണ്ടിയിൽ യാത്ര തിരിച്ചു. അതിനുള്ള ചെലവെല്ലാം ഞാൻ*

* ഗുണ്ടർട്ട് കത്തെഴുതിത്തുടങ്ങുന്നത് 17-ന്, വിവാഹം 27-ന്. അതും മേല്പറഞ്ഞ തീയതിയിലുള്ള കത്തിലുണ്ട്. ഇത്തരം ഉദാഹരണങ്ങൾ വിരളമല്ല.

നൽകി. സാധനങ്ങൾ കയററിയ രണ്ട് ഇരുചക്രവാഹനങ്ങളും കുതിരയും കൂടെ പുറപ്പെട്ടു. ദിവസേന നാലു മുതൽ എട്ടുമണിക്കൂർ വരെ ഞങ്ങൾ യാത്ര ചെയ്തു. തൃശ്ശിനാപ്പള്ളിയിൽ അവർ ഏതാനും ദിവസം തങ്ങി. ഇതിനിടയിൽ പാളയം കോട്ടയിലെ ജർമൻ മിഷണറിമാർ ഇംഗ്ലീഷ് മിഷണറി സംഘത്തിൽ ചേർന്നതായി ഗുണ്ടർട്ട് അറിഞ്ഞു.

ബാസൽമിഷനിലേക്ക്

അന്ന് തൃശ്ശിനാപ്പള്ളിയിൽ വച്ചാണ് മറെറാരു ജർമൻ മിഷണറിസംഘമായ ബാസൽമിഷനിൽ ചേരുന്നതിനെക്കുറിച്ച് ഗുണ്ടർട്ട് ഗൗരവമായി ചിന്തിച്ചത്. *ബാസൽമിഷനോടു നമ്മെ സ്വീകരിക്കാമോ എന്നു ചോദിച്ചാലോ എന്ന ചിന്ത ഞാൻ ഭാര്യയെ അറിയിച്ചു. ഹൃദയത്തിൽ നിന്നു വലിയൊരു ഭാരം ഒഴിഞ്ഞുപോകുന്നതുപോലെയാണ് അവൾക്കു തോന്നിയത്.* സ്വിററ്സർലണ്ടുകാരിയായ ജൂലിയുടെ സന്തോഷം മനസ്സിലാക്കാവുന്നതേയുള്ളൂ. സ്വിററ്സർലണ്ടിലെ ബാസൽ കേന്ദ്രമാക്കി 1815 മുതൽ പ്രവർത്തിച്ചു വരുന്ന മിഷണറി സംഘമാണിത്. ഇന്ത്യയിലാണ് അവർ ആദ്യമായി സ്വന്തം മിഷൻ മേഖല കണ്ടെത്തിയത്. 1834 ഒക്ടോബറിൽ മൂന്നു ബാസൽ മിഷണറിമാർ കോഴിക്കോട്ടെത്തിയെങ്കിലും അവിടെ നിന്ന് മംഗലാപുരത്തേക്കു നീങ്ങി അവിടെ പ്രഥമ മിഷൻകേന്ദ്രം സ്ഥാപിച്ചു. കന്നഡ ഭാഷ സംസാരിക്കുന്ന കാനറയിലായിരുന്നു അവരുടെ മുഖ്യ കേന്ദ്രങ്ങൾ.

ട്യൂബിങ്ങനിൽ ഗുണ്ടർട്ടിൻെറ ഉററ ചങ്ങാതിയായിരുന്ന ഹെർമൻ മ്യൂഗ്ളിങ് 1836 മുതൽ മംഗലാപുരത്തു ബാസൽ മിഷണറിയായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ബുദ്ധിപരമായ സിദ്ധികളിൽ സദൃശരായിരുന്നു ആ രണ്ടു മിഷണറിമാരും. ഗുണ്ടർട്ടിനെ ബാസൽ മിഷനിലേക്ക് ഇതിനു മുമ്പുതന്നെ മ്യൂഗ്ളിങ് ക്ഷണിച്ചിരുന്നു. ഈ ഘട്ടത്തിൽ മ്യൂഗ്ളിങ് എഴുതി: *മംഗലാപുരത്ത് ആഗസ്ററ് 23-നു ജനറൽ കോൺഫറൻസ് കൈക്കൊണ്ട തീരുമാനം: ഗ്രോവ്സുമായുള്ള ബന്ധം വിച്ഛേദിക്കുകയും തിരുനൽവേലിയിലെ സഹോദരന്മാരുമായുള്ള ഇടപാടുകൾ അവിചാരിതമായി നഷ്ടപ്പെടുകയും ചെയ്ത ഗുണ്ടർട്ട് സഹോദരനെയും ഭാര്യയേയും നമ്മുടെ മിഷനിൽ ചേരാൻ ക്ഷണിക്കുന്നു. സഹോദരാ, നോക്കൂ, കഴിഞ്ഞ ഒരു വർഷമായി താങ്കളെ ഞാൻ ഇങ്ങോട്ടു ക്ഷണിക്കുന്നു. ഇതുവരെ വന്നില്ല. ഇപ്പോൾ വരൂ. മററു സഹോദരന്മാരും ഇപ്പോൾ താങ്കളെ ക്ഷണിക്കുന്നു. താങ്കൾക്കു കടന്നുവരാൻ കർത്താവ് വാതിൽ തുറന്നിരിക്കുന്നു. ഞങ്ങളുടെ നിർദേശം സ്വീകാര്യമെങ്കിൽ മംഗലാപുരത്തേക്കു യാത്ര തിരിക്കൂ. തിരുനൽവേലിയിൽ ഏറെ തങ്ങരുത്. അവിടെ ഇപ്പോഴത്തെ സാഹചര്യത്തിൽ നിങ്ങൾ അവർക്ക് ഭാരമായിരിക്കും. നിങ്ങൾ യാത്ര പുറപ്പെടാൻ തീരുമാനിച്ചാൽ, പണം ആവശ്യമുണ്ടെങ്കിൽ ഞങ്ങൾ അത് എത്തിച്ചു തരാം.* GM 25.8.1838

പാളയംകോട്ടയിലും നാഗർകോവിലിലും

ഗുണ്ടർട്ട് പാളയംകോട്ടയിലെത്തി ഏതാനും ആഴ്ച അവിടെ അധ്യാപനത്തിലും മററും ഏർപ്പെട്ടെങ്കിലും ഒക്ടോബർ 1-ന്, അതായത് ജൂലിയുടെ ജന്മദിനത്തിൽ, മംഗലാപുരത്തേക്കു യാത്ര തിരിച്ചു. ആദ്യദിവസം അവർ ഇരുപതു മൈൽ സഞ്ചരിച്ചു. ഗുണ്ടർട്ട് കുതിരപ്പുറത്തും. ജൂലി പല്ലക്കിലുമാണ് യാത്ര ചെയ്തിരുന്നത്. പിറേറന്ന് പനക്കുററിയിൽ. മൂന്നാം ദിവസം രാവിലെ അറംപുളിയിൽ തിരുവിതാംകൂർ അതിർത്തി കടന്ന് നാഗർകോവിലിൽ എത്തി. അന്ന് ചന്ദ്രഗ്രഹണമായിരുന്നതിനാൽ രാജാവ് സ്നാനത്തിന് കന്യാകുമാരിയിൽ എത്തിയിരുന്നു. നാഗർകോവിലിൽ ഗുണ്ടർട്ട് തൻെറ തമിഴ് ഗ്രന്ഥങ്ങൾ മിഷൻ പ്രസ്സുകാരെ ഏല്പിച്ചു. ഇന്നോളം വെളിച്ചം കണ്ടിട്ടില്ലാത്ത ആ കൃതികളുടെ വിവരണം ഒരു കത്തിൽ കാണുന്നു: *ഞാൻ തയ്യാറാക്കിയിരുന്ന തമിഴ് ഗ്രന്ഥങ്ങളെല്ലാം അച്ചടിക്കാം എന്ന വാഗ്ദാനം നാഗർകോവിലിൽ എനിക്കു ലഭിച്ചു. ഹീബ്രൂ വ്യാകരണം, ഗ്രിഗറി ഏഴാമൻെറ കാലം വരെയുള്ള സഭാചരിത്രം, ഗ്രീക്കുനിഘണ്ടു, മഡഗാസ്കറിലെ മതപീഡനത്തെക്കുറിച്ചുള്ള ലഘുലേഖ—ഇവ ഞാൻ അവിടെ അച്ചടിക്ക് ഏല്പിച്ചു.* അടുത്ത ദിവസം അവർ നെയ്യൂരിൽ എത്തി. അവിടെ നാട്ടുകാർ തന്നെ നടത്തുന്ന സ്കൂളും നെയ്ത്തുശാലയും അച്ചടിശാലയും സായ്പു സന്ദർശിച്ചു.

6

പശ്ചിമതീരത്ത്

1838 ഒക്ടോബർ മാസത്തിൽ ആദ്യം പശ്ചിമതീരത്തേക്കു കടന്നുവന്നപ്പോൾ ചുററുപാടുമുള്ള പച്ചപ്പാണ് ഗുണ്ടർട്ടിൻെറ കണ്ണിൽ പിടിച്ചത്. ഗുണ്ടർട്ട് എഴുതി: *മലകളിലെല്ലാം പച്ചപ്പ്, വരണ്ട കർണ്ണാട്ടിക് ദേശം* കടന്നു വരുന്നവന് ഈ നാട് പറുദീസയാണ്.* GM 18.11.38. കോരിച്ചൊരിയുന്ന മഴയുമായി തിരുവിതാംകോട്ടിലേക്കും അവിടെ നിന്നു കുഴിത്തുറയിലേക്കും ഗുണ്ടർട്ട് പ്രവേശിച്ചു.

ഒക്ടോബർ 6-ന് പറുദീസയിൽ

ആയാസകരമായ യാത്ര തമിഴിൻെറയും മലയാള (മലനാട്) ഭാഷയുടെയും അതിരായ നെയ്യാററിൻകര വഴി ഇവിടെ ഞങ്ങൾ ഉച്ചഭക്ഷണം പാകം ചെയ്തു കഴിച്ചു—തിരുവിതാംകൂറിൻെറ അഥവാ മലയാള രാജ്യത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരത്തേക്ക്. കുഴിത്തുറവരെ സർവത്ര പനകളായിരുന്നു. അവിടം മുതൽ എല്ലായിടത്തും തെങ്ങാണ്. GM 18.11.38. തിരുവനന്തപുരത്ത് അദ്ദേഹം ഏതാനും ദിവസം താമസിച്ചു. കൊട്ടാരത്തിലെ ഇംഗ്ലീഷ് അധ്യാപകനായി (മുന്നൂറ് ഉറുപ്പിക ശമ്പളത്തിൽ) ജോലി ചെയ്തിരുന്ന ഒരു റോബർട്സിൻെറ കൂടെ താമസിച്ചു. ഭാര്യാവിയോഗത്താൽ ദുഃഖിതനായി കഴിഞ്ഞിരുന്ന റോബർട്സിൻെറ സഹോദരനിർവിശേഷമായ സ്നേഹം ഗുണ്ടർട്ട് അനുസ്മരിക്കുന്നു. കൊട്ടാരം കാര്യങ്ങൾക്കു വേണ്ടിവരുന്നതിലേറെ പണം ബ്രാഹ്മണരുടെ ചികിത്സയ്ക്കുള്ള ആശുപത്രിക്കായി ചെലവഴിക്കുന്ന തിരുവിതാംകൂർ രാജാക്കന്മാരെക്കുറിച്ച് അവിടെ വച്ച് ഗുണ്ടർട്ട് പല വിവരങ്ങളും ശേഖരിക്കുന്നു. കോട്ടയത്തെ ചർച്ച് മിഷണറി സംഘവും സുറിയാനിക്കാരും തമ്മിൽ ഉണ്ടായ പിണക്കവും സംസാരവിഷയമായി. തിരുവിതാംകൂർ രാജാവും റസിഡൻറുമായുള്ള ബന്ധം, തിരുവനന്തപുരം കാഴ്ചബംഗ്ലാവ്, തിരുവിതാംകൂറിൽ ബ്രാഹ്മണർക്കുള്ള ആനുകൂല്യങ്ങൾ എന്നിങ്ങനെ

---

*ദക്ഷിണേന്ത്യയിലെ പൂർവ പർവതനിരകൾക്കും (Eastern Ghats) കോരമണ്ഡലം തീരത്തിനും ഇടയ്ക്കുള്ള പ്രദേശങ്ങളെ അന്ന് പാശ്ചാത്യർ കർണാട്ടിക് എന്ന പദം കൊണ്ടാണ് വിവക്ഷിച്ചിരുന്നത്. *സർവ വിജ്ഞാനകോശം*, വാല്യം 6, 1984 : 556.

പലതും അവിടെ ചർച്ചയിൽ കടന്നു വന്നു.

ഒമ്പതാം തീയതി വൈകുന്നേരം ഗുണ്ടർട്ടും ഭാര്യയും വള്ളത്തിൽ അഞ്ചുതെങ്ങിലേക്കു പോയി. പന്ത്രണ്ടാം തീയതി കൊല്ലത്തു നിന്നു പുറപ്പെട്ടു. പിറേറന്ന് ആലപ്പുഴയിൽ എത്തി. അവിടെനിന്നു മംഗലാപുരത്തേക്ക് പത്തേമാരികളൊന്നും കിട്ടിയില്ല. അതിനാൽ വീണ്ടും വള്ളത്തിൽ കൊച്ചിയിലേക്കു പോയി. പതിനെട്ടാം തീയതി കാലത്ത് കൊച്ചിയിലെത്തിയ ഗുണ്ടർട്ട് അവിടത്തെ ജനപദത്തിൻെറ വൈവിധ്യം താല്പര്യപൂർവം നോക്കിക്കണ്ടു. അവിടെ മിഷണറി റിഡ്സ്ഡെയിലിൻെറ (Ridsdale) കൂടെ പഴയ ഡച്ചുകോട്ടയുടെ ഒരു ഭാഗത്ത് ഗോഥിക് മാതൃകയിലുള്ള ഭവനത്തിൽ 23-ാം തീയതി രാവിലെ വരെ താമസിച്ചു. അവിടെ താമസിക്കുമ്പോൾ നിത്യേന രണ്ടു മണിക്കൂറോളം ഓർഗൻ വായിക്കുമായിരുന്നു. നാട്ടുകാർതന്നെ നിർമിച്ചതായിരുന്നു ആ ഓർഗൻ. അത്യന്തം സന്തോഷകരമായിരുന്നു കൊച്ചിയിലെ താമസം.

പുതിയ ദൗത്യത്തിലേക്കുള്ള സ്നാപനം

കൊച്ചിയിൽനിന്നു മംഗലാപുരത്തേക്കു പത്തേമാരിയിലായിരുന്നു യാത്ര. ആ യാത്രയിലുണ്ടായ അവിസ്മരണീയസംഭവം ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. *ഒക്ടോബർ 24-ാം തീയതി സൂര്യാസ്തമയത്തിനുശേഷം കാർമേഘങ്ങൾ ഇരുണ്ടു കൂടുന്നതു ഞാൻ കണ്ടു. പായ് താഴ്ത്തിക്കെട്ടാൻ പറഞ്ഞെങ്കിലും ജോലിക്കാരന് അതു ചെയ്യാൻ കഴിഞ്ഞില്ല. മഴ വന്നു വീണു. എല്ലാവരും ഉള്ളിലേക്കു വലിഞ്ഞു. ഞങ്ങളുടെ പായ് വല്ലാതെ കീറിപ്പോയി. ഞങ്ങൾ പടിഞ്ഞാറോട്ടു കുതിച്ചിറങ്ങിപ്പോകുന്നു. അമരക്കാരൻ ഇല്ല. 'നമ്മൾ തുലഞ്ഞു, തുലഞ്ഞു' എന്ന കൂട്ടനിലവിളി. എൻെറ ഭാര്യ പല്ലക്കി(Palankin)നുള്ളിൽ ഉറക്കമായിരുന്നു. ഞാൻ അവളെ വിളിച്ചുണർത്തി. കടൽക്ഷോഭം കണ്ടപ്പോൾ അവൾ അമ്പരന്നുപോയി. വള്ളക്കാർ എന്നെ സമീപിച്ച് ഞാൻ എൻെറ ദൈവത്തോടു പ്രാർഥിക്കണം എന്ന് ആവശ്യപ്പെട്ടു. ഉടനെ ഞാൻ തമിഴിൽ ഉറക്കെ പ്രാർഥിച്ചു. മലയാളികൾക്ക് അത് മനസ്സിലായി. ഞാൻ ചുരുക്കം ചില വാക്കുകളിൽ ഭയം, വിശ്വാസം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. അമരത്തേക്കു പോകാൻ ഞാൻ ഒരുങ്ങിയെങ്കിലും പ്രിയതമ ഏറെക്കുറെ അബോധാവസ്ഥയിലായിക്കഴിഞ്ഞിരുന്നതുകൊണ്ട് സാധിച്ചില്ല. ഞാൻ അരികിൽ നിന്ന് ഞങ്ങൾ ഇപ്പോൾ പൂർണമായും ദൈവകരത്തിലാണെന്നു സ്വയം ആശ്വസിപ്പിച്ചു. തിരമാലകൾ ഇരുവശത്തു നിന്നും അടിച്ചു കയറി ആകെ നനഞ്ഞു. മാനുഷികമായിപ്പറഞ്ഞാൽ പത്തേമാരി മുങ്ങുകയായിരുന്നു. ആദ്യത്തെ തിരകൊണ്ടുതന്നെ അകത്തു വെള്ളം നിറഞ്ഞു. ഈ ഘട്ടത്തിൽ ഞാൻ ഭാര്യയെ വെളിപാടു പുസ്തകത്തിൽനിന്നുള്ള ഭാഗങ്ങൾകൊണ്ടു ധൈര്യപ്പെടുത്തി. ഞങ്ങൾ സ്വസ്ഥരായപ്പോൾ കാററും കടലും സ്വസ്ഥമായി. നിറയെ തുളവീണ കാററുപായുമായി ഞങ്ങൾ അടുത്ത ദിവസം വീണ്ടും വടക്കോട്ടു യാത്ര ചെയ്തു. ഈ സ്നാപനം പുതിയ ദൗത്യത്തിലേക്കുള്ള ശുഭശകുനമായി*

കണക്കാക്കാൻ ഞങ്ങൾ തീരുമാനിച്ചു.

ഒക്ടോബർ 28-ന് ഞായറാഴ്ച വെള്ളമെടുക്കാൻ പത്തേമാരി തലശ്ശേരിയിലടുത്തെങ്കിലും ഗുണ്ടർട്ട് കരയ്ക്കിറങ്ങിയില്ല. രണ്ടു ദിവസം ശ്രമിച്ചിട്ടാണ് ഏഴിമല കടക്കാൻ കഴിഞ്ഞത്. നവംബർ 1-ന് അവർ മംഗലാപുരത്തെത്തി. 2-ന് കരയ്ക്കിറങ്ങി. GM 18.11.1838 സുഹൃത്തുക്കളായ മ്യൂഗ്ലിങ്ങും ഗുണ്ടർട്ടും പരസ്പരം കണ്ടപ്പോൾ വികാരാധീനരായിപ്പോയി. വരവേൽക്കാൻ വന്ന മ്യൂഗ്ലിങ്ങിനെ ഗുണ്ടർട്ട് കെട്ടിപ്പിടിച്ച് ഉമ്മവച്ചു. ആ സമാഗമത്തെക്കുറിച്ചു ഗുണ്ടർട്ടിന്റെ ഡയറിയിൽ ഇങ്ങനെ കാണുന്നു: *പക്ഷേ, ജർമൻ ഭാഷയിൽ ഉരിയാടാൻ എനിക്കു കഴിഞ്ഞില്ല. ഇപ്പോൾ എല്ലാം നേരെയായി എന്നു മ്യൂഗ്ലിങ് പറഞ്ഞു. ഇനിയും അങ്ങനെ മുന്നോട്ടു പോകട്ടെ.* TM 40

മംഗലാപുരത്ത് എത്തിയ ഉടനെ തന്നെ ഗുണ്ടർട്ട്ദമ്പതികൾ പെൺകുട്ടികൾക്കുള്ള സ്കൂളിന്റെ കാര്യത്തിൽ ഉത്സുകരായി. ഈ ഘട്ടത്തിൽ തമിഴാണ് ഗുണ്ടർട്ട് സംസാരിച്ചിരുന്നത്. സ്കൂളിലെ എട്ടു കുട്ടികൾ ഈ ദമ്പതികളോടൊപ്പം ഇവരുടെ വീട്ടിൽ താമസിച്ചു. ഇല്ലിക്കുന്നിലേക്കു പോകും വരെ ഈ കുട്ടികൾ ഗുണ്ടർട്ടു കുടുംബത്തിൽ അംഗങ്ങളായിരുന്നു.

മറുപടിയില്ലാത്ത കത്തുകൾ

ഹെർമൻ ഗുണ്ടർട്ട് തമിഴ്നാട്ടിലായിരുന്ന കാലത്ത് അയച്ച പത്തോളം കത്തുകൾ സ്ററുട്ഗാർട്ടിൽ എത്തിയതേയില്ല. 351 ദിവസം കാത്തിരുന്നിട്ടാണ് പിതാവിന് പുത്രന്റെ ഒരു കത്തു ലഭിച്ചത്. ഗുണ്ടർട്ടിന് പിതാവിൽ നിന്ന് ഇന്ത്യയിൽ ഒരു കത്തു ലഭിച്ചത് മംഗലാപുരത്തു വച്ചാണ്. ജനുവരി 15, 1839. ഒരു കത്തിൽ ഗുണ്ടർട്ട് എഴുതുന്നു: *ഇത് എന്റെ പതിനാറാമത്തെയോ പതിനേഴാമത്തെയോ കത്താണ്. ഇതുവരെ ഒരു മറുപടിയും ഇല്ല. അതുകൊണ്ട് ഈ പ്രവൃത്തി അതീവസങ്കടകരമായി ത്തീരുന്നു. മററു പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ ഞാൻ എന്റെ ഏകാന്തത മറന്നു പോകും. എന്നാൽ കത്തെഴുതുമ്പോൾ, എന്റെ ഹൃദയം കടലാസിലേക്ക് പൊട്ടിയൊഴുകുന്നു. അങ്ങയെക്കുറിച്ച് ഉത്കണ്ഠകളില്ലാതെയും അങ്ങുമായി ആത്മീയബന്ധം ഇല്ലാതെയും എനിക്കു കത്തെഴുതാനാവില്ല. ഇതു സർവശക്തനായ ദൈവത്തിന്റെ നിശ്ചയമല്ലെങ്കിൽ, ക്രൂരതയാണ്. ഇംഗ്ലീഷുകാരന്റെ മരവിപ്പിനെക്കാൾ ഭയങ്കരമായ ക്രൂരത!*

ചിററൂരിൽ നിന്നു ഗുണ്ടർട്ട് പിതാവിനയച്ച കത്തിൽ അസഹ്യമായ ഏകാന്തതയെക്കുറിച്ച് എഴുതുന്നു: *വിചിത്രമായ ഒരു ലോകത്ത്, ജന്മനാടിന്റെ ഉത്തേജനവും സമാശ്വാസവും പ്രചോദനവുമില്ലാതെ ഏകനായി കഴിഞ്ഞുകൂടുന്നത് എങ്ങനെയെന്ന് അങ്ങ് അറിഞ്ഞിട്ടില്ല. ഞാൻ ഒന്നുമല്ലെന്ന് ഇതിലൂടെ എനിക്കു മനസ്സിലാവുന്നു. ഇത് അസഹ്യമായ പാഠമാണ്. ചിലപ്പോഴൊക്കെ യോനായെപ്പോലെ 'ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കാനാണ് എനിക്കിഷ്ടം' എന്നു പറയാൻ തോന്നിപ്പോകുന്നു.*

ഈ വാക്കുകൾ അങ്ങയുടെ പക്കൽ എത്തുമെങ്കിൽ അറിയുക, മനുഷ്യഹൃദയം എല്ലായിടത്തും ഒരുപോലെയാണ്. അവിശ്വാസത്തിലൂടെ സാത്താൻ ഏകാകിയുടെ മേൽ പ്രബലപ്പെടുന്നു. സാത്താനെ ചെറുത്തു നിൽക്കണം എന്നു പറഞ്ഞേക്കാം. ചെറുക്കണമെങ്കിൽ കരുത്തുണ്ടാവണം. ശക്തമായ പരീക്ഷകളിൽ പ്രതിരോധ ശേഷി നഷ്ടപ്പെടാതിരിക്കാൻ അങ്ങ് അങ്ങാൽ കഴിയുംവിധം സഹായിക്കേണ്ടിയിരിക്കുന്നു. അനേകം കത്തുകൾ അന്യോന്യം അയച്ചെങ്കിലും അവയെല്ലാം നഷ്ടപ്പെട്ടു പോയെന്ന് അറിഞ്ഞപ്പോൾ പിതാവിനും മകനും ഉണ്ടായ വികാരങ്ങൾ ഊഹിക്കാമല്ലോ. അക്കാലത്തെ കത്തുകളിൽ അത് പ്രതിഫലിക്കുന്നു. CM 29.4.38

ബാസൽമിഷൻ അധികാരികൾ ഗുണ്ടർട്ടിൻെറ ആഗമനത്തിൽ അത്യധികം സന്തോഷിച്ചു. അവർ നേരിട്ട് ലുഡ്‌വിഗ് ഗുണ്ടർട്ടിന് സ്‌റ്റുട്ഗാർട്ടിലേക്ക് കത്തയയ്ക്കുകയുണ്ടായി. *ഇന്ത്യയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ഇതുവരെ വിശദമായി ആലോചിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ താമസംവിനാ താങ്കൾക്കു സദ്‌വാർത്ത കേൾക്കാം.* AG 30.7.39

7

ഉറ്റ ചങ്ങാതിമാരും സഹപ്രവർത്തകരും

സാമുവേൽ ഹേബിക് (1803-1868)

ബാസൽമിഷൻെറ ഇന്ത്യയിലെ മുഖ്യ ശില്പികളിൽ ഒരാളാണ് സാമുവേൽ ഹേബിക്. ഇന്ത്യയിൽ ആദ്യം എത്തിയ ബാസൽ മിഷണറിമാരിൽ ഒരാളാണ് അദ്ദേഹം. ഹേബിക്കിനെക്കുറിച്ച് ഗുണ്ടർട്ട് എഴുതുന്നു: *ഞാൻ ആദ്യമായി കണ്ട ഹേബിക് ശ്രദ്ധേയനാണ്. അദ്ദേഹം സദാ ബഹുജനദൃഷ്ടിയിലുണ്ട്. തനിക്കറിഞ്ഞുകൂടാത്തതെല്ലാം പിശാചിൻെറ മേഖലയാണ് അദ്ദേഹത്തിന്. നല്ല ചുറുചുറുക്കോടെ മുന്നോട്ടു പോകുന്ന ഹേബിക്കിന് ചിലപ്പോഴെങ്കിലും സഹപ്രവർത്തകരെ അവഗണിക്കേണ്ടിവരുന്നു. അടങ്ങിയിരിക്കാൻ അദ്ദേഹത്തിനു സാധ്യമല്ല. നാട്ടുകാരെക്കാൾ ബ്രിട്ടീഷുകാരെയാണ് അദ്ദേഹത്തിനിഷ്ടം.*

മലബാറിലെത്തിയശേഷം ഗുണ്ടർട്ട് ഹേബിക്കിനെ അങ്ങോട്ടു ക്ഷണിച്ചു. ഹേബിക്കിന് കണ്ണൂരാണ് ഇഷ്ടപ്പെട്ടത്. 1841-ൽ അദ്ദേഹം അവിടെ പ്രവർത്തനമാരംഭിച്ചു. 1859-ൽ ഇന്ത്യ വിട്ടു പോകുംവരെ അവിടെ തുടരുകയും ചെയ്തു. ഗുണ്ടർട്ട് ചിറയ്ക്കൽ ഉണ്ടായിരുന്ന കാലത്ത് ബാസൽമിഷൻ റിപ്പോർട്ടുകൾ എഴുതിത്തയ്യാറാക്കിയിരുന്നത് ഗുണ്ടർട്ടാണ്. അവയിൽ ആധികാരികമായി ഒപ്പുവയ്ക്കാൻ ഹേബിക്കിന് സന്തോഷമേ ഉണ്ടായിരുന്നുള്ളു. ഗുണ്ടർട്ട് രോഗിയായിരുന്നപ്പോൾ അദ്ദേഹത്തെ പരിചരിക്കുന്നതിൽ ഹേബിക് അത്യുത്സാഹം കാണിച്ചു. പ്രായമേറിവന്നതോടെ കൂടുതൽ സ്ഥലങ്ങളിൽ സഞ്ചരിച്ചു സുവിശേഷം പ്രസംഗിക്കാൻ ഹേബിക് താല്പര്യപ്പെട്ടു. മലബാറിൻെറ പല ഭാഗങ്ങളിലും അദ്ദേഹം ചെന്നെത്തി. ഹേബിക്കിന് അസാധാരണമായ എന്തോ വൈഭവമുണ്ടായിരുന്നു എന്നു വേണം കരുതാൻ. അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യം, വിശേഷിച്ച് നല്ല ഭാഷാപരിജ്ഞാനം ഇല്ലായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കാൻ ആളുകൾ താല്പര്യം കാണിച്ചു. ബാസൽമിഷൻെറ ആദ്യ കാലത്തെ പല അംഗങ്ങളെയും ഉപകർത്താക്കളെയും, വിശേഷിച്ച് തലശ്ശേരിയിലെ

ജഡ്ജിയായിരുന്ന ടി. എൽ. സ്ട്രെയിഞ്ച് (T.L. Strange), കളക്ടർ വില്യം റോബിൻസ് എന്നിവരെ ആകർഷിച്ചത് ഹേബിക്കാണ്. ഗുണ്ടർട്ടും മ്യൂഗ്ലിങ്ങും ചേർന്ന് ഹേബിക്കിന്റെ ജീവചരിത്രം എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി.

ഹെർമൻ മ്യൂഗ്ളിങ് (1811-1881)

ഹെർമൻ മ്യൂഗ്ലിങ് (Herrmann Moegling) എന്ന പേരിലെ ഹെർമന്റെ പൊരുൾ ഗുണ്ടർട്ട് ഒരിക്കൽ വിശദീകരിക്കുകയുണ്ടായി—Herr അവൻ, കർത്താവ് mann—മനുഷ്യൻ. അതായത് കർത്താവിന്റെ മനുഷ്യൻ. ഇതായിരുന്നു മ്യൂഗ്ലിങ് കല്പിച്ച അർഥം. പേരിൽ കൂട്ടിച്ചേർത്ത 'r' - ന്റെ പ്രസക്തിയും വ്യക്തമാകുന്നു. യഥാർഥത്തിൽ Hermann എന്ന പദത്തിന്റെ നിഷ്പത്തി Harimann (< Heeresmann = പട്ടാളക്കാരൻ) എന്ന വാക്കിൽനിന്നാണ്. ഈ കാര്യങ്ങളെല്ലാം മൂത്തപുത്രനായ ഹെർമന്[1] എഴുതിയ കത്തിൽ കാണുന്നു.GM 5.3.69 ട്യൂബിങ്ങൻ മുതൽ ഉററ ചങ്ങാതിയായിരുന്ന മ്യൂഗ്ലിങ്ങിനെക്കുറിച്ച് ഗുണ്ടർട്ട് എഴുതുന്നു: *മ്യൂഗ്ലിങ്ങിന് സ്വാതന്ത്ര്യബോധം നിമിത്തം ഏറെ സഹിക്കേണ്ടിവന്നു. പണമോ ഭാര്യയോ ഒന്നും അയാളെ ബന്ദിയാക്കിയിരുന്നില്ല. പല ചിന്താരീതികളെയും അയാൾ തുറന്നെതിർത്തു. സ്വന്തം നിലപാട് വാദിച്ചുറപ്പിക്കാനുള്ള ബുദ്ധിവൈഭവം അയാൾക്കുണ്ടായിരുന്നു. സ്വന്തം ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള ദൈവാനുഗ്രഹവും അയാൾക്കു ലഭിച്ചു.* GM 15.7.39 മ്യൂഗ്ലിങ്ങിനും ഗുണ്ടർട്ടിനും പരസ്പരം ഉണ്ടായിരുന്ന മതിപ്പ് ആ ബന്ധത്തെ ഊട്ടിയുറപ്പിച്ചു. ഗുണ്ടർട്ടിന് മ്യൂഗ്ലിങ് എഴുതുന്നു: *താങ്കൾക്കുള്ള മാനസികമായ ഊർജസ്വലത എനിക്കില്ല. അത് താങ്കളുടെ പ്രത്യേകതയാണ്.* AG 2.2.39 *താങ്കളുടെ ഏതു പ്രവർത്തനവും പുരോഗമിക്കുന്നു. ഞാനാണെങ്കിൽ സാഹചര്യങ്ങൾക്കൊത്തു നീങ്ങുകയാണ്.* GM. 17.10.39 [2]

ഗോട്ട്ഫ്രീഡ് വൈഗ്ലേയുടെ കന്നഡ ഭാഷാ പരിശ്രമങ്ങളിൽ മ്യൂഗ്ലിങ് സാരമായ പിന്തുണ നൽകിയിട്ടുണ്ട്. പ്രാചീന കൃതികൾ ശേഖരിക്കുന്നതിലും വ്യാകരണ സിദ്ധാന്തങ്ങൾ ക്രോഡീകരിക്കുന്നതിലും മ്യൂഗ്ലിങ് സമർഥനായിരുന്നു. കന്നഡ ബൈബിളിന്റെ തർജമയിലും അദ്ദേഹം പങ്കാളിയായി. മ്യൂഗ്ളിങ്ങിന്റെ ചില കന്നഡ ഭാഷാ രചനകൾ ഗുണ്ടർട്ട് മലയാളത്തിലേക്കും ഗുണ്ടർട്ടിന്റെ ചില രചനകൾ മ്യൂഗ്ളിങ് കന്നഡയിലേക്കും തർജമ ചെയ്യുകയുണ്ടായി.

ഗോട്ട്ഫ്രീഡ് വൈഗ്ലേ (1816-1855)

ട്യൂബിങ്ങൻ സർവകലാശാലയിൽ ഗുണ്ടർട്ടിന്റെ സമകാലികനായിരുന്നു വൈഗ്ലേ. വൈഗ്ലേയുടെ പിതാവു മരിച്ചപ്പോൾ വിധവയെ മ്യൂഗ്ളിങ്ങിന്റെ

---

1 ഇയാൾക്ക് സ്നാപനം നൽകിയത് മ്യൂഗ്ലിങ്ങാണ്.

2 BOTE SWISCHEN OST UND WEST (ബർലിനിലെ ലോകമലയാള സമ്മേളനത്തിന്റെ പ്രബന്ധങ്ങൾ) 1987:19— Ed. Albrecht Frenz കാണുക.

പിതാവ് വിവാഹം കഴിച്ചു.ഇങ്ങനെ മ്യൂഗ്ളിങ്ങും വൈഗ്ലേയും ഒരേ വീട്ടിൽ വളർന്നു വന്നു (പിൽക്കാലത്ത് വൈഗ്ലേ മരിച്ചപ്പോൾ മ്യൂഗ്ലിങ് വിധവയായ പൗളിനെയെ വിവാഹം കഴിച്ചു). ഇന്ത്യയിലെത്തിയതു മുതൽ വൈഗ്ലേ ഭാഷാ പഠനകാര്യങ്ങളിൽ വ്യാപൃതനായി . ഗുണ്ടർട്ടിന് വൈഗ്ലേ എഴുതുന്നു: *ഒരു പദകോശം ആരംഭിക്കാൻ സഹോദരൻ (മ്യൂഗ്ളിങ്) എന്നോടു പറയുന്നു. അമരകോശം പോലെ ഏതെങ്കിലും തമിഴ് ധാതു നിഘണ്ടുവുണ്ടോ? അതു നല്ലൊരു നിഘണ്ടുവിനുള്ള തുടക്കമായിരിക്കും. ഏറെ ബൃഹത്തായ കൃത്യത്തിനൊന്നും ഞാൻ ഒരുമ്പെടുന്നില്ല. എന്നാൽ തമിഴോ മലയാളമോ പോലുള്ള സഹോദരഭാഷകളുമായി ബന്ധപ്പെടുത്തിയുള്ള ധാതുനിർണയനം വഴിതെററിപ്പോകാതിരിക്കാൻ അനിവാര്യമാണ് .* AG 28.10.40

ഭാഷാ സാഹിത്യ പരിശ്രമങ്ങളിൽ ഗുണ്ടർട്ടിനെ ഉത്തേജിപ്പി ക്കുന്നതിൽ വൈഗ്ലേയ്ക്കും മ്യൂഗ്ളിങ്ങിനും നല്ല പങ്കുണ്ടായിരുന്നു. വൈഗ്ലേയുടെ ബുദ്ധിപരതയും മ്യൂഗ്ളിങ്ങിൻെറ ഊർജസ്വലതയും ഗുണ്ടർട്ടിന് സഹായകമായി. ബോംബെയിൽ അച്ചടിക്കാര്യങ്ങൾക്കു പോയ വൈഗ്ലേയാണ് മംഗലാപുരം പ്രസ് സ്ഥാപിച്ചത്. അക്കാലത്ത് വൈഗ്ലേ എഴുതുന്നു: *...താങ്കളുടെ പക്കൽ നിന്നു ഞാൻ മനഃപൂർവം എടുത്തു കൊണ്ടുപോന്ന താങ്കളുടെ നിഘണ്ടുവിൻെറ പേജുകൾ ഇപ്പോൾ ഞാൻ മടക്കിയയയ്ക്കാം. ഇക്കാര്യം ഞാൻ നേരത്തേ പറഞ്ഞിരുന്നല്ലോ... കേരളോല്പത്തി ഇംഗ്ലീഷിലോ മലയാളത്തിലോ അച്ചടിപ്പിക്കണം എന്നാണ് എൻെറ അഭിപ്രായം. സുപരിചിതമായ ഒരു ശീർഷകമായതുകൊണ്ട് ഉള്ളടക്കം അറിയാൻ ആർക്കും കൗതുകമുണ്ടായിരിക്കും. അതിനാൽ പൊതുവേ സ്വീകാര്യമാകണം.* AG 14.2.1842

1842 സെപ്ററംബറിൽ വൈഗ്ലേ ഗുണ്ടർട്ടിനെ ഇല്ലിക്കുന്നിൽ സന്ദർശിച്ചു. ഇതേക്കുറിച്ച് വൈഗ്ലേയുടെ കത്ത്: *അവിടെ ഞങ്ങൾ ഒരുമിച്ച് ലഭ്യമായ അറിവുവച്ച് തുളുഭാഷയുടെ പദാവലി പരിശോധിച്ചു.* വൈഗ്ലേയും ഗുണ്ടർട്ടും തമ്മിലുള്ള കത്തിടപാടുകൾ ദ്രാവിഡഭാഷകളുടെ ആന്തര തത്ത്വങ്ങൾ വിശദീകരിക്കാൻ ഉപകരിച്ചേക്കും. നിർഭാഗ്യവശാൽ വൈഗ്ലേയ്ക്ക് ഗുണ്ടർട്ടയച്ച കത്തുകളിൽ ചുരുക്കം ചിലതുമാത്രമാണ് കണ്ടുകിട്ടിയിട്ടുള്ളത്. വൈഗ്ലേ അയച്ച കത്തുകൾ പലതും ലഭ്യമാണെങ്കിലും കാര്യങ്ങളെല്ലാം ചുരുക്കിപ്പറഞ്ഞിരിക്കുന്നതുകൊണ്ട് ഭാഷാപ്രശ്നങ്ങൾ വിശദമായി മനസ്സിലാക്കാനാവില്ല. എങ്കിലും ദ്രാവിഡഭാഷാ ഗവേഷകർക്കു പ്രയോജനപ്പെടുത്താവുന്ന രേഖകളാണിവ.

വൈഗ്ലേയുടെ അകാല നിര്യാണം (1855 ജൂൺ 7) ഗുണ്ടർട്ടിനെ ദുഃഖിപ്പിച്ചു. ഇതേത്തുടർന്നാണ് മനസ്സില്ലാമനസ്സോടെ അദ്ദേഹം കേരളത്തിൽ നിന്നു മംഗലാപുരത്തേക്കു പോകേണ്ടിവന്നത്. ഇക്കാര്യം പിന്നീട് വ്യക്തമാക്കാം.

8

വീണ്ടും ജീവിതകഥയിലേക്ക്

മംഗലാപുരത്തുനിന്ന് മലബാറിലേക്ക്

ഗുണ്ടർട്ട് പാളയംകോട്ടയിൽവച്ചുതന്നെ തലശ്ശേരിക്കടുത്തുള്ള അഞ്ചരക്കണ്ടി എസ്റേററിനെക്കുറിച്ചും അവിടത്തെ മിഖായേൽ ഉപദേശിയെക്കുറിച്ചും കേട്ടിരുന്നു. 1839 ജനുവരിയിൽ മിഖായേലിനെ കാണാൻ ഗുണ്ടർട്ട് മംഗലാപുരത്തുനിന്ന് ഇരുപത്തിമൂന്നു മണിക്കൂർ പത്തേമാരിയിൽ സഞ്ചരിച്ച് കണ്ണൂരിൽ എത്തി. റേനിയൂസിൻെറ കാലത്ത് തിരുനൽവേലിയിലെ ക്രൈസ്തവസമൂഹത്തിൽ അംഗമായിരുന്ന വെസ്ററാണ് ഗുണ്ടർട്ടിനെ കണ്ണൂരിൽ സ്വീകരിച്ചത്. ഒരു ക്രൈസ്തവ മത പ്രചാരകനാകാൻ ആഗ്രഹിച്ചെങ്കിലും ഗ്രീക്കും ഹീബ്രുവും വശമാക്കാൻ പ്രാപ്തിയില്ലാതിരുന്നതുകൊണ്ട് ആ ഉദ്യമത്തിൽനിന്നു പിൻവാങ്ങി പോസ്ററുമാസ്റററായി പ്രവർത്തിച്ചിരുന്ന വ്യക്തിയാണ് വെസ്ററ്. ഔദ്യോഗികമായ നിലയിൽ പലരുമായി സൗഹൃദ ബന്ധത്തിലായിരുന്ന വെസ്ററ് പല വ്യക്തികളെയും ഗുണ്ടർട്ടിനു പരിചയപ്പെടുത്തിക്കൊടുത്തു. അവരിൽ പലരും ഒരു മിഷണറിയെ തങ്ങളുടെ ഇടയിൽ ലഭിച്ചാൽ കൊള്ളാം എന്ന ആഗ്രഹം പ്രകടിപ്പിച്ചു. ജനുവരി 27-ാം തീയതി കണ്ണൂരിലെ ദേവാലയത്തിൽ ഗുണ്ടർട്ട് പ്രസംഗിച്ചു. അവിടെ ശുശ്രൂഷയിൽ പങ്കെടുത്തിരുന്നവരിൽ തമിഴരായ ധാരാളം പട്ടാളക്കാർ ഉണ്ടായിരുന്നു. അവർക്ക് ഗുണ്ടർട്ടിൻെറ തമിഴ് പ്രസംഗം സന്തോഷകരമായിരുന്നിരിക്കണം. അവിടെ വച്ച് മിഖായേലുമായി ഗുണ്ടർട്ട് ദീർഘമായി സംസാരിച്ചു.

തലശ്ശേരി വഴി അഞ്ചരക്കണ്ടിയിലേക്ക്

അഞ്ചരക്കണ്ടിയുടെ കഥ ഗുണ്ടർട്ട് മനസ്സിലാക്കി. ബ്രൗൺ എന്ന ഇംഗ്ലീഷുകാരനായിരുന്നു അന്നത്തെ തോട്ടം ഉടമ. അടിമകളാണ് അവിടെ പണിയെടുത്തിരുന്നത്. മ്ലേച്ഛരിൽ മ്ലേച്ഛരായി പരിഗണിക്കപ്പെട്ടിരുന്ന വരാണ് ഇവർ. മനുഷ്യത്വഹീനമായ ശിക്ഷകൾ നൽകി അവരെ മെരുക്കി നിർത്തിയിരുന്നു. ബ്രൗൺ സായ്പ് മതവിശ്വാസിയായിരുന്നില്ല. തോട്ടം ഉടമയായ ബ്രൗൺ സായ്പ് ഇംഗ്ലണ്ടിലായിരുന്നതിനാൽ അയാളുടെ അച്ഛന് നാട്ടുകാരിയായ സ്ത്രീയിൽ ജനിച്ച കുട്ടികളാണ് അപ്പോൾ

തോട്ടത്തിൻെറ മേൽനോട്ടം വഹിച്ചിരുന്നത്. അവരും ബ്രൗൺ എന്ന പേരിൽ അറിയപ്പെട്ടു. തൻെറ അടിമകളുടെ ജീവിതചര്യയിൽ അല്പസ്വല്പം പുരോഗമനം ഉണ്ടാക്കാൻ ക്രിസ്തുമതം ഉപകരിച്ചേക്കും എന്ന പ്രതീക്ഷയിൽ അവരുടെ ഇടയിൽ പ്രവർത്തിക്കാൻ ഒരു മിഷണറിയെ നിയോഗിക്കുന്നതിനു തോട്ടമുടമ തീരുമാനിച്ചു. ബ്രൗൺസായ്പിൻെറ അഭ്യർഥന അനുസരിച്ച് തിരുനൽവേലിയിലെ റേനിയൂസ് മിഷണറി അഞ്ചരക്കണ്ടിയിലേക്കയച്ച മതപ്രചാരകനാണ് മിഖായേൽ. കത്തോലിക്കാ മതത്തിൽനിന്നു പ്രൊട്ടസ്റററൻറ് മതത്തിലേക്കു വന്ന ഈ തമിഴ്നാട്ടുകാരൻ 1835 മുതൽ അഞ്ചരക്കണ്ടിയിൽ പ്രവർത്തിച്ചിരുന്നു.

ഗുണ്ടർട്ട് 30-ാം തീയതി പ്രഭാതത്തിൽ കുതിരപ്പുറത്ത് തലശ്ശേരിയിലേക്കു പോയി. അവിടെനിന്ന് അഞ്ചരക്കണ്ടിയിലേക്കു പോകണമെന്നു തോന്നി. അതിനാൽ തലശ്ശേരിയിൽ ജഡ്ജി ആൻഡേഴ്സൺൻെറ വസതിയിൽ എത്തിയ ഉടൻ ബ്രൗണിന് അദ്ദേഹം ഒരു കത്തു കൊടുത്തയച്ചു. അതിനു ബ്രൗൺ അന്നു തന്നെ നൽകിയ മറുപടി: *ഞാൻ ഉൾനാട്ടിൽനിന്നു വന്നതേയുള്ളു. താങ്കളെ അഞ്ചരക്കണ്ടിയിൽ സ്വീകരിക്കാനും അവിടത്തെ ഹീനജാതിക്കാരായ ജോലിക്കാരുടെ മതപരിവർത്തനത്തെക്കുറിച്ചു ചർച്ച ചെയ്യാനും എനിക്കു സന്തോഷമേയുള്ളു. അവിടെ ജോലി ചെയ്യുന്ന ഉപദേശി മലബാർ (ഭാഷ) എഴുതാനും വായിക്കാനും പഠിപ്പിക്കുന്നതിലും സുവിശേഷം വിശദീകരിക്കുന്നതിലും കുറെയൊക്കെ മുന്നോട്ടു പോയിട്ടുണ്ട്.*

എനിക്ക് ഇവിടെ ഏതാനും ദിവസത്തെ ജോലിയുണ്ട്. അതുവരെ കാത്തിരിക്കാൻ കഴിയുമോ? സാധ്യമല്ലെങ്കിൽ താങ്കളെ അവിടെ സ്വീകരിക്കാൻ ഏർപ്പാടുകൾ ചെയ്യാം. AG 30.1.39

ഉടനടി നേരിട്ട് അഞ്ചരക്കണ്ടിയിലേക്കു പോകാൻ ഗുണ്ടർട്ട് ആഗ്രഹിച്ചെങ്കിലും ബ്രൗണിൻെറ ജോലികൾ ഒതുങ്ങുന്നതുവരെ കാത്തു നിൽക്കേണ്ടി വന്നു.

തലശ്ശേരിയിൽ ഒരു ക്രൈസ്തവ മിഷണറിക്കു പ്രസക്തിയുണ്ടെന്ന് അവിടത്തെ താമസത്തിനിടയിൽ ഗുണ്ടർട്ടിനു ബോധ്യമായി. അവിടെ തങ്ങാൻ പലരും ഗുണ്ടർട്ടിനെ ക്ഷണിച്ചു. എങ്കിലും അത് അദ്ദേഹത്തിന് അസാധ്യമായിരുന്നു. അഞ്ചരക്കണ്ടിയിലെയും തലശ്ശേരിയിലെയും വൃത്താന്തങ്ങളെല്ലാം കാണിച്ച് ഒരു റിപ്പോർട്ട് അദ്ദേഹം ബാസലിലേക്കയച്ചു. GB 24.1-10.2.39

ഫെബ്രുവരി രണ്ടാം തീയതി രാവിലെ അഞ്ചരക്കണ്ടിയിൽ നദീതീരത്തുള്ള ബംഗ്ലാവിൽ ബ്രൗണിൻെറ കൂടെ ഗുണ്ടർട്ട് എത്തിച്ചേർന്നു. അവിടെ ബ്രൗൺ സഹോദരന്മാരെയും മിഖായേലിനെയും കണ്ടു ദീർഘമായി അദ്ദേഹം സംസാരിച്ചു. തോട്ടത്തിൻെറ നടത്തിപ്പുകാരായ ബ്രൗൺ സഹോദരന്മാർ അടിമജോലിക്കാരുടെ കാര്യത്തിൽ യാതൊരു താല്പര്യവും പ്രദർശിപ്പിച്ചിരുന്നില്ലെന്നും ബ്രൗൺ സായ്പ് ഏർപ്പെടുത്തിയിരുന്ന സൗകര്യങ്ങൾ കൂടി വെട്ടിക്കുറയ്ക്കുകയാണെന്നും ഗുണ്ടർട്ട് മനസ്സിലാക്കി. അദ്ദേഹം അവിടെ സുവിശേഷ പ്രസംഗങ്ങൾ

നടത്തി. ബംഗ്ലാവിൽ പ്രാർഥന നടത്താൻ ഗുണ്ടർട്ടിനെ ബ്രൗൺ ക്ഷണിച്ചു. മദ്യപാനവും ചീത്തവിളിയും തർക്കവും പണമിടപാടുകളും നിറഞ്ഞു നിൽക്കുന്ന സ്ഥലം പ്രാർഥനയ്ക്കു പററിയതല്ലെന്നും ഗുണ്ടർട്ട് കരുതി. ഉപദേശി മിഖായേലിൻെറ കൂടെ അദ്ദേഹം അടിമകളെ സന്ദർശിച്ചു. കുട്ടികളുടെ പാഠശാലകൂടി നോക്കിക്കണ്ട ശേഷം അദ്ദേഹം കണ്ണൂരിലേക്കു മടങ്ങി.

മിഷണറി ശൈലിയിൽ ഒരു പ്രേമലേഖനം

കണ്ണൂരിലെത്തിയ ഗുണ്ടർട്ടിനെ കാത്തുകിടന്നിരുന്നത് പ്രിയതമയുടെ കത്താണ്. വിവാഹത്തിനു ശേഷം ആദ്യമായുണ്ടാകുന്ന വിരഹം! ജനുവരി 24 മുതൽ 27 വരെയുള്ള നാലു ദിവസത്തെ വിരഹവ്യഥയും മാനസിക സംഘർഷങ്ങളും ഫ്രഞ്ചു ഭാഷയിലെഴുതിയ ഈ കത്തിൽ പ്രതിഫലിക്കുന്നു. അതിൻെറ ചില ഭാഗങ്ങൾ: *...അസഹ്യമായ ഹൃദയവേദന. എനിക്ക് അത് വിവരിക്കാനാവില്ല. എൻെറ ഒരു ഭാഗം എന്നെ വിട്ടുപിരിഞ്ഞതുപോലെ എനിക്കു തോന്നി. എൻെറ മനസ്സ് ഇപ്പോൾ ശാന്തമായി വരുന്നു എന്ന് എൻെറ വൈദ്യനും ഗുരുവുമായ അങ്ങയെ അറിയിക്കാൻ സന്തോഷമുണ്ട്. ഞാൻ ഏതാനും കന്നഡവാക്കുകൾ തോട്ടത്തിലെ പണിക്കിടയിൽ കുട്ടികളിൽ നിന്നു കേട്ടു പഠിച്ചു. ശ്രീമതി പാമർ എന്നെ കൂട്ടിക്കൊണ്ടു പോകാൻ വന്നു. എന്നാൽ എൻെറ നാഥൻ മടങ്ങിവരുംവരെ വിധവയെപ്പോലെ ഞാൻ ജീവിക്കും എന്ന് അവരോടു ഞാൻ പറഞ്ഞു. യാതൊരു കാരണവശാലും അങ്ങേയ്ക്ക് ഒരു ഭാരമാകരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നെക്കുറിച്ച് ഉത്കണ്ഠപ്പെടരുത്. വേദനയെല്ലാം ഞാൻ സഹിച്ചുകൊള്ളാം. അങ്ങ് സന്തോഷമായിരുന്നാലും. ആ അടുപ്പവും തലോടലും എനിക്ക് എന്ത് ഇഷ്ടമാണെന്നോ? എന്നാൽ, ഞാൻ എത്ര അയോഗ്യയാണെന്നും നേരിയ സ്നേഹപ്രകടനംപോലും എന്നെ കൃതജ്ഞതാ നിർഭരയാക്കുന്നു എന്നും ആത്മീയമായി ഞാൻ അറിയുന്നു.....അങ്ങു ചോദിക്കുന്നത് (ഞാൻ തന്നെ പറയുന്നത്) ഞാൻ കേൾക്കുന്നു, എന്തുകൊണ്ട് ദൈവം നിനക്ക് എല്ലാമെല്ലാമാകുന്നില്ല. വിവാഹത്തിനു മുമ്പ് ദൈവം എനിക്ക് എല്ലാമെല്ലാമായിരുന്നു എന്നു തോന്നുന്നു. വിരഹം അസഹ്യമെന്നു കരുതുന്നവർ വിശ്വാസമില്ലാത്തവരാണെന്നു പണ്ട് ഞാൻ കരുതിയിരുന്നു. ഞാൻ ഇപ്പോൾ എൻെറ ദൗർബല്യം നേരിൽക്കാണുകയാണ്. ഞാൻ പരിഹസിച്ചവരുടെ ദൗർബല്യത്തെക്കാൾ കൂടുതലാണിത്. എൻെറ പരിഹാസത്തിന് ദൈവം എന്നെ ശിക്ഷിച്ചതാകാം. ഈ വികാരത്തിനെതിരെ ഞാൻ പോരാടണം. മററുള്ളവർ ചെയ്തപ്പോൾ നമുക്ക് അഹിതകരമായി തോന്നിയതു നമ്മൾ തന്നെ ചെയ്യുന്നു.* GM 24-27.1.39

ഇല്ലിക്കുന്നു ബംഗ്ലാവ്

ഗുണ്ടർട്ട് മംഗലാപുരത്ത് മടങ്ങിയെത്തി വിവരങ്ങൾ അറിയിച്ചപ്പോൾ മലബാറിൽ മിഷൻകേന്ദ്രം തുടങ്ങാനുള്ള നിർദേശം മൃൂഗ്ളിങ്

ബാസലിലേക്കയച്ചു. എന്നാൽ ബാസലിൽ നിന്നുള്ള മറുപടി എത്തും മുമ്പ് നാടകീയമായി അതു നിറവേറി.

തലശ്ശേരിയിലെ നിയമജ്ഞനായ സ്ട്രെയിഞ്ച് തൻെറ ബംഗ്ലാവ് ബാസൽ മിഷന് സംഭാവന ചെയ്യാമെന്ന് ഫെബ്രുവരി 27-ാം തീയതി കത്തുവഴി അറിയിച്ചു. തലശ്ശേരിക്കു പോയി വീട് ഏറ്റെടുക്കാൻ മിഷണറി സംഘം ഗുണ്ടർട്ടിനെ ചുമതലപ്പെടുത്തി. *ഞാനും ഡേലിംഗർ (Dehlinger) സഹോദരനും കൂടി അവിടെ മലയാള മിഷൻ ആരംഭിക്കണം എന്ന് ഉടനടി തീരുമാനമാകും* എന്ന് ഗുണ്ടർട്ടിൻെറ ഒരു കത്തിൽ കാണുന്നു.

ജർമൻ മിഷണറിമാർ പശ്ചിമതീരത്തു വന്നതുമുതൽ തലശ്ശേരിയിൽ മിഷൻ കേന്ദ്രം തുടങ്ങാൻ അപേക്ഷ ഉണ്ടായിരുന്നു. ടി.എൽ.സ്ട്രെയിഞ്ച് ചർച്ച് മിഷണറിമാരെ കൊണ്ടുവരാനുള്ള ശ്രമം പരാജയപ്പെട്ടപ്പോഴാണ് ബാസൽ മിഷണറിമാർക്ക് വീട് സംഭാവന ചെയ്തത്. മാർച്ച് 2-ാം തീയതി സ്ട്രെയിഞ്ചിന് ഇംഗ്ലണ്ടിലേക്കു പോകേണ്ടിയിരുന്നതു കൊണ്ട് എല്ലാ തീരുമാനങ്ങളും ഉടനടി പ്രാബല്യത്തിൽ വന്നു.

1839 മാർച്ച് 21-ന് ഗുണ്ടർട്ട് ഇല്ലിക്കുന്നിലെ ബംഗ്ലാവിൽ—ഇന്നത്തെ ഗുണ്ടർട്ടുബംഗ്ലാവിൽ—പ്രാഥമിക സന്ദർശനം നടത്തി. സ്ട്രെയിഞ്ച് നൽകിയ സംഭാവനയുടെ തോതും തരവും സന്ദർശകനിൽ അമ്പരപ്പുളവാക്കി. വിസ്തൃതമായ ബംഗ്ലാവ്, മുറികൾ നിറയെ ഉപകരണങ്ങൾ, ഷെൽഫുകൾ നിറയെ പുസ്തകങ്ങൾ, വീടു നിറയെ മനുഷ്യരുമുണ്ടായിരുന്നു—സ്ട്രെയിഞ്ചിൻെറ പഴയ സുഹൃത്തുക്കൾ, സേവകർ, പുതുതായി വന്നുചേരുന്ന ജർമൻ മിഷണറിമാരെ പരിചയപ്പെടാൻ ശ്രമിക്കുന്നവർ എന്നിവരെല്ലാം അടങ്ങുന്ന വലിയൊരു സംഘം. മാർച്ച് 23-ന് അദ്ദേഹം എഴുതിയ കത്തിൽ അവിടത്തെ ദൃശ്യങ്ങളുടെ വിവരണം കാണാം. ഇത്ര വിപുലമായ സൗകര്യങ്ങളെല്ലാം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്ന ചിന്തയോടെയാണ് ആ കത്തു സമാപിക്കുന്നത്. GM 23.3.39

മലബാറിൽ താമസമുറപ്പിക്കുന്നു

1839 ഏപ്രിൽ 12-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ഗുണ്ടർട്ട് ദമ്പതിമാരും ഡേലിംഗറും പത്തേമാരിയിൽ തലശ്ശേരിയിലെത്തി. കൊച്ചുവള്ളങ്ങളിൽ സാധനങ്ങളെല്ലാം സന്ധ്യയ്ക്കു മുൻപ് ബംഗ്ലാവിൻെറ പരിസരത്ത് എത്തിച്ചു. *അപ്പോൾ മുതൽ മഴ തുടങ്ങി. ഇങ്ങനെയുള്ള മഴ ഇതിനു മുമ്പു ഞങ്ങൾ കണ്ടിട്ടില്ല* എന്ന് ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. GM 7.5.39 അടുത്ത ഞായറാഴ്ച ഗുണ്ടർട്ട് തലശ്ശേരിയിലെ ആംഗ്ലിക്കൻ ദേവാലയത്തിൽ പോയി. അവിടെ കണ്ണൂരിൽ നിന്നു വന്ന പുരോഹിതനാണ് ശുശ്രൂഷ നടത്തിയിരുന്നത്. *അദ്ദേഹത്തിനു വന്നെത്താൻ കഴിയാത്ത ദിവസങ്ങളിൽ ഞാൻ സുവിശേ പ്രബോധനം നടത്തിയാൽ കൊള്ളാമെന്നും എന്നാൽ വായനയ്ക്കുള്ള പീഠത്തിൽ കയറിനിന്ന് ആരാധന നടത്തരുതെന്നും നിർദേശിച്ചു.* GM 7.5.39 ഈ ക്രമീകരണം ഗുണ്ടർട്ട് സമ്മതിച്ചിരിക്കണം. ഇല്ലിക്കുന്നിലെത്തി ആറാം ദിവസം

അദ്ദേഹത്തിൻെറ കടിഞ്ഞൂൽ പുത്രൻ പിറന്നു. ഈ കുട്ടിക്കു ഹെർമൻ എന്നു പേരു നൽകി. കുട്ടിയുടെ സ്നാപനത്തിനു സ്നേഹിതനായ മ്യൂഗിളിങ് വന്നെത്തി. ഗുണ്ടർട്ടിൻെറ സഹപ്രവർത്തകനായ ഡേലിംഗർ രോഗം നിമിത്തം മെയ് 4-ന് മ്യൂഗ്ളിങ്ങിനോടൊപ്പം മംഗലാപുരത്തേക്കു തിരിച്ചു പോയി.

മലയാളത്തിൻെറ മർമങ്ങൾ തേടുന്നു

ഇല്ലിക്കുന്നിൽ എത്തിയതുമുതൽ അദ്ദേഹം മലയാളപഠനം തുടങ്ങിയിരിക്കണം. പ്രധാനപ്പെട്ട മററു ദ്രാവിഡഭാഷകളെല്ലാം ഇതിനോടകം അദ്ദേഹം വശമാക്കിയിരുന്നു. മലയാള ഭാഷാ പഠനം തുടങ്ങിയ ഘട്ടത്തിൽ അദ്ദേഹം നടത്തുന്ന ചില നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക: *മലയാള ഭാഷാപഠനം ചില്ലറ തടസ്സങ്ങളുണ്ടെങ്കിലും പുരോഗമിക്കുന്നു. ലിപി, പുരുഷപ്രത്യയം, ധാതുവിൻെറ അർഥസാധ്യതകളിൽ നിന്നുള്ള തെരഞ്ഞെടുപ്പ് എന്നിവയിലൊഴിക തമിഴിൽ നിന്ന് ഇത് വ്യത്യസ്തമല്ല. തിരുവിതാംകൂറിലെ ബ്രാഹ്മണ സ്വാധീനം കൊണ്ട് ഇതിൽ വേണ്ടതിലേറെ സംസ്കൃതം കലർന്നിരിക്കുന്നു. നമ്മുടെ മധ്യകാല ജർമനോട് തമിഴിനെയും കഴിഞ്ഞ നൂററാണ്ടിലെ ഫ്രഞ്ചു കലർന്ന ജർമനോട് മലയാളത്തെയും താരതമ്യപ്പെടുത്താം.* ഈ ഭാഷ എളുപ്പത്തിൽ പഠിക്കണമെങ്കിൽ ഇവിടത്തെ (തമിഴരായ) വേലക്കാരെയെല്ലാം പറഞ്ഞുവിടണം. അതു നടപ്പുള്ള കാര്യമല്ല. അതിനാൽ എല്ലാ ദിവസവും വൈകുന്നേരം തമിഴിൽ വേദപുസ്തകം വായിച്ചു വിശദീകരിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ഞായറാഴ്ച ഉച്ചകഴിഞ്ഞ് വീട്ടിൽ തമിഴ് ആരാധന (ഉച്ചയ്ക്ക് മുമ്പ് ഇംഗ്ലീഷിൽ).*

അതേ കത്തിൽ, തലശ്ശേരിയിലെ മററു ക്രൈസ്തവരെക്കുറിച്ച്: *ഇവിടെ ധാരാളം കത്തോലിക്കരുണ്ട്. മംഗലാപുരത്തുള്ളവരെപ്പോലെ ഒഴിഞ്ഞുമാറിപ്പോകുന്നവരല്ല ഇവർ. ഇവിടത്തെ പുരോഹിതിനുമായി താമസംവിനാ ഉററ ബന്ധത്തിലായേക്കും. അദ്ദേഹം നാട്ടുകാരനാണ്. സയാമിലും ചൈനയിലും സഞ്ചരിച്ചിട്ടുള്ള അദ്ദേഹം തമിഴും സംസാരിക്കും.*
GM 7.5.39

വഴി തെളിച്ചെടുക്കാൻ കഴിയുന്നില്ല

ഡേലിംഗർ മടങ്ങിപ്പോയതുമുതൽ ഒരു സഹപ്രവർത്തകനെ ലഭിക്കാൻ ഗുണ്ടർട്ട് ശ്രമിക്കുകയായിരുന്നു. മിഷൻ പള്ളിയിൽ പല കാര്യങ്ങളും ചെയ്യാം എന്ന് അദ്ദേഹം കണക്കുകൂട്ടി. എന്നാൽ ഒന്നിനും സമയം കിട്ടാത്തവണ്ണം തത്രപ്പാടിലായിരുന്നു ആ ദിവസങ്ങൾ. ജൂലി ഗുണ്ടർട്ടിനാണെങ്കിൽ സ്വന്തം

* പതിനെട്ടാം നൂറ്റാണ്ടിൻെറ മധ്യത്തിൽ ഫ്രഞ്ചു ഭാഷയ്ക്കു ജർമനിയിൽ, വിശിഷ്യ പ്രഷ്യയിൽ, വലിയ ബഹുമതി കൈവന്നു. മതനവീകരണത്തിനുശേഷം ജർമനിയിലേക്കു കുടിയേറിയ ഫ്രഞ്ചുകാരായ ബുദ്ധിജീവികളാണ് ഈ മാന്യത അവരുടെ മാതൃഭാഷയ്ക്കു നേടിക്കൊടുത്തത്. സമൂഹത്തിലെ മേലാളർ ഫ്രഞ്ചു സംസാരിക്കുന്നതിൽ അഭിമാനംകൊണ്ടിരുന്നു. അനേകം ഫ്രഞ്ചു പദങ്ങൾ ജർമനിലേക്കു ഇക്കാലത്ത് കുടിയേറി.

കൈക്കുഞ്ഞിൻെറ കാര്യം മാത്രമല്ല, ഇല്ലിക്കുന്നിൽ പാർപ്പിച്ചിരിക്കുന്ന ആറു ദരിദ്രബാലികമാരുടെ കാര്യം കൂടി ശ്രദ്ധിക്കേണ്ടിയിരുന്നു. സർവോപരി, ഗുണ്ടർട്ടിനെ ആകുലചിത്തനാക്കിയത് താൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ദൗത്യം നിർവഹിക്കാനുള്ള വഴി തെളിച്ചെടുക്കാൻ കഴിയുന്നില്ല എന്നതായിരുന്നു. എന്തു ചെയ്യണം, എങ്ങനെ ചെയ്യണം എന്നൊക്കെ ചർച്ച ചെയ്തു തീരുമാനിക്കാൻ പങ്കാളികളില്ല. തങ്ങളെ സമീപിക്കുന്നവർ അവതാരപുരുഷന്മാരെപ്പോലെ തങ്ങളെ നോക്കിക്കാണാനാണ് ആഗ്രഹിച്ചത്. ഭാഷയും വേഷവും സാധാരണക്കാരെപ്പോലെ പെരുമാറാൻ പ്രതിബന്ധമായിരിക്കുന്നു: *ജന്മനാട്ടിൽ നമുക്കു വ്യക്തമായ മാർഗനിർദേശങ്ങളും സാധ്യതകളുമുണ്ടായിരുന്നു. ഇവിടെ പുതിയ ചുററുപാടിൽ മനസ്സു കലങ്ങുന്നു. ഇവിടെ താരതമ്യേന ഉയരത്തിൽ നിന്നുകൊണ്ടു നാം ചുററും നോക്കുന്നു. ചുററുമുള്ളവർ മുഖമുയർത്തി നമ്മെ നോക്കുന്നു.* GM 19.9.39

ഇല്ലിക്കുന്നിലെ വലിയ ബംഗ്ലാവിൽ ഗുണ്ടർട്ട് അസ്വസ്ഥനായിത്തീർന്നു. ഈ ഘട്ടത്തിൽ മിഷൻ വിട്ട് അധ്യാപകനായി നീലഗിരിയിലേക്ക് പോകാൻ അവസരം ലഭിച്ചതാണ്. തൻെറ കുട്ടികളുടെ അധ്യാപകനായി നീലഗിരിയിലേക്കു വരാൻ ഗുണ്ടർട്ടിനെ ചിററൂരിലെ സുഹൃത്തായ ലസ്സലസ് ക്ഷണിച്ചു. ഇതു വേണ്ടെന്ന് ഗുണ്ടർട്ട് ഉറച്ചു. മിഷണറിയായി തുടരാനായിരുന്നു തീരുമാനം. വലിയ ബംഗ്ലാവിൽ നിന്നു പുറത്തു കടക്കാൻ അദ്ദേഹം യുക്തികൾ കണ്ടെത്തി. മ്യൂഗ്ളിങ്ങും സഹപ്രവർത്തകരും മംഗലാപുരത്ത് ചെറിയ വീടുകളിലാണ് പാർത്തിരുന്നത്. അവിടത്തെ മിഷൻ ബംഗ്ലാവ് വാടകയ്ക്കു കൊടുത്തിരിക്കുകയായിരുന്നു. അതുതന്നെ ഇവിടെയും ചെയ്യാനാണ് അദ്ദേഹം നിർദേശിച്ചത്: *ബംഗ്ലാവ് വാടകയ്ക്കു കൊടുത്താൽ മംഗലാപുരത്തു കിട്ടുന്ന അറുപതു രൂപയോ അതിലധികമോ ഇവിടെയും കിട്ടും. ഞങ്ങളുടെ താമസത്തിന് പന്ത്രണ്ടു രൂപയിലധികം കൊടുക്കേണ്ടിവരികയില്ല. ഇങ്ങനെ മിച്ചം വരുന്ന തുക ഉപയോഗിക്കാൻ കഴിഞ്ഞാൽ താമസസൗകര്യങ്ങൾക്കു വേണ്ടി വലിയ തുക ചെലവഴിക്കാതെ ബാസലിലെ കമ്മിററിയെ സഹായിക്കാം. അപ്പോൾ അവർക്കു പുതിയ മിഷണറിമാരെ അയയ്ക്കാൻ കഴിയുമല്ലോ. മിഷണറിമാരെല്ലാം ഒരേ കേന്ദ്രത്തിൽ ഒന്നിച്ചു കഴിയേണ്ട ആവശ്യവും ഉണ്ടാകയില്ല. ഒരു കേന്ദ്രത്തിൽ രണ്ടു മിഷണറിമാരിലധികം ആവശ്യമില്ല. ഇവിടെനിന്ന് ഇറങ്ങിപ്പോരുന്നതിൽ എൻെറ ഭാര്യയും സന്തുഷ്ടയായിരിക്കും. ഈ വീട് വിലപ്പെട്ട സമ്മാനം തന്നെ. എന്നാൽ വളരെ വ്യയകരമാണ്. ഇതെല്ലാം വലിയവർക്കു വേണ്ടിയുള്ളതാണ്. ധാരാളം വേലക്കാർ വേണം. സന്ദർശകരും ധാരാളമുണ്ടാകും. അവർക്കെല്ലാം ഉചിതമായ സദ്യ ഒരുക്കേണ്ടിവരുന്നു. നമ്മൾ താഴോട്ടിറങ്ങിച്ചെല്ലാൻ തയ്യാറായാൽ ഇംഗ്ലീഷുകാർ കൂടുതൽ ഔദാര്യം കാട്ടിയേക്കും. എന്നെ തെക്ക് കോഴിക്കോട്ട് ഒരു ഇംഗ്ലീഷ് മലയാളം അധ്യാപകനായി നിയമിച്ചെന്നുംവരാം. ദിവസവും രണ്ടോ മൂന്നോ മണിക്കൂർ പഠിപ്പിച്ചാൽ മതിയാവും. എൻെറ ഭാര്യയ്ക്കു*

മുതിർന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും കാര്യങ്ങൾ ശ്രദ്ധിക്കാം. സന്ദർശകരെ സ്വീകരിക്കാൻ സമയവും സൗകര്യവും ലഭിക്കും. GM 20.10.39

പട്ടണത്തിലേക്ക്

1839 ഒക്ടോബർ 25-ന് ഗുണ്ടർട്ട് എഴുതുന്നു: *വീടുമാററം നടക്കുന്നു. തീരുമാനമെടുത്ത് ഒരാഴ്ചയ്ക്കുള്ളിൽ അത് നടപ്പിലാക്കാൻ കഴിഞ്ഞു. ഞായറാഴ്ച പുതിയ സ്ഥലത്ത് ഞാൻ മതപ്രസംഗം നടത്തി. ദൈവം ഉത്തമ ചിന്തകളാൽ എന്നെ അനുഗ്രഹിക്കട്ടെ. ഞങ്ങൾ ഇങ്ങോട്ടു താമസം മാററിയത് ആളുകൾക്ക് വിസ്മയകരമായി തോന്നുന്നെങ്കിലും ഇഷ്ടമായി.* GM 25.10.39 ഈ മിഷൻ കേന്ദ്രത്തിൻെറ ചുററുപാടുകൾ 1863-ൽ മലബാറിലുണ്ടായിരുന്ന പുത്രൻ സാമുവേലിനയച്ച കത്തിൽ ഗുണ്ടർട്ട് അനുസ്മരിക്കുന്നുണ്ട്: *മിസ്സിസ് ബഗ്ഗിയുടെ വീട്ടിൽ (മിഷൻ വളപ്പ്) നിന്ന് ഇടത്തോട്ടും പിന്നെ വലത്തോട്ടും നടന്ന് കോട്ടയും കടൽത്തീരവും കത്തോലിക്കപ്പള്ളിയും ബ്രണ്ണൻെറ വീടും നീ കണ്ടിരിക്കുമല്ലേ.* GM30.10.63 ആ വളപ്പിൽ ഒരു കൂററൻ ശീമപ്ലാവ് നിന്നിരുന്നതായും അവിടെ കുറെ ക്കാലം ഫ്രീ സ്കൂൾ പ്രവർത്തിച്ചിരുന്നതായും മറെറാരു കത്തിൽ നിന്നും ഡയറിക്കുറിപ്പിൽ നിന്നും മനസ്സിലാക്കാം. CT.67; GM25.10.39 മലബാറിൽ മിഷണറിയായി വന്ന സാമുവേലും ചെറുപ്പത്തിൽ മരിച്ചു പോയ ഒരു കുട്ടിയും ഈ വാടകവീട്ടിലാണ് ജനിച്ചത്.

പട്ടണമധ്യത്തിലുള്ള വീട്ടിൽ താമസിച്ചിരുന്ന കാലത്തെ പ്രവർത്തനത്തെക്കുറിച്ച് ബാസലിലെ കമ്മിററിക്കാർക്ക് ഗുണ്ടർട്ട് മിഷൻ പ്രസംഗം എന്ന ശീർഷകത്തിൽ എഴുതുന്നു: *വൈകുന്നേരങ്ങളിൽ ഞാൻ ചന്തയിൽ ചെന്ന് ലഘുലേഖകൾ വിതരണം ചെയ്കയും ചുററും കൂടുന്നവരുമായി സംസാരിക്കുകയും ചെയ്യും. മററുള്ളവർക്ക് ഈ ജോലിയിൽ അഭിരുചിയുണ്ടാവാം. പക്ഷേ ഇതിൽ എനിക്ക് താല്പര്യം തോന്നുന്നില്ല. ഇത് പ്രവർത്തനമാണ്. എന്തുതരം പ്രവർത്തനം? ഞാൻ കടന്നുചെല്ലുമ്പോൾ ആളുകൾ ചുററും കൂടും. ഞാൻ പ്രസംഗിക്കാൻ തുടങ്ങുമ്പോൾ മുഹമ്മദീയർ (അവരാണ് ഇവിടെ ഭൂരിപക്ഷവും) ഇടയ്ക്കിടെ ശബ്ദമുയർത്തും. എൻെറ ഭാഷാ വൈകല്യങ്ങൾ നിമിത്തം അവർ എന്നെ കളിയാക്കും. നിശ്ശബ്ദരും വിദ്യാസമ്പന്നരുമായ അന്വേഷണബുദ്ധികൾ അകന്നുപോകുന്നു. ചന്തയിൽ വരുന്ന അലസരാണ് എൻെറ ചുററും കൂടുന്നത്. സെപ്റ്റംബറിൽ ഒരിക്കൽ പോലും ഞാൻ ഇതിനൊരുമ്പെട്ടിട്ടില്ല. ആദ്യ സന്ദർശനം കൊണ്ടു തന്നെ എനിക്കു സാധിക്കാവുന്നതു ഞാൻ സാധിച്ചുകഴിഞ്ഞു. പുതിയ മാർഗം പ്രസംഗിക്കുന്നവനാണ് ഞാൻ എന്ന് എല്ലാവരും മനസ്സിലാക്കിയിരിക്കുന്നു. ഇനി എത്ര പ്രസംഗങ്ങൾ നടത്തിയാലും ഇതിലേറെയൊന്നും പുതിയമാർഗം വിശദീകരിച്ചു മനസ്സിലാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഞാൻ കൂടെക്കൂടെ ചന്തയിലൂടെ കടന്നുപോകാറുണ്ട്. ആവശ്യപ്പെടുന്നവർക്ക് ലഘുലേഖകൾ നൽകുകയും വീട്ടിലേക്കു ക്ഷണിക്കുകയും ചെയ്യുന്നു.*

അനുഗൃഹീതമായ ഇന്ത്യൻ നാവുള്ള കരുത്തനായ ഒരു പ്രഭാഷകനെ ദൈവം അയയ്ക്കുന്നെങ്കിൽ അയാളെ കേൾക്കാൻ എനിക്കു താല്പര്യമുണ്ട്. 15.11.39

വീണ്ടും ഇല്ലിക്കുന്നിൽ

പട്ടണത്തിലെ താമസം ഗുണ്ടർട്ടിന് അനാരോഗ്യകരമായിത്തീർന്നു. ശ്വാസകോശസംബന്ധമായ രോഗങ്ങൾ നിമിത്തം കുഴപ്പത്തിലായപ്പോൾ ഡിസംബർ 4-ന് അദ്ദേഹം ഇല്ലിക്കുന്നിലേക്ക് താമസം മാററി. GM 2.12.41*

1849-ൽ ചിറയ്ക്കലേക്കു സ്ഥലം മാറിപ്പോകുംവരെ ഗുണ്ടർട്ട് ഇല്ലിക്കുന്നിൽ താമസിച്ചു. ഗുണ്ടർട്ട് ഇന്ത്യയിൽ ഇരുപത്തിമൂന്നു വർഷം ഉണ്ടായിരുന്നു. അതിൽ മൂന്നു വർഷം കേരളത്തിനു പുറത്തായിരുന്നു. ശേഷിച്ച ഇരുപതു വർഷത്തിൽ പത്തു വർഷത്തോളം ചിറയ്ക്കൽ, മംഗലാപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ചെലവഴിച്ചു. തലശ്ശേരിയിലുണ്ടായിരുന്ന കാലത്ത് രണ്ടു വർഷം പട്ടണത്തിലായിരുന്നു താമസം. ഒരു വർഷത്തോളം ജർമനിയിലും. ചുരുക്കത്തിൽ, ആറേഴു വർഷം ഗുണ്ടർട്ട് ഇല്ലിക്കുന്നിലെ ബംഗ്ലാവിൽ താമസിച്ചു.

വിദ്യാഭ്യാസപ്രവർത്തനങ്ങൾ

ബാസൽമിഷൻെറ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിവച്ചത് ഹെർമൻ ഗുണ്ടർട്ടാണ്. 1839 മെയ് 6-ന് തലശ്ശേരിയിലെ ഇംഗ്ലീഷ് ഫ്രീ സ്കൂളിൻെറ മേൽനോട്ടം ബാസൽ മിഷനുവേണ്ടി ഗുണ്ടർട്ട് ഏറെറടുത്തു. 1817-ൽ ഒരു സി.എം.എസ്. മിഷണറി സ്ഥാപിച്ചതാണ് ഈ വിദ്യാലയം. തഞ്ചാവൂരിൽനിന്നു വന്ന ക്രിസ്തുമത പ്രചാരകനായ ബാപ്ടിസ്തയായിരുന്നു പിന്നീട് സ്കൂളിൻെറ ചുമതലക്കാരൻ. സ്കൂളിൻെറ പാരമ്പര്യങ്ങൾ തകർക്കാനല്ല, നിലനിർത്താനാണ് ഗുണ്ടർട്ട് ആഗ്രഹിച്ചത്. ആൻഡേഴ്സൺ സായ്പിൻെറ പത്നി സാമ്പത്തിക കാര്യങ്ങളുടെ ചുമതല വഹിച്ചു. ആഴ്ചയിൽ ഒരു ദിവസം അവിടെയെത്തി ഗുണ്ടർട്ട് മേലന്വേഷണം നടത്തും. ഗുണ്ടർട്ട് ചെല്ലുമ്പോൾ അവിടെ അറുപതോളം കുട്ടികളുണ്ടായിരുന്നു. GM 7.5.39 തുടക്കത്തിൽ ഇവിടെ നിന്ന് സമർത്ഥരായ ചില കുട്ടികൾ ആഴ്ചയിൽ മൂന്നു പ്രാവശ്യം ഇല്ലിക്കുന്നിൽ എത്തിയിരുന്നു. അവരെ ഭൂമിശാസ്ത്രവും ചരിത്രവും ഗുണ്ടർട്ട് പഠിപ്പിച്ചു. ഇല്ലിക്കുന്നിലെത്തിയിരുന്ന ചില പെൺകുട്ടികളെ ജൂലി ഗുണ്ടർട്ട് തയ്ക്കാനും ലേസുണ്ടാക്കാനും പരിശീലിപ്പിച്ചു. ഇല്ലിക്കുന്നിൽ നിന്നു പട്ടണത്തിൽ ചെന്നു താമസിച്ച രണ്ടു വർഷം ഈ സ്കൂളിൻെറ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ ഗുണ്ടർട്ട് ദമ്പതിമാർക്കു കഴിഞ്ഞു. ഇക്കാലത്ത് അവിടെ ഗുണ്ടർട്ട് ദിവസേന രണ്ടു മൂന്നു മണിക്കൂർ ഇംഗ്ലീഷ് വ്യാകരണവും ബൈബിൾ ചരിത്രവും ആൺകുട്ടികളെ പഠിപ്പിച്ചു. പതിനെട്ടു പെൺകുട്ടികളുടെ ചുമതല രാവിലെ

* ഡിസംബർ രണ്ട് എന്നു തീയതി വച്ചിരിക്കുന്ന കത്തിൽ ഡിസംബർ നാലിനു നടന്ന വീടുമാററം രേഖപ്പെടുത്തിയിരിക്കുന്നു! ഇത്തരം കത്തുകൾ ധാരാളമുണ്ട്. ഡിസംബർ രണ്ടിന് എഴുതിത്തുടങ്ങിയ കത്ത് എന്നു ധരിച്ചാൽ മതി.

9 മണിമുതൽ വൈകുന്നേരം 5 മണിവരെ ജൂലിക്കുണ്ടായിരുന്നു. അവരെ ഇംഗ്ലീഷ് വായനയും എഴുത്തും മലയാളം (നാട്ടുകാരെ മാത്രം), ബൈബിൾ, കണക്ക്, കൈത്തൊഴിലുകൾ എന്നിവ പഠിപ്പിച്ചിരുന്നു. GB 15.11.39

ഈ സ്കൂളിൻെറ പ്രാധാന്യത്തെക്കുറിച്ച് ഗുണ്ടർട്ട് എഴുതുന്നു: *പോർത്തുഗീസുകാരോടും മററു കത്തോലിക്കരോടും പാഴ്സികളോടും നമ്മെ ബന്ധിപ്പിക്കുന്ന കണ്ണിയാണ് ഈ സ്കൂൾ. ഇംഗ്ലീഷുകാരെ ഇവിടെ നിന്നു തുരത്തിയാലും പോർത്തുഗീസ് സങ്കരവർഗക്കാരും ബ്രിട്ടീഷ് സങ്കരവർഗക്കാരും തുടർന്നും ഇവിടെ ഉണ്ടാവും. അതിനാൽ അവർക്കു വേണ്ടി ചെയ്യുന്നതെല്ലാം നാട്ടുകാർക്കുള്ള സേവനം തന്നെയാണ്.* GB 19.3.40 1840-ൽ ആ സ്കൂളിലെ ഒരു പൂർവ വിദ്യാർഥിനി അവിടെ അധ്യാപികയായി ചേർന്നു. ഇക്കാര്യം ഗുണ്ടർട്ട് സസന്തോഷം രേഖപ്പെടുത്തിയിട്ടുണ്ട്.

തലശ്ശേരിയിലെ ഇംഗ്ലീഷ് ഫ്രീ സ്കൂൾ 1842 ഓഗസ്ററ് 4-ന് അടച്ചു പൂട്ടിയതായി മനസ്സിലാക്കാം. തലശ്ശേരിയിൽ നിന്നു കോടതി മദ്രാസിലേക്കു മാറിയതോടെ പല കുട്ടികളും മാതാപിതാക്കളോടൊപ്പം സ്ഥലം വിട്ടു. ഉദ്യോഗസ്ഥരുടെ സഹായികളായിരുന്ന കൊങ്കിണിമാരും സങ്കരവർഗക്കാരും സ്ഥലം മാറിപ്പോയി. മദ്രാസ് സർവകലാശാലയുടെ തുടക്കവുമായി ബന്ധപ്പെട്ടു സ്കൂൾ വിദ്യാഭ്യാസരംഗത്തുണ്ടായ ചില മാററങ്ങൾ മിഷണറി സ്കൂളുകളെ മൊത്തത്തിൽ ബാധിച്ചിരുന്നു എന്ന് ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. സർക്കാർ നേരിട്ട് ചല പ്രമുഖ വിദ്യാലയങ്ങൾ ആരംഭിച്ചതിനാൽ സാധാരണ ഇംഗ്ലീഷ് മിഷൻ വിദ്യാലയങ്ങൾക്കു പ്രസക്തി കുറഞ്ഞു. GM 18.9.42 ഇവയെല്ലാമായിരിക്കണം സ്കൂൾ അടയ്ക്കാനുള്ള കാരണങ്ങൾ.

1839 മെയ് 14-ന്, അതായത് തലശ്ശേരിയിലെ ഇംഗ്ലീഷ് സ്കൂൾ ഏറെറടുത്ത് ഒരാഴ്ച കഴിഞ്ഞ്, മിഷൻ ഇല്ലിക്കുന്നിൽ ഒരു മലയാളം സ്കൂൾ ആരംഭിച്ചു. ബംഗ്ലാവിൻെറ വിശാലമായ വരാന്തയിലായിരുന്നു സ്കൂൾ. മഴക്കാലമായിരുന്നെങ്കിലും പത്തു കുട്ടികൾ സ്കൂളിൽ ചേർന്നു പഠിക്കാൻ തുടങ്ങി. തലശ്ശേരിയിലെ സ്കൂളിൽ നിന്നു പഠിച്ചിറങ്ങിയ ഹിന്ദു യുവാവായിരുന്നു പുതിയ സ്കൂളിലെ അധ്യാപകൻ. ക്രൈസ്തവ ഗ്രന്ഥങ്ങൾ പഠിപ്പിക്കാൻ അയാൾക്കു വിരോധമില്ലായിരുന്നു. ജൂൺ 19-ന് കുട്ടികളുടെ എണ്ണം ഇരുപത്തെട്ടായി. ഒരു ഘട്ടത്തിൽ നാല്പതോളം പേരാണ് ഉണ്ടായിരുന്നത്. ഇക്കാലമായപ്പോൾ ഗുണ്ടർട്ട് മലയാളം സുഗമമായി സംസാരിക്കാൻ തുടങ്ങി. തന്മൂലം കുട്ടികളുമായി ഇടപഴകാൻ അദ്ദേഹത്തിനു കഴിഞ്ഞു. എങ്കിലും ഗുണ്ടർട്ട് ദമ്പതികൾ പട്ടണത്തിലേക്കു താമസം മാററിയപ്പോൾ സ്കൂൾ വേണ്ടെന്നു വച്ചു. പിന്നീട് 1840 മാർച്ചിലെ കത്തിൽ കോട്ടയ്ക്കടുത്ത് മലയാളം സ്കൂൾ ആരംഭിക്കുന്നതായി കാണുന്നു. 1840 ഫെബ്രുവരി 15-ന് കതിരൂരിൽ തീയരുടെ ആഗ്രഹമനുസരിച്ച് ഗുണ്ടർട്ട് ഒരു സ്കൂൾ ആരംഭിച്ചു. തുടക്കത്തിൽ ഇരുപതോളം കുട്ടികളുണ്ടായിരുന്നു. പിന്നീട് സംഖ്യാബലം 34-40 എന്നിങ്ങനെ വർധിച്ചു. ഒരു പെൺകുട്ടിമാത്രമാണവിടെ പഠിച്ചിരുന്നത്. 1842-ൽ ഇറിയോൺ മിഷണറി

വന്നെത്തിയപ്പോൾ സ്കൂളുകളുടെയെല്ലാം പ്രായോഗിക ചുമതല അദ്ദേഹത്തിനു നൽകി.

കുഞ്ഞിവൈദ്യൻ; വൃദ്ധ ദാർശനികൻ

ചൊക്ലിയിലെ കുഞ്ഞിവൈദ്യനെക്കുറിച്ചുകൂടി ഈ ഘട്ടത്തിൽ പറയേണ്ടതുണ്ട്. വൃദ്ധനായ ദാർശനികൻ (Alte Philosph) എന്ന് ഗുണ്ടർട്ട് ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. പല ഭാരതീയ വിജ്ഞാന ശാഖകളിലും അറിവും ഉപാദാനവും ഗുണ്ടർട്ടിനു ലഭിച്ചത് ഇദ്ദേഹത്തിലൂടെയാണ്. വൈദ്യനെ സന്ദർശിച്ച് സംഭാഷണം നടത്തുന്നതിൽ ഗുണ്ടർട്ട് അതീവ തല്പരനായിരുന്നു. വൈദ്യൻെറ രണ്ടു ബന്ധുക്കളായിരുന്നു കതിരൂർ സ്കൂളിലെ അധ്യാപകർ. ക്രൈസ്തവ ഗ്രന്ഥങ്ങൾ വായിക്കുന്നതിലും ക്രൈസ്തവചിന്തകൾ ശ്രദ്ധാപൂർവം മനസ്സിലാക്കുന്നതിലും ഇവർ തല്പരരായിരുന്നു. എന്നാൽ സ്നാപനത്തെക്കുറിച്ച് ഗുണ്ടർട്ടു പറഞ്ഞു തുടങ്ങിയപ്പോൾ ഈ ബന്ധം ദുർബലമായി. വ്യക്തി ബന്ധത്തിലുണ്ടായ ഈ തകർച്ച കതിരൂർ സ്കൂളിന് ദോഷകരമായിത്തീർന്നു. 1841 ജനുവരി 11-ന് എഴുപത്തേഴാം വയസ്സിൽ വൈദ്യൻ അന്തരിച്ചപ്പോൾ ഇക്കാര്യം ഗുണ്ടർട്ട് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. TM 11.1.41 കതിരൂർ സ്കൂൾ അടച്ചതായി 1842 മെയ് 13-ലെ കത്തിൽ കാണുന്നു. കതിരൂരിലെ സ്കൂൾ മലബാറിലെ ഉൾനാടുകളിലേക്ക് കടന്നു ചെല്ലാൻ ഗുണ്ടർട്ടിന് അവസരം നൽകി. കൂത്തുപറമ്പ്, മാനന്തവാടി തുടങ്ങിയ സ്ഥലങ്ങളിലേക്ക് അദ്ദേഹത്തിൻെറ ശ്രദ്ധ തിരിഞ്ഞു.

1840 ഫെബ്രുവരിയിൽ അഞ്ചരക്കണ്ടിയിലെ സ്കൂളിൻെറ ചുമതല ഗുണ്ടർട്ടിനായി. അവിടെ ഒരു ബാസൽ മിഷൻ സമൂഹം രൂപപ്പെട്ടു വരുന്നതിൽ സ്കൂളിന് സാരമായ പങ്കുണ്ടായിരുന്നു. മാഹിയിൽ 1844-ൽ ആരംഭിച്ച സ്കൂൾ കത്തോലിക്കരുടെ എതിർപ്പു മൂലം നിരോധിക്കപ്പെട്ടു. അവിടത്തെ മീൻ പിടിത്തക്കാരുടെ കുട്ടികൾക്കു വേണ്ടി മിഷൻ ഒരു സ്കൂൾ ആരംഭിച്ചാൽ താൻ അധ്യാപകനായി ജോലി ചെയ്തുകൊള്ളാമെന്ന് വാഗ്ദാനവുമായി ഇക്കാലത്ത് മന്നൻ എന്ന വൈദ്യൻ എത്തി.

പൗൽ ചന്ദ്രൻ (1809-1894)

മന്നൻെറ കുലത്തൊഴിൽ മീൻപിടിത്തമായിരുന്നെങ്കിലും അച്ഛൻെറ കാലം മുതൽ ആ കുടുംബക്കാർ വൈദ്യന്മാരായിരുന്നു. സംസ്കൃതശാസ്ത്ര ഗ്രന്ഥങ്ങൾ നല്ല നിശ്ചയമുണ്ടായിരുന്ന മന്നന് ശക്തി പൂജയിൽ പ്രത്യേക വൈദഗ്ധ്യമുണ്ടായിരുന്നതിനാൽ ജാതിപരിഗണനകളില്ലാതെ സമൂഹത്തിൻെറ എല്ലാ തലങ്ങളിലും ഇടപഴകി ജീവിക്കാൻ കഴിഞ്ഞു. എങ്കിലും മനസ്സ് അസ്വസ്ഥമായിരുന്നു. ഇല്ലിക്കുന്നിലെത്തി ഗുണ്ടർട്ടുമായി അദ്ദേഹം സംവാദത്തിൽ ഏർപ്പെട്ടു. ഒരിക്കൽ വാദപ്രതിവാദത്തിനിടയിൽ ഗുണ്ടർട്ട് പറഞ്ഞു: *പാത്രം വക്കോളം നിറഞ്ഞിരിക്കുന്നതിനാൽ ഇനിയൊന്നും അങ്ങോട്ടു കടക്കില്ല.* ഈ വാക്യം മന്നൻെറ ഹൃദയത്തിൽ തുളച്ചുകയറി. അദ്ദേഹം പ്രതിവചിച്ചു: *അതിനെന്ത്? അതൊന്ന്*

ഒഴിച്ചെടുത്താൽ മതിയല്ലോ. മന്നൻ കുറെ നാളുകൾക്കു ശേഷം പൗലായി മാറി.

സ്വന്തം ഗ്രാമമായ ചോമ്പാലിൽ സ്ഥാപിച്ച സ്കൂളിൽ 1872 വരെ അധ്യാപനം നടത്തി. പിന്നീടു പൗരോഹിത്യം സ്വീകരിച്ച് നെട്ടൂരിൽ സേവനമനുഷ്ഠിച്ചു.

മന്നനും ഗുണ്ടർട്ടും ഉത്തമ സുഹൃത്തുക്കളായിരുന്നു. മന്നൻ സ്വന്തം ജീവിതകഥ ഓലയിൽ എഴുതി സൂക്ഷിച്ചിരുന്നത് ഗുണ്ടർട്ട് ജർമനിലേക്കു തർജമ ചെയ്തു. *ഫിലിപ്പ് ചന്ദ്രനും അയാളുടെ പിതൃഭവനവും* (1866) എന്ന ലഘു ഗ്രന്ഥത്തിൽ ഇതു കാണാം. പൗൽ മന്നന്റെ പുത്രനായിരുന്ന ഫിലിപ്പ് ബാസലിൽ പഠിച്ചിരുന്ന കാലത്ത് (1865) അവിടെവച്ചാണ് മരിച്ചത്.

സാമൂഹിക സേവന കേന്ദ്രങ്ങൾ

ഗുണ്ടർട്ടിന്റെ കത്തിടപാടുകളിൽ സ്കൂൾ, ഇൻസ്ററിററ്യൂട്ട്, അനാഥാലയം എന്നിവയെല്ലാം കൂട്ടിക്കലർത്തി പരാമർശിക്കാറുണ്ട്. ഇവ ഇനം തിരിച്ചു പഠിക്കാൻ തുടക്കത്തിൽ ബുദ്ധിമുട്ടനുഭവപ്പെടും. സ്കൂളും അനാഥാലയവും സ്വന്തം പാർപ്പിടത്തിൽത്തന്നെ നടത്തിക്കൊണ്ടുപോകാൻ ഗുണ്ടർട്ട് ദമ്പതികൾ സന്നദ്ധരായി. തുടക്കത്തിൽ (1839) മൂന്നു പോർത്തുഗീസ് അനാഥക്കുട്ടികളെ ഇല്ലിക്കുന്നിൽ പാർപ്പിച്ചു പഠിപ്പിച്ചിരുന്നു. TM 1.7.39 പിന്നീടു രണ്ടു കുട്ടികൾ കൂടി വന്നു ചേർന്നു. ബ്രണ്ണൻ എന്ന സമ്പന്നനായ ഇംഗ്ലീഷുകാരൻ ഒരു തീയ സ്ത്രീയിൽ തനിക്കു പിറന്ന കുട്ടിയെ ഒമ്പതാം വയസ്സിൽ ഗുണ്ടർട്ടുദമ്പതിമാരെ ഏല്പിച്ചു. ഫ്ലോറാ എന്ന ആ പെൺകുട്ടിയുടെ സംരക്ഷണത്തിനു പിതാവു നൽകിയ തുക ഉപയോഗിച്ച് ഗുണ്ടർട്ടു ദമ്പതിമാർ ഇല്ലിക്കുന്നിലെ അനാഥാലയത്തിന്റെ പ്രവർത്തനം സുഗമമാക്കി. പെൺകുട്ടികൾക്കു വേണ്ടിയുള്ള ഈ സ്കൂളിന്റെ ചുമതല ജൂലി ഗുണ്ടർട്ട് വഹിച്ചു. ഇവിടെ നിന്നു പരിശീലനം പൂർത്തിയാക്കിയ കുട്ടികളെ വിവാഹംചെയ്യിച്ചയയ്ക്കുന്നതിലും ഈ ദമ്പതിമാർ താല്പര്യമെടുത്തു. ഇങ്ങനെ കുടുംബ ജീവിതത്തിലേക്കു കടന്നുവന്ന യുവതികളുടെ ആത്മവിശ്വാസവും പ്രാപ്തിയും ബാസൽ മിഷനെക്കുറിച്ചുള്ള മതിപ്പ് സമൂഹത്തിൽ വർധിപ്പിച്ചു. അനാഥരായ ആൺകുട്ടികളെയും ഒരു പ്രത്യേക വിഭാഗമായി 1839 ഒക്ടോബർ 24 മുതൽ ഇല്ലിക്കുന്നിൽ പാർപ്പിച്ചു തുടങ്ങി. *ഏഴ് അനാഥബാലന്മാരെ കൊച്ചിയിൽ നിന്ന് ഹാരിസ് കൊണ്ടുവന്നു. ചിലർ സുറിയാനിക്കാർ, മററു ചിലർ സീറോ റോമൻ ജാതിക്കാർ. എനിക്കിവിടെ മലയാളം സ്കൂൾ ഇല്ലാത്തതുകൊണ്ട് ജ്ഞാനമുത്തു അവരെ പഠിപ്പിക്കുന്നു. അവരെല്ലാം നന്നായി പെരുമാറുന്നു. അവരുടെ അഭിരുചികൾ വ്യത്യസ്തങ്ങളാണ്. അവരിൽ സമർഥന്മാരെ മംഗലാപുരത്തയച്ച് പഠിപ്പിക്കണം.* GM 15.11.39 ഈ നസ്രാണിക്കുട്ടികൾ പിൽക്കാലത്ത് ജൂലി ഗുണ്ടർട്ടിന്റെ സംരക്ഷണയിൽ വളർന്ന പെൺകുട്ടികളെ വിവാഹം ചെയ്ത് ക്രൈസ്തവ കുടുംബങ്ങൾ പടുത്തുയർത്തി.

9

മലയാള രചനകൾ

മലയാള വാക്കിൻെറ നിഷ്പത്തിയാണ് പ്രധാനം

സ്കൂളുകളും സാമൂഹിക സേവന സംരംഭങ്ങളും കേരളീയ ജീവിതത്തിൻെറ വൈവിധ്യമാർന്ന മുഖങ്ങൾ കണ്ടറിയുവാൻ ഗുണ്ടർട്ടിനു സഹായകമായി. ഭാഷയും സാഹിത്യവും സംസ്കാരവുമെല്ലാം അദ്ദേഹത്തിൻെറ മനസ്സിൽ സങ്കീർണമായും സമഗ്രമായും കടന്നുചെന്നത് ഈ രാജപാതകളിലൂടെയാണ്. മററു പല മിഷണറിമാർക്കും ലഭിക്കാതെ പോയ അനുഭവവൈവിധ്യം ഗുണ്ടർട്ടിനുണ്ടായി. അദ്ദേഹത്തിൻെറ ഭാഷാസാഹിത്യപരിശ്രമങ്ങളിലെല്ലാം ഈ സമഗ്രാനുഭവത്തിൻെറ പ്രതിഫലനം കാണാം. ജർമനിയിൽവച്ച് രണ്ട് വേദാന്തികളുടെ തർക്കത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ടപ്പോൾ ഗുണ്ടർട്ട് പറഞ്ഞു: *എനിക്ക് ഈ വിവാദത്തിലുള്ളതിലേറെ താല്പര്യം ഒരു മലയാള വാക്കിൻെറ നിഷ്പത്തിവിചാരത്തിലാണ്. അതു നിസ്സാരമായിരിക്കാമെങ്കിലും ഫലപ്രദമായ ഒരു ചിന്ത ഉൾക്കൊള്ളുന്നുണ്ടാവും. നിങ്ങളുടെ വിവാദമാവട്ടെ വെറും പതിരാണ്. തർക്കിക്കുന്നവൻെറ വെറുമ മാത്രമാണ് ഇതിൽ പ്രതിഫലിക്കുന്നത്*. GM 17.6.72

ഭാഷാ സാഹിത്യ പരിശ്രമങ്ങളിൽ മുഴുകിയ ഗുണ്ടർട്ടിൻെറ ദർശനം ഈ ഉദ്ധരണിയിലുണ്ട്. പ്രശസ്തമായ ഒരു ജർമൻ സർവകലാശാലയിൽ അതിപ്രഗല്ഭരായ അധ്യാപകരുടെ മാർഗദർശനത്തിൽ പഠിച്ചിറങ്ങിയ ഗുണ്ടർട്ടിൻെറ മനസ്സിൽ വിജ്ഞാനതൃഷ്ണ ജ്വലിപ്പിച്ചുനിർത്താൻ ദക്ഷിണേന്ത്യയിലെ ഭാഷാനുഭവം സഹായകമായി. മംഗലാപുരത്തു വച്ച് 1839 മാർച്ച് 17-ന് അദ്ദേഹം എഴുതുന്നു: *തമിഴ്,തെലുങ്ക്, കന്നഡ, മലയാളം എന്നീ നാലു ദക്ഷിണേന്ത്യൻ ഭാഷകളുടെ വ്യാകരണത്തിന് ഞാൻ ശേഖരിച്ച സാമഗ്രികൾ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അത് തയ്യാറായാൽ ട്യൂബിങ്ങനിൽ ആർക്കെങ്കിലും അയച്ചു കൊടുക്കണം.* GM 17.3.39

ഇല്ലിക്കുന്നിൽ എത്തിയ ശേഷം അദ്ദേഹം എഴുതുന്നു: *പുതിയ മുൻഷി നല്ലവനാണ്. എനിക്ക് അയാളെ ഇഷ്ടമായി. ഞാൻ തയ്യാറാക്കിയ മലയാളം വ്യാകരണത്തിൻെറ കരട് അയാളുമായി ചർച്ച ചെയ്തു*

പരിഷ്കരിക്കാം. GM 20.5.39 ഇക്കാലത്തെ ഭാഷാ പഠനത്തെക്കുറിച്ച് ബാസലിലേക്കയച്ച റിപ്പോർട്ടിൽ നിന്ന്: *മേയ് മാസത്തിൽ ഗുണ്ടർട്ട് ഭാഷാപഠനത്തിൽ മുഴുകിപ്പോയി. പ്രസംഗിക്കാൻ കഴിവു നേടിയിരുന്നെങ്കിലും സുവിശേഷപ്രസംഗത്തിനൊന്നും സമയം കണ്ടെത്തിയില്ല.* GM 1.6.39 *എന്റെ വ്യാകരണത്തിൽ, ചെറിയ അക്ഷരത്തിൽ എഴുതിയ അമ്പതു പുറത്തിനുള്ളിൽ രൂപപ്രക്രിയ പൂർത്തിയായി. വാക്യഘടനയ്ക്കുള്ള ഉപാദാനങ്ങൾ ശേഖരിച്ചു കഴിഞ്ഞു. അവയെല്ലാം സംശോധന ചെയ്തെടുക്കുക നല്ല ജോലിയാണ്.* GM 19.6.39 ജൂലൈ മാസത്തിലെ ഒരു കത്തിൽ: *മേയ് മാസത്തിൽ കടുത്ത കാലവർഷം തുടങ്ങിയപ്പോൾ ഞാൻ വീട്ടിൽത്തന്നെ തങ്ങി കാലത്തു മുതൽ രാത്രിവരെ മലയാള പഠനത്തിൽ ഏർപ്പെട്ടു. ക്രൈസ്തവ ഗ്രന്ഥങ്ങൾ ആധാരമാക്കിയല്ല ക്രൈസ്തവേതര ഗ്രന്ഥങ്ങൾ ഉപയോഗിച്ചായിരുന്നു പഠനം. ഇവ അവലംബിച്ച് ഞാൻ ഒരു വ്യാകരണം എഴുതിക്കഴിഞ്ഞു. വാക്യഘടനകൂടി പൂർത്തിയാക്കാൻ സമയം കണ്ടെത്തേണ്ടിയിരിക്കുന്നു.* GM. 15.7.39

സംസ്കൃതം ഗുരുമുഖത്തു നിന്നു പഠിക്കണം

മലയാളത്തിനു പുറമെ സംസ്കൃതവും ഗുണ്ടർട്ട് പഠിക്കുന്നുണ്ടായിരുന്നു. *ബോണിൽ സംസ്കൃതം പഠിക്കുന്നത് വലിയ കാര്യമായി എനിക്കു തോന്നുന്നില്ല. ഇവിടെ വീട്ടിൽ നാട്ടുകാരിൽ നിന്നു സംസ്കൃതം ചൊല്ലിക്കേട്ടു പഠിക്കാം. അത് വിശേഷിച്ചു പഠിക്കേണ്ട കാര്യമില്ല.* GM 20.10.39 *മുൻഷിയിൽ നിന്നു മലയാളത്തിനു പുറമേ സംസ്കൃതവും പഠിക്കുന്നതു കൊണ്ട് ഞാൻ ഒരു കാര്യം പറഞ്ഞേ തീരു. ഈ മനുഷ്യന് പത്തു രൂപാ പ്രതിമാസം ഞാൻ കൊടുക്കുന്നുണ്ട്. അയാൾക്ക് ഹൈന്ദവ വിജ്ഞാനം മുഴുവൻ വശമാണ്. എനിക്കയാളെ ഇഷ്ടമാണ്. എന്റെ അഭിപ്രായത്തിൽ സഹോദരന്മാരിൽ ആരെങ്കിലും സംസ്കൃതം പഠിക്കുന്നെങ്കിൽ ഇവിടെ ഗുരുമുഖത്തുനിന്ന് സംസാരിക്കാനും വായിക്കാനും ഒരു പോലെ പഠിക്കണം. അതാണ് യൂറോപ്പിലെ ക്ലാസുമുറിയിലുള്ള പഠനത്തെക്കാൾ ഭേദം.* GM 15.11.39

ഇംഗ്ലീഷിൽ എഴുതിയ മലയാള വ്യാകരണം

1844-ൽ വൈഗ്ലേ അയച്ച കത്തിൽ വ്യാകരണത്തെക്കുറിച്ചുള്ള പരാമർശം വീണ്ടും പ്രത്യക്ഷപ്പെടുന്നു: *...താങ്കളുടെ വ്യാകരണത്തിന്റെ ആദ്യഭാഗം അയയ്ക്കുന്നു. കന്നഡയുടെ വർണങ്ങളെക്കുറിച്ച് പഠിക്കുന്ന സമയമായതുകൊണ്ട് അത് കുറെയെല്ലാം എനിക്കു പ്രയോജനപ്പെട്ടു. തത്ഭവങ്ങളെക്കുറിച്ചുള്ള ഖണ്ഡം മുഴുവൻ ഞാൻ എഴുതിച്ചേർക്കേണ്ടതുണ്ടോ എന്നു സംശയിക്കുന്നു. മലയാളത്തിൽ അവ ഭാഷയുടെ മൗലികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. പുതിയ കന്നഡത്തിലെങ്കിലും അവ സംസ്കൃതത്തിൽ ചെന്നുനിൽക്കുന്നു. ഞാൻ വ്യാകരണത്തിന്റെ പകർപ്പെടുക്കുന്നു. അത് പൂർണമായി കിട്ടിയതിൽ എനിക്കു സന്തോഷമുണ്ട്.*

GM 1.4.41 ഇവിടെ പരാമർശിക്കപ്പെടുന്ന മലയാള വ്യാകരണം ട്യൂബിങ്ങനിൽ കൈയെഴുത്തായി ഇംഗ്ലീഷിൽ കാണുന്ന കൃതിയായിരിക്കണം. അപ്രകാശിതമായ ഈ കൈയെഴുത്തുഗ്രന്ഥത്തിൻെറ രണ്ടു പകർപ്പ് അവിടെ സൂക്ഷിച്ചിരിക്കുന്നു. മററു ദ്രാവിഡ ഭാഷകളുമായി താരതമ്യപ്പെടുത്തി മലയാള വ്യാകരണം വിശദീകരിക്കാനാണ് ഈ കൃതിയിൽ ഗുണ്ടർട്ട് ഉദ്യമിക്കുന്നത്.

ബൈബിൾ സംരംഭങ്ങൾ

തിരുനൽവേലിയിൽ റേനിയൂസിൻെറ കൂടെ കഴിഞ്ഞിരുന്ന കാലത്തുതന്നെ ബൈബിൾ തർജമയുടെ തത്ത്വങ്ങൾ ഗുണ്ടർട്ട് ഗ്രഹിച്ചു. മലബാറിലെത്തിയപ്പോൾ സി.എം.എസ്. മിഷണറിമാരുടെ മലയാളം ബൈബിളുമായി പരിചയപ്പെട്ടു. അവരുടെ തർജമ ആദരണീയമായി തോന്നിയെങ്കിലും ഗുണ്ടർട്ടിന് തികച്ചും തൃപ്തികരമായില്ല. *മലയാളം ബൈബിൾ തർജമ പദാനുപദവും ഇംഗ്ലീഷ് തർജമയെ അവലംബിച്ചുള്ളതുമാണ്. പ്രവാചകഗ്രന്ഥങ്ങൾ, ലേഖനങ്ങൾ എന്നിവ വിദ്യാസമ്പന്നർക്കുപോലും മനസ്സിലാകയില്ല. സാധാരണക്കാർക്കു സുവിശേഷവും അങ്ങനെ തന്നെ. മോശെയുടെ പുസ്തകങ്ങളാണ് ഏററവും നല്ലത്. ജർമൻ ബൈബിളിൻെറ മൂന്നുനാലിരട്ടിയുണ്ട് സമ്പൂർണ ബൈബിൾ...അത്രയ്ക്കുണ്ട് പദപ്പെരുപ്പം. നല്ല മതപ്രബോധകരല്ലാതെ നാട്ടുകാരാരും, ക്രിസ്ത്യാനികൾ പോലും, ബൈബിൾ മുഴുവൻ വായിക്കാറില്ല. ലളിതമായ വാക്കുകളിൽ ചരിത്രബുധ്യാ എഴുതിയ സംഗ്രഹം—ഡോ. മില്ലിൻെറ ശ്രീഖൃഷ്ടസംഗീതം (ഇത് അത്യുത്തമകൃതിയാണ്)പോലുള്ള സുവിശേഷസംഗ്രഹം:—ഇത്തരം പുസ്തകങ്ങളാണ് ജനങ്ങൾ വായിക്കുമെന്ന പ്രതീക്ഷയിൽ നൽകേണ്ടത്. യൂറോപ്പിൽ എല്ലാവരും ആഗ്രഹിക്കുന്നത് ബൈബിൾ ക്രൈസ്തവേതരർക്കു ലഭ്യമാക്കണം എന്നാണല്ലോ . അതു നല്ലതുതന്നെ. പക്ഷേ, അതിനുള്ള തർജമ ജർമൻ കാതുകൾക്ക് ലൂഥറുടെ തർജമ എങ്ങനെയോ അങ്ങനെയുള്ളതായിരിക്കണം. മത്തായിയുടെ സുവിശേഷത്തിലെ ആദ്യ അധ്യായം, ആദ്യവസാനമുള്ള പേരുകൾ വായിച്ചപ്പോൾത്തന്നെ നാട്ടുകാർക്കു പുതിയ നിയമം വായിക്കാൻ പേടിയായി. മററു ചിലരെ ഭയപ്പെടുത്തിയത് ലൂക്കോസിൻെറ സുവിശേഷത്തിലെ ആദ്യ അധ്യായമാണ്. ക്രൈസ്തവേതരരിൽ പുതിയ നിയമം പരിചയപ്പെട്ടിട്ടുള്ളവരെല്ലാം ഇംഗ്ലീഷ് സ്കൂളിൽ ഇംഗ്ലീഷ് ബൈബിൾ വായിച്ചവരാണ് . മലയാള തർജമ വായിച്ചവരല്ല.* GB 21.5.40

മററുള്ളവരുമായി അടുത്തിടപഴകാനും അങ്ങനെ സൗഹൃദ സംഭാഷണങ്ങളിലൂടെ പഠിക്കാനും ഗുണ്ടർട്ടിന് സാമർഥ്യമുണ്ടായിരുന്നു. *നിത്യേന ഒരു നായർ എൻെറ അടുക്കൽ വരുമായിരുന്നു. ഞങ്ങൾ ഒരുമിച്ചു സുവിശേഷം വായിക്കും.ക്രിസ്തുമതത്തിനെതിരെ ക്രൈസ്തവേതരർക്ക് ഉന്നയിക്കാനുള്ളതെല്ലാം അയാൾ അവതരിപ്പിക്കും.* GM 12.6.40. സുവിശേഷം വായിക്കാൻ നായന്മാരും തീയന്മാരും അന്തരാള ജാതിക്കാരും ഇല്ലിക്കുന്നിൽ എത്തി. അവരിൽ കോട്ടയകത്ത് രാജ എന്ന

ക്ഷത്രിയപ്രമാണിയും ഉണ്ടായിരുന്നു. ഏതായാലും മലയാള ഭാഷയെ സംബന്ധിച്ചിടത്തോളം ഈ സൗഹൃദം പാഴിലായില്ല. *ദിവസങ്ങളോളം അവർ സുവിശേഷം കേൾക്കും. എന്നാൽ സ്നാനം സ്വീകരിക്കാൻ അവർ തയ്യാറല്ല* എന്ന് ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. GM 14-17.9.40 ബൈബിൾ തർജമയിലും ബൈബിളധിഷ്ഠിത ലഘുലേഖകളുടെ രചനയിലും ഈ സൗഹൃദത്തിലൂടെ നേടിയ ഭാഷാനുഭവം ഗുണ്ടർട്ട് പ്രയോജനപ്പെടുത്തി.

സത്യവേദ ഇതിഹാസം

ഗുണ്ടർട്ടിൻെറ ആദ്യകാല ബൈബിൾ രചന *സത്യവേദ ഇതിഹാസ*മാണ്. ഉൽപത്തി പുസ്തകത്തിലെ ഒന്നുമുതൽ പതിനൊന്നുവരെയുള്ള അധ്യായങ്ങൾ സംഗ്രഹിച്ചു ലഘുലേഖാരൂപത്തിൽ തയ്യാറാക്കി. കൈയെഴുത്തു പ്രതി പരിശോധിച്ച ബാസലിലെ അധികാരികൾക്ക് അത് സ്വീകാര്യമായില്ല. ഭാരതീയ സങ്കൽപനങ്ങൾ വേണ്ടതിലേറെ കലർത്തി എന്നതായിരുന്നു കാരണം. എന്നാൽ ഈ അഭിപ്രായം കേരളത്തിൽ എത്തും മുമ്പ് ലഘുലേഖ കോട്ടയത്തെ സി.എം.എസ്. പ്രസിൽ അച്ചടിച്ച് വിതരണം ചെയ്തുകഴിഞ്ഞിരുന്നു. ദാവീദിൻെറ വൃത്താന്തംവരെയുള്ള പഴയ നിയമഭാഗങ്ങൾ പിന്നീട് ഈ ശീർഷകത്തിൽ പ്രസിദ്ധീകരിച്ചു.

ഗീതങ്ങൾ

ഇല്ലിക്കുന്നിലെത്തി ഒരു വർഷത്തിനുള്ളിൽ ഗുണ്ടർട്ട് സംഗീത രചനയിൽ ഏർപ്പെടുന്നു. *ജർമൻ രാഗത്തിൽ ഞാൻ ഇരുപതോളം ഗീതങ്ങൾ എഴുതിക്കഴിഞ്ഞു.* GM 20.5.40 ആ വർഷം ക്രിസ്മസ് കാലത്ത് ഗീതങ്ങളുടെ എണ്ണം മുപ്പതായി. മുന്നൂറു വർഷമായി ജർമനിയിലെ പ്രൊട്ടസ്ററൻറു സഭയിൽ ഉപയോഗിക്കുന്നവയാണ് ഗീതങ്ങൾ എന്ന കാര്യവും ഈ കത്തിൽ എടുത്തുപറയുന്നുണ്ട്. GM 24.1.41

1842 മാർച്ചിൽ അമ്പതു ഗീതങ്ങൾ പുസ്തകരൂപത്തിൽ മംഗലാപുരത്ത് അച്ചടിപ്പിച്ചു. GM 3.4.42 ആദ്യകാലം മുതൽ ഗുണ്ടർട്ടിൻെറ ഗീതങ്ങൾ ചിലർക്ക് അരുചികരമായിരുന്നു. *ഒരേ കാര്യം ഒരേ വാക്കുകളിൽ, എന്നാൽ പല ഈണത്തിൽ, അവതരിപ്പിക്കാൻ എനിക്കു മനസ്സു വരുന്നില്ല* എന്നാണ് ഇതിനു ഗുണ്ടർട്ട് നൽകുന്ന പ്രതികരണം. GM 19.4.50 പിൽക്കാലത്തുണ്ടായ പല ഗീതാവലികളിലും ഗുണ്ടർട്ടിൻെറ സ്വാധീനം കാണാവുന്നതാണ്. 1896-ൽ പ്രചാരത്തിലിരുന്ന ക്രിസ്തീയഗീതങ്ങൾ എന്ന സമാഹാരത്തിലെ 270 ഗീതങ്ങളിൽ 215 എണ്ണം ഗുണ്ടർട്ടിൻേറതായിരുന്നു.

ചോദ്യോത്തരങ്ങൾ

1842-ൽ ഗുണ്ടർട്ട് എഴുതുന്നു: *ഞാൻ സെല്ലറുടെ വേദോപദേശം—മാനുഷചോദ്യങ്ങൾക്കു ദൈവം കൽപിച്ച ഉത്തരങ്ങൾ—മൂന്നിലൊന്നു തർജമ ചെയ്തുകഴിഞ്ഞു. എനിക്കിത് അച്ചടിച്ചാൽ കൊള്ളാമെന്നുണ്ട്. പരിശോധനയ്ക്കായി ഇത് വൈഗ്ലേയ്ക്കും ഫ്രിററ്സിനും അയയ്ക്കാം. മൂലകൃതിയെ അപേക്ഷിച്ച് അൽപം വലുതാണ് ഈ ഭാഷാന്തരം. ഒരു*

ചോദ്യവും വിട്ടുകളയാൻ വയ്യാത്തവിധം ഭംഗിയായി ആസൂത്രണം ചെയ്തതാണല്ലോ മൂലകൃതി. സ്വാഭാവികമനുഷ്യനിൽനിന്നാണ്, സ്നാനം സ്വീകരിച്ചവനിൽനിന്നല്ല, ഇതിന്റെ തുടക്കം എന്നുള്ളതു കൊണ്ട് മിഷന് ഇതു കൂടുതൽ പ്രയോജനകരമായേക്കും. GM 5.7.42

1845-ൽ ജർമനിയിലേക്കു പുറപ്പെടും മുമ്പ് മേൽപ്പറഞ്ഞ ചോദ്യോത്തരത്തിന്റെ സംഗ്രഹം ലഘുലേഖാരൂപത്തിൽ അച്ചടിച്ചു കണ്ടതായി ഗുണ്ടർട്ട് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നവംബർ 1-ന് ഈ ലഘുലേഖ അച്ചടിച്ചു കിട്ടി. മംഗലാപുരത്തുനിന്ന് ഒക്ടോബർ 24-ന് ക്രിസ്ററ്യാൻ മ്യൂള്ളർ കൊണ്ടുവന്ന പ്രസിലാണ് ഇത് അച്ചടിച്ചത്. TM. 135

കേരളോൽപത്തി

1840-ൽ പിതാവിനയച്ച കത്തിൽ ഗുണ്ടർട്ട് കേരളോൽപത്തിയുടെ ചില ഭാഗങ്ങൾ തർജമചെയ്ത് അയയ്ക്കുന്നതാണെന്ന് എഴുതിയിട്ടുണ്ട്. അടുത്ത വർഷം ബാസലിലേക്കയച്ച കത്തിലും ഈ ഗ്രന്ഥത്തെക്കുറിച്ചു പരാമർശിച്ചുകാണുന്നു. GM 20.1.41 കേരളോൽപത്തിയുടെ പകർപ്പുകൾ തേടിപ്പിടിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു ഗുണ്ടർട്ട്. 1843 ആഗസ്ററ് 3-ന് മംഗലാപുരത്ത് അച്ചടിച്ച കേരളോൽപത്തി ഗുണ്ടർട്ടിന്റെ കൈയിൽ എത്തി.

രാജ്യസമാചാരവും പശ്ചിമോദയവും

ഇല്ലിക്കുന്നിൽ താമസം തുടങ്ങിയ കാലംമുതൽ ഒരു മലയാള പ്രസിദ്ധീകരണം തുടങ്ങുന്നതിനെക്കുറിച്ച് ഗുണ്ടർട്ട് ചിന്തിച്ചിരുന്നു. 1841 ജനുവരി 20-ന് ഗുണ്ടർട്ട് ബാസലിലേക്കയച്ച കത്തിലിത് വായിക്കാം: *എനിക്കിപ്പോഴുള്ള ചിന്ത മടി കൂടാതെ രേഖപ്പെടുത്തട്ടെ. മലയാളത്തിൽ ഒരാഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ചാൽ അതാവില്ലേ ലഘുലേഖകളെക്കാൾ ശ്രദ്ധേയം. ആഴ്ചപ്പതിപ്പിനുള്ള കാര്യങ്ങൾ ശരിപ്പെടുത്താൻ എളുപ്പമായിരിക്കും. ഇംഗ്ലണ്ടിൽനിന്നു പ്രസ് വാങ്ങാൻ കുറച്ചു പണം വേണം. മാററർ തയ്യാറാക്കുക എളുപ്പമാണ്. വരിക്കാരെ കിട്ടാൻ അല്പം പ്രയത്നം മതി. ഏററവും ബുദ്ധിമുട്ടുള്ള കാര്യം അക്ഷരങ്ങളുണ്ടാക്കി അച്ചു നിരത്തി അച്ചടിക്കുക എന്നതാണ്. കോട്ടയത്തുനിന്ന് ഒരു ലഘുലേഖ അച്ചടിച്ചുകിട്ടാൻ ഏറെ നാൾ കാത്തിരിക്കണം. അതിലും വേഗത്തിൽ അവിടെ നിന്ന് ഒരു അച്ചടിക്കാരനെ കിട്ടും. ഈ നിർദേശം ഇവിടത്തെ പ്രമാണിമാരുടെ ഇടയിൽ രേഖാമൂലം അവതരിപ്പിക്കാൻ എന്നെ അനുവദിക്കുമോ?* ഈ സ്വപ്നം സാക്ഷാത്കരിക്കാൻ ഏതാനും വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. 1847-ൽ രണ്ട് ആനുകാലികങ്ങൾ തലശ്ശേരിയിൽ നിന്നു പ്രസിദ്ധീകരിച്ചു തുടങ്ങി — *പശ്ചിമോദയവും രാജ്യസമാചാരവും.* രാജ്യസമാചാരം മിഷണറി വാർത്തകളാണ് ഉൾക്കൊണ്ടിരുന്നത്. പശ്ചിമോദയമാകട്ടെ പാശ്ചാത്യവും പൗരസ്ത്യവുമായ വിജ്ഞാനശാഖകൾക്കു പ്രാധാന്യം നൽകാൻ ശ്രമിക്കുന്നു. പശ്ചിമോദയത്തിലൂടെ വെളിച്ചം

കണ്ടവയാണ് ഗുണ്ടർട്ടിന്റെ ചില കൃതികൾ. ഔപചാരികമായ നിലയിൽ ഫ്രീഡറിക്ക് മ്യൂള്ളറായിരുന്നു ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ.

ജോർജ് ഫ്രീഡറിക്ക് മ്യൂള്ളർ (1818-1888)

1842-ൽ തലശ്ശേരിയിലെത്തിയ ജർമൻ മിഷണറി മ്യൂള്ളർ അവിടെ അച്ചടിക്കാര്യങ്ങളുടെ മുഖ്യചുമതലക്കാരനായിരുന്നു. പുസ്തകങ്ങളും ലഘുലേഖകളും അച്ചടിച്ചു വിതരണം ചെയ്തും നെയ്ത്തുശാലയുടെ മേൽനോട്ടം വഹിച്ചും ഗുണ്ടർട്ടിന്റെ സഹകാരിയായി കഴിഞ്ഞുകൂടിയ ഈ യുവാവ് 1855-ൽ കരൾരോഗം ബാധിച്ച് നാട്ടിലേക്കു മടങ്ങി. അവിടെ ഗുണ്ടർട്ടിന്റെ ജന്മനഗരമായ സ്ററുട്ഗാർട്ടിൽ യുവജനപ്രവർത്തകനായി അദ്ദേഹം അറിയപ്പെട്ടു. മലയാളം അച്ചടിയുടെ ചരിത്രത്തിൽ ഓർമിക്കേണ്ട വ്യക്തിയാണ് മ്യൂള്ളർ.

കോഴിക്കോട്ട് ബാസൽമിഷൻ കേന്ദ്രം തുടങ്ങാൻ 1839-ൽ തന്നെ ഗുണ്ടർട്ട് കേന്ദ്രക്കമ്മിററിയോട് അഭ്യർഥിച്ചിരുന്നു. മിഷണറിമാരുടെ ദൗർലഭ്യം മൂലം ഈ ആഗ്രഹം നിറവേറിയില്ല. അഞ്ചരക്കണ്ടിയിൽനിന്ന് കോഴിക്കോട്ടെത്തിയ മിഖായേൽ ഉപദേശിയായിരുന്നു അവിടെ ആദ്യം പ്രവർത്തനം തുടങ്ങിയത്. 1842-ൽ ഒന്നര വർഷത്തോളം ഗുണ്ടർട്ടിന്റെ സഹപ്രവർത്തകനായിരുന്ന ഫ്രിററ്സ് കോഴിക്കോട്ടെത്തി പ്രവർത്തനം തുടങ്ങി. ക്രിസ്ററ്യാൻ ഇറിയോൺ എന്ന മിഷണറി ഗുണ്ടർട്ടിന്റെ സഹകാരിയായി എത്തിയതുകൊണ്ടാണ് ഈ ഘട്ടത്തിലെങ്കിലും ഒരു മിഷണറിയെ കോഴിക്കോട്ടേക്ക് അയയ്ക്കാൻ കഴിഞ്ഞത്.

ഫ്രിറ്റ്സും ഇറിയോണും

ജോൺ മിഖായേൽ ഫ്രിറ്റ്സ് (1815-1883) 1840-ൽ തലശ്ശേരിയിലെത്തി ഗുണ്ടർട്ടിന്റെ മാർഗദർശനത്തിൽ മലയാളഭാഷ പഠിച്ചു വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 1842-ൽ കോഴിക്കോട്ടേക്കു നീങ്ങിയ ഫ്രിറ്റ്സ് അവിടെ കളക്ടർ കൊണോലിയുടെ സുഹൃത്തായിത്തീർന്നു. നഗരത്തിനു പുറത്ത് നായാടികളെ പുനരധിവസിപ്പിക്കാനും അവർക്കു വേണ്ട ക്ഷേമ പ്രവർത്തനങ്ങൾ നടത്താനും ഫ്രിറ്റ്സും കൊണോലിയും സഹകരിച്ചു പ്രവർത്തിച്ചു. ഫ്രിറ്റ്സ് ദമ്പതികൾ തുടങ്ങിവച്ച ബാലികാഭവനം അതിവേഗം പുരോഗതി പ്രാപിച്ചു. 1858-ൽ ജൂലി ഗുണ്ടർട്ടും പുത്രി മാറിയും കോഴിക്കോട്ടെത്തി അതിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. 1867-ൽ ഫ്രിറ്റ്സിന്റെ കർമരംഗം കണ്ണൂരായി. 1880-ൽ രോഗിയായിത്തീർന്ന അദ്ദേഹം യൂറോപ്പിൽ ചെന്ന് സ്ട്രാസ്ബുർഗിൽ താമസമുറപ്പിച്ചു. ഫ്രിറ്റ്സ് ആരംഭിച്ച ബാസൽമിഷൻ വിദ്യാലയങ്ങൾ കോഴിക്കോട്ടും പരിസരത്തും അനേകർക്ക് അക്ഷരലോകം തുറന്നു കൊടുത്തു.

ക്രിസ്റ്റ്യാൻ ഇറിയോൺ (1812-1891) 1841-ൽ ജർമനിയിൽ നിന്നു തലശ്ശേരിയിൽ എത്തി. ഇരുപതു വർഷം അദ്ദേഹം തലശ്ശേരിയിൽ പ്രവർത്തിച്ചു. ഭാഷാസാഹിത്യപ്രവർത്തനങ്ങളിൽ സജീവ

താൽപര്യമുണ്ടായിരുന്നു ഇറിയോണിന്. ഗുണ്ടർട്ടിന്റെ അസാന്നിധ്യത്തിൽ തലശ്ശേരിയിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. മലയാളം അച്ചടി, പാഠപുസ്തക രചന എന്നിവയിലെല്ലാം തലശ്ശേരിയിൽ ഗുണ്ടർട്ടിന്റെ പങ്കാളിയായിരുന്നു ഇറിയോൺ. അക്കാലത്തും പിന്നീടും പല പ്രവർത്തനങ്ങളിലും ഗുണ്ടർട്ടിനെ അനുകരിക്കാൻ അദ്ദേഹം ശ്രമിച്ചു. ഉദാഹരണത്തിന് ഗുണ്ടർട്ടു നിഘണ്ടുവിന്റെ മാതൃകയിലുള്ള ഒരു കൈയെഴുത്തു നിഘണ്ടു സ്വിറ്റ്സർലണ്ടിലെ ബാസൽ മിഷൻ രേഖാലയത്തിൽ ഇറിയോണിന്റേതായി കാണുന്നു. 1184 പുറങ്ങളുള്ള ബൃഹത് നിഘണ്ടുവാണിത്—*Malayalam and English Dictionary*, 1862. 1861-ൽ സ്വദേശത്തേക്കു മടങ്ങിപ്പോയ ഇറിയോൺ ശിഷ്ടകാലം ജർമനിയിലെ കാൾസ്റൂഹിൽ താമസിച്ചു മതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

അബ്രഹാം മൂളിയിൽ (1820-1885)

ഭാരതീയ ശാസ്ത്രങ്ങളിലും പുരാണങ്ങളിലും നല്ല പാണ്ഡിത്യമുണ്ടായിരുന്ന രാമോട്ടി കണ്ണൂരിലാണ് ജനിച്ചത്. അവിടത്തെ പോസ്റ്റുമാസ്റ്ററായിരുന്ന സി. വെസ്റ്റ് നൽകിയ ക്രൈസ്തവ രചനകൾ പിൽക്കാലത്ത് ഗുണ്ടർട്ടുമായി ബന്ധപ്പെടാൻ അദ്ദേഹത്തിനു പ്രചോദനം നൽകി. മിഷനിലെ മുൻഷിയായി അദ്ദേഹം പ്രവർത്തിച്ചു. രാമോട്ടിയും ഗുണ്ടർട്ടുമായുണ്ടായ ഗാഢസമ്പർക്കം ഇരുവർക്കും അനുഗ്രഹമായിത്തീർന്നു. ഉജ്വല വാഗ്മിയും സംസ്കൃത പണ്ഡിതനുമായിരുന്ന അദ്ദേഹം ക്രിസ്തുമതത്തിൽ ചേർന്നപ്പോൾ (1854) സ്വീകരിച്ച പേരാണ് അബ്രഹാം മൂളിയിൽ. ഗുണ്ടർട്ടിന്റെ മതരചനകളിൽ അദ്ദേഹം സഹായം നൽകിയിരുന്നു.

മാപ്പിള മലയാളം

അഞ്ചരക്കണ്ടിയിലും പരിസരത്തുമുണ്ടായിരുന്ന മാപ്പിളമാരും ബാസൽമിഷൻ സമൂഹത്തിന്റെ ആദ്യകാല പ്രവർത്തകരും തമ്മിൽ നിസ്സാരമല്ലാത്ത അപസ്വരങ്ങൾ ഉണ്ടായിരുന്നു. മാപ്പിളലഹളയുടെ കാലത്ത് മലബാറിലെ സാമൂഹികാന്തരീക്ഷം പൊതുവെ സംഘർഷനിർഭരമായിരുന്നല്ലോ. ഇക്കാര്യമെല്ലാം വിശദമായി ഗുണ്ടർട്ടിന്റെ കത്തുകളിൽ കാണാം. മാപ്പിളമാരുടെ ഭാഷ, സാഹിത്യം എന്നിവയിലെല്ലാം ഗുണ്ടർട്ടിനു സജീവ താല്പര്യമുണ്ടായിരുന്നു. മാപ്പിളമാരുടെ വീരഗാഥകൾ പകർത്തിയെടുത്തു സൂക്ഷിക്കയും നിഘണ്ടുവിൽ അപഗ്രഥിച്ചുപയോഗിക്കുകയും ചെയ്തു. മാപ്പിളഭാഷ ഇത്രത്തോളം ശാസ്ത്രഭദ്രമായി പഠിച്ച മറ്റൊരു പണ്ഡിതൻ ഉണ്ടോയെന്നു സംശയിക്കണം.

10

കോട്ടയത്തും കൊച്ചിയിലും

കോട്ടയത്തെ സി. എം. എസ്. മിഷണറിമാർക്ക് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലുള്ള പ്രാധാന്യം സുവിദിതമാണല്ലോ. അവരുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കാൻ ഗുണ്ടർട്ട് ആഗ്രഹിച്ചു. 1843 നവംബർ 1-ന് ഗുണ്ടർട്ട് ഇല്ലിക്കുന്നിൽനിന്ന് കോട്ടയത്തേക്കു പുറപ്പെട്ടു. വടകരവരെ കാൽനടയായും അവിടെനിന്ന് വള്ളത്തിലും സഞ്ചരിച്ച് നവംബർ 7-ാം തീയതി രാവിലെ ആറുമണിക്ക് കോട്ടയത്തെത്തി. അവിടെ വഴിയിൽ വച്ചു കണ്ടുമുട്ടിയ ഒരു നായരുടെ ഭാഷയെക്കുറിച്ച് ഇറിയോണിനുള്ള കത്തിൽ എഴുതുന്നു: *അയാളുടെ ഭാഷ, സുറിയാനിക്കാരുടെ ഭാഷയെക്കാൾ നമ്മുടെ ഭാഷയോടു സാമ്യമുള്ളതാണ്.* GB 7.11.43

സി. എം. എസ്. മിഷണറിമാരും കോട്ടയം കോളജും

ഗുണ്ടർട്ടിന് ബഞ്ചമിൻ ബയിലിയുടെ ഭവനത്തിൽ സ്നേഹപൂർണമായ സ്വീകരണം ലഭിച്ചു. *ഒച്ചപ്പാടുകൾ കൂടാതെ അവർ ഇവിടെ ജോലിചെയ്യുന്നു. ദിവസങ്ങളോളം നിരന്തരം അധ്വാനിച്ചിട്ടാണ് അവർ സാരമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നത്.* GB 9.11.43 ഇതാണ് ഗുണ്ടർട്ടിന്റെ ആദ്യ പ്രതികരണം.

സി.എം. എസ്. മിഷണറിമാർ നടത്തിയിരുന്ന കോട്ടയം കോളജിൽ അക്കാലത്ത് അമ്പതോളം കുട്ടികളുണ്ടായിരുന്നു. അവിടെ ദൈവശാസ്ത്രവും സഭാ ചരിത്രവും പഠിപ്പിക്കുന്ന ചാപ്മാൻ ആദരണീയനായ പണ്ഡിതനാണ് എന്ന് ഗുണ്ടർട്ടിനു തോന്നി. കോളജിനുവേണ്ടി ജീവിക്കുന്ന ഈ അധ്യാപകൻ ഗ്രീക്ക്, ഗണിതശാസ്ത്രം, മാപ്പുവരയ്ക്കൽ എന്നിവയിലും സജീവ താല്പര്യം പ്രകടിപ്പിച്ചിരുന്നു. മലയാളത്തിലും നല്ല പരിജ്ഞാനമുണ്ടായിരുന്നു.

ഗുണ്ടർട്ട് ബയിലി ഭവനത്തിൽ വൈകുന്നേരം പിയാനോ വായിച്ചു രസിച്ചു. കോട്ടയത്തെത്തിയ ആദ്യ ദിവസം രാത്രിയിൽ സുറിയാനി ക്രിസ്ത്യാനികളുടെ ചെപ്പേടുകൾ പകർത്തിയെടുത്തു. *അവ തർജമ ചെയ്യാം എന്നു കരുതുന്നു. യഹൂദ ശാസനത്തെക്കാൾ വലുതാണവ. തമിഴിനെക്കാൾ*

മലയാളത്തിനാണ് അവയിൽ പ്രാചുര്യം. താരതമ്യേന ആധുനികമെന്നു കരുതണം. യഹൂദ ക്രൈസ്തവ ശാസനങ്ങളെക്കുറിച്ച് 1844-45-ൽ മദ്രാസ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആൻഡ് സയൻസിൽ ഗുണ്ടർട്ട് ഒരു ലേഖന പരമ്പര പ്രസിദ്ധീകരിച്ചു.

പിറ്റേന്ന് കാലത്ത് എട്ടു മണിക്ക് കോളജ് ലൈബ്രറിയിൽ ചാപ്മാൻ എന്ന മിഷണറിയുടെ കൂടെ ഗ്രന്ഥങ്ങൾ നോക്കിക്കണ്ടു. അവിടെ ജോസഫ് സീമോൺ അസ്മാനി (1687-1768) എന്ന പൗരസ്ത്യ വിജ്ഞാനിയുടെ രചനകൾ പരിശോധിച്ചു. സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ചുള്ള മറ്റു ചില കൃതികളിൽനിന്നു കുറിപ്പുകളെടുത്തു. ഹക്സിൻെറ *ഇന്ത്യയിലെ ക്രിസ്തുമതം (Christianity in India)* ഏറെ മൗലികതയില്ലെങ്കിലും കൗതുകകരമായി തോന്നി—മറ്റു പലതും തേടിപ്പിടിക്കാൻ ഗുണ്ടർട്ടിന് അത് സഹായകമായി.

ഉച്ചയ്ക്കു ശേഷം ഏതാനും മണിക്കൂർ ജോൺസൺ എന്ന മിഷണറിയുമായി വ്യാകരണ കാര്യങ്ങൾ ചർച്ചചെയ്തു. പീറ്റിൻെറ വ്യാകരണത്തെ അയാൾ നിശിതമായി വിമർശിച്ചു. അതിലെ ഉദാഹരണങ്ങളെല്ലാം കൃത്രിമമായി ചമച്ചുണ്ടാക്കിയതാണെന്നും അത് അഭികാമ്യമായ നയമല്ലെന്നും അയാൾ അഭിപ്രായപ്പെട്ടു. *മിഷണറിമാരുടെ ഇടയിൽ ഇത്തരം കാര്യങ്ങളിൽ അഭിപ്രായാന്തരങ്ങളുണ്ട്. നമ്മൾ അഭിപ്രായം തുറന്നു പറഞ്ഞാൽ ഫലമുണ്ടായേക്കും.*

പീറ്റ് ഊർജസ്വലനായ വ്യക്തിയാണെന്നും അയാൾക്ക് എന്തു കാര്യത്തിലും പൂർണ ഹൃദയത്തോടെ വ്യാപരിക്കാൻ കഴിയുമെങ്കിലും വിവേചനാശീലം തീരെയില്ലെന്നും ചാപ്മാൻ അഭിപ്രായപ്പെട്ടു. ഏതായാലും കാര്യങ്ങളൊക്കെ നടത്തിക്കൊണ്ടുപോകുന്നു. പീറ്റിൻെറ സഭാസമൂഹത്തിൽ അദ്ദേഹം സന്തുഷ്ടനാണ്. അവിടെ എല്ലാം സജീവമാണ്. ഹൃദയത്തിനാണവിടെ പ്രാമുഖ്യം എന്നും ചാപ്മാൻ പറഞ്ഞു. അക്കാലത്ത് ജോസഫ് പീറ്റ് മാവേലിക്കരയിലായിരുന്നു. *മാവേലിക്കരയ്ക്കു പോകാൻ നേരത്തെ ആലോചിക്കാത്തതിൽ എനിക്കു ഖേദം തോന്നി. ഇനി ആലപ്പുഴയ്ക്കു വരുമ്പോൾ അവിടെ പോകണം* എന്ന് ഗുണ്ടർട്ട് എഴുതിയിരിക്കുന്നു.

മൂന്നാം ദിവസമായിരുന്നു ഏറ്റവും രസകരം; ഏറ്റവും ഫലപ്രദവും. ഇന്ന് ഒമ്പതാം തീയതി ഞാൻ ബയിലിയുടെ മുൻഷിയുമായി മലയാള ഗദ്യത്തെക്കുറിച്ച് സംസാരിച്ചു. ബയിലി ഇടയ്ക്കിടെ പുഞ്ചിരിച്ചുകൊണ്ടു കടന്നു വരും. ചിലപ്പോഴെല്ലാം കൂടെ വന്ന് ഇരിക്കും. മുൻഷി ബുദ്ധിശാലിയാണ്. അയാൾക്കു പല വ്യാകരണപ്പിഴകളും ബോധ്യമായി....

മലയാള ഗദ്യത്തെക്കുറിച്ച്

മുൻഷിയും ജോൺസണും ഇഴഞ്ഞിഴഞ്ഞുപോകുന്ന പുതിയ ഗദ്യത്തെക്കുറിച്ചു പരാതി പറഞ്ഞു. ഈ ഗദ്യശൈലി പ്രാചീന മലയാളത്തിൽ (ഉദാഹരണം, രേഖകൾതന്നെ) നിന്നു വ്യത്യസ്തമാണ്. ഇതു സംസ്കൃതം പഠിച്ച ശൂദ്രർക്ക് പദാനുപദമായി തർജമ ചെയ്യാനുള്ള വ്യഗ്രതയുടെ

സൃഷ്ടിയത്രെ. മുൻഷിയുടെ ഈ നിരീക്ഷണം ശരിയാണ്. 'ചെയ്തു' എന്നതിനു പകരം 'ചെയ്തിട്ടുള്ള' എന്നെഴുതുന്നത് അയാൾ ചൂണ്ടിക്കാണിച്ച നല്ല ഉദാഹരണമാണ്. അയാൾ ചോദിച്ചു; എങ്ങനെ നല്ല മലയാളം ഗദ്യമുണ്ടാകും? നിങ്ങൾ തലശ്ശേരിയിൽ വല്ലതും എഴുതിയാൽ കോട്ടയത്തുള്ള ഞങ്ങൾക്ക് ഇവിടെ പ്രചാരത്തിലില്ലാത്ത ചില വാക്കുകളെക്കുറിച്ച് എതിർപ്പുണ്ടാകും. കോട്ടയത്തു ഞങ്ങൾ എന്തെങ്കിലും എഴുതി മാവേലിക്കരയ്ക്ക് അയച്ചാൽ അതല്ല വേണ്ടതെന്ന് പറഞ്ഞ് അവർ അട്ടഹസിക്കും! ആ ഘട്ടത്തിൽ ബയിലി പുഞ്ചിരിച്ചുകൊണ്ട് കടന്നുവന്ന് അചഞ്ചലനായി ഇരുപ്പുറപ്പിച്ചു. പ്രാചീന ഗ്രീസിൽ സംഭവിച്ചത് ഇവിടെയും ഉണ്ടാകാം എന്നു പറഞ്ഞ് (ഒന്നാലോചിച്ചാൽ എനിക്കെങ്ങനെ ഈ താരതമ്യം മനസ്സിലുദിച്ചു!) അയാൾക്ക് ഗ്രീസിലെ നവീന ഘട്ടം കടന്നുവരുന്നതിനുമുമ്പുണ്ടായിരുന്ന പ്രവിശ്യകളും ഭാഷാഭേദങ്ങളും കാണിക്കുന്ന ഒരു ചിത്രം ഞാൻ വരച്ചു കൊടുത്തു (അപ്പോൾ ബയിലി വീണ്ടും പുഞ്ചിരിക്കുന്നു). ഈ മുൻഷി നമ്മുടെ മുൻഷിയെക്കാൾ (അയാളും പഠിപ്പുള്ളവൻ തന്നെ) സമർഥനാണ്. ക്ലേശിച്ചു പഠിക്കേണ്ടിവരുന്ന കഴമ്പില്ലാത്ത പദ്യങ്ങളെക്കാൾ ഉത്തമഗദ്യത്തിനുള്ള മേന്മ ഇയാൾ മനസ്സിലാക്കുന്നു.

ഇന്നു കാലത്തു നടന്ന കാര്യങ്ങളിൽ ഞാൻ അതീവ സന്തുഷ്ടനാണ്. നമ്മുടെ രചനയിൽ അസ്വീകാര്യമായിത്തോന്നുന്നവ ചൂണ്ടിക്കാണിക്കാൻ ഞാൻ അയാളോട് അഭ്യർഥിക്കും (അവിടെ സന്നിഹിതനായിരുന്ന ബയിലി ഇക്കാര്യത്തിൽ എന്നെ സഹായിക്കാഞ്ഞതിൽ സ്വയം പഴിക്കുന്നുണ്ടാവും).

കോളജിൽ കുട്ടികളോടൊപ്പം ഉച്ചഭക്ഷണം കഴിച്ചു. അവരുമായുള്ള ചർച്ചയിൽ ഗ്രീക്ക്, വേദശാസ്ത്രചരിത്രം, ഷ്ളയർ മാഹറു(Schleier macher)ടെ വേദവിപരീത സിദ്ധാന്തങ്ങൾ എന്നിവയെല്ലാം പൊന്തിവന്നു. അപ്പോൾ സാമർഥ്യവും ഉദാരതയുമുള്ള മുഖങ്ങൾ എനിക്കു ചുറ്റും പ്രത്യക്ഷപ്പെട്ടു. ഇതൊരു സാധാരണ ഇംഗ്ലീഷ് വിദ്യാലയമല്ല, തീർച്ച. മൂഢമായി ഉരുവിട്ടു പഠിക്കുകയല്ല ഇവിടെ. കോളജിന് വിസ്തൃതമായ ചുറ്റുപാടിൽ, സുറിയാനിക്കാരുടെയും ഇംഗ്ലീഷ് മലയാളം സമൂഹങ്ങളുടെയും ഇടയിൽ, പ്രതിഷ്ഠ ലഭിച്ചിരിക്കുന്നു. മറ്റെല്ലായിടത്തും എന്നപോലെ ഇവിടെയും വല്ലായ്മകളുണ്ട്. പ്രഥമദർശനത്തിൽ അവിശ്വസനീയമായി തോന്നുമെങ്കിലും നാട്ടിലെ മറ്റുള്ളവരെപ്പോലെതന്നെ വ്യാജം നടിക്കാൻ ഇവർക്കു കഴിയുന്നു. പലരും നല്ല വിദ്യാഭ്യാസമുള്ളവരാണ്. പ്രതീക്ഷയുണർത്തുന്നു. പക്ഷേ, സുറിയാനി സഭയിലേക്കു മടങ്ങിപ്പോയി സുറിയാനി വൈദികരെക്കൊണ്ട് വിവാഹം നടത്തിക്കും. കഴിഞ്ഞ രണ്ടു മൂന്നു നൂറ്റാണ്ടായി സുറിയാനിക്കാരിങ്ങനെ സഭാതരംഗങ്ങളിൽ അകപ്പെട്ടിരിക്കയാണ്. എത്ര വർഷം ഏതെല്ലാം സഭകളിൽ ഉൾപ്പെട്ടിരുന്നാലും സുറിയാനി വൈദികനാണ് വിവാഹം നടത്തുന്നതെങ്കിൽ അവർക്ക് എപ്പോൾ വേണമെങ്കിലും സുറിയാനി സഭയിലേക്കു മടങ്ങാം. ഇംഗ്ലീഷ് സഭയുടെ ക്രമത്തിൽ വിവാഹിതരാകുന്നവർ പുറത്താകും. അടുത്ത കാലത്താണ് ഇവിടെ പഠനത്തിൽ ഒന്നാമനായിരുന്ന ഒരു യുവാവ് വീട്ടിൽ

പോയി സുറിയാനിക്രമത്തിൽ വിവാഹിതനായത്. ഇപ്പോൾ ബ്രിട്ടീഷുകാരും അയാളെ കൈക്കൊള്ളാൻ വിസമ്മതിക്കുന്നു. സുറിയാനിക്കാർ ഇക്കാര്യത്തിൽ ശാഠ്യം കാണിക്കുന്നതിനാൽ ഇംഗ്ലീഷുകാരും ഇത് ഗൗരവമായി പരിഗണിക്കുന്നു. ഇവിടെ പല ചെറുപ്പക്കാരും വിവാഹിതരാണെങ്കിലും ഭാര്യമാരെ വീട്ടിൽ നിറുത്തിയിട്ട് വർഷങ്ങളായി കോളജിൽ താമസിക്കുകയാണ്.

ഗുണ്ടർട്ട് കോട്ടയത്തു കണ്ട പലതും ഉദ്വേഗജനകമായ പുതുമകളായിരുന്നു. *ഇക്കഴിഞ്ഞ മൂന്നു ദിവസവും എന്നപോലെ ഇപ്പോഴും ഉറങ്ങാൻ തുടങ്ങുമ്പോൾ പന്ത്രണ്ടു മണിയാകുന്നു. ഇവിടെ ചെയ്യേണ്ടതും കാണേണ്ടതും ഒന്നും വിട്ടു പോകരുത് എന്ന ഉത്കണ്ഠ നിമിത്തം വികാരഭരിതനാകയാൽ എനിക്ക് ഉറങ്ങാൻ കൂടി കഴിയുന്നില്ല.* GB 9.11.43

പത്താം തീയതി എഴുതുന്നു: *ടൈപ്പുകൾ ഉണ്ടാക്കുന്നതും അക്ഷരങ്ങൾ നിരത്തുന്നതും അച്ചടിക്കുന്നതും ബയൻറു ചെയ്യുന്നതും കാലത്ത് ഞാൻ നോക്കിക്കണ്ടു. ഇവിടെ വളരെയേറെ പുസ്തകങ്ങളില്ല. മൈസൂറിൽ മ്യൂഗ്ളിങ് ശേഖരിച്ചിടത്തോളമൊന്നും ഇവിടെയില്ല. അധ്യാപകരുടെ സ്വകാര്യ ഗ്രന്ഥശേഖരത്തിലും കോളജ് ലൈബ്രറിയിലും ചില വിശിഷ്ട ഗ്രന്ഥങ്ങളുണ്ട്. 'സുറിയാനി പ്ശീത്താ'*യിൽ നിന്നു തർജമ ചെയ്ത പുതിയ നിയമം കോളജ് ലൈബ്രറിയിൽ ഞാൻ കണ്ടു. ഇപ്പോൾ ആരും സുറിയാനി പഠിക്കുന്നില്ല. മിഷണറിമാർക്കും അതു വശമല്ല.*

ഞാൻ വീണ്ടും കോളജിൽ ചെന്ന് കാംപ്ബെൽ, ജോൺസൺ എന്നിവരുമായി തുറന്ന ചർച്ചകൾ നടത്തി. ഇളംമുറക്കാരനായ ജോൺസണാണ് തുറന്നടിച്ചു സംസാരിക്കുന്നത്...ബേക്കർ ദമ്പതികൾ എന്നെ വീട്ടിലേക്കു ക്ഷണിക്കാൻ ആഗ്രഹിച്ചു. എങ്കിലും മിസ്സിസ് ബയിലിയുടെ മുഖം ചെമക്കുന്നതു കണ്ടതിനാൽ മിഷണറിമാരെ എൻെറ കൂടെ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചില്ല. എന്നെ ക്ഷണിച്ചു കൊണ്ടുപോകാൻ അവർ ധൈര്യപ്പെട്ടുമില്ല. എൻെറ സന്ദർശനം നേരിയ അസ്വാരസ്യത്തിനു പോലും കാരണമാകരുതെന്ന് എനിക്കുമുണ്ടായിരുന്നു. അതിനാൽ പരുക്കൻ പ്രകൃതക്കാരായ നമ്മൾ—ജർമൻകാർ—ശ്രദ്ധിക്കാൻ കൂടി വിട്ടുപോകുന്ന നിസ്സാരകാര്യങ്ങളിൽ ഞാൻ ഇടനിലക്കാരനായി വർത്തിച്ചു.

മൊത്തിലുള്ള എൻെറ പ്രതികരണം: പ്രിയപ്പെട്ട ബയിലി, അദ്ദേഹവുമായി സഹകരിച്ചു പ്രവർത്തിക്കാനായിരിക്കും നമുക്ക് ഏറ്റവും ബുദ്ധിമുട്ട്. അദ്ദേഹവും ഭാര്യയും ഒറ്റപ്പെട്ടു നിൽക്കുന്നു. ബയിലി അത്യന്തം മൃദുലചിത്തനും താൻപോരിമക്കാരനുമാണ്. ബേക്കറാകട്ടെ, ദൃഢചിത്തനും തുറന്നടിച്ചു സംസാരിക്കുന്ന പ്രകൃതക്കാരനുമാണ്. വിമർശനങ്ങൾ ചിരിച്ചുകൊണ്ടു കേട്ടു നിൽക്കും. ബേക്കറുടെ ഭാര്യ, ഇംഗ്ലീഷുകാരെ

---

* സുറിയാനി ഭാഷയിലുള്ള പ്രാചീന ബൈബിൾ തർജമ. 1811-ൽ ഇതിൻെറ ചില ഭാഗങ്ങൾ മലയാളത്തിൽ തർജമ ചെയ്തു ബോംബെയിലെ കൂറിയർ പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ഇതായിരിക്കണം മലയാളത്തിലെ ഒന്നാമത്തെ ബൈബിൾ തർജമ. കൂടുതൽ വിവരങ്ങൾക്ക് *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* (ഡി സി ബി പതിപ്പ്, 1989 പു. 203 -211) നോക്കുക.

അപേക്ഷിച്ച് വട്ടമുഖക്കാരി, ജർമൻകാരിയാണ്.

ബയിലിയെക്കുറിച്ച്

ബയിലിയെക്കുറിച്ച് ഗുണ്ടർട്ട് വീണ്ടും എഴുതുന്നു: *ബയിലിയുമായി ഭാഷാപരമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ ഞാൻ ഒരുമ്പെട്ടില്ല. കാരണം, അതിനു മുതിർന്നാൽ ഞാൻ വിപ്ലവകാരി ആകേണ്ടിവരും.*

നോക്കൂ, ഏതു സംസ്കൃതവാക്കു കണ്ടാലും, അത് വിരളമായി മാത്രം ഉപയോഗിക്കുന്നതാണെങ്കിൽ പോലും, മററൊരാധാരവുമില്ലാതെ അദ്ദേഹം പറയും അതേ, അതും മലയാളമാണ്. കാരണം അത് സംസ്കൃത ശബ്ദകോശങ്ങളിൽ മലയാളലിപിയിൽ എഴുതിയിട്ടുണ്ട്. ഉടനടി മുൻഷി ആ വാക്ക് കൈക്കൊള്ളുകയും ചെയ്യും. മറിച്ച് ദ്രാവിഡ ധാതുവിൽ നിന്നുള്ള ഒരു ശുദ്ധമലയാള പദം ഞാൻ നിർദേശിച്ചാൽ അത് കോട്ടയത്തെ നിത്യ വ്യവഹാരത്തിലില്ലെങ്കിൽ (ഉദാ. ചെറുമർ, ചെറുമക്കൾ) അദ്ദേഹം പറയും, അതു തമിഴായിരിക്കണം, അതു വേണ്ട. തന്മൂലം മലയാള പുസ്തകങ്ങൾ വായിക്കാറേയില്ല. അത്തരം ചില പുസ്തകങ്ങൾ ഭംഗിയായി പകർത്തിച്ചെടുത്തിട്ടുണ്ട്. അവയെല്ലാം നിറയെ തമിഴാണെന്നാണ് അദ്ദേഹം പറയുന്നത് (സംസ്കൃതത്തിന്റെ പെരുപ്പത്തെക്കുറിച്ച് പരാതിയില്ല!). ഇവിടെയുള്ള പുസ്തകങ്ങളെല്ലാം നമ്മുടെ പക്കലുണ്ട്; ചണകകഥ ഒഴികെ. അതു ബയിലി എനിക്ക് എത്തിച്ചു തരും.

എനിക്ക് അർഹിക്കുന്നതിലേറെ ആദരം—എന്റെ തർജമകളെക്കാൾ — കേരളോൽപത്തി നേടിത്തന്നിരിക്കുന്നു എന്ന കാര്യം ഞാൻ ശ്രദ്ധിച്ചു. ചരിത്രത്തെയും ഭൂമിശാസ്ത്രത്തെയും കുറിച്ചും ഇവിടെ ചോദിച്ചാൽ മറുപടിയുണ്ടാവില്ല. നിർബന്ധിച്ചു ചോദിച്ചാൽ ഇവിടെയാരും അതു ഗൗനിക്കാറില്ല എന്നാവും മറുപടി. GB 9.11.43

കൊച്ചിയിലെ സുനഗോഗിൽ

മടക്കയാത്രയിൽ കൊച്ചിയിൽ ഇറങ്ങിയ ഗുണ്ടർട്ട് വഴി ചോദിച്ചറിഞ്ഞ് സുനഗോഗിൽ എത്തി. അവിടെ അകത്തു കടന്ന അദ്ദേഹം വേദപാരായണം കേട്ടു. റബ്ബി സാമുവേൽ അദ്ദേഹത്തെ സ്വീകരിച്ചുപചരിച്ചു. പിറ്റേന്ന് ഞായറാഴ്ച യഹൂദ ശാസനത്തിന്റെ പകർപ്പും തന്റെ തർജമയും കൊണ്ട് ഗുണ്ടർട്ട് റബ്ബി സാമുവേലിനെ പോയി കണ്ടു. യഹൂദ ശാസനത്തിന്റെ പഴയൊരു ഹീബ്രു തർജമ റബ്ബി സാവധാനം വായിച്ചു കൊടുത്തു. ഗുണ്ടർട്ട് അത് പദാനുപദം പെൻസിൽ കൊണ്ട് കുറിച്ചെടുത്തു. അങ്ങനെ സ്വന്തം പരിഭാഷ മെച്ചപ്പെടുത്താൻ കഴിഞ്ഞു. സുറിയാനി ക്രിസ്ത്യാനികളുടെ ചെപ്പേടിലെ ഹീബ്രു ഭാഗങ്ങളുടെ ശരിപ്പകർപ്പ് അദ്ദേഹം കൈയിൽ കരുതിയിരുന്നു. അതു കാണിച്ചപ്പോൾ റബ്ബി വിസ്മയഭരിതനായി. അതിലെ ഒപ്പ് അബ്രഹാം എന്ന് അദ്ദേഹം വായിച്ചു. ഗുണ്ടർട്ട് എഴുതുന്നു: *യൂറോപ്യരും യഹൂദരും ചെയ്തിട്ടുള്ളതുപോലെ അഞ്ചുവണ്ണം എന്നതിന് അഞ്ചുനാട് എന്ന തർജമ നൽകുന്നതു ശരിയാവില്ല എന്ന എന്റെ അഭിപ്രായത്തെക്കുറിച്ച് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ഇതൊരു സ്ഥലമോ മേഖലയോ*

ആയിരിക്കാം. പഴക്കമേറിയ യഹൂദച്ചെപ്പേടിൽ യഹൂദരുടെ രാജാവാണ് അഞ്ചുവണ്ണം നൽകുന്നത്. സുറിയാനിച്ചെപ്പേടിൽ (താരതമ്യേന പുതിയത്; പുരുഷ പ്രത്യയകാര്യത്തിൽ തമിഴിനും പുതിയ മലയാളത്തിനും ഇടയിലുള്ളത്) ഈ അഞ്ചുവണ്ണവും മറെറാരു മണിഗ്രാമവും സുറിയാനി ക്രിസ്ത്യാനിയായ സാപീർ ഈശോയ്ക്ക് (സാപൂർ Sapur) പോർത്തുഗീസുകാരുടെയും അസെമാനിയുടെയും മാർസബറോ (Mar Xabro) തരിസാപ്പള്ളിക്കാര്യത്തിനു നൽകിയിരിക്കുന്നു. ചെപ്പേടിൽ കാണുന്ന ഹീബ്രു നാമങ്ങൾ, ഉത്തരവാദപ്പെട്ട യഹൂദ കുടുംബനാഥന്മാരുടേതായിരിക്കാം. അവരും നസ്രാണികളുടെ രാജഭവനവും ചേർന്ന് ആ പള്ളിക്കാർക്ക് ഉറപ്പു നൽകുകയാവണം. റബ്ബിക്ക് ഈ വിഷയത്തിൽ സജീവതാല്പര്യമുണ്ട്. അദ്ദേഹം കൂടുതൽ വിവരങ്ങൾ തേടുന്നു. GB 11.11.43

ബാസൽ മിഷൻെറ ഇൻസ്പക്ടർക്കയച്ച കത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കാണുന്നു. മാവേലിക്കരയിൽ പ്രവർത്തിച്ചിരുന്ന ജോസഫ് പീററ് എന്ന മിഷണറിയിൽനിന്നു കത്തിടപാടിലൂടെ ലഭിച്ച വിവരങ്ങളാണ് ഈ കുറിപ്പുകൾക്ക് പ്രചോദനം. കുരക്കേണി, കൊല്ലം, മഹാദേവർ പട്ടണം എന്നിവയെക്കുറിച്ചുള്ള ക്രൈസ്തവ പാരമ്പര്യങ്ങൾ, മാണിക്കവാചകരുടെ കാലത്ത് ക്രിസ്തുമതത്തിൽ നിന്ന് വ്യതിചലിച്ചവരാണ് മണിഗ്രാമക്കാർ എന്ന ഐതിഹ്യം, തരിസാ എന്ന വാക്കിൻെറ നിഷ്പത്തി* തുടങ്ങിയവയെല്ലാം ഇവിടെ പരാമർശിക്കപ്പെടുന്നു. GB 21.11.44

യഹൂദഹത്യ

കൊടുങ്ങല്ലൂരെത്തിയ ഗുണ്ടർട്ട് പോർത്തുഗീസ് കോട്ടയുടെ അവശിഷ്ടങ്ങൾ കാണാൻ പോയി. തിരുവിതാംകൂറിൻെറ അതിർത്തിയിലുള്ള ഈ സ്ഥലത്ത് തിരുവിതാംകൂർ കസ്ററംസ് അധികൃതരുമായി സംസാരിച്ചെങ്കിലും കൂടുതൽ വിവരങ്ങളൊന്നും ലഭിച്ചില്ല. കൊടുങ്ങല്ലൂരിൽ പോർത്തുഗീസുകാർ നടത്തിയ യഹൂദ വേട്ടയുടെ കഥ ഒരു വൃദ്ധബ്രാഹ്മണനിൽനിന്ന് ഗുണ്ടർട്ട് കേട്ടു: *യഹൂദരുടെ പഴയ നിവാസഭൂമി കാണിച്ചുതന്ന വൃദ്ധബ്രാഹ്മണൻ പറഞ്ഞ കാര്യങ്ങൾ എന്നെ അമ്പരപ്പിച്ചു. അവരെ നശിപ്പിച്ചുകളഞ്ഞ ദിനത്തിൽ അവർ ഒരു*

---

*തർസാ (Tarsa) എന്ന വാക്കിന് മംഗോളിയയിൽ ക്രിസ്ത്യാനി, പാഴ്സി എന്നീ അർഥങ്ങളുണ്ട്. മൂലധാതുവിൻെറ അർഥം അവിശ്വാസി എന്നാണുപോലും. നെസ്തോറിയൻ ക്രൈസ്തവ ചിന്തകരിൽ പ്രമുഖനായ താർസൂസിലെ ദിയോദറിൻെറ പേരിൽനിന്നാകാം തരിസാ ഉണ്ടായത് എന്നു മറ്റൊരഭിപ്രായം. മറ്റു പള്ളികളിൽ നിന്നു നെസ്തോറിയൻ പള്ളി വേർതിരിച്ചറിയാൻ തരിസാപ്പള്ളി എന്നു പേരുവിളിച്ചതാകാം. മണിക്കിരാമത്തിലെ മണിയെ മണിക്കേയരുമായി ബന്ധിപ്പിക്കാവുന്നതാണ്. ഇവരെ അറബികൾ സിലോണിലും മറ്റും കാണുകയുണ്ടായല്ലോ. മോണ്ടോ കോർവിനോ (Monto Corvino)യെപ്പോലുള്ള പ്രാമാണികരുടെ രചനകൾ ഉദ്ധരിച്ചുകൊണ്ട് ഗുണ്ടർട്ട് നടത്തുന്ന ഈ ചർച്ച കേരള ചരിത്ര വിദ്യാർഥികൾക്ക് കൗതുകകരമായേക്കും.

പ്രതിജ്ഞ ചെയ്തിരുന്നു. ഇനി ഒരിക്കലും പടിഞ്ഞാറേക്കരയിൽ വച്ച് തിന്നുകയോ കുടിക്കുകയോ ഇല്ല. ശവസംസ്കാരത്തിനായി ഒരു പിടി മണ്ണെടുക്കുക മാത്രം ചെയ്യും. ഇന്ന് ഞങ്ങൾ യഹൂദന് ഒരുപാത്രം ഭക്ഷണം കൊടുത്താൽ അയാൾ വള്ളത്തിൽ കയറി മറുകരയിൽ ചെന്ന് അവിടെയിരുന്ന് അത് കഴിക്കും. ഓരോ ശവക്കുഴിയിലും ഇവിടെനിന്നുള്ള ഓരോ പിടി മണ്ണ് അവർ ഇടാറുമുണ്ട്. GB 11.11.43

പുരോഹിതനല്ല, സ്കൂൾ മാസ്റ്ററാണ്

ഗുണ്ടർട്ട് കോട്ടയത്തേക്കു നടത്തിയ യാത്ര അദ്ദേഹത്തിന്റെ കേരളീയാനുഭവത്തിനു കൂടുതൽ വ്യാപ്തിയും ആധികാരികതയും നൽകി. ഭാഷാപരിശ്രമങ്ങളിൽ മലബാറിലെ ബാസൽമിഷന് കോട്ടയത്തുനിന്ന് ചുരുക്കം ചില കാര്യങ്ങളേ പഠിക്കാനുള്ളു എന്നും അദ്ദേഹത്തിനു തോന്നിയിരിക്കണം. മതപരമായ കാര്യങ്ങളിൽ ചർച്ച് മിഷനറി സൊസൈറ്റിയുമായി ഏറെ പൊരുത്തപ്പെടാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. പൗരോഹിത്യ പദവിയെക്കുറിച്ചുള്ള സങ്കല്പം മാത്രം ചൂണ്ടിക്കാണിച്ചാൽ ഈ കാഴ്ചപ്പാടിലുണ്ടായിരുന്ന അന്തരം വ്യക്തമാവും. ക്രൈസ്തവസമൂഹത്തിൽ സേവനപരമായ നേതൃത്വത്തിന് പൗരോഹിത്യപദവി തനിക്കാവശ്യമില്ല എന്ന് അദ്ദേഹം വിശ്വസിച്ചു. *പൗരോഹിത്യാഭിഷേകത്തെക്കുറിച്ചുള്ള ചോദ്യത്തിനുത്തരം: ഞാൻ പൗരോഹിത്യാഭിഷേകം സ്വീകരിച്ചിട്ടില്ല. അപ്പോസ്തലരുടെ നിലയിലല്ല, ഓട്ടിംഗറുടെ വിവക്ഷയനുസരിച്ച് സ്കൂൾമാസ്റ്ററുടെ (Schoolmaster) നിലയിലാണ് ഞാൻ നമ്മളെ കാണുന്നത്. ഈ നിലയിൽ തുടരാനാണ് എനിക്കാഗ്രഹം.* GB 20.1.41 മതനവീകരണത്തിന്റെ ഈറ്റില്ലമായ ജർമനിയിലെ പ്രബലമായ പ്രൊട്ടസ്റ്റന്റു ക്രൈസ്തവ സമൂഹത്തിൽ നിന്ന് വന്നെത്തിയ ഗുണ്ടർട്ടിന് ഇത്തരം കാര്യങ്ങളിൽ ഉറച്ച അഭിപ്രായങ്ങളുണ്ടായിരുന്നു. അന്നും ഇന്നും പ്രശസ്ത വേദവിജ്ഞാനീയ കേന്ദ്രമായ ട്യൂബിങ്ങനിലെ പഠനം ഇത്തരം ബോധ്യങ്ങൾക്ക് ബലിഷ്ഠമായ ബൗദ്ധിക അടിത്തറ നൽകുകയും ചെയ്തിരിക്കാം.

11

ജർമനിയിൽ ഒരു ഇടവേള

1845 -ൽ ഗുണ്ടർട്ടും മ്യൂഗ്ലിങ്ങും സകുടുംബം ജർമനിയിലേക്കു പുറപ്പെട്ടു. അന്നത്തെ ഗുണ്ടർട്ടു കുടുംബത്തെക്കുറിച്ച്: 1839-ലാണ് കടിഞ്ഞൂൽ പുത്രനായ ഹെർമൻ പിറന്നത്. 1840-ൽ സാമുവേൽ ജനിച്ചു (ഇയാൾ പിൽക്കാലത്ത് മലബാറിൽ മിഷണറിയായി പ്രവർത്തിച്ചു). 1841-ൽ പിറന്ന മൂന്നാമത്തെ പുത്രൻ ലുഡ്‌വിഗ് ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. ഇല്ലിക്കുന്നിൽ ജോസഫൈൻ എന്ന പെൺകുട്ടിയുടെ ശവകുടീരത്തിനടുത്താണ് ലുഡ്‌വിഗിനെ സംസ്കരിച്ചിരുന്നത്. *അവരാണ് വീനസും* (Venus) *ജൂപ്പിറ്ററും* (Jupitor) *എന്ന് കുട്ടികൾ പറയുമായിരുന്നു. ഈ ഗ്രഹങ്ങൾ അടുത്തു വന്നിരുന്ന കാലമാണത്.* 1842-ൽ ഇല്ലിക്കുന്നിൽ വച്ചു ജനിച്ച മാറി (Mari) എന്ന പുത്രിയാണ് വിശ്വവിശ്രുത സാഹിത്യകാരനായ ഹെർമൻ ഹെസ്സേയുടെ അമ്മ. 1844-ൽ ജനിച്ച ക്രിസ്ത്യാനെ എന്ന പുത്രി 1848-ൽ മരിച്ചുപോയി. പിൽക്കാലത്ത് ഫ്രീഡറിക് (1847), പൗൽ (1849), ഡേവിഡ് (1850) എന്നിങ്ങനെ മൂന്നു പുത്രന്മാർ കൂടി ഗുണ്ടർട്ടിനു ജനിച്ചു. ഇവരെല്ലാവരും കേരളത്തിൽ പിറന്നവരാണ്.

1845 നവംബർ 21-ന് ഗുണ്ടർട്ടും കുടുംബവും തലശ്ശേരിയിൽ നിന്നു പുറപ്പെട്ടു. 23-ന് മംഗലാപുരം, 30-ന് മംഗലാപുരത്തുനിന്നു പുറപ്പെട്ട് ഡിസംബർ 11-ന് ബോംബെ, ജനുവരി 1-ന് ബോംബെയിൽനിന്ന് വിക്ടോറിയ എന്ന കപ്പലിൽ. 11-ന് ഞായറാഴ്ച ആദനിൽ, 19-ന് സൂയസ്, 29-ന് കയിറോ, വലിയവള്ളത്തിൽ ഫെബ്രുവരി 1-ന് അലക്സാന്ദ്രിയായിൽ. ഫെബ്രുവരി 4-ന് ഓസ്ട്രിയൻ കപ്പലിൽ. 15-ന് വടക്കുകിഴക്കൻ ഇറ്റലിയിലെ ട്രീയസ്റ്റ്. കുതിരവണ്ടിയിൽ ആൽപ്സ് കടന്ന് മ്യൂണിക്, ഔസ്ബുർഗ് വഴി സ്റ്റുട്ഗാർട്ടിൽ ഫെ. 28-ന്.

അതിശയോക്തി കലരാത്ത റിപ്പോർട്ട്

മാർച്ച് 28-ന് ബാസലിൽ എത്തി ഗുണ്ടർട്ട് വിശദമായി റിപ്പോർട്ടു നൽകി: *തലശ്ശേരിയിൽ, പട്ടണത്തിലും മിഷൻ ഭവനത്തിലും എല്ലാം ക്രമത്തിലായിട്ടില്ല. ക്രിസ്ത്യാനികൾ നെട്ടൂരിൽ പതിനഞ്ചു പേരുണ്ട്. പട്ടണത്തിൽ ഉപദേശിയടക്കം ഏറിയാൽ ഒൻപതുപേർ.* ചോമ്പാലിൽ

ഉപദേശിമാരായി പൗലും വേദമുത്തുവും. സ്നാപനം സ്വീകരിച്ച മുഹമ്മദീയർ മടങ്ങിപ്പോയത് നമ്മുടെ ക്രൈസ്തവർക്കു സങ്കടകരമായിപ്പോയി. പരസ്പര വിശ്വാസത്തിന് ഉലച്ചിൽ തട്ടിയിരിക്കുന്നു. പൗൽ ഞങ്ങളെ ആശ്വസിപ്പിക്കാനെത്തി. നെട്ടൂരുള്ള പതിനഞ്ചുപേർ സ്കൂൾ മാസ്ററന്മാരും ഉപദേശിമാരും പരിചാരകരുമാണ്. അവരെല്ലാം സ്ഥാപനത്തിലെ അംഗങ്ങളാണ്, സ്വതന്ത്ര വ്യക്തികളല്ല. കുന്നിലുള്ള പറമ്പ് വീടുവയ്ക്കാൻ കൊള്ളാം. എന്നാൽ ഒരു സഭാസമൂഹത്തെ തീററിപ്പോററാൻ അതു മതിയാകയില്ല. അവിടം കൃഷി ചെയ്യാൻ കൊള്ളാം. എന്നാൽ ക്രിസ്ത്യാനികളായിത്തീർന്നിരിക്കുന്നവർക്ക് അതിൽ ഉത്സാഹം കാണുന്നില്ല. GM 1.4.46 അതിശയോക്തി കലരാതെ വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ ഗുണ്ടർട്ടിനുണ്ടായിരുന്ന നിർബന്ധം ഉദ്ധൃതഭാഗത്ത് പ്രകടമായിക്കാണാം. സ്വന്തം അധ്വാനഫലമാണ് അദ്ദേഹം നിർമമനായി വിലയിരുത്തുന്നതെന്ന് ഓർക്കുമല്ലോ.

ഗ്രന്ഥശേഖരങ്ങളിൽ

ജർമനിയിൽവച്ച് ബാസൽ മിഷൻ ഇൻസ്പക്ടർ ഹോഫ്മാൻെറ നിർദ്ദേശമനുസരിച്ച് മലബാർ മിഷൻെറ ചരിത്രം അദ്ദേഹം എഴുതി. ഇതേക്കുറിച്ച്: *ഇപ്പോൾ എനിക്കിഷ്ടമില്ലെങ്കിലും ഇതു ചെയ്യേ തീരൂ. പോർത്തുഗീസുകാരുടെയും ഡച്ചുകാരുടെയും കാലത്തെ മലബാറിൻെറ ചരിത്രം എഴുതാൻ —യൂറോപ്യന്മാർക്കു വേണ്ടിയല്ല നാട്ടുകാർക്കു വേണ്ടി —ലൈബ്രറിയിൽ ജോലി ചെയ്യണമെന്നു കരുതിയിരുന്നതാണ്.* GM 4.5.46 കേരളപ്പഴമ രചിക്കാനുള്ള പ്രാരംഭ പഠനങ്ങളായിരിക്കണം ഇവിടെ വിവക്ഷിക്കുന്നത്. ഇക്കാലത്ത് യൂറോപ്യൻ ഗ്രന്ഥാലയങ്ങളിൽ നിന്ന് പല രേഖകളും അദ്ദേഹം കുറിച്ചെടുത്തതായി നോട്ട്ബുക്കുകളിൽനിന്നു മനസ്സിലാക്കാം.

മാനുഷ ഹൃദയത്തിലെ ചിത്രങ്ങൾ

ജൂൺ 4-ന് സാമുവൽ ഹേബിക്കിന് എഴുതുന്നു: *മാനുഷഹൃദയത്തിനു വേണ്ട ചിത്രങ്ങൾ ധൃതിപ്പെട്ട് ബെത്തൂലിയൂസ് എന്ന ചിത്രകാരനെ ഏൽപിച്ചു. പിശാചിൻെറ ചിത്രങ്ങളുടെ കാര്യത്തിൽ കമ്മിററിക്ക് എന്തോ എതിർപ്പുണ്ട്. അത് എങ്ങനെ ചെയ്യണം എന്നു നോക്കാം* GM 4.6.46 മാനുഷ ഹൃദയത്തിലെ മനോഹര ചിത്രങ്ങൾ കണ്ടിട്ടുള്ളവർക്ക് കൗതുകകരമായിരിക്കും ഉദ്ധൃതഭാഗത്തെ പരാമർശങ്ങൾ.

ഓഗസ്ററിൽ ഗുണ്ടർട്ട് ട്യൂബിങ്ങനിൽ എത്തി: *ആറാം തീയതി മുതൽ പന്ത്രണ്ടാം തീയതിവരെ ഞാൻ ട്യൂബിങ്ങനിൽ ഉണ്ടായിരുന്നു. പുസ്തകങ്ങളും കൈയെഴുത്തു ഗ്രന്ഥങ്ങളും നൽകി. അവർ നന്ദി പ്രകാശിപ്പിച്ചു.* GM 31.8.46 എന്തെല്ലാം പുസ്തകങ്ങളാണ് അന്ന് ഗുണ്ടർട്ടു നൽകിയതെന്ന് ഇപ്പോൾ തീരുമാനിക്കാനാവുന്നില്ല.

സ്ററുട്ഗാർട്ടിൽ, വ്യുർട്ടൻബർഗിലെ രാജാവിനും ഗുണ്ടർട്ട് ചില കൈയെഴുത്തുഗ്രന്ഥങ്ങൾ നൽകുകയുണ്ടായി. സ്ററുട്ഗാർട്ട് സ്റേററ്

ലൈബ്രറിയിൽ പഴയ മലയാള ലിപിയിൽ കാണുന്ന ഗ്രന്ഥങ്ങൾ ഇങ്ങനെയായിരിക്കണം അവിടെ എത്തിച്ചേർന്നത്: *വിവിധജാതിക്കാരെ അവരവരുടെ വേഷത്തിൽ തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് കാണുന്നതുപോലെ അവതരിപ്പിക്കുന്ന ചില ശില്പങ്ങൾ, ഹൈന്ദവ കലാകാരന്മാരുടെ സൃഷ്ടികൾ, അങ്ങേയ്ക്കു സമർപ്പിക്കുന്നു. മലയാള ലിപിയിലെഴുതിയ അഞ്ച് സംസ്കൃത കാവ്യങ്ങളടങ്ങുന്ന കൈയെഴുത്തു ഗ്രന്ഥങ്ങളും ഇതോടൊപ്പമുണ്ട്.* GM 1.9.46

സ്ററുട്ഗാർട്ടിലെ ബൈബിൾ സൊസൈററിയുടെ വകയായിരുന്ന ഒരു അച്ചടിയന്ത്രം, ഒരുതരം ഡബിൾ പ്രസ്സ്, തുച്ഛമായ വിലയ്ക്ക് വാങ്ങി മംഗലാപുരത്തേക്ക് അയയ്ക്കാൻ ഗുണ്ടർട്ട് ഏർപ്പാടു ചെയ്തു. അതു സ്ററുട്ഗാർട്ടിൽവച്ച് അഴിച്ചു വൃത്തിയാക്കി പായ്ക്കു ചെയ്ത് അയയ്ക്കുന്ന ഘട്ടത്തിൽ ഗുണ്ടർട്ട് സജീവമായി രംഗത്തുണ്ടായിരുന്നു. അവ ഇണക്കിച്ചേർക്കാൻ ഉപകരിക്കുന്ന ചിത്രങ്ങളെല്ലാം അദ്ദേഹം തയ്യാറാക്കി വാങ്ങി. മ്യൂഗ്ളിങ്, ബ്യൂസിംഗർ എന്നിവരും ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിച്ചു.

ഗുണ്ടർട്ടു ദമ്പതികൾ കേരളത്തിലേക്കു യാത്ര തിരിക്കുംമുമ്പ് മൂത്ത രണ്ടു പുത്രന്മാരെയും ഇളയമകൾ ക്രിസ്റ്റ്യാനെയെയും സ്ററുട്ഗാർട്ടിൽ മുത്തച്ഛന്റെ സംരക്ഷണയിൽ ഏൽപിച്ചു. പുത്രി മാറി(Mari)യെ ബാസലിൽ ഒരു മിഷണറിയുടെ ചുമതലയിലാക്കി. ഡിസംബർ 26-ന് ബാസലിൽനിന്ന് ഗുണ്ടർട്ട് ദമ്പതികൾ ഇന്ത്യയിലേക്കു മടങ്ങി. ഫെബ്രുവരി 14-ന് രാത്രി അവർ ബോംബെയിലെത്തി. അവിടെനിന്നു പത്തേമാരി വഴി 25-ന് മംഗലാപുരത്തും 28-ന് ഞായറാഴ്ച കാലത്ത് തലശ്ശേരിയിലും എത്തിച്ചേർന്നു. ഒരാഴ്ചയ്ക്കുള്ളിൽ ജൂലി ഗുണ്ടർട്ട് ഫ്രീഡറിക് എന്ന പുത്രനെ പ്രസവിച്ചു. തുടർന്ന് രോഗം ബാധിച്ച് അവശയായ ജൂലി ഗുണ്ടർട്ടിന് ഒരു വർഷത്തോളം നീലഗിരിയിൽപ്പോയി വൈഗ്ലേ ദമ്പതിമാരുടെ കൂടെ താമസിച്ചു ചികിത്സ ചെയ്യേണ്ടിവന്നു.

12

കൂടുതൽ മലയാള രചനകൾ

1847 മുതൽ ഗുണ്ടർട്ട് മലയാള രചനകളിൽ വ്യാപൃതനായി. 1847-ൽ *പോളികാർപ്പുചരിതവും* പിന്നീട് *സന്മരണവിദ്യയും* എഴുതി ത്തീർത്തു. *സന്മരണവിദ്യ* ജൂലി ഗുണ്ടർട്ടിന് അത്യന്തം പ്രിയങ്കരമായിരുന്നു. ജോൺ ബുനിയന്റെ *പിൽഗ്രിംസ് പ്രോഗ്രസ്* തർജമ ചെയ്ത് *സഞ്ചാരിയുടെ പ്രയാണം* എന്ന പേരിൽ ആദ്യം സംഗൃഹീതപതിപ്പും (1849) പിന്നീട് സമ്പൂർണ പതിപ്പും പ്രസിദ്ധീകരിച്ചു. അദ്ദേഹം തർജമചെയ്തു പ്രസിദ്ധീകരിച്ച *മാനുഷഹൃദയം* (1848) മതപ്രബോധകർക്ക് അത്യന്തം പ്രിയങ്കരമായി.

ക്രിസ്തുസഭാചരിത്രം

ജർമനിയിൽ താമസിച്ചിരുന്ന കാലത്ത് *ക്രിസ്തുസഭാചരിത്രം* എഴുതാനുള്ള സാമഗ്രികൾ ഗുണ്ടർട്ട് ശേഖരിച്ചിരുന്നു. 1847-ൽ പെന്തക്കുസ്താ മുതൽ കോൺസ്ററൈന്റെ കാലം വരെയുള്ള സഭാചരിത്രം എഴുതിത്തീർത്തു. *തുടക്കത്തിൽ ബാർത്തിനെ അനുകരിച്ചു. അപ്പോസ്തല രചനകളെക്കുറിച്ചുള്ള ഒരു ആമുഖഭാഗം ഞാൻ ചേർത്തു. ഇത് സഹോദരർക്കിടയിൽ വിതരണം ചെയ്തു.* GM 21.1.48

സഭാചരിത്രരചനയ്ക്കിടയിൽ പല പ്രതിസന്ധികളും ഉണ്ടായി. *ജീവിതത്തോടു ബന്ധപ്പെട്ടുനിന്നുകൊണ്ട് എഴുതാൻ അതെല്ലാം തനിക്ക് സഹായകമായി* എന്നാണ് ഗുണ്ടർട്ട് പറയുന്നത്. GB/GM 18.11.47 സഭാചരിത്രം അച്ചടിച്ചു വിതരണം ചെയ്യാനുള്ള അനുവാദം തേടി ഗുണ്ടർട്ട് ബാസലിലേക്ക് എഴുതിയ കത്തിൽ വിശദവിവരങ്ങൾ കാണുന്നുണ്ട്. 1847-48-ൽ 474 പേജുള്ള ഈ ഗ്രന്ഥം തലശ്ശേരിയിൽ അച്ചടിച്ചു.

മറെറാരു കത്ത്: *ഞാൻ ഇപ്പോൾ ചെറിയൊരു സഭാചരിത്രം എഴുതിക്കൊണ്ടിരിക്കുകയാണ്. അത് നവീകരണകാലം വരെ എത്തി. കോണലി കോഴിക്കോട്ടു നിന്ന് സ്കൂളുകൾക്കു വേണ്ടി ഞങ്ങളെക്കൊണ്ട് ഒരു മാസിക പ്രസിദ്ധീകരിപ്പിക്കുന്നു. പോർത്തുഗീസുകാരുടെ കാലത്തെ ചരിത്രം ആ മാസികയ്ക്കുവേണ്ടി ഞാൻ എഴുതുന്നു. ഇതെഴുതാൻ വേണ്ട പലതും ഞാൻ നാട്ടിൽനിന്നു ശേഖരിച്ചു കൊണ്ടു വന്നിട്ടുണ്ട്.* GM 5.4.49

ദേശവർണ്ണനകൾ

ഇല്ലിക്കുന്ന്, വയനാട്, ചിറയ്ക്കൽ, നീലഗിരി തുടങ്ങിയ സ്ഥലങ്ങളെക്കുറിച്ച് ദേശവർണ്ണനകൾ ഗുണ്ടർട്ട് എഴുതിയിട്ടുണ്ട്. സ്ഥലനാമനിഷ്പത്തി, ദേശചരിത്രസൂചനകൾ, ജനകീയ പാരമ്പര്യങ്ങൾ എന്നിങ്ങനെ കൗതുകകരമായി ചിലതെല്ലാം ഈ ജർമൻ പ്രബന്ധങ്ങളിൽ കാണാം. ജർമനിലുള്ള ജീവചരിത്ര കൃതിയിൽ (1991) ഏറ്റവും പ്രസക്തമെന്നു തോന്നിയ ചില ഭാഗങ്ങൾ ഡോ. ഫ്രൻസ് ചേർത്തിട്ടുണ്ട്.

ചിറയ്ക്കലേക്ക്

1849 ഫെബ്രുവരിയിൽ സാമുവേൽ ഹേബിക് തലശ്ശേരിയിൽ എത്തി ഗുണ്ടർട്ടിനെ കണ്ണൂരിനടുത്ത് ചിറയ്ക്കലേക്ക് ക്ഷണിച്ചു. ജൂലി ഗുണ്ടർട്ട് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അല്പം സാവകാശം ആവശ്യപ്പെട്ടു. ഇല്ലിക്കുന്നിലുണ്ടായിരുന്ന ബാലികമാരെ പാർപ്പിക്കാൻ ചിറയ്ക്കൽ ഏർപ്പാടുകളുണ്ടാക്കാം എന്ന വ്യവസ്ഥയിൽ അങ്ങോട്ടു മാറാൻ ഗുണ്ടർട്ടു ദമ്പതിമാർ സമ്മതിച്ചു. ചിറയ്ക്കൽരാജാവിൽനിന്നു വാടകയ്ക്കു വാങ്ങിയ പറമ്പിൽ ഹേബിക് പാർപ്പിടങ്ങൾ നിർമിച്ചു. മെയ് 22-ന് അവ പൂർത്തിയായി. ജനുവരിയിൽ ജനിച്ച കുഞ്ഞുമകൻ പൗലുമായി മെയ് 19-ന് ജൂലി ഗുണ്ടർട്ട് ചിറയ്ക്കൽ എത്തിച്ചേർന്നു. മെയ് 21-ന് ഗുണ്ടർട്ട് പുത്രൻ ഫ്രീഡറിക്കുമായി വന്നെത്തി. തുടക്കത്തിൽ ചിറയ്ക്കലെ ബാലികാ മന്ദിരത്തിൽ 47 പെൺകുട്ടികളുണ്ടായിരുന്നു. ചിറയ്ക്കൽ താമസിച്ച കാലത്ത് ശബ്ദതടസ്സം നേരിട്ടതുമൂലം ഗുണ്ടർട്ടിന് അധ്യാപനം നടത്താൻ കഴിഞ്ഞില്ല. ശബ്ദം വീണ്ടുകിട്ടിത്തുടങ്ങിയപ്പോൾ നെട്ടൂരിൽ ചെയ്തിരുന്നതു പോലുള്ള എല്ലാ കാര്യങ്ങളും നിർവഹിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

1852-ലെ റിപ്പോർട്ടിൽ ബാലികാഭവനത്തിന്റെ പരിണാമം ഗുണ്ടർട്ട് വിവരിക്കുന്നുണ്ട്. പെൺകുട്ടികൾക്കു പ്രായപൂർത്തിയായാൽ അവരുടെ വിവാഹക്കാര്യത്തിലും ഗുണ്ടർട്ട് ദമ്പതിമാർ ശ്രദ്ധിച്ചിരുന്നു. തുടക്കത്തിൽ അനാഥരായ പെൺകുട്ടികൾക്കുവേണ്ടിയുള്ളതായിരുന്നു ചിറയ്ക്കലെ ബാലികാഭവനം. പിൽക്കാലത്ത് ഉപദേശിമാരുടെ പുത്രിമാരെയും മററു ക്രൈസ്തവകുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികളെയും ഇവിടെ പാർപ്പിച്ചു. അങ്ങനെ ഈ സ്ഥാപനത്തിന്റെ സേവനമേഖല വിപുലമായിത്തീർന്നു.

മാർഗരററും എലിസബത്തും

ഇവിടെ പരിശീലനം നേടിയ ഒരു പെൺകുട്ടിയാണ് മാർഗരററ് വീൽ (Margarate Will). ഇംഗ്ലീഷുകാരനായ ഒരു ഡോക്ടർക്ക് ഒരു പറയ യുവതിയിൽ പിറന്ന കുട്ടിയാണ് ഇത്. പിതാവുതന്നെ ഈ കുട്ടിയെ 1841 ഒക്ടോബർ 14-ന് ഗുണ്ടർട്ട് ദമ്പതിമാരെ ഏൽപിച്ചു. ഗുണ്ടർട്ടു കുടുംബത്തിലെ അംഗത്തെപ്പോലെയായിരുന്നു ആ കുട്ടി. ബുദ്ധിമതിയും സമർഥയുമായിരുന്നു മാർഗരററ്. 1847-ൽ പിതാവ് മരിച്ചു. മാർഗരററ് വീൽ സമർഥനായ ഒരു ഉദ്യോഗസ്ഥനെ വിവാഹം കഴിച്ച് ന്യൂസിലാൻഡിലേക്ക് കുടിയേറി. അവിടെ വച്ച് ഭർത്താവ് മരിച്ചു. പിന്നീട് ഇവൾ മടങ്ങിവന്നു

ഗുണ്ടർട്ടിൻെറ പുത്രി മാറിയുടെ സഹകാരിയായി ഹൈദ്രബാദിൽ സേവനപ്രവർത്തനങ്ങളിൽ വ്യാപൃതയായി. ഈ പെൺകുട്ടിക്ക് ഭംഗിയായി ഇംഗ്ലീഷും മലയാളവും ജർമനും കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. പല കൃതികളും പകർത്തിയെഴുതുന്ന ജോലി ഗുണ്ടർട്ട് ഈ കൊച്ചുമിടുക്കിയെ ഏല്പിച്ചിരുന്നതായി കാണാം. ഗുണ്ടർട്ട് ദമ്പതിമാരുടെ അനൗപചാരിക സെക്രട്ടറി എന്ന് മാർഗരററ് വീലിനെ വിശേഷിപ്പിക്കാവുന്നതാണ്.

ഗുണ്ടർട്ട് ദമ്പതികൾക്ക് ഏറെ മതിപ്പുണ്ടായിരുന്ന മററൊരു കുട്ടിയാണ് എലിസബത്ത് ബ്ലാൻഡ്ഫോർഡ് (Elizabeth Blandford). 1837-ൽ രണ്ടു സഹോദരിമാരോടൊപ്പം ഈ പെൺകുട്ടിയെ മരണാസന്നനായ പിതാവ് വൈഗ്ലേ വഴി ഈറിയോൺസായ്പിനെ ഏല്പിച്ചതാണ്. എലിസബത്ത്, പഠനത്തിൽ ബഹുസമർഥയായിരുന്നു. നല്ലൊരു ഗായികയായിരുന്ന അവളെ ബാസൽ മിഷണറി ഡീസ് സായ്പ് വിവാഹം കഴിച്ചു. നാല്പതു വർഷത്തോളം ഈ ദമ്പതിമാർ ഇന്ത്യയിൽ സേവനമനുഷ്ഠിച്ചു. മലയാള ഭാഷയിൽ നല്ല പ്രാവീണ്യം നേടിയ ഡീസിൻെറ ഉദാരമായ സഹായത്തോടെയാണ് ജർമനിയിലായിരുന്ന ഗുണ്ടർട്ട് വ്യാകരണവും നിഘണ്ടുവുമടക്കം പല കൃതികളും മംഗലാപുരത്ത് അച്ചടിപ്പിച്ചത്.

കോഴിക്കോട്ടുണ്ടായിരുന്ന ബാലികാമന്ദിരത്തിൻെറ ചുമതല 1857-ൽ ജൂലി ഗുണ്ടർട്ട് ഏറെറടുക്കുകയുണ്ടായി. അവിടെ കുട്ടികളിൽ പലരും തീയ സമുദായത്തിൽപ്പെട്ടവരായിരുന്നു. മാറി ഗുണ്ടർട്ട് അവിടെ കുറെക്കാലം ഇംഗ്ലീഷ് പഠിപ്പിച്ചു. അവിടെ പരിശീലനം നേടിയ കുട്ടികൾ പിൽക്കാലത്ത് ജീവിതത്തിൽ വിജയം നേടിയതായി ബാസൽമിഷൻ സമൂഹത്തിൻെറ ചരിത്രം വെളിപ്പെടുത്തുന്നു.

ഗുണ്ടർട്ട് നിശ്ശബ്ദനാകുന്നു

ഇല്ലിക്കുന്നിൽ നിന്നു ചിറയ്ക്കലേക്കു നീങ്ങിയതുമുതൽ ഗുണ്ടർട്ട് രോഗബാധിതനായിത്തീർന്നു. ഒരു മാസത്തിനുള്ളിൽ രോഗം മൂർച്ഛിച്ച് സംസാരശേഷി നഷ്ടപ്പെട്ടു.ഇതേക്കുറിച്ച് പല വട്ടം അദ്ദേഹം എഴുതുന്നുണ്ട്. ഈ രോഗത്തിൻെറ വിശദാംശങ്ങളും ഇതിൻെറ മാനസികാഘാതങ്ങളും അദ്ദേഹം വിവരിക്കുന്നു: *ഇപ്പോൾ ഇതെല്ലാം സംഭവിക്കേണ്ടതു തന്നെ. ദൈവം മററു ചില കാര്യങ്ങളിലേക്കെന്നെ നിയോഗിക്കുകയാണ്. സംസാരത്തിലും പ്രവൃത്തിയിലും മുഴുകിപ്പോകാതെ ഞാനിതു ക്ഷമാപൂർവം സഹിക്കണം; നിസ്സാരനാണെന്നു മനസ്സിലാക്കണം. ഒരുപക്ഷേ, ഈ ശ്വാസകോശ രോഗത്തിലൂടെ (മാസങ്ങളായി ഇത് തുടങ്ങിയിട്ട്) ദൈവം എന്നെ മാററി നിറുത്തിയതാവാം. സംസാരവും മററധ്വാനങ്ങളും എനിക്കു വിലക്കിയിരിക്കുകയാണ്. ഞാൻ വേദനയും പരിഭവവുമില്ലാതെ, കുറഞ്ഞ പക്ഷം മുറുമുറുപ്പു കൂടാതെ ഒതുങ്ങിക്കഴിയുന്നു. കൃതജ്ഞതാസ്തോത്രം അർപ്പിക്കാൻ ഞാൻ ഇനിയും ശീലിക്കേണ്ടിയിരിക്കുന്നു. ഈ അവസ്ഥയിൽ ന്യായ വിചാരണയിലൂടെ എൻെറ എല്ലാ വചനങ്ങളുടെയും മേൽ കറുത്ത*

വരയിട്ട്, അവയെല്ലാം റദ്ദാക്കിയിരിക്കുന്നു. അവയൊന്നും ഒന്നുമല്ല. എന്നാൽ ഈ കറുത്ത വരയുടെ മേൽ ചെമന്ന വരയിട്ട് സർവേശ്വരൻെറ കൃപ എന്നെ കടത്തിവിടുന്നു.

എൻെറ മൗനം അസഹ്യമായ വ്യാധി എന്നു കരുതി പ്രിയതമ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നു. വിശറികൊണ്ടു വീശിയും ശരീരം തുടച്ചും ഭക്ഷണം പാകം ചെയ്തും എല്ലാ വിധത്തിലും എന്നെ സഹായിച്ചു. ഇതു കണ്ട് ഞാൻ ചിരിച്ചു. ഇപ്പോളവൾക്ക് ആശ്വാസമായി. ഏതാനും മാസങ്ങൾക്കുള്ളിൽ എല്ലാം ഭേദമാകുന്ന ഡോക്ടറുടെ വാക്ക് നിറവേറാൻ അവൾ എൻെറ സ്വസ്ഥത ഉറപ്പുവരുത്തുന്നു. എൻെറ മൗനം നിമിത്തം വിഷമിച്ച ഫ്രീഡറിക് (മകൻ) എന്നോടു വളരെ അടുപ്പം കാണിക്കുന്നു. നിസ്സാര കാര്യങ്ങളെച്ചൊല്ലി വീട്ടിൽ ആഹ്ലാദധ്വനികൾ നിറയ്ക്കുന്നു. ഹേബിക്കിന് തുണയായി വന്ന ഞാനിപ്പോൾ ഭാരമായിത്തീർന്നിരിക്കുന്നു. തൻെറ മററല്ലാ പ്രാരബ്ധങ്ങൾക്കുമിടയിൽ എൻെറ അടുക്കൽ ഇരുന്ന് സംസാരിക്കാനും എന്നെ ധൈര്യപ്പെടുത്താനും അദ്ദേഹം ഒരുമ്പെടുന്നു. പ്രയത്നങ്ങളെല്ലാം, ദൈവഹിതം അങ്ങനെയങ്കിൽ, സഫലമായിത്തീരുമെന്ന് അദ്ദേഹം കരുതുന്നു. കഴിഞ്ഞ ഓഗസ്ററ് പതിനഞ്ചിനാണ് ഞാൻ ഉപദേശികൾക്ക് അവസാനമായി ക്ലാസുകൾ എടുത്തത്. ഒരിക്കൽ തിരുവത്താഴത്തിന് അഞ്ചരക്കണ്ടിയിലേക്ക് കുതിരപ്പുറത്ത് പോയതൊഴിച്ചാൽ മററൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതു തന്നെ കഠിനതരമായിരുന്നു. ഞാൻ വീട്ടിൽത്തന്നെ സമാധാനമായി ഒതുങ്ങിക്കൂടി. പ്രിയതമ ഈ അവസ്ഥയുമായി പൊരുത്തപ്പെട്ടു സ്വസ്ഥയായിരിക്കുന്നു. GM 6.9.49

നിശ്ശബ്ദത പാലിക്കേണ്ടിവന്ന ദിവസങ്ങളിൽ തൻെറ രോഗത്തിൻെറ കാരണങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഗുണ്ടർട്ടിന് സാവകാശം ലഭിച്ചു: മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കണ്ണൂരിൽ ജോലി ചെയ്തിരുന്നപ്പോൾ ചൂട് അസഹ്യമായിരുന്നു. മാത്രമല്ല, സാരമായ കേടുപാടുകൾ ഉണ്ടായിരുന്നതിനാൽ പള്ളിയുടെ മേൽക്കൂര പകുതിയോളമേ കെട്ടി മേഞ്ഞിരുന്നുള്ളു. തന്മൂലം നെഞ്ചുവീക്കം ഉണ്ടായി. മെയ് ഒമ്പതാം തീയതി പെരുമഴ ഏററതിനാൽ എനിക്കു പനി പിടിപെട്ടു. പക്ഷേ, അത് സാരമായില്ല. തലശ്ശേരിയിൽ നിന്ന് മെയ് 21-ന് പുറപ്പെട്ടപ്പോൾ എനിക്കു പനിയുണ്ടായിരുന്നു. മൺസൂൺ തുടങ്ങിയപ്പോൾ ജ്വരബാധ ശമിച്ചു. ഞങ്ങൾ ജോലികൾ വിഭജിച്ചു ചെയ്യാൻ തുടങ്ങി. ഞാൻ എല്ലാ തിങ്കളാഴ്ചയും താഹയിൽ പോയി ക്ലാസുകൾ എടുത്തിരുന്നു. എല്ലാ ബുധനാഴ്ചയും കണ്ണൂരിൽ പോയി അവിടെ കൂടിയിരുന്ന ഉപദേശിമാരെ സുവിശേഷ സംഗ്രഹം പഠിപ്പിച്ചുപോന്നു. ഒരാഴ്ചയ്ക്കിടയിൽ തങ്ങൾ മനസ്സിലാക്കുന്നതു ഒരു കുറിപ്പായി അവർ എഴുതും. വെള്ളക്കാർ ഇംഗ്ലീഷിലും ജ്ഞാനമുത്ത് തമിഴിലും ചിന്താശീലനായ ജോസഫ് (യാക്കോബ്), തിമോത്തിയോസ് (കൃഷ്ണൻ) എന്നിവർ മലയാളത്തിലുമാണ് എഴുതുന്നത്.... ദൈവകൃപയാൽ ഇത് മുറയ്ക്കു നടന്നു.

ഇക്കാലത്ത് ചിറയ്ക്കൽ ബാലികമാർ വർധിച്ചു. തങ്ങളുടെ നന്മ

കാംക്ഷിക്കുന്നവർ എന്ന് ഏറെക്കുറെ പറയാവുന്ന ചില മുതിർന്ന സ്ത്രീകളെയും ഇവിടെ ഏല്പിക്കുകയുണ്ടായി. ഇവർക്കു വേണ്ടി സ്നാനാർഥികൾക്കായുള്ള പാഠം തുടങ്ങണമെന്ന് ഞാൻ ആഗ്രഹിച്ചു. പെൺകുട്ടികൾക്കായും ചില പാഠങ്ങൾ ഒരുക്കി. പക്ഷേ, ഇവയൊന്നും നടപ്പിലാക്കാൻ കഴിഞ്ഞില്ല. കുട്ടികളോടൊപ്പമുള്ള പ്രാർഥനയും വെട്ടിച്ചുരുക്കേണ്ടി വന്നു. ഓരോ മഴയ്ക്കും പനി വീണ്ടും കടുത്തു. ജൂലൈ ഒമ്പതാം തീയതി രാത്രി മദ്യപിച്ചു ലക്കുകെട്ട ഒരു വെള്ളക്കാരനെ (ഹഡ്സൺ) അയാളുടെ കൂട്ടുകാർ ഞങ്ങളുടെ പടിവാതിലിനകത്തേക്ക് ഉന്തിയിട്ടു. അയാളുടെ രണ്ടു കൂട്ടുകാർക്കും സ്വന്തം കാലിൽ എഴുന്നേററു നിൽക്കുവാൻ കഴിയുമായിരുന്നില്ല. നാട്ടുകാരെ ആരെയും അവിടെ കാണാനുമില്ലായിരുന്നു. അതിനാൽ ഞാൻ തന്നെ അയാളെ ചുമന്ന് കൂരയ്ക്കു കീഴിൽ കൊണ്ടുവരേണ്ടിവന്നു. അപ്പോൾ മുതൽ എനിക്ക് കടുത്ത ശ്വാസംമുട്ടൽ അനുഭവപ്പെട്ടു.

അടുത്ത ദിവസം എൻെറ മൂത്തകുട്ടിക്ക് കടുത്ത ശ്വാസതടസ്സവും ചുമയും ഉണ്ടായി. വല്ലാത്ത ദിവസങ്ങളായിരുന്നു അവ. അന്നൊന്നും എനിക്ക് ശാരീരികമായ വല്ലായ്മകൾ അനുഭവപ്പെട്ടില്ല. ഡോക്ടറെ കാണണം എന്ന് ഹേബിക് നിർബന്ധിച്ചുകൊണ്ടിരുന്നു.

പക്ഷേ, ഞാൻ ഗൗനിച്ചില്ല. ഞങ്ങളുടെ സുഹൃത്തായിരുന്ന ഡോക്ടർ ചിറയ്ക്കലിൽ വന്ന് കണ്ടുകൊള്ളാം എന്നു പറഞ്ഞിരുന്നതുകൊണ്ട് അതുവരെ കാത്തിരിക്കാൻ ഞാൻ തീരുമാനിച്ചു. എൻെറയോ കുഞ്ഞിൻെറയോ രോഗവിമുക്തിക്കുവേണ്ടി ഹേബിക് പ്രാർഥിക്കുന്നതു കേട്ടിരിക്കാമെങ്കിലും കണ്ണൂരിലെ ജോലിയും യൂറോപ്പു യാത്രയ്ക്കുള്ള ഒരുക്കങ്ങളും നിമിത്തം ഓഗസ്ററിൽ ഇംഗ്ലീഷുകാരനായ ഒരു സഹോദരൻ കൂട്ടിക്കൊണ്ടുവരുന്നതുവരെ ഡോക്ടർക്ക് എന്നെ വന്നു കാണാൻ കഴിഞ്ഞില്ല. പ്രതിവിധികൾ ചെയ്തിട്ടും എൻെറ ശബ്ദം താണുതാണു പോകുന്നതെന്താണെന്ന് ഞാൻ ഡോക്ടറോടു ചോദിച്ചു. എൻെറ ശ്വാസകോശങ്ങൾക്കു വീക്കമുള്ളതായി ഡോക്ടർ കണ്ടെത്തി. ചില പ്രതിവിധികൾ നിർദേശിച്ചെങ്കിലും അദ്ദേഹം സംസാരം വിലക്കിയില്ല. ആ മാസം 22-ന് ഞാൻ ഉപദേശികൾക്ക് പതിവുള്ള ക്ലാസ് നൽകി. പക്ഷേ, പിന്നീട് ഒരു വാക്കു പോലും വ്യക്തമായി സംസാരിക്കാൻ കഴിഞ്ഞില്ല. ഇരുപത്തിയാറിന് ഞാൻ വീണ്ടും അഞ്ചരക്കണ്ടിയിൽ പോയി കണ്ണൂരിൽ വരാൻ കഴിയാത്ത വൃദ്ധജനങ്ങൾക്കു വേണ്ടി തിരുവത്താഴം നടത്തി. അതിനുശേഷം ഒന്നും ചെയ്യാൻ എനിക്കു കഴിഞ്ഞില്ല. ഡോക്ടർ ബിർക്ക് യൂറോപ്പിലേക്കു പോയതിനു ശേഷം പുതിയ ഡോക്ടർ ഈയടുത്ത ദിവസങ്ങളിലാണ് വന്നെത്തിയത്. തന്മൂലം ഞാൻ പഴയ ഡോക്ടറുടെ ചികിത്സ തുടർന്നുപോന്നു. ശ്വാസകോശങ്ങളുടെ വീക്കമാണ് യഥാർഥ രോഗകാരണമെന്ന് ബാഹ്യലക്ഷണങ്ങൾ കൊണ്ട് ഞാൻ ഉറപ്പിച്ചു.

മ്യൂഗ്ളിങ് സഹോദരൻ എന്നെ മംഗലാപുരത്തേക്കു ക്ഷണിച്ചു. അവിടെ മിഷൻസ്റേറഷനിലെ സമർഥനായ ഡോക്ടറെ കാണാനും

ഔഷധജലം കുടിക്കാനും മ്യൂഗ്ളിങ് എന്നെ ഉപദേശിച്ചു. അങ്ങനെ പത്തൊമ്പതാം തീയതി ഞാൻ ഇവിടെ എത്തിയെങ്കിലും ഡോക്ടറെ എന്നെക്കാൾ രോഗിയായി കണ്ടതു കൊണ്ട് ഒന്നും ചെയ്യാൻ കഴിയുന്നില്ല. GB 23.10.49

ഒരു വർഷത്തിനുള്ളിൽ രോഗാവസ്ഥയുമായി പൊരുത്തപ്പെട്ടതു കൊണ്ട് താൻ രോഗവിമുക്തനായി എന്നു രോഗി കരുതി. എന്നാൽ ഡോക്ടറുടെ അഭിപ്രായം മറിച്ചായിരുന്നു: രോഗനില തൃപ്തികരമല്ലെന്നു കരുതുന്ന ഡോക്ടർ ഇന്നെനിക്ക് മരുന്നും മററും നൽകി. എനിക്കു തോന്നുന്നത് മറിച്ചാണ്. ആരോഗ്യവാനായി എന്ന് എനിക്കു തോന്നുന്നു. എൻെറ നാഡിമിടിപ്പ് ശരിയല്ല. എന്നാൽ എപ്പോഴും പന്തികേടില്ല. നാഡിമിടിപ്പ് 120 എന്ന് സ്മിർത്ത് കണ്ടിരിക്കുന്നു. ഇതദ്ദേഹത്തെ അമ്പരപ്പിച്ചു. അദ്ദേഹത്തിൻെറ മരുന്നു ഞാൻ കഴിക്കുന്നുണ്ടെങ്കിലും രോഗിയാണ് ഞാൻ എന്ന് എനിക്ക് തോന്നിയില്ല. നേരെ മറിച്ചാണെൻെറ തോന്നൽ. ഇപ്പോൾ, ഇതെഴുതുമ്പോൾ, രണ്ടര മണിക്ക്, എൻെറ നാഡിമിടിപ്പ് 88 ആണ്. ചുരുക്കത്തിൽ, ഇത് വിചിത്രമായ രോഗമാണ്. സർവേശ്വരൻെറ തിരുഹിതം നിറവേറുന്നതു വരെ ഇതു തുടരും. GM 22 (27).9.50

കാൾ ഗ്രൗൾ

ഇക്കാലത്ത് പ്രശസ്ത ലൈപ്സിഗ് മിഷണറിയും പണ്ഡിതനുമായ ഡോ. കാൾ ഗ്രൗൾ ഗുണ്ടർട്ടിനെ സന്ദർശിക്കുകയുണ്ടായി. ഈ കൂടിക്കാഴ്ചയെപ്പററി ഗുണ്ടർട്ട് തുറന്നെഴുതിയിട്ടുണ്ട്; തൻെറ ബോധ്യങ്ങൾ അദ്ദേഹം മറച്ചുവയ്ക്കുന്നില്ല: ഇന്നു കാലത്ത് ഗ്രൗളും ഭാര്യയും മംഗലാപുരത്തു നിന്നു വന്നെത്തി. വളർപട്ടണം മുതൽ കാൽനടയായിട്ടായിരുന്നു വന്നത്. ഒരു മഹാവിജ്ഞാനിയുടെ മട്ടിലായിരുന്നു അയാളുടെ സംഭാഷണം. എനിക്കൊന്നും പറയാനുണ്ടായിരുന്നില്ല. ചിറയ്ക്കൽ താമസിച്ചു കൊണ്ട് തലശ്ശേരി, അഞ്ചരക്കണ്ടി, കോഴിക്കോട്, നീലഗിരി, ട്രാൻക്ബാർ എന്നിവിടങ്ങളിലേക്കു പോകാനായിരുന്നു അയാളുടെ തീരുമാനം. വിശേഷിച്ചൊരു വശ്യതയും ഉള്ള വ്യക്തിയായിരുന്നില്ല അയാൾ. അയാളുടെ ഹൃദയവ്യാപാരങ്ങൾ നിഗൂഢങ്ങളായിരുന്നു. അയാളുടെ ഭാര്യ മററു സ്ത്രീകളുമായി നന്നായി ഇടപഴകുന്നു. GM 16.3.50

ഗ്രൗളിൻെറ സന്ദർശനത്തിനു ശേഷം ഗുണ്ടർട്ട് എഴുതുന്നു: പതിനാറാം തീയതി ഗ്രൗളും ഭാര്യയും ഇവിടെ വന്നു. പത്തു ദിവസത്തോളം അവർ എൻെറ കൂടെ താമസിച്ചു. ഈ നാടിനെക്കുറിച്ചറിയാനാണ് അയാൾ വന്നത്. അയാൾ ഒരു വിചിത്ര സഞ്ചാരിയാണ്—ഒരുതരം പുസ്തകപ്പുഴു. അയാൾ കാണുന്നില്ല, ഏറെയൊന്നും കേൾക്കുന്നുമില്ല. യാത്രയിൽ ഏറെ നേരം എഴുത്തിലാണ്. GM 4.4.50

കാൽഡ്വലും ഗുണ്ടർട്ടും

1851 മാർച്ച് മുതൽ സെപ്റ്റംബർ വരെ ഗുണ്ടർട്ട് നീലഗിരിയിലായിരുന്നു. ഇക്കാലത്ത് അദ്ദേഹത്തിൻെറ ആരോഗ്യം മെച്ചപ്പെട്ടു. പഴയതുപോലെ ജോലി ചെയ്യാം എന്നായി. സാഹിത്യപ്രവർത്തനങ്ങൾ പുനരാരംഭിച്ചു. അവിടെ വച്ച് താൻ ഏറെ ബഹുമാനിച്ചിരുന്ന റോബർട്ട് കാൽഡ്വലി(1814-1891)നെ നേരിൽ കണ്ടു. അവർ തമ്മിൽ ഭാഷാസംബന്ധമായ കാര്യങ്ങളിൽ നല്ല മൈത്രിയാണുണ്ടായിരുന്നത്. ജീവിതാന്ത്യം വരെ ആ ബന്ധം നിലനിന്നു.

റോബർട്ട് കാൽഡ്വൽ ഡബ്ലിനിലും ഗ്ലാസ്ഗോയിലും ചെറുപ്പകാലം കഴിച്ചുകൂട്ടി. 1838 ജൂലൈ 7-ന് അദ്ദേഹം മദ്രാസിലെത്തി. അവിടെ വച്ച് ജോൺ ആൻഡേഴ്സണുമായി പരിചയത്തിലായി. 1841-ൽചർച്ച് ഒഫ് ഇംഗ്ലണ്ടിൽ അംഗമായി ചേർന്നു. അമ്പതു വർഷത്തോളം തിരുനൽവേലിയിൽ മിഷണറിയായി പ്രവർത്തിച്ചു. ഇടയംകുടിയിൽ താമസമുറപ്പിച്ച അദ്ദേഹം 1877-ൽ ബിഷപ്പായി. അദ്ദേഹം 1849-ൽ തിരുനൽവേലി ചാന്നാന്മാരെക്കുറിച്ച് ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. *തിരുനൽവേലിയുടെ ചരിത്രം* (1881) എന്ന ഗ്രന്ഥം അദ്ദേഹത്തെ അവിസ്മരണീയനാക്കുന്നു. 1891 ജനുവരിയിൽ പ്രായാധിക്യം നിമിത്തം ബിഷപ്പു സ്ഥാനത്തു നിന്ന് വിരമിച്ച കാൽഡ്വൽ ആ വർഷം ഓഗസ്റ്റ് 28-ന് കൊഡൈക്കനാലിൽ അന്തരിച്ചു. തൊട്ടടുത്ത ദിവസം ഇടയംകുടിയിൽ സംസ്കരിക്കപ്പെട്ടു.

ഭാരതീയ വിജ്ഞാനലോകത്തിൽ കാൽഡ്വലിനെ അനശ്വരനാക്കുന്നത് *ദ്രാവിഡഭാഷകളുടെ താരതമ്യ വ്യാകരണം* എന്ന പ്രൗഢഗവേഷണ ഗ്രന്ഥമാണ്. 1856-ൽ ഇതിൻെറ ആദ്യപതിപ്പ് ലണ്ടനിൽ പ്രസിദ്ധീകരിച്ചു; 1875-ൽ രണ്ടാം പതിപ്പും. *താരതമ്യ വ്യാകരണ*ത്തിൻെറ ഒന്നാം പതിപ്പിന് ഗുണ്ടർട്ട് വിമർശനാത്മകമായ ഒരു കുറിപ്പ് തയ്യാറാക്കി. ഈ വിമർശനങ്ങൾ പൂർണമായി ഉൾക്കൊണ്ടുകൊണ്ടാണ് വ്യാകരണത്തിൻെറ രണ്ടാം പതിപ്പ് കാൽഡ്വൽ തയ്യാറാക്കിയത്. ഗുണ്ടർട്ട് തയ്യാറാക്കിയ കുറിപ്പ് ഇപ്പോൾ കൈയെഴുത്തു രൂപത്തിൽ ലഭ്യമായിട്ടുണ്ട്. രണ്ടാം പതിപ്പിൻെറ മുഖവുരയിൽ ഗുണ്ടർട്ടിനെക്കുറിച്ചു നടത്തിയിരിക്കുന്ന പരാമർശങ്ങൾ കാൽഡ്വലിന് ഗുണ്ടർട്ടിനോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ വെളിപ്പെടുത്തുന്നു.

നീലഗിരിയിൽവച്ച് ജോർജ് യൂഗ്ലോവ് പോപ്പുമായി ഗുണ്ടർട്ട് പരിചയപ്പെട്ടെങ്കിലും അത് ഉറ്റ ചങ്ങാത്തമായി വളർന്നില്ല. എങ്കിലും പോപ്പിൻെറ രചനകളുമായി ഗുണ്ടർട്ടിനു ബന്ധപ്പെടേണ്ടിവന്നു. പതിന്നാലാം വയസ്സിൽ മിഷണറിയാകാൻ ഇറങ്ങിത്തിരിച്ച വ്യക്തിയാണ് പോപ്പ്. അഞ്ചു വർഷം കഴിഞ്ഞ് അദ്ദേഹം മദ്രാസിലെത്തി. ചർച്ച് ഒഫ് ഇംഗ്ലണ്ടിൽ പുരോഹിതനായി. തിരുനൽവേലി, ഊട്ടി, ബാംഗ്ളൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. 1880-ൽ പോപ്പ് ഇന്ത്യയിൽ നിന്നു മടങ്ങി. പിന്നീട് തമിഴ്-തെലുങ്ക് ഭാഷകളുടെ അധ്യാപകനായി ഓക്സ്ഫഡിൽ ജോലി ചെയ്തു. തമിഴിൽ അഗാധ പാണ്ഡിത്യം നേടിയിരുന്ന പോപ്പ് 1842-ൽ തമിഴ് വ്യാകരണം പ്രസിദ്ധീകരിച്ചു. തിരുവള്ളുവരുടെ *തിരുക്കുറൽ* (1886),

മാണിക്‌തവാചകരുടെ *തിരുവാചകം* എന്നിവ വിദേശീയരുടെ ശ്രദ്ധയിൽപ്പെടുത്തി. പാഠപുസ്തക സമിതിയിലെ അംഗങ്ങൾ എന്ന നിലയിൽ പോപ്പും ഗുണ്ടർട്ടും സഹകരിച്ചു പ്രവർത്തിക്കേണ്ടിവന്നിട്ടുണ്ട്.

വീണ്ടും ശബ്ദിക്കുന്നു

നീലഗിരിയിൽ നിന്നും തീരദേശത്തേക്കു മടങ്ങിയ ഗുണ്ടർട്ടിൻെറ ശബ്ദം പൂർണമായി വീണ്ടുകിട്ടിയിരുന്നില്ല. അത് മെച്ചപ്പെട്ടു വരുന്നുണ്ടായിരുന്നു. 1852 മാർച്ചിൽ മംഗലാപുരത്ത് ലിറ്റർജി കമ്മീഷൻ യോഗത്തിൽ പങ്കെടുക്കാൻ എത്തുമ്പോൾ തൻെറ ആരോഗ്യനില വളരെ മെച്ചപ്പെട്ടിരിക്കുന്നതായി ഗുണ്ടർട്ടിനു തോന്നുന്നു. ആ ഘട്ടത്തിലെ ചിന്തകൾ കാണുക:

എൻെറ ആരോഗ്യനില മെച്ചപ്പെട്ടിട്ടുണ്ട്. എനിക്കുവേണ്ടി ഡോക്ടർ പ്രത്യേകം ഒരുക്കിയ ഉപകരണങ്ങൾ ഉപയോഗിച്ച് എനിക്കുതന്നെ ശ്വാസനാള(trachea)ത്തിലേക്ക് മരുന്നൊഴിക്കാൻ കഴിയുമായിരുന്നു. രോഗലക്ഷണങ്ങൾ ക്രമേണ അപ്രത്യക്ഷമായി. ലിററർജി കമ്മീഷനിലെ അംഗമെന്ന നിലയിലുള്ള ജോലികൾ ബുദ്ധിമുട്ടു കൂടാതെ മാർച്ചു മാസത്തിൽ ഞാൻ നടത്തി. GM 3.4.52

ആരോഗ്യനില മെച്ചപ്പെടുത്താൻ ഗുണ്ടർട്ട് ഏറെ ക്ലേശിച്ചു. പുതിയ ചികിത്സാപദ്ധതികളെല്ലാം അദ്ദേഹം പഠിച്ചു മനസ്സിലാക്കി. അമേരിക്കയിൽ അക്കാലത്ത് പ്രചാരത്തിൽ വന്നുകൊണ്ടിരുന്ന ഒരു ചികിത്സാ പദ്ധതിയെക്കുറിച്ച് അദ്ദേഹം കോട്ടഗിരിയിൽ വച്ചു കേട്ടു. വളരെ ക്ലേശിച്ചിട്ടാണെങ്കിലും അതദ്ദേഹം പഠിച്ചറിഞ്ഞു.

നീരുവീഴ്ച കുറയ്ക്കാൻ കഴുത്തിനു ചുററും കുതിരരോമം കൊണ്ടുള്ള ഒരാവരണം (setaceum) സൂചികൾ ഉപയോഗിച്ച് ഉറപ്പിച്ചു ധരിക്കേണ്ടിയിരുന്നു. ശ്വാസനാളത്തിലേക്ക് ഒരു ഉപകരണം കടത്തി കൗസ്ററിക്കം (causticum) ഉപയോഗിച്ച് ചില ചികിത്സകളും ചെയ്യേണ്ടിയിരുന്നു. ഡോക്ടറുടെ ഉപദേശമനുസരിച്ച് ഗുണ്ടർട്ട് തന്നെ ഇതെല്ലാം ചെയ്തുപോന്നു. 1852 മെയ് 2-ന് എഴുതിയ കത്തിൽ:*എനിക്കിപ്പോൾ ക്ലാസ്സെടുക്കാൻ കഴിയുന്നു. സാധാരണ ദിവസങ്ങളിൽ യാതൊരു ക്ലേശവും അനുഭവപ്പെടുന്നില്ല.* GM 2.5.52

മൂന്നു മാസത്തിനു ശേഷം തലശ്ശേരിയിൽ നടന്ന ഒരു ചർച്ചയിൽ അദ്ദേഹം സജീവമായി പങ്കെടുത്തു: *അവിടെ ബൈബിൾ പരിഭാഷ പുതുക്കാൻ നടന്ന ചർച്ചയിൽ മൂന്നുദിവസംകൊണ്ട് ഞങ്ങൾ പൗലോസിൻെറ ലേഖനങ്ങൾ പൂർത്തിയാക്കി. മൺസൂൺ എന്നെ ബാധിച്ചിരുന്നതുകൊണ്ട് അവിടെയിരുന്ന് ചർച്ചയിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് എനിക്ക് ഭയമുണ്ടായിരുന്നു. മരുന്ന് ഉപയോഗിച്ചപ്പോൾ ദൈവം എൻെറ പ്രാർഥന കനിഞ്ഞനുവദിച്ചു. അവിടെ കഴിഞ്ഞുകൂടിയ ദിവസങ്ങൾ ക്ലേശകരമായിരുന്നില്ല. അങ്ങോട്ടു പോയതിനെക്കാൾ ഉല്ലാസവാനായി ഞാൻ മടങ്ങിപ്പോന്നു. അപ്പോൾ മുതൽ അനുസ്യൂതമായ പുരോഗതിയുണ്ടായി* GM6.8.52 എന്നാൽ പ്രസംഗങ്ങൾ

നടത്തുന്നതിൽ അദ്ദേഹം അതീവ കരുതൽ തുടർന്നു. ഹേബിക് പാലക്കാട്ടില്ലാതിരുന്നപ്പോൾ അവിടെ ഇംഗ്ലീഷ് ഭാഷാ ശുശ്രൂഷകൾ പലവട്ടം ഏററെടുത്തു നടത്തി. അദ്ദേഹം അഞ്ചരക്കണ്ടിയിൽ എത്തി പഴയതുപോലെ ഏറെ സമയം സഭാംഗങ്ങളുമായി ചെലവഴിച്ചു.

ഗുണ്ടർട്ടിൻെറ സന്ദർശകരിൽ അദ്ദേഹം ഏറെ വിലമതിച്ചിരുന്ന ഒരു വൃദ്ധനായർയോദ്ധാവിൻെറ വൃത്താന്തം ഇവിടെ ഉദ്ധരിക്കാം: *അടുത്ത കാലത്ത് പയ്യന്നൂർക്കാരനായ ഒരു വൃദ്ധനായർയോദ്ധാവ് എന്നെ കാണാൻ വന്നിരുന്നു. പഴയ കാലത്ത് പേരെടുത്ത പോരാളിയായിരുന്നു. ഇപ്പോൾ പടപ്പാട്ടുകൾ പാടും. ഇയാൾ മററു നായർപടയാളികളോടൊപ്പം ടിപ്പുവിൻെറ ബലാൽക്കാരമായുള്ള മതപരിവർത്തന യത്നങ്ങളെ നേരിട്ടതാണ്. ബ്രിട്ടീഷുകാർ ഈ പ്രദേശത്ത് ആധിപത്യം ഉറപ്പിക്കുംവരെ ഇയാൾ ഒളിപ്പോർ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. യുദ്ധത്തിൻെറ കെടുതികൾ വേണ്ടുവോളം അനുഭവിച്ച ആ പോരാളിക്ക് വെള്ളക്കാരുടെ കാലത്തുണ്ടായിരിക്കുന്ന സ്വസ്ഥതയെക്കുറിച്ച് മതിപ്പാണ്. എന്നാൽ ഉപ്പിൻെറയും പുകയിലയുടെയും കാര്യത്തിൽ ഏർപ്പെടുത്തിയ കുത്തക അയാൾക്ക് അനിഷ്ടകരമായി ത്തോന്നി. അയാളോടു സുവിശേഷം പ്രസംഗിക്കുക എളുപ്പമായിരുന്നില്ല. ഹൃദയത്തിൻെറ ദാർഢ്യവും വാർധക്യവും മുഖ്യ പ്രതിബന്ധങ്ങളായിരുന്നു. എങ്കിലും അയാൾ പൊതുവെ ഉത്സാഹിയായി കാണപ്പെട്ടു. ബോധ നവീകരണത്തിനുവേണ്ടി പ്രാർഥിക്കാം എന്നും അയാൾ സമ്മതിച്ചു. അയാൾ നിത്യേന അനായാസം എട്ടു മണിക്കൂർ കാൽനടയായി സഞ്ചരിക്കു മായിരുന്നു. യുവാക്കന്മാരുടെ കൂസലില്ലായ്മയും അയാൾക്കുണ്ട്.* GM 2.7.52

സ്ഥിരീകരണത്തിനുള്ള ക്ലാസുകൾ ഗുണ്ടർട്ട് ഏററെടുത്തു നടത്തി: *ഈ മാസങ്ങളിൽ ഞാൻ ക്രമമായി സ്ഥിരീകരണത്തിനുള്ള ക്ലാസുകൾ പത്തു യുവതികൾക്കു നൽകുന്നു. ദൈവം തിരുമനസ്സാകുന്നെങ്കിൽ ഇതു മുടക്കം കൂടാതെ നടത്തിക്കൊണ്ടു പോകാം എന്നു ഞാൻ കരുതുന്നു.* GM. 6.8.52 ഒരു വർഷത്തിനു ശേഷം അദ്ദേഹം എഴുതി: *ഞാൻ പരിശീലിപ്പിച്ച സ്ഥിരീകരണ വിദ്യാർഥികളായ പത്തുപേരിൽ ഏഴു പേർക്കും സ്ഥിരീകരണം നൽകി. അവർ ദൈവത്തിനുള്ളവരാണെന്നു ഞാൻ കരുതുന്നു.*

സ്ഥിരീകരണത്തിനുള്ള പ്രായമെത്തിയ മൂത്ത പുത്രന്മാരായ ഹെർമനും സാമുവേലിനും ഇക്കാലത്ത് അദ്ദേഹം എഴുതിയ കത്തിൽ ഇന്ത്യയിൽ പോസ്ററൽ സ്ററാമ്പുകൾ ഏർപ്പെടുത്തിയ വിവരം രേഖപ്പെടുത്തിയിരിക്കുന്നു: *ഇതോടൊപ്പം പോസ്ററൽ സ്ററാമ്പുകൾ അയയ്ക്കുന്നു (ഒക്ടോബർ 1 മുതൽ ഇവ ഇവിടെ നടപ്പിലാക്കി).* GM 16.10.54 യൂറോപ്പിൽനിന്ന് കത്തെഴുതുമ്പോൾ സംക്ഷിപ്തമായ മേൽവിലാസമേ ഉപയോഗിക്കേണ്ടൂ എന്നും അദ്ദേഹം പുത്രന്മാർക്കെ ഴുതുന്നു: *എൻെറ മേൽവിലാസത്തിൽ ചിറയ്ക്കൽ എന്ന് എഴുതരുത്. കണ്ണൂർ എന്നു മതി. കണ്ണൂരിൽ ചുരുക്കം ചില വെള്ളക്കാരേയുള്ളു. അഞ്ചു*

വർഷമായി പോസ്റ്റോഫീസുമായി ബന്ധപ്പെടുന്ന ഞാൻ ഇവിടെ സുപരിചിതനാണ്. Rev. H. Gundert, Cannanore, Bombay എന്നു മാത്രം മതി. കൂടുതലൊന്നും വേണ്ടാ. GM 16.10.54

13

സാഹിത്യപ്രവർത്തനം ഊർജസ്വലമാവുന്നു

1851 ഫെബ്രുവരിയിൽ ബൈബിൾ തർജമയ്ക്കുള്ള അനുവാദം ബാസലിൽ നിന്നു ലഭിച്ചെങ്കിലും നീലഗിരിയിൽ എത്തിയപ്പോൾ മാത്രമാണ് ജോലി തുടങ്ങിയത്. പുതിയ നിയമത്തിലെ ലേഖനങ്ങൾ തർജമ ചെയ്തു തുടങ്ങി. തുടർന്ന് ബ്രിട്ടീഷ് ബൈബിൾ സൊസൈററിയുമായി ചർച്ച നടന്നു: *മിസ്ററർ വിൽസ്ലോയുമായി ബൈബിൾ തർജമയെക്കുറിച്ച് ഞാൻ സംസാരിച്ചു. ബയിലിയും തോംസണും തമ്മിലുള്ള അഭിപ്രായഭിന്നത നിമിത്തം മലയാളം ബൈബിൾ റിവിഷൻ കമ്മിററി നിലവിൽ വരുന്നതല്ല എന്ന് അയാൾ പറഞ്ഞു.* GM 8.5.51 ഇതറിഞ്ഞപ്പോൾ ഗുണ്ടർട്ടിന് ബൈബിൾ തർജമയിൽ ഉത്സാഹം വർദ്ധിച്ചു. അദ്ദേഹം നീലഗിരിയിൽ നിന്ന് ഭാര്യയ്ക്കെഴുതി:

എനിക്ക് താഴെപ്പറയുന്നവ ആവശ്യമുണ്ട്:

I *കടലാസ്*

II *കൃതികൾ*

(a) *ഓലയിലുള്ള കേരളോൽപത്തി.... എൻെറ അച്ചടിച്ച കേരളോൽപത്തി (കുറിപ്പുകളോടു കൂടിയത്). എനിക്കുവേണ്ടി രാമചരിതം ജേക്കബ് ചോദിച്ചു നോക്കട്ടെ.*

(b) *നീലനിറത്തിലുള്ള പേപ്പറിൽ 1846-ൽ പോർത്തുഗീസുകാരുടെ കാലത്തെ മലബാറിൻെറ ചരിത്രത്തെക്കുറിച്ച് സ്ററുട്ഗാർട്ടിൽവച്ചു ഞാൻ കുറിപ്പുകളെഴുതിയ രണ്ടു നോട്ബുക്ക്. അവയിലെ കുറിപ്പുകൾ ജർമനിലാണ്. മററുള്ളവർക്ക് വായിച്ചെടുക്കാൻ ബുദ്ധിമുട്ടാണ്. പോർത്തുഗീസ്, ഇററാലിയൻ ഭാഷകളിലുള്ള കുറിപ്പുകളും അവയിലുണ്ട്. നോട്ബുക്കുകൾ ക്രമത്തിൽ എഴുതിയിട്ടുള്ളവയല്ല. എന്നാൽ എൻെറ പതിവനുസരിച്ച് ഒരേ തരത്തിലുള്ള പേപ്പറുകൾ വീണ്ടും അവയിൽ തുന്നിപ്പിടിപ്പിച്ചിട്ടുണ്ട്. 1500-1600 വരെയുള്ള ഘട്ടമാണ് സാമാന്യമായി അവയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മൂന്നാമത്തെ നോട്ബുക്ക് അത്രയ്ക്കത്യാവശ്യമുള്ളതല്ല;അത് ഫ്ളോറായുടെയാണ്. നിറമുള്ള പുറംചട്ട. ഒരു പുറത്ത് ഫ്ളോറായുടെ എഴുത്ത്; മറുപുറത്ത് അറബിയിലും*

പോർത്തുഗീസിലുമുള്ള എൻെറ എഴുത്ത്.

III. *സംഗീതം: ലയറിററ്സ്, ജർമൻ രാഗങ്ങൾ(സംഗീത പഠനത്തിനിടയിൽ ഞാൻ സാധാരണയായി ഉപയോഗിക്കാറുള്ളവ). മിസ്സിക്ക് (മാർഗരററ് വീലിന്) അത് എളുപ്പം കണ്ടുപിടിക്കാനാവും. അതത്ര വലിപ്പമുള്ളതല്ല. ഞാൻ പകർത്തിയെടുത്ത യൂദാസ് മക്കേബൂസിൻെറ വലിയ പുസ്തകം. മെൻഡൽസ് സോഹൻെറ പൗലോസ്, ഇത് അത്ര വലിപ്പമുള്ളതല്ല—പുതിയതാണ്. ഞാൻ ചെറുപ്പത്തിൽ എഴുതിയ ഒരു ചെറിയ നോട്ട്ബുക്ക്. കുറിപ്പുകൾ എഴുതിച്ചേർത്ത എൻെറ മലയാളപാട്ടുപുസ്തകം.*

IV *എൻെറ കയ്പടയിലുള്ള കുറിപ്പുകളോടു കൂടിയ 'തമിഴ് ശതുരകാരാദി. .ഇതൊരു തമിഴ് നിഘണ്ടുവാണ്; എല്ലാം തമിഴിലാണ്. സാധ്യമെങ്കിൽ, 'ബയിലിയുടെ മലയാളം നിഘണ്ടു'.* GM 19.4.51

ഈ പട്ടിക ഗുണ്ടർട്ടിൻെറ അക്കാലത്തെ വൈവിധ്യമാർന്ന മാനസികാഭിമുഖ്യങ്ങൾ വെളിവാക്കുന്നു. തലശ്ശേരിയിൽ അച്ചടിയുടെ ചുമതല വഹിച്ചിരുന്ന ഫ്രീഡറിക് മ്യൂള്ളറിന് അദ്ദേഹം എഴുതി, *'പീഡാനുഭവ ചരിത്രം' മ്യൂഗ്ലിങ്ങിൻെറ കൈവശം കൊടുത്തയയ്ക്കാം, സാധ്യമെങ്കിൽ കൊരിന്ത്യർക്കുള്ള ലേഖനവും. അയാളിൽനിന്നു ക്രിസ്തുമാഹാത്മ്യം കിട്ടിയേക്കും.* GM 30.4.51

അധികം വൈകാതെ ഗുണ്ടർട്ട് ഭാര്യയ്ക്കെഴുതി: *ഞാൻ ബ്യൂളറെ വഴിയിൽ വച്ചു കണ്ടു. അയാൾ നിൻെറ എഴുത്തുകൾ എന്നെ ഏൽപ്പിച്ചു. രാജാവിൻെറ കേരളോൽപത്തി എനിക്കയച്ചുതരേണ്ടാ. പകരം മറെറാരു ഗ്രന്ഥം ആൾവശം കൊടുത്തയയ്ക്കണം. 'ക്രിസ്തുമാഹാത്മ്യം' എന്ന പേരിൽ അത്ര വലിപ്പമില്ലാത്ത ഒരു സംസ്കൃത ഗ്രന്ഥം.* GM 8.5.51

കേരളോൽപത്തി കണ്ടുപിടിക്കാൻ ജൂലി ഗുണ്ടർട്ടിനു ബുദ്ധിമുട്ടുണ്ടായി എന്നു തോന്നുന്നു. കെററിയിൽ നിന്നു കോട്ടഗിരിയിലേക്കു പോകുംമുമ്പ് അദ്ദേഹം ഭാര്യയ്ക്കെഴുതി: *കേരളോൽപത്തി കണ്ടുപിടിച്ചതിൽ സന്തോഷം. അതു കണ്ടുപിടിക്കാൻ എളുപ്പമായിരിക്കും എന്നു ഞാൻ കരുതി. കാരണം അതിൻെറ പുറംചട്ടയിൽ പേരുണ്ടല്ലോ. ഏതായാലും ഇനി ഞാൻ ആവശ്യപ്പെടുമ്പോൾ അത് അയച്ചാൽ മതി.* GM 17.5.51

ഗുണ്ടർട്ടിൻെറ ബൗദ്ധികാഭിമുഖ്യങ്ങളും ഗ്രന്ഥശേഖരത്തിൻെറ സ്വഭാവവും മുകളിൽ കൊടുത്ത ഉദ്ധരണികളിൽ നിന്നു മനസ്സിലാക്കാം. കൃതികൾ പകർത്തിയെടുക്കുന്നതിലും വായിക്കുന്നതിൻെറ എല്ലാം പ്രസക്തഭാഗങ്ങൾ കുറിച്ചു വയ്ക്കുന്നതിലും അദ്ദേഹം പുലർത്തിയിരുന്ന നിഷ്കർഷ ട്യൂബിങ്ങനിലെ നോട്ട്ബുക്കുകളിൽ നിന്നു വ്യക്തമാണ്.

പുനരാഖ്യാനങ്ങൾ

ക്രിസ്തുമാഹാത്മ്യം

ജോൺ മ്യൂറു(1810-1882)ടെ കൃതിയാണ് *ക്രിസ്തുമാഹാത്മ്യം*. ഈസ്ററിന്ത്യാ കമ്പനിയുടെ ജോലിക്കാരനായി 1829-ൽ കൽക്കത്തയിലെത്തിയ അദ്ദേഹം

ഗംഗാതടത്തിലെ പല സ്ഥലങ്ങളിലും ജോലി ചെയ്തു. സംസ്കൃതരചനകൾ ഇന്ത്യാക്കാർക്കുവേണ്ടിയുള്ളവയാണ്. പ്രഥമകൃതി *മതപരീക്ഷ* 1839-ൽ കൽക്കത്തയിൽ പ്രസിദ്ധീകരിച്ചു. മ്യൂർ തന്നെ 1852-1854 കാലത്ത് ഇത് പരിഷ്കരിച്ചു. മില്ലിന്റെ *ശ്രീഖ്യഷ്ടസംഗീത*ത്തിന്റെ സ്വാധീനത്തിലായിരുന്നു ഈ നവീകരണം. ഇപ്രകാരം അനുഭവസമ്പത്തു നേടിയശേഷം രചിച്ച ഏററവും ശ്രദ്ധേയമായ കൃതിയാണ് *ക്രിസ്തുമാഹാത്മ്യം*. ഗുണ്ടർട്ടിന്റെ മനസ്സിൽപ്പതിഞ്ഞ ഒരു പുസ്തകമായിരുന്നു ഇത്. ഇതിനെക്കുറിച്ചും തർജമയെക്കുറിച്ചും പല പ്രാവശ്യം അദ്ദേഹം എഴുതുന്നുണ്ട്:

മ്യൂറുടെ കാര്യം പരിഗണിക്കേണ്ടിയിരിക്കുന്നു. ഞാൻ ആ കൃതി വായിച്ചുനോക്കി. അതിലെ സംസ്കൃതം യേററ്സിന്റെ സംസ്കൃത ഭാഷയെക്കാൾ ഹൃദ്യമായി എനിക്കു തോന്നി. അത് മലയാളത്തിലാക്കാൻ ബുദ്ധിമുട്ടില്ല എന്നു ഞാൻ കരുതുന്നു. എന്നാൽ അതു റിവ്യൂ ചെയ്യാൻ ഞാൻ ആളല്ല. GM 19.4.50

മലയാള പുനരാഖ്യാനത്തെക്കുറിച്ച് വീണ്ടും എഴുതുന്നു: *സംസ്കൃത ശ്ലോകത്തിൽ മ്യൂർ എഴുതിയ കൃതി (ക്രിസ്തുമാഹാത്മ്യം) തലശ്ശേരിയിലെ സഹോദരരുടെ അനുമതിയോടു കൂടി ഞാൻ പുനരാഖ്യാനം ചെയ്തു തുടങ്ങി. സംസ്കൃതം ചുരുക്കി സ്വതന്ത്ര മലയാള പുനരാഖ്യാനം ചേർത്ത് മൂന്നു ഭാഗമായി തയ്യാറാക്കുകയാണ്. ഇതിന്റെ ഒന്നാംഭാഗം, പഴയ നിയമത്തിലേക്കുള്ള പ്രവേശകവും തിരുവവതാരവും ക്രിസ്തുവിന്റെ പ്രവർത്തനങ്ങളുമാണ്. ഇത് അച്ചടിക്ക് ഏറെക്കുറെ തയ്യാറായിട്ടുണ്ട്. രണ്ടാംഭാഗത്ത് പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്നു. മൂന്നാംഭാഗത്ത് ക്രിസ്തുവിന്റെ പീഡാസഹനവും സത്യവും നീതിയും തേടുന്ന ഒരു ക്രൈസ്തവേതരന്റെ പ്രാർഥനയോടു കൂടിയ സമാപനവും ചേർത്തിരിക്കുന്നു. ഈ കൃതി വാക്കർസായ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഗുണ്ടർട്ട് അച്ചടിപ്പിച്ചു.* GM 31. 3. 51

വജ്രസൂചി

ഈ ഘട്ടത്തിൽ തർജമ ചെയ്ത *വജ്രസൂചി* എന്ന ഗ്രന്ഥത്തെക്കുറിച്ച് ഗുണ്ടർട്ട് എഴുതുന്നു: *മിഷന്റെ ഒരു പഴയ സുഹൃത്തായ വാക്കറുടെ താൽപര്യമനുസരിച്ച് ജാതിവ്യവസ്ഥയെക്കുറിച്ചുള്ള സംസ്കൃത രചനയായ വജ്രസൂചി മലയാള പരിഭാഷയും അനുബന്ധവും ചേർത്ത് അച്ചടിക്ക് ഏൽപ്പിച്ചിരിക്കുന്നു. മററു ചില സംസ്കൃത രചനകളുടെയോ ഭാഷാന്തരത്തോടു കൂടിയ സമ്പൂർണ കൃതികളുടെയോ ഖണ്ഡങ്ങളുടെയോ അച്ചടിക്കൂലി വഹിക്കാൻ വാക്കർ തയ്യാറാണ്.* GM 31.3.51

മൂന്നു മാസത്തിനുശേഷം വജ്രസൂചിയെക്കുറിച്ച് വീണ്ടും എഴുതുന്നു: *ജനുവരിയിൽ ഞാൻ ജാതിവ്യവസ്ഥയ്ക്ക് എതിരെയുള്ള ബൗദ്ധരചനയായ വജ്രസൂചി തർജമ ചെയ്യുകയായിരുന്നു. ബംഗാളിൽ വമ്പിച്ച പ്രചാരം നേടിയ കൃതിയാണിത്. ഇതിനൊരു ക്രൈസ്തവ അനുബന്ധം ചേർത്തിട്ടുണ്ട്. ഇതിനു നല്ല സ്വീകരണമാണ് ലഭിക്കുന്നതെന്ന് എഫ്. മ്യൂള്ളർ എഴുതുന്നു.* GM 23.6. 51

പഴഞ്ചൊൽമാല, ഒരായിരം പഴഞ്ചൊൽ

1844-ൽ ഇല്ലിക്കുന്നിൽ താമസിക്കുമ്പോൾ *പഴഞ്ചൊൽമാല* തയ്യാറാക്കി. 1846-ൽ അറുനൂറു പഴഞ്ചൊല്ലുകൾ അച്ചടിച്ചു. 1850-ൽ *ഒരായിരം പഴഞ്ചൊൽ* സമാഹരിച്ചു പ്രസിദ്ധീകരിച്ചു. തികച്ചും കേരളീയമാണിതിൻെറ പശ്ചാത്തലം. ഈ കൃതിക്ക് പിന്നീടും പതിപ്പുകളുണ്ടായി.

നളചരിത സാരശോധന

നളകഥയുടെ പുനരാഖ്യാനമാണ് ഗുണ്ടർട്ടിൻെറ മററൊരു കൃതി, *നളചരിതസാരശോധന.* അദ്ദേഹം എഴുതുന്നു: *നളകഥയെ ഉപജീവിച്ച് ഞാൻ ഒരു ലഘുകൃതി രചിച്ചിട്ടുണ്ട്. ഉദാത്തമായ ജീവിതസന്ദേശം ഉൾക്കൊള്ളുന്ന കൃതിയാണിത്. അത്തരം കൃതികൾ ഈ നാട്ടിൽ സുലഭമാണ്. ഒരു ക്രിസ്ത്യാനിയും ക്രൈസ്തവേതരനും തമ്മിലുള്ള സംഭാഷണത്തിൻെറ രൂപത്തിലാണ് കൃതി രചിച്ചിരിക്കുന്നത്.* GM 8.10.51

നളകഥയുടെ മതാത്മകവും ധാർമികവുമായ വശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതാണ് ഈ കൃതി. ബൈബിൾ സത്യവുമായി ഇതിനുള്ള ബന്ധം എടുത്തുകാട്ടാൻ ശ്രദ്ധിക്കുന്നുമുണ്ട്. ഗുണ്ടർട്ട് പ്രത്യേകമായി എഴുതുന്നു: *ഇതിൽ ശ്ലോകങ്ങൾ ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. ശ്ലോകങ്ങളുടെ ഉള്ളടക്കം മികച്ചതായാലും തീയതായാലും ശബ്ദഭംഗികൊണ്ടു ശ്രദ്ധേയമായിത്തീരുന്നു. ഈ ലഘുകൃതിയുടെ കൈയെഴുത്ത് മറ്റു സഹോദരന്മാരെയും കാണിക്കുകയുണ്ടായി. അതിപ്പോൾ അച്ചടിക്കു തയ്യാറായിരിക്കുന്നു.* GM 8.10.51

ജർമൻ പരിഭാഷകൾ

ഗുണ്ടർട്ട് *നളചരിതസാരശോധന* ജർമൻ ഭാഷയിലേക്കു തർജമ ചെയ്ത് ബാസലിലേക്ക് അയച്ചു കൊടുത്തു. അത് മിഷൻ മാസികയിൽ പ്രസിദ്ധീകരിച്ചു. 1853-54-ൽ മിഷൻ മാസികയുടെ രണ്ടു ലക്കത്തിലായി പ്രസിദ്ധീകരിച്ച ജർമൻ തർജമ *Nala Charita Saram—Die Nala Geschichte* എന്ന ശീർഷകത്തോടുകൂടി വീണ്ടും *(Frenz 1991: 446-465)* അച്ചടിച്ചിരിക്കുന്നു. *എൻെറ നളകഥയുടെ തർജമ ഒന്നാംഭാഗം മ്യൂഗ്ളിങ് നിങ്ങൾക്ക് എത്തിച്ചു തന്നല്ലോ. എൻെറ റിപ്പോർട്ടോടൊപ്പം മററു മലയാളകൃതികളിൽ നിന്നുള്ള ഭാഗങ്ങൾ ഞാൻ അയച്ചിരുന്നു. അവ പ്രയോജനപ്പെടുത്താൻ കഴിയുമോ എന്നു നോക്കുക. സാധ്യമെങ്കിൽ നളകഥയുടെ രണ്ടാംഭാഗമോ അതിൻെറ പുനരാഖ്യാനമോ ഞാൻ തയ്യാറാക്കാം. ജർമൻ ഭാഷയിൽ എനിക്ക് ഇരുത്തം വന്നിട്ടുള്ളതായി തോന്നുന്നില്ല. മററാരെങ്കിലും എൻെറ ഭാഷ തിരുത്തി വെടിപ്പാക്കുന്നില്ലെങ്കിൽ ഇത്തരം ജോലികൾ ചെയ്യാൻ എനിക്ക് ഉത്സാഹം തോന്നുകയില്ല.* GM 3.7.52 ഈ നിരീക്ഷണം കൗതുകകരമായിരിക്കുന്നു.

പഴയ മലബാറിലെ ജീവിതശൈലി വെളിവാക്കുന്ന ചില കഥകൾ *നായർ കഥകൾ* എന്ന പേരിൽ ഗുണ്ടർട്ട് തർജമ ചെയ്യുകയുണ്ടായി.

അവയിൽ നാലെണ്ണം കാൽവിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന യുവജനമാസിക *(Jugend blaetter)*യിൽ അച്ചടിക്കുകയുണ്ടായി. അവ ഇപ്പോൾ ജർമൻ ഭാഷയിൽ (Frenz 1991:466-486) ലഭ്യമാണ്.

മലയാള രചനകൾ ജർമനിലേക്ക് തർജമ ചെയ്യാനുള്ള ഗുണ്ടർട്ടിൻെറ മോഹം ഇത്രത്തോളമേ സാക്ഷാത്കരിക്കപ്പെട്ടുള്ളൂ. അദ്ദേഹത്തിൻെറ സഹകാരികളിൽ ചിലരെല്ലാം പിന്നീട് ഈ രംഗത്ത് ശ്രദ്ധയർപ്പിക്കുകയുണ്ടായി. ഉദാഹരണത്തിന് ഡീസ് സായ്പ് തച്ചോളിപ്പാട്ടുകളിലെ ചില ഇതിവൃത്തങ്ങൾ ജർമനിലാക്കി അച്ചടിപ്പിച്ചു.

മലയാള വ്യാകരണം

സ്കൂൾ പാഠപുസ്തകമായി ഉപയോഗിക്കാനുള്ള ഒരു മലയാള വ്യാകരണം തയ്യാറാക്കുന്ന ജോലിയിലായിരുന്നു 1850-ൻെറ പൂർവാർധത്തിൽ ഗുണ്ടർട്ട്. GM. 4.3.50 അദ്ദേഹം എഴുതുന്നു: *ഇംഗ്ലീഷിൽ വർഷങ്ങൾക്കു മുമ്പു തയ്യാറാക്കിയ സമഗ്രമായ (ausfuehrlisch)മലയാള വ്യാകരണത്തിൻെറ സംഗ്രഹം (Auszug) ഇപ്പോൾ രൂപപ്പെടുത്തുകയാണ്. ബൈബിൾ പരിഭാഷയുടെ നവീകരണത്തിന് ഈ ഗ്രന്ഥം ഉപകരിക്കും. നാട്ടുകാരായ എഴുത്തുകാരുടെ കൃതികളെ അവലംബിച്ചാണ് ഇതിൽ നിയമങ്ങളും ഉദാഹരണങ്ങളും നൽകിയിരിക്കുന്നത്. ഇതഃപര്യന്തം സംസാരഭാഷയുടെ പ്രാദേശിക ഭേദങ്ങൾ അവലംബിച്ചാണ് വാക്യഘടന വിശദീകരിക്കാൻ യൂറോപ്യന്മാർ ഒരുമ്പെട്ടിരിക്കുന്നത്.* GM 30.6.50 ഈ കൃതിയുടെ അച്ചടിയെക്കുറിച്ച് ചില നിർദ്ദേശങ്ങൾ നൽകിയതല്ലാതെ അതിൻെറ വിശദാംശങ്ങളിൽ അദ്ദേഹം ഇടപെട്ടിരുന്നില്ല. അതെല്ലാം തലശ്ശേരിയിലെ അച്ചടിയുടെ ചുമതലക്കാരനായ ഫ്രീഡറിക് മ്യൂള്ളറാണ് നിർവഹിച്ചത്.

വ്യാകരണരചനയിൽ നിരന്തരം ഏർപ്പെടാൻ ഗുണ്ടർട്ടിനു കഴിഞ്ഞിരുന്നില്ല. സാഹിത്യപരിശ്രമങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളിൽ ഇതിൻെറ സൂചനയുണ്ട്: *പുതിയ രചനകളുടെ പട്ടികയിൽ നാട്ടുകാരായ കുട്ടികൾക്കുവേണ്ടിയുള്ള മലയാളവ്യാകരണം ഞാൻ സൂചിപ്പിക്കുന്നു. അതിലെ രൂപനിഷ്പത്തിക്രമം ഏതാനും മാസം മുമ്പ് തലശ്ശേരിയിലേക്ക് അയച്ചിരുന്നു. ക്രമേണ വാക്യവിചാരം പൂർത്തിയാക്കാം. അതുകൊണ്ട് രൂപനിഷ്പത്തിപ്രകരണത്തിൻെറ കോപ്പികൾ വാക്യവിചാരത്തിൻെറ കോപ്പികളെക്കാൾ കൂടുതൽ അച്ചടിക്കേണ്ടിയിരിക്കുന്നു.* GM 23.6.51 ഒരു വർഷത്തിനുശേഷം എഴുതുന്നു: *തർജമയുടെ കാര്യത്തിൽ ഏറെയൊന്നും ചെയ്യാൻ എനിക്കു കഴിഞ്ഞില്ല. മലയാള വ്യാകരണത്തിലെ വാക്യഘടനയുടെ നാമപ്രകരണഭാഗംമാത്രമാണ് തയ്യാറാക്കാൻ കഴിഞ്ഞിട്ടുള്ളത്. മലയാളവാക്യഘടനയുടെ പ്രഥമഭാഗം മാത്രം ഗുണ്ടർട്ട് അച്ചടിക്കു തയ്യാറാക്കിയിരിക്കുന്നു* എന്ന് മറെറാരു റിപ്പോർട്ടിൽ കാണാം. GM31.12.52 ഈ വ്യാകരണത്തിൻെറ രണ്ടാം ഭാഗം കാൽവിൽ വച്ച് ഗുണ്ടർട്ട് രൂപപ്പെടുത്തി. മംഗലാപുരത്ത് ഡീസ് ഇതിൻെറ അച്ചടിയുടെ ചുമതല വഹിച്ചു. അക്കാലത്ത് ഗുണ്ടർട്ട് ബാസലിലേക്ക് എഴുതി: *എൻെറ മലയാള*

വ്യാകരണത്തിൻെറ പുതിയ പതിപ്പ് അച്ചടിക്കാൻ വേഗത്തിൽ കൈയെഴുത്തു പ്രതി എത്തിക്കണം എന്ന് ഡീസ് ആവശ്യപ്പെടുന്നു. ഗവൺമെൻറു സ്കൂളിലെ പാഠപുസ്തകമായി അത് നിലനിറുത്താനാണ് ഇത്. ഇപ്പോൾ അതിൻെറ ഒന്നാം ഭാഗം ഞാനയയ്ക്കുന്നു. ബ്രൗണുമായി ആലോചിച്ച് എത്രയും വേഗത്തിൽ അത് ഡീസിന് എത്തിച്ചു കൊടുക്കണം. രണ്ടാം ഭാഗം എൻെറ കൈയിലുണ്ട്. ആ പകർപ്പ് അയച്ചു തരാൻ എനിക്കു മനസ്സുവരുന്നില്ല. തിരുത്തലുകൾ വരുത്തിയ മററൊരു പകർപ്പ് ഇന്ത്യയിലേക്കയയ്ക്കാം. പേജ് 97 മുതൽ 176 വരെയുള്ള ഭാഗമാണിത്. പഴയ തലശ്ശേരി പ്രസ്സിൽ അച്ചടിച്ച പുസ്തകങ്ങളുടെ കൂട്ടത്തിൽ ബാസലിൽ ഇതിൻെറ പകർപ്പുണ്ട്. ഒന്നാംഭാഗത്തോടൊപ്പം ബയൻറുചെയ്തു ചേർത്ത നിലയിലായിരിക്കാം അത് സൂക്ഷിച്ചിരിക്കുന്നത്. അവയിലൊന്ന് ബയൻറിങ് വിടർത്തി രണ്ടാം ഭാഗം എനിക്ക് അയച്ചു തരിക. മൂന്നാം ഭാഗം കൈയെഴുത്താണ്. അത് ഞാൻ അമ്മട്ടിൽ അയയ്ക്കുകയേ തരമുള്ളൂ. അത് ബാസൽ വഴി അയയ്ക്കാനാണ് എനിക്കു താൽപര്യം. കാരണം, ഇവിടത്തെ പോസ്ററോഫീസിൻെറ പ്രവർത്തനം വലിയ കുഴപ്പത്തിലാണ്. ഒന്നാം ഭാഗം ഡീസിനോ ഫ്രിററ്സിനോ എത്തിച്ചു കൊടുക്കുന്നതാണ് എനിക്കിഷ്ടം. ഡീസിനയയ്ക്കാനായിരുന്നു താൽപര്യം. എന്നാൽ ഫ്രിററ്സിനയയ്ക്കാനാണ് ഡീസിൻെറ കത്തിൽപ്പറഞ്ഞിരിക്കുന്നത്. മററു രണ്ടു ഭാഗങ്ങളും കഴിയുന്നത്ര ഭംഗിയായി ചെയ്യാം. GM 9.4.66 സമ്പൂർണ മലയാള ഭാഷാ വ്യാകരണം 1868-ൽ മംഗലാപുരത്തുനിന്ന് 413 പുറമുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചു.

ഗുണ്ടർട്ടിൻെറ നിർബന്ധപൂർവമായ താൽപര്യമനുസരിച്ചു മാത്രമാണ് വ്യാകരണത്തിൻെറ ഒരു കോപ്പി തിരുത്തലുകൾക്കായി അദ്ദേഹത്തിനു ലഭിക്കുന്നത്. അദ്ദേഹം പുത്രനായ സാമുവലിനെഴുതുന്നു: *വ്യാകരണത്തിൻെറ അച്ചടിച്ച ഒരു കോപ്പി ഇതുവരെ എനിക്കു ലഭിച്ചില്ല. ഡീസ് ഒരു കോപ്പി നൽകിയിരുന്നെങ്കിൽ പലതും ഇനിയും പരിഷ്കരിക്കാമായിരുന്നു* 1868-ൽ മംഗലാപുരത്തുണ്ടായിരുന്ന പുത്രൻ ഫ്രീഡറിക്കിന് ഗുണ്ടർട്ട് എഴുതി: *കുറിപ്പുകളെഴുതിച്ചേർക്കാൻ വ്യാകരണം ഡീസ് എനിക്കയച്ചുതരണം.* GM 21.12.68. *പരിശോധനയ്ക്കായി ഡീസ് വ്യാകരണത്തിൻെറ അച്ചടിപ്പകർപ്പ് എനിക്കയച്ചു തന്നു. ഇതിൽ ഞാൻ ഏറെ സമയം ചെലവഴിച്ചു* എന്ന് മററൊരു കത്തിൽകാണുന്നു. GM 13.1.69

ഗുണ്ടർട്ടുവ്യാകരണം സദൃശസംരംഭങ്ങളിലേർപ്പെടാൻ മററു ചിലർക്കു പ്രചോദനമായി. ഏററവും നല്ല ഉദാഹരണം മിഷണറി കിററലിൻെറ കന്നഡ ഭാഷാപഠനങ്ങളാണ്. സൂക്ഷ്മമായ ഭാഷാശാസ്ത്ര പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന ഒരു കത്തിൽ ഗുണ്ടർട്ട് കിററലിനു നൽകുന്ന ഉപദേശം ശ്രദ്ധിക്കുക: *ഭക്തിമയമായ രചനകളെക്കാൾ പ്രധാനമാണ് ചരിത്രാത്മക പഠനങ്ങൾ. ധാതുപഠനവും സുപ്രധാനമാണ്* GM 14.12.69

മലയാളവ്യാകരണ ചോദ്യോത്തരവും ഗാർത്ത്വെയിററും

സ്കൂൾകുട്ടികളുടെ ഉപയോഗത്തിനു കുറെക്കൂടി ലളിതമായ ഒരു വ്യാകരണഗ്രന്ഥം ചോദ്യോത്തര രൂപത്തിൽ ഗുണ്ടർട്ട് രചിച്ചു— *മലയാള വ്യാകരണ ചോദ്യോത്തരം.* (1860) പുത്രനായ സാമുവലിന് അദ്ദേഹം എഴുതുന്നു: *ഞാൻ ചോദ്യോത്തര രൂപത്തിൽ ഒരു ലഘു മലയാള വ്യാകരണം എഴുതിയിട്ടുണ്ട്.* GM 29.2.64 അന്നും ഇന്നും സ്കൂൾ വിദ്യാർഥികൾക്ക് പ്രയോജനകരമായ വ്യാകരണ ഗ്രന്ഥമാണിത്.

പിൽക്കാലത്ത് ഗാർത്ത്വെയിററ് ഈ കൃതി പരിഷ്കരിച്ച് ഇംഗ്ലീഷ് പരിഭാഷയോടുകൂടി പ്രസിദ്ധീകരിക്കയുണ്ടായി. ഇതിന് അനേകം പതിപ്പുകളുമുണ്ടായി. ഗാർത്ത്വെയിററിനെക്കുറിച്ച് ഗുണ്ടർട്ട് തന്റെ പുത്രനായ സാമുവലിന് എഴുതുന്നു: *ഞാൻ ഗാർത്ത്വെയിററിനെ ഒരു പ്രാവശ്യമേ കണ്ടിട്ടുള്ളു. അത് നീലിഗിരിയിൽ വച്ചാണ്. ഏതാനും ദിവസം മാത്രം. അയാളെ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. അതെക്കുറിച്ചു കൂടുതലൊന്നും ഞാൻ എഴുതുന്നില്ല. അത്തരക്കാർക്ക് പല സ്വഭാവ വൈകല്യങ്ങളും ഉണ്ടെങ്കിലും അവരുമായി ഏററവും സൗഹാർദപൂർവം ഇടപെടുന്ന സ്വഭാവമാണ് എനിക്കുള്ളത്. അത്തരക്കാർ അഹംഭാവികളായിരിക്കാം. എന്നാൽ അവരെ ഒഴിവാക്കുന്നവരും ആ ഗണത്തിൽപ്പെടുന്നവരാണ്.* GM 29.2.64

ബൈബിൾ തർജമകൾ

ശബ്ദതടസ്സം ഉണ്ടായ കാലത്ത് വ്യാകരണ രചനയോടൊപ്പം ബൈബിൾ പരിഭാഷയും ഗുണ്ടർട്ട് ഏറെറടുത്തു. ബാസൽ മിഷൻ സംഘവും കോട്ടയത്തെ സി.എം.എസ്. മിഷണറിമാരുടെ ബൈബിൾ വിവർത്തന സമിതിയും തമ്മിൽ നല്ല ബന്ധം ഉണ്ടാകും എന്ന് അദ്ദേഹം കരുതിയെങ്കിലും അത് സംഭവിച്ചില്ല. കോട്ടയത്തുനിന്ന് സമ്പൂർണ ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു. എന്നാൽ മൂലഭാഷകളിൽനിന്നു ബൈബിൾ വിവർത്തനം ചെയ്തെടുക്കുക എന്നത് ഒരു വെല്ലുവിളിയായി ഗുണ്ടർട്ടിന് അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ ചിന്തകൾ ബാസലിലെ മിഷൻ കമ്മിററിക്കുള്ള ഒരു കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: *ഞങ്ങളുടെ ബൈബിൾ പരിഭാഷ നവീകരിക്കാൻ മലബാറിലെ മൂന്നു മിഷണറി സംഘങ്ങളും ചേർന്നു വർഷങ്ങളായി ചില നീക്കങ്ങൾ നടത്തിയിരുന്നു. യഥാകാലം ഞങ്ങൾ ഈ വിവരം എഴുതിയറിയിച്ചിട്ടുണ്ട്. ഇത് ദുർഘടംപിടിച്ച പ്രശ്നമാണെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. പഴയകാലത്തെ പ്രശസ്ത ബൈബിൾ പരിഭാഷകനായ മിസ്ററർ ബയിലിക്ക് ഇക്കാര്യത്തിൽ തുറന്ന ചർച്ചകൾ നടത്താൻ ഉത്സാഹമില്ല എന്നതുതന്നെ ഒന്നാമത്തെ കാരണം. കൊല്ലത്തെ മിഷണറിമാർ ഇത്തരമൊരു സംരംഭത്തോടു കാണിക്കുന്ന തുറന്ന എതിർപ്പാണ് മറെറാരു പ്രതിബന്ധം. കോട്ടയം മിഷണറിമാരെ വല്ലായ്മയിലാക്കാൻ ഞങ്ങളെ ഉപകരണങ്ങളാക്കാനാണോ അവരുടെ നീക്കം എന്നും സംശയിക്കണം. ബൈബിൾ റിവിഷൻ ആവശ്യമില്ല എന്ന്*

ഈ മെയ് മാസത്തിൽ മദ്രാസിൽ തീരുമാനമുണ്ടായി. പാഠപരിശോധന നടത്താൻ, വിശേഷിച്ച് ലിപിപരമായ പൊരുത്തക്കേടുകൾ പരിഹരിക്കാൻ, ഒരു പ്രസാധകസംഘത്തെ നിയമിക്കുകയും ചെയ്തു. മൂന്നു മാസത്തിനുശേഷം ബയിലി ഈ തീരുമാനം ഞങ്ങളെ അറിയിച്ചു. മലബാർ പ്രവിശ്യയ്ക്കു വേണ്ടി കമ്മിററിയിൽ അംഗമായിരിക്കാം എന്ന് മ്യൂഗ്ളിങ്ങിൻെറ ഉപദേശം അനുസരിച്ച് ഞാൻ അറിയിച്ചു. ഈ പദ്ധതിയിൽ പങ്കെടുക്കേണ്ടതില്ല എന്ന കൊല്ലം മിഷണറിമാരുടെ തീരുമാനം നവംബർ 19-നുമാത്രമാണ് എന്നെ അറിയിച്ചത്. ഇതാണിപ്പോഴത്തെ അവസ്ഥ. ബയിലി യൂറോപ്പിലേക്ക് മടങ്ങിപ്പോവുകയാണ്. GM 24.11. 49

തർജമ തുടങ്ങുന്നു

നിജസ്ഥിതി ബാസലിലേക്ക് എഴുതി അറിയിച്ചതിനു പുറമെ ഇക്കാര്യത്തിൽ എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് ബാസൽ മിഷൻ സമൂഹത്തിൽ ഗുണ്ടർട്ട് ആലോചനകൾ നടത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ബയിലിയുടെ പഴയനിയമം ഇംഗ്ലീഷിൽ നിന്നുള്ള തർജമയാണ്. വിജ്ഞാനിയായ ഗുണ്ടർട്ടിന് ഇതുകൊണ്ടു തൃപ്തിപ്പെടാനായില്ല. അദ്ദേഹം എഴുതി: *ഞങ്ങളുടെ (കണ്ണൂരിൽ ഉള്ളവരുടെ) ചോദ്യം ഞങ്ങൾ തർജമ ചെയ്ത ഭാഗങ്ങൾ അച്ചടിച്ചുകൂടേ എന്നാണ്. കാരണം, നമ്മുടെ മൂന്നു മിഷൻ കേന്ദ്രങ്ങളിലുള്ള മിഷണറിമാർക്കിടയിൽ തന്നെ തർജമയുടെ കാര്യത്തിൽ അഭിപ്രായഭേദങ്ങൾ ഉണ്ടാവാം. വാദപ്രതിവാദങ്ങളിലൂടെ അഭിപ്രായ സമന്വയം ഉണ്ടാകുന്നത് നല്ലതാണ്. അതിനു ശേഷമാകാം ദക്ഷിണ കേരളത്തിലുള്ളവരുമായി സംവാദവും അഭിപ്രായ സമന്വയവും. നമ്മുടെയിടയിലെ സംവാദം പൂർത്തിയായാൽ പുതിയനിയമത്തിലെ ലേഖനങ്ങളും പഴയനിയമത്തിലെ ചില ഭാഗങ്ങളും നമ്മുടെ അഭിപ്രായസമന്വയത്തിൻെറ മാതൃകയായി മററു രണ്ടു മിഷണറി സംഘങ്ങൾക്കും സമർപ്പിക്കാം. ഇതിൻെറ ചെലവ് നിസ്സാരമാണ്. ഞങ്ങളുടെ അഭിപ്രായം പൂർണരൂപത്തിൽ അംഗീകരിച്ചാൽ, അതായത്, പുതിയ നിയമത്തിലെ ലേഖനങ്ങളും പഴയനിയമത്തിലെ കാവ്യാത്മക ഗ്രന്ഥങ്ങളും പ്രവാചക ഗ്രന്ഥങ്ങളും പ്രസാധനം ചെയ്താൽ, ബാസൽ ബൈബിൾ സംഘം സഹായം നൽകുകയില്ലേ! തുളു പുതിയ നിയമത്തിൻെറ ചെലവ് മദ്രാസ് ബൈബിൾ സൊസൈററി ഏറെറടുത്താൽ ബാസൽ ബൈബിൾ സൊസൈററിക്കു മലയാളം ബൈബിളിനു വേണ്ടി വല്ലതും ചെയ്യാനാവും എന്നാണ് മ്യൂഗ്ളിങ് സഹോദരൻെറ അഭിപ്രായം. ഇപ്പോഴത്തെ ഞങ്ങളുടെ പഴയനിയമം ഇംഗ്ലീഷിൽനിന്നു തർജമ ചെയ്തതാണ്. ഇക്കാര്യത്തിൽ നിങ്ങളുടെ ഉപദേശവും നടപടിയും അഭ്യർഥിക്കുന്നു.* GM 24. 11. 49

ബാസലിലേക്കയച്ച റിപ്പോർട്ടിൽനിന്ന്: *ഗുണ്ടർട്ട് സഹോദരൻ ക്രമമായി പുതിയ നിയമ തർജമ നടത്തിപ്പോന്നു .കാതോലിക ലേഖനങ്ങൾ (യോഹന്നാൻ 1, 2, 3 ഒഴികെയുള്ളവ), ഹെബ്രായർ, പാസ്ററൽ ലേഖനങ്ങൾ എന്നിവ പൂർത്തിയായി. ഇപ്പോൾ കൊറീന്തിയർ തർജമ*

ചെയ്യുന്നു. ഇവയിൽ സിംഹഭാഗവും കഴിഞ്ഞ ആറു മാസത്തിനിടയിൽ ചെയ്തുതീർത്തതാണ്. GM 30. 6. 50

പുതിയ തർജമ പൂർത്തിയായതോടെ ഒരു പരിശോധക സമിതി നിയമിതമായി. ഇറിയോൺ, ഫ്രിറ്റ്സ് എന്നിവർക്കു പുറമേ കുറഞ്ഞ കാലത്തേക്ക് ഫ്രീഡറിക് മ്യൂള്ളറും ഈ സമിതിയിൽ അംഗങ്ങളായിരുന്നു. അവരുടെ നിർദ്ദേശങ്ങളും ഗുണ്ടർട്ടിൻെറതന്നെ തിരുത്തലുകളും ചേർത്ത് അച്ചടിക്കുള്ള പകർപ്പ് ഔദ്യോഗികമായി അംഗീകരിച്ചു.

സമ്പൂർണ പുതിയ നിയമം

1851-ൽ നീലഗിരിയിൽ നിന്ന് ഗുണ്ടർട്ട് എഴുതുന്നു: *ബൈബിൾ പല ഭാഗങ്ങളായി തർജമ ചെയ്തു പ്രസിദ്ധീകരിക്കാനുള്ള ഞങ്ങളുടെ പദ്ധതി ബാസലിലെ കമ്മിററി അംഗീകരിച്ചു എന്ന വാർത്ത ഫെബ്രുവരി 4-ന് ലഭിച്ചു. ലേഖനങ്ങളോ സങ്കീർത്തനങ്ങളോ പ്രസിദ്ധീകരിക്കാൻ കമ്മിററി നിർദ്ദേശിക്കുന്നു. എൻെറ കൈവശമുണ്ടായിരുന്ന കാതോലിക ലേഖനങ്ങൾ ഞാൻ പരിശോധക സമിതി അംഗങ്ങൾക്ക് അയച്ചു കൊടുത്തു. കെററിയിൽ വച്ച് ഞാൻ കൊറീന്തിയരും തെസിലോണിയരും തർജമ ചെയ്തു. ഇവിടെ കോട്ടഗിരിയിൽ വച്ച് ഗലാത്യരും കൊളോസിയരും എഫേസിയരും തർജമ ചെയ്തു. എല്ലാം വിചാരിക്കുന്നതുപോലെ നടന്നാൽ ജൂലൈയിൽ റോമരും ഫിലിപ്പിയരും തീർക്കാം. അങ്ങനെ ഒന്നാം ഭാഗം പൂർത്തിയാക്കാം എന്നാണു കരുതുന്നത്. പിന്നെ സങ്കീർത്തനം തർജമചെയ്തു തുടങ്ങാം.....ഈ സാമ്പത്തികവർഷംതന്നെ അച്ചടി തുടങ്ങാം എന്നാണു കരുതുന്നത്. എന്നാൽ സംസാരിക്കാൻ കഴിയാത്തതുകൊണ്ട് കമ്മിററിയുടെ പ്രവർത്തനങ്ങളിൽ എനിക്കു പങ്കെടുക്കാൻ കഴിയാഞ്ഞാൽ ഇത് സാധ്യമാകാതെ വന്നേക്കും.* GM 23. 6. 51

1852 മധ്യത്തിൽ അച്ചടി തുടങ്ങാൻ കഴിഞ്ഞു. മലയാള മിഷണറിമാരുടെ റിവിഷൻ കമ്മിററി ആദ്യത്തെ മൂന്നു ലേഖനങ്ങൾ അച്ചടിക്ക് അംഗീകരിച്ചിരിക്കുന്നു. ഇറിയോൺ, ഫ്രിററ്സ്, ഫ്രീഡറിക് മ്യൂള്ളർ എന്നീ റിവിഷൻ കമ്മിററി അംഗങ്ങൾ ഇപ്പോഴത്തെ മാതൃകയിൽ മുഴുവൻ പുതിയ നിയമവും തർജമ ചെയ്യണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. ആദ്യം ലേഖനങ്ങൾ, പിന്നെ സങ്കീർത്തനങ്ങൾ എന്നീ ക്രമത്തിൽ തർജമ ചെയ്യാനാണ് എനിക്കുള്ള അനുമതി. പുതിയനിയമ തർജമയുടെ ശൈലിയിൽ ഐകരൂപ്യം ആവശ്യമാകയാൽ പുതിയ നിയമത്തിൻെറ ആദ്യഭാഗംകൂടി അച്ചടിക്കാനുള്ള അനുമതി ഞാൻ അഭ്യർഥിക്കുന്നു. യോഹന്നാൻെറ വെളിപാടു പുസ്തകം കൂടി തർജമ ചെയ്ത് പുതിയ നിയമത്തിൻെറ ഉത്തരഭാഗം പൂർണമാക്കുന്നത് ഉചിതമായിരിക്കും. ഈ രണ്ടു ഭാഗങ്ങളും ഒന്നിച്ചു കുത്തിക്കെട്ടി പ്രസിദ്ധീകരിക്കാവുന്നതാണ്. ഒന്നാം ഭാഗം ഒരു വർഷം വൈകിയാണ് അച്ചടിക്കുന്നതെങ്കിലും ഇങ്ങനെ ചെയ്യാം. കാലവർഷം തുടങ്ങുമ്പോൾ ലേഖനങ്ങളിൽ ശേഷം ഭാഗത്തിൻെറ പരിശോധന നടത്താം എന്നാണ് ഞങ്ങൾ കരുതുന്നത്. ഒക്ടോബർ അവസാനം ലേഖനങ്ങളുടെ അച്ചടി പൂർത്തിയായേക്കും. അതിനാൽ

വെളിപാടു പുസ്തകത്തിൻെറ അച്ചടിയെക്കുറിച്ചുള്ള തീരുമാനം അത്യാവശ്യമായിരിക്കുന്നു. GM 2.6. 52

1853 അവസാനം ഗുണ്ടർട്ട് എഴുതുന്നു: *മത്തായിയുടെ സുവിശേഷവും മർക്കോസിൻെറ പകുതിയും തർജമചെയ്തു കഴിഞ്ഞു.* ഒരു വർഷത്തിനുശേഷം മർക്കോസും ലൂക്കോസും പൂർത്തിയായി. 1855 അവസാനം യോഹന്നാൻെറ സുവിശേഷവും അപ്പോസ്തലരുടെ പ്രവർത്തനങ്ങൾ 25 അധ്യായവും പൂർത്തിയാക്കി. 1856-ൽ സമ്പൂർണ പുതിയനിയമം തലശ്ശേരിയിൽ കല്ലച്ചിൽ അച്ചടിച്ചു.

പഴയനിയമം—പവിത്രലേഖകളും പ്രവാചകലേഖകളും

പഴയനിയമഭാഗങ്ങൾ ദീർഘകാലം കൊണ്ടാണ് തർജമ ചെയ്തത്. 1843-ൽ തന്നെ ഉത്തമഗീതം തർജമ ചെയ്തിരുന്നു. 1884-ൽ *മാലാഖി*യിലെ അവസാന വാക്കുവരെ തർജമചെയ്തു. T 23. 6. 84 1850 തുടക്കത്തിൽ *ചെറിയ പ്രവാചകർ* തർജമ ചെയ്തുതുടങ്ങി. 1857-ൽ *ഈയോബ്, സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ* എന്നിവ തലശ്ശേരിയിൽ അച്ചടിച്ചു. *സങ്കീർത്തനങ്ങളുടെ* പരിഷ്കരിച്ച പതിപ്പ് 1881-ൽ മംഗലാപുരത്തുനിന്ന് പ്രസിദ്ധീകരിച്ചു (കവർ പേജിൽ 1881 എന്നും ടൈററിൽ പേജിൽ 1880 എന്നും അച്ചടിച്ചിരിക്കുന്നു). സങ്കീർത്തനങ്ങളും മററു കാവ്യാത്മക ഗ്രന്ഥങ്ങളും ചേർത്ത് *പവിത്രലേഖകൾ* 1881-ൽ പ്രസിദ്ധപ്പെടുത്തി.

ഗുണ്ടർട്ട് തൻെറ പഴയനിയമ തർജമ ബയിലിയുടെ തർജമയുമായി തട്ടിച്ചു നോക്കിയിരുന്നു: *ഇംഗ്ലീഷിൽ നിന്നായിരുന്നു ബയിലിയുടെ തർജമ. ഇത് നിരന്തരം പരിശോധിച്ചതിനാൽ എനിക്കു പറയാൻ കഴിയും മേൽപറഞ്ഞ നിലയിൽ തത്ത്വനിഷ്ഠമാണ് ബയിലിയുടെ തർജമ. സഹോദരർക്ക് ആവശ്യമെന്നു തോന്നിയിരുന്നെങ്കിൽ ഹീബ്രുവിൽനിന്നു തർജമ ചെയ്ത സങ്കീർത്തനമെങ്കിലും ഉപയോഗിക്കാമായിരുന്നു. ആദ്യപതിപ്പ് സൂക്ഷ്മപരിശോധന നടത്തി പരിഷ്കരിക്കാതെ മാററിവയ്ക്കയാണ് ചെയ്തത്. പകർപ്പുകൾ തയ്യാറാക്കാൻ എനിക്കിപ്പോൾ നിവൃത്തിയില്ല. തർജമ തുടരാനാണ് ആഗ്രഹം.* GM 11. 5. 77

1840 മുതൽ ഞാൻ തയ്യാറാക്കിവന്ന നിഘണ്ടു ബൈബിൾ തർജമയ്ക്ക് വഴിയൊരുക്കാനാണ്. ഇതു നന്നായി. പക്ഷേ, സമയപരിമിതി നിമിത്തം തർജമ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. സാധ്യമാകുന്നിടത്തോളം ഇപ്പോൾ ചെയ്യുന്നു. ശേഷമെല്ലാം ദൈവത്തിനു സമർപ്പിക്കുന്നു. GM 11.5.77

അനന്യമായ വിവർത്തനം

മൂലഭാഷയിൽനിന്നു ബൈബിൾ തർജമചെയ്യാൻ ഗുണ്ടർട്ടു പ്രകടിപ്പിച്ച നിർബന്ധബുദ്ധി മനസ്സിലാക്കാൻ സഹപ്രവർത്തകരിൽ ചിലർക്കുപോലും കഴിഞ്ഞില്ല എന്നു വേണം ഊഹിക്കാൻ. ഹീബ്രു, ഗ്രീക്ക് എന്നീ ഭാഷകളിൽനിന്നു നേരിട്ടു മലയാളത്തിലേക്കു തർജമ ചെയ്ത ഗുണ്ടർട്ട് ബൈബിൾ ബഹുജന ശ്രദ്ധയിൽപ്പെടാതെ പോയത് എന്തുകൊണ്ടാണ്?

ഇംഗ്ലീഷിൽനിന്നു തർജമ ചെയ്തെടുത്ത ബൈബിളുകൾക്കാണ് കേരളത്തിൽ വ്യാപകമായ പ്രചാരം ലഭിച്ചത്. കൗതുകകരമായ അന്വേഷണ വിഷയമാണ് ഇത്. മൂലഭാഷകളിലും ലക്ഷ്യഭാഷയിലും അഗാധ പാണ്ഡിത്യം നേടിയ ഗുണ്ടർട്ടിന്റെ ബൈബിൾ തർജമ സൂക്ഷ്മപഠനം അർഹിക്കുന്നു.

കാവ്യഭാഷാപരിചയം വേണം

ബൈബിൾ തർജമ നടത്തിയിരുന്ന കാലത്ത് ഗുണ്ടർട്ട് മലബാറുമായുള്ള ബന്ധം സജീവമായി നിലനിറുത്തി. ചിഹ്നനത്തെക്കുറിച്ചുപോലും അദ്ദേഹം കത്തിടപാടുകൾ നടത്തിയിരുന്നു. ഗുണ്ടർട്ടിന്റെ *ബൈബിൾ* തർജമയിലെ കാവ്യാത്മകഭാഷ വർജ്യമെന്നു കരുതിയവർ അക്കാലത്ത് ധാരാളമുണ്ടായിരുന്നു. ഈ അഭിപ്രായം അദ്ദേഹം പരിഗണിച്ചെങ്കിലും തർജമശൈലിയിൽ മാററം വരുത്തിയില്ല. *സങ്കീർത്തനങ്ങൾ വായിക്കുന്ന ക്രൈസ്തവർ കാവ്യഭാഷാ പരിചയം നേടേണ്ടതാണ് എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. ഹീബ്രുവിൽ കാവ്യാത്മക ഭാഗങ്ങളുണ്ട്. തർജമയിൽ ആ ഭംഗി വേണ്ടെന്നു വയ്ക്കാനാവില്ല. മനുഷ്യന് കവിതയും കാവ്യഭാഷയും സ്വാഭാവികമാണ്. എന്താണ് കാവ്യാത്മക പ്രയോഗങ്ങൾ? ഇന്ന് ലുപ്തപ്രചാരങ്ങളായിത്തീർന്നിരിക്കുന്ന പുരാതന പ്രയോഗങ്ങളായിരിക്കാം അവ. എക്കാലത്തും അവ ഇങ്ങനെയായിരുന്നില്ല. പഴയ കാലത്തെ ചില പ്രയോഗങ്ങൾ ഇന്ന് സാഹിത്യഭാഷയിൽ മാത്രമേ കാണൂ. പഴയകാലത്തെ പല സാധാരണ പദങ്ങളും ഇന്നു ലുപ്തപ്രചാരങ്ങളായി സാഹിത്യഭാഷയിലേക്ക് പരിമിതപ്പെട്ടിരിക്കുന്നു. അവ എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ? അവ ഭാഷയുടെ സമ്പത്തല്ലേ?* GM 19. 4. 77

പ്രവാചക ഗ്രന്ഥങ്ങൾ, വിശിഷ്യ *യെറമ്യായും യെശയ്യായും* തർജമ ചെയ്യാൻ ഏറെ സമയവും അധ്വാനവും വേണ്ടിവന്നു. 1868-ൽ അദ്ദേഹം ബാസലിലേക്ക് എഴുതി: *യെശയ്യായിലെ ആദ്യത്തെ 45 അധ്യായം തർജമ ചെയ്തു കഴിഞ്ഞു. യെശയ്യായുടെ വിലാപങ്ങളും യെഹസ്ക്കിയേലിൽ നിന്ന് ഇരുപത്താറധ്യായത്തിന്റെ കരടും പൂർത്തിയായിക്കഴിഞ്ഞു. ചെറിയ പ്രവാചകരിൽ രണ്ടോ മൂന്നോ അധ്യായങ്ങളൊഴികെ മറെറല്ലാം കരടുരൂപത്തിലായിട്ടുണ്ട്. യെറമ്യായും ദാനിയേലും മാത്രം തുടങ്ങിയിട്ടില്ല. എന്റെ പക്കൽ ആവശ്യമായ വ്യാഖ്യാനഗ്രന്ഥങ്ങൾ ഉണ്ടായിരുന്ന ഭാഗങ്ങളാണ് ഞാൻ തർജമ ചെയ്തു കഴിഞ്ഞത്.* GB 25.9.68 പഴയനിയമത്തിലെ പ്രവാചകഗ്രന്ഥങ്ങൾ 1886-ൽ മംഗലാപുരത്തുനിന്ന് പ്രവാചക ലേഖകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

ഉൽപത്തി മുതൽ ദാവീദിന്റെ ജീവിതകാലം വരെയുള്ള ബൈബിൾ ഇതിവൃത്തം ത്യാജ്യഗ്രാഹ്യ ബുദ്ധിയോടുകൂടി ലളിതമായി പ്രതിപാദിക്കുന്ന സത്യവേദ ഇതിഹാസം കൂടി പരിഗണിച്ചാൽ ബൈബിളിന്റെ എല്ലാ ഭാഗങ്ങളും ഗുണ്ടർട്ട് മലയാളത്തിൽ പുനരവതരിപ്പിച്ചിട്ടുണ്ട്. പഴയ നിയമം ഹീബ്രുവിൽനിന്നും പുതിയ നിയമം ഗ്രീക്കിൽനിന്നും പൊതുവേ മലയാളത്തിലെ സാഹിത്യഭാഷയിലേക്ക് അദ്ദേഹം തർജമ ചെയ്തു. ബൈബിളിന് പിന്നീട് പല തർജമകളും പതിപ്പുകളും

മലയാളത്തിലുണ്ടായെങ്കിലും ഗുണ്ടർട്ട് തർജമ അനന്യമാണ്.

സുവിശേഷ സംഗ്രഹം

സുവിശെഷ സംഗ്രഹം: മത്തായി-മാർക്ക - ലൂക്കാ - യൊഹനാൻ എന്നിവരുടെ സുവിശെഷങ്ങളെയും യൊസെഫ മുതലായ ചരിത്രകാരന്മാരുടെ ചില വിശേഷങ്ങളെയും ചേർത്തുണ്ടാക്കിയ യെശു മശീഹയുടെ കഥാസംക്ഷെപം എന്നൊരു ഗ്രന്ഥം 1849-ൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധീകരിക്കയുണ്ടായി. യേശുവിന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള വൃത്താന്തം ലളിതമായും ആധികാരികമായും വിവരിക്കുന്ന ഈ കൃതി ഗുണ്ടർട്ടിന്റെ പ്രമുഖ രചനകളിൽ ഉൾപ്പെടുത്തേണ്ടതാണ്. *യെശുവിന്റെ ഉൽപത്തി, മശിഹയുടെ പ്രവർത്തനം, മശിഹാ വെലെക്ക അടിസ്ഥാനം, വിരൊധികൾക്കിടയിൽ വ്യാപരിച്ചത്, മഹാ പെസഹാ കർമം, മഹാപ്രവേശം* എന്നിങ്ങനെ ആറു ഖണ്ഡമാണ് ഇതിലുള്ളത്. 1876-ൽ ഇതിന്റെ പരിഷ്കരിച്ച പതിപ്പ് മംഗലാപുരത്തുനിന്നു പ്രസിദ്ധീകരിച്ചു. ഭാഷാസാഹിത്യ ഗവേഷകനു കൂടുതൽ താൽപര്യം തോന്നാവുന്നത് ഗുണ്ടർട്ടിന്റെ തനിമയുള്ള തലശ്ശേരി പതിപ്പിനോടാണ്. അച്ചടി, ഭാഷാശൈലി, ആധികാരികതയും ലാളിത്യവും സമന്വയിപ്പിച്ചുള്ള പ്രതിപാദനരീതി എന്നിവകൊണ്ട് പ്രഥമ പതിപ്പു കൂടുതൽ ശ്രദ്ധേയമായിരിക്കുന്നു.

സത്യവെദ സംക്ഷെപ ചരിത്രം

ബൈബിളധിഷ്ഠിത ചരിത്രഗ്രന്ഥമാണ് 1854-ൽ തലശ്ശേരിയിൽ അച്ചടിച്ച 56 പുറമുള്ള *സത്യവെദ സംക്ഷെപ ചരിത്രം*. ഓരോ വിഷയവും ഖണ്ഡം തിരിച്ചു വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. മൊത്തത്തിൽ പാഠപുസ്തകത്തിന്റെ കെട്ടുംമട്ടുമാണുള്ളത്. സാധാരണക്കാർക്കു ബൈബിൾ പരിചയം നൽകാൻ ബൈബിൾ കഥകൾ ബാസൽ മിഷണറിമാർ പ്രസിദ്ധീകരിക്കയുണ്ടായി. അത്തരത്തിൽ *സുവിശെഷ കഥകൾ, സത്യവെദ കഥകൾ* എന്നിങ്ങനെ ചില സമാഹാരങ്ങൾ തർജമയായി ഗുണ്ടർട്ട് പ്രസിദ്ധീകരിച്ചു.

14

മിഷണറി ദൗത്യം

ലിററർജി കമ്മീഷൻ

1851 -'52 കാലത്ത് ബാസൽ മിഷൻ ഇൻസ്പക്ടർ യൊസൻഹാൻ സിൻെറ സന്ദർശനത്തിനിടയിൽ മംഗലാപുരത്തു നടന്ന മിഷൻ യോഗം ബാസൽ മിഷൻ സഭയുടെ ആരാധനക്രമം തയ്യാറാക്കാൻ തീരുമാനിച്ചു. അമ്മാനെ തുളുവിൻെറയും വൈഗ്ലേയെ കന്നഡയുടെയും ഗുണ്ടർട്ടിനെ മലയാളത്തിൻെറയും ചുമതലക്കാരാക്കി. ഇവരായിരുന്നു ലിററർജി കമ്മീഷൻ. ഇതെക്കുറിച്ച് ബാസലിലേക്ക് എഴുതുന്നു: *ഗുണ്ടർട്ട് സഹോദരൻ 1851 നവംബർ 21-ലെ നിയമനത്തിന്—ലിററർജി കമ്മീഷനിലെ നിയമനത്തിന് — നന്ദി പറയുന്നു. പക്ഷേ, ലിററർജികാര്യങ്ങളിൽ എനിക്കുള്ള അജ്ഞത പരിതാപകരമാണ്. എൻെറ സഹകാരികൾ വേണ്ടതെല്ലാം ചെയ്യുമെന്നു കരുതുന്നു. ഞാനും കഴിവുള്ള നിലയിൽ ആരാധനക്രമങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.* GM 27. 11. 51

1852 ജനുവരിയിൽ അദ്ദേഹം ആരാധനക്രമത്തിൻെറ പാഠം മംഗലാപുരത്തേക്ക് അയച്ചു കൊടുത്തു. മാർച്ചിൽ ലിററർജി കമ്മീഷൻ മംഗലാപുരത്ത് സമ്മേളിച്ച് കരടു രൂപം അംഗീകരിച്ചു. ഗുണ്ടർട്ട് എഴുതി: *പത്തു ദിവസം ഞാൻ അമ്മാൻ, വൈഗ്ലേ എന്നീ സഹോദരരുമായി സഹകരിച്ചു പ്രവർത്തിച്ചു നമ്മുടെ മിഷനുവേണ്ട മതഗ്രന്ഥം തയ്യാറാക്കി. ദൈവാനുഗ്രഹത്താൽ ഞാൻ പ്രതീക്ഷിച്ചതിനെക്കാൾ ഭംഗിയായി എല്ലാം നടന്നു. ഞങ്ങൾ തമ്മിൽ സാരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായില്ല. തികച്ചും സൗഹാർദ്ദപരമായിരുന്നു ചർച്ചകൾ.... സഭയുടെ പേരെന്തായിരിക്കണം എന്ന കാര്യത്തിലും തീരുമാനമായി. Deutschevangelische Kirche— ജർമൻ ഇവാഞ്ചലിക്കൽ സഭ.....*

ലൂഥറൻ, കാൽവിൽപാരമ്പര്യങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സഭാസമൂഹമായി വർത്തിക്കാനല്ല, ലൂഥറൻ പാരമ്പര്യത്തോടു വിശ്വസ്തത പുലർത്തുന്ന സമൂഹമായി നിലനിൽക്കാനായിരുന്നു അന്നത്തെ തീരുമാനം.

വ്യുർട്ടൻബർഗിലേതിനെക്കാൾ വലുതായിരിക്കും ഈ ആരാധനാക്രമം. എന്നാൽ ഇംഗ്ലീഷ് സഭകളിലുള്ളതിനെക്കാൾ ഹ്രസ്വതരവും സജീവവുമായിരിക്കാം. GM 5.4.52 ആരാധനക്രമത്തിലെ അനുദിന

വായനയ്ക്കുള്ള ബൈബിൾ ഭാഗങ്ങൾ അദ്ദേഹം സമാഹരിച്ചു നൽകുകയുണ്ടായി: *ഇതോടൊപ്പമുള്ള ലിററർജിയുടെ കരടു പകർപ്പ് വായനയ്ക്കുള്ള ഭാഗങ്ങളുടെ കാര്യത്തിൽ വ്യൂർട്ടൻബർഗ് പാരമ്പര്യമാണ് പൊതുവേ സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യം അടുത്ത യോഗത്തിൽ മാത്രമേ തീരുമാനിക്കാൻ കഴിയൂ. ഇതിനു വേണ്ടി യോഗം ചേരണം എന്നു തന്നെയില്ല. അത്രയ്ക്കുള്ള പ്രാധാന്യം അതിനുണ്ടെന്നു തോന്നുന്നില്ല. എന്തെല്ലാം തള്ളണം, കൊള്ളണം എന്നല്ലേ കമ്മിററി പറയേണ്ടു. എല്ലാം തർജമയ്ക്കു തയ്യാറായിക്കഴിഞ്ഞു. അതുടനെ തുടങ്ങാം എന്നു കരുതുന്നു.* GM 5.1.53

1857-ൽ ലിററർജി പൂർണമായി. അതു പല വട്ടം അച്ചടിപ്പിച്ചു. തിടുക്കത്തിൽ ആരാധനക്രമം തയ്യാറാക്കേണ്ടി വന്നതിൽ ഗുണ്ടർട്ട് ദുഃഖിതനായിരുന്നു. തികച്ചും ഭാരതീയമായ ആരാധനക്രമം ഉണ്ടാകും ഉണ്ടാകണം എന്നതായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. അതിന് ഭാരതീയ സഹോദരർക്കു കഴിവുണ്ടാകണം എന്ന് അദ്ദേഹം ആഗ്രഹിച്ചു.

സുവിശേഷ യാത്ര

മതപ്രചാരകരുടെ സുവിശേഷ പ്രചാരണ യാത്രകളിൽ ശ്രദ്ധാലുവായിരുന്നു ഗുണ്ടർട്ട്. അവർ യാത്രകഴിഞ്ഞ് മടങ്ങിയാൽ അദ്ദേഹം വിവരങ്ങൾ ശേഖരിക്കും. ചിലപ്പോൾ കുറിപ്പുകളെടുക്കും. ഒരിക്കൽ മംഗലാപുരത്തേക്കുള്ള വഴിയിൽ പുറപ്പെട്ട ഒരു ഉപദേശിയുടെ റിപ്പോർട്ടിൽ സ്വന്തം അനുഭവങ്ങൾ ഗുണ്ടർട്ടു കണ്ടു. ആ വൃത്താന്തവുമായി തന്മയീഭവിച്ച് അദ്ദേഹം എഴുതി:

ഒക്ടോബർ 30 വൈകുന്നേരം ഞങ്ങൾ മൂവർ (ഓബ്രിയാൻ, പോൾ, ജോൺ) കണ്ണൂരിൽ നിന്നു പുറപ്പെട്ടു. കാലത്ത് ചിറയ്ക്കലെത്തി നദി കടക്കുന്നിടത്ത് ചില ബ്രാഹ്മണരെയും നായന്മാരെയും കണ്ട് സംസാരിച്ചു. വടക്കേക്കരയിൽ കണ്ടുമുട്ടിയ പുലയരുമായി കീച്ചേരി വരെ നടന്നു. അവിടെ നായന്മാരും തീയരുമായി ഇരുപത് കേഴ്വിക്കാരെ കിട്ടി. കുററിക്കൽ പാലത്തുങ്കൽ ഒരു യുവാവ് ഞങ്ങളെ സമീപിച്ച് കൂടെ വരാൻ താല്പര്യം കാട്ടി. പേമാരിക്കിടയിൽ ഞങ്ങൾ തളിപ്പറമ്പിലെത്തി. വൈകുന്നേരം നെയ്ത്തുകാരെ കണ്ടു. ആദ്യദിവസം അവർ ഞങ്ങളെ പരിഹസിച്ചു. രണ്ടാം ദിവസം ഞങ്ങളെ കേട്ടു. അവർ പറഞ്ഞു: നിങ്ങൾ പറയുന്നതെല്ലാം ശരിയാണ്. ഞങ്ങൾക്കു ദാഹിച്ചപ്പോൾ പൗൽ വെള്ളം കൊണ്ടുവരാൻ കുശവൻെറ വീട്ടിൽ കയറി. പക്ഷേ അയാൾ രോഗം മൂർച്ഛിച്ച് മരണാസന്നനായി കിടക്കുകയായിരുന്നു. അയാൾ പറഞ്ഞു, 'ഞാനായിരുന്നു പാതിരിക്കു പാലും വിറകും എത്തിച്ചു കൊടുത്തിരുന്നത്. പാതിരി എന്നോടു പലതും പറഞ്ഞിരുന്നു. എനിക്കതൊന്നും ഓർമിക്കാൻ കഴിയുന്നില്ല. ഞാനിപ്പോൾ മരിക്കും. അദ്ദേഹം വന്നിരുന്നെങ്കിൽ എനിക്കെന്തെങ്കിലും മരുന്നു തന്നേനെ'. പൗൽ പറഞ്ഞു, പാതിരി താങ്കളോട് ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിരിക്കും. അവൻ മാത്രമാണ് ഇഹത്തിലും പരത്തിലും രക്ഷകൻ. അപ്പോൾ കുശവൻ പറഞ്ഞു, 'ശരിതന്നെ. ഞാനെന്തു ചെയ്യാനാണ്. വല്ലാത്ത വേദന...നിങ്ങളുടെ യേശു എന്നെ

രക്ഷിക്കട്ടെ...നിങ്ങൾ പോകൂ.' പൗൽ വീണ്ടും എന്തോ പറഞ്ഞെങ്കിലും രോഗി മറുപടി പറഞ്ഞില്ല.

തലഗൂരി (Talagur)ൽ ചിലരെല്ലാം പ്രസംഗം കേട്ടെങ്കിലും ഭക്ഷണം പാകം ചെയ്യാൻ ഇടം നൽകിയില്ല. വലവൂരിൽ ഞങ്ങൾ ഒരു കളത്തിലെത്തി ആറു നായന്മാരോടും ചില തീയന്മാരോടും സംസാരിച്ചു. മഴയത്തു കയറിയിരിക്കാൻ ഒരു സ്ഥലം ഞങ്ങൾ അന്വേഷിക്കയായിരുന്നു. നായന്മാർ സ്നേഹപൂർവം സംസാരിച്ചു. അവരിലൊരാൾ തങ്ങളുടെ കുടികിടപ്പുകാരനായ തീയൻെറ വീട്ടിൽ ഞങ്ങൾക്കു വിശ്രമിക്കുവാൻ സൗകര്യം തന്നു. അതിനടുത്തുള്ള കള്ളുഷാപ്പിലേക്ക് പോയിരുന്നവർക്ക് ഞങ്ങൾ 'മാനുഷഹൃദയം' (Heart Book) കൊടുത്തു. ഗ്രാമത്തലവൻ ഏറെ നേരം ഞങ്ങളുടെ സംസാരം കേട്ടു. മദ്യപിക്കാൻ വന്നിരുന്നവരിൽ ചിലർ ഞങ്ങളുടെ പ്രഭാഷണം ശ്രദ്ധിച്ചു. അവർ മടങ്ങിപ്പോയി പുതിയ ആളുകളെ പ്രസംഗം കേൾക്കാൻ പറഞ്ഞുവിട്ടു. രാത്രിയിൽ ഇത്തരക്കാരുമായി കൂടുതൽ ബന്ധപ്പെടാൻ കഴിഞ്ഞു. ഞങ്ങൾ രാത്രി വൈകിയപ്പോൾ കച്ചി വിരിച്ചതിൽ കിടന്നുറങ്ങി. എലി കച്ചിയിലെ നെല്ലു തിന്നാൻ വരുന്നതു കൊണ്ടുള്ള ശല്യമേ ഉണ്ടായിരുന്നുള്ളു. പരിസരത്തൊരിടത്ത് പശുവിനെ കടുവാ പിടിച്ചതായി പിറേറന്ന് ഞങ്ങൾ കേട്ടു.

ആ യാത്രാവിവരണത്തിൻെറ സ്വഭാവം ഗ്രഹിക്കാൻ ഇത്രത്തോളം മതിയാവുമല്ലോ. പല പ്രദേശങ്ങളിലെ വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരു മിഷണറിയുടെ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നു. ഇക്കാര്യത്തിൽ അദ്ദേഹം പുലർത്തുന്ന സത്യസന്ധത പല ഘട്ടങ്ങളിലും വായനക്കാർക്ക് ബോധ്യം പകരുന്നതാണ്. ഗോകർണം വരെയുള്ള യാത്രയും മടക്കയാത്രയും ഗുണ്ടർട്ട് വിവരിക്കുന്നുണ്ട്. Frenz 1991: 189-193

മിഷണറിമാരും കേരളീയ മനസ്സും

സുവിശേഷ പ്രചാരണ യത്നങ്ങളോടുള്ള ചില പ്രതികരണങ്ങൾ യൂറോപ്പിലെ കുടുംബാംഗങ്ങൾക്കുള്ള കത്തുകളിൽ അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. ജർമൻകാരുടെ ഹൃദയ വ്യാപാരങ്ങളും പ്രതികരണങ്ങളും മതപരമായ കാര്യങ്ങളിൽ ഇവിടെയും കാണുന്നു എന്നാണ് ഗുണ്ടർട്ടിൻെറ അഭിപ്രായം. നല്ല ആരോഗ്യമുള്ളവർ തങ്ങളുടെ ജോലിയെക്കുറിച്ചും സമയക്കുറവിനെക്കുറിച്ചും പറഞ്ഞ് സദ്വാർത്തയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നു. രോഗികളും ദുർബലരും തങ്ങളുടെ നിർഭാഗ്യങ്ങൾ ചൂണ്ടിക്കാണിച്ച് ഈശ്വരനെ ശപിക്കയാണ്. ഒന്നൊന്നര മണിക്കൂർ പ്രസംഗം കേട്ട ശേഷം തങ്ങൾ തലമുറയായി പറഞ്ഞുവരുന്ന ചില വാക്യങ്ങൾ ഉരുവിട്ട് ഉപദേശിമാരെ പറഞ്ഞയയ്ക്കുന്നവരുണ്ട്. ആരെങ്കിലും പാപം ചെയ്യുന്നുണ്ടെങ്കിൽ അത് വിധിനിയോഗമാണ് എന്നു കരുതുന്നവരാണ് മററു ചിലർ. അങ്ങോട്ടു പ്രസംഗിക്കാൻ തുടങ്ങുമ്പോൾ അതിലേറെ ഇങ്ങോട്ടു പ്രസംഗിക്കുന്നവരുണ്ട്. ഒരു ബ്രാഹ്മണൻെറ പ്രതികരണം ഗുണ്ടർട്ട് ഉദ്ധരിക്കുന്നു: *നിങ്ങൾ പറയുന്നത് ശരി തന്നെ. അറിവിനെക്കാൾ പ്രധാനം വിശ്വാസമാണ്. വിശ്വാസമനുസരിച്ചാണ്*

ഓരോരുത്തർക്കും ഫലം കിട്ടുന്നത്. ഈ പുളിമരം ഈശ്വരനാണെന്നു കരുതി ഞാൻ ഈശ്വരനാമം ഉരുവിട്ടാൽ അവൻ എന്നെ രക്ഷിക്കും; ഞാൻ അവനെ സ്തുതിക്കും!

പല സ്ഥലത്തും തീർഥാടനം നടത്തിയ രണ്ടു ഭക്തന്മാരുടെ പ്രതികരണം രേഖപ്പെടുത്തുന്നു:

അവർ രാമേശ്വരത്തും ഗംഗയിലും ഹിമാലയ തീർഥങ്ങളിലും മുങ്ങിക്കുളിച്ചവരാണ്. യേശുവിനെക്കുറിച്ച് കേട്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ തമിഴും മലയാളവും ഹിന്ദുസ്ഥാനിയും ചേർത്ത് പറയും: ഉവ്വ്, യേശു. വളരെ നല്ല നാമമാണ്. പക്ഷേ, അത് വിഷ്ണുവിൻെറ മററൊരു പേരാണ്. രണ്ടു പേരും പരിപാലകരും രക്ഷകരുമാണ്. ഇരുവരും മനുഷ്യരായി അവതരിച്ചു. രണ്ടുപേരും ഒന്നു തന്നെ. ഇങ്ങനെ പറഞ്ഞു ചിരിച്ച് അവർ സ്ഥലം വിടും. ഈശ്വര കീർത്തനങ്ങൾ ആലപിച്ചും ഭിക്ഷ സ്വീകരിച്ചും ഇവർ സന്തോഷവാന്മാരായി കടന്നു പോകുന്നു.

ഒരു നായർ വൃദ്ധൻെറ മറുപടി:

ക്രിസ്തു നിങ്ങൾ പറയുന്നതു പോലെ ശക്തനാണെങ്കിൽ എന്തുകൊണ്ട് യൂറോപ്യരെ വേണ്ടുവോളം സഹായിക്കുന്നില്ല. അവർ മദ്യപിച്ച് ലക്കു കെട്ട് വിഗ്രഹാരാധനക്കാരെപ്പോലെ കൊള്ളരുതാത്ത ജീവിതം നയിക്കുന്നു. എന്തുകൊണ്ട് അവരുടെ ശീലം മാററുന്നില്ല. അതുകൊണ്ട് നിങ്ങളുടെ യുക്തി നിങ്ങൾ കരുതുന്നതു പോലെ അത്ര ഭദ്രമല്ല. വളരെ ഗൗരവ ബുദ്ധിയോടെ വീണ്ടും സംസാരിക്കുമ്പോൾ അയാൾ അലസമായി പറയും: *അതേയതേ, ഞാൻ ക്രിസ്ത്യാനിയാകേണ്ടതാണ്.* GM 10.8.53 വസ്തുനിഷ്ഠമായി ഇത്തരം പ്രതികരണങ്ങൾ ഗുണ്ടർട്ടിനെപ്പോലെ ചുരുക്കം ചില മിഷണറിമാർ മാത്രമേ രേഖപ്പെടുത്തിയിരിക്കൂ. കേരളീയ മനസ്സിൻെറ നിറഭേദങ്ങൾ ഇവിടെ പ്രതിഫലിക്കുന്നു.

സഹപ്രവർത്തകരും മേലധികാരികളും

1853-ൽ ബാസൽമിഷൻ കേന്ദ്ര സമിതിയുടെ ഔപചാരികാനുവാദം കൂടാതെ കൂർഗിൽ ഒരു മിഷൻ കേന്ദ്രം ആരംഭിച്ചതിന് ബാസലിലെ കമ്മിററി മ്യൂഗ്ളിങ്ങിനെ പുറത്താക്കി. ഗുണ്ടർട്ട്, കുഞ്ഞുമകൻ ഫ്രീഡറിക്കിനോടൊപ്പം ഫെബ്രുവരിയിൽ കൂർഗ് സന്ദർശിച്ചു. കൂർഗിലുള്ളവർക്ക് മലയാളം മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഗുണ്ടർട്ട് തൻെറ ശബ്ദതടസ്സം നിമിത്തം ബുദ്ധിമുട്ടിലായിരുന്നെങ്കിലും അവരോടു സംസാരിച്ചു. ബാസലുമായി മ്യൂഗ്ളിങ്ങിനുള്ള ബന്ധം നിശ്ശേഷം അററുപോകാതിരിക്കാൻ ഗുണ്ടർട്ടിൻെറ സന്ദർശനം ഉപകരിച്ചു. ജനങ്ങളുടെ ഉത്സാഹവും തൻെറ സ്നേഹിതൻെറ കർമ മണ്ഡലവും നേരിട്ടു കണ്ട് ബോധ്യം വന്ന ഗുണ്ടർട്ട് ബാസൽമിഷൻ കേന്ദ്രക്കമ്മിററിയെ നിജസ്ഥിതി ബോധ്യപ്പെടുത്തി ബന്ധങ്ങൾ പുനഃസ്ഥാപിച്ചു.

നീലഗിരിയിൽ മിഷണറി മിഖായേൽ ബ്യൂളറുടെ മരണശേഷം ബാസൽ മിഷൻ കേന്ദ്രത്തിന് പലതരം പ്രതിബന്ധങ്ങൾ നേരിടേണ്ടി

വന്നു. രോഗവും പട്ടിണിയും മൂലം അനേകർ വിഷമത്തിലായിരുന്നു. 1854 ജൂലൈ-ആഗസ്ററ് മാസങ്ങളിൽ നീലഗിരിയിൽ താമസിച്ച ഗുണ്ടർട്ട് ബ്യൂളറുടെ കുടുംബാംഗങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി. മിഷൻെറ സാമ്പത്തിക കാര്യങ്ങൾ ക്രമീകരിച്ച് സേവന പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയും ചെയ്തു.

ഇന്ത്യൻ മാതൃക വേണം

വിൽഹലം ഹോഫ്മാൻ മിഷൻ ഇൻസ്പക്ടറായിരുന്ന കാലത്ത് (1839-1850) മലബാറിലെ മിഷണറി പ്രവർത്തനത്തിന് ബാസലിൽ നിന്ന് ഉദാരമായ പ്രോത്സാഹനം ലഭിച്ചിരുന്നു. യോസഫ് യോസൻഹാൻസ് മിഷൻ ഇൻസ്പക്ടറായപ്പോൾ (1850-1879) മലബാറിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ആഗ്രഹിച്ചു. ജർമനിയിലെയും സ്വിററ്സർലണ്ടിലെയും മാതൃക മലബാറിലെ സഭയിലേക്കു സംക്രമിപ്പിക്കാനുള്ള യത്നങ്ങൾ ശക്തി പ്രാപിക്കയും ചെയ്തു. ഇന്ത്യൻ മാതൃകയിലുള്ള സഭയുടെ സ്വാഭാവിക വികാസ പരിണാമത്തെ തടസ്സപ്പെടുത്തുന്ന ഈ നീക്കം ഗുണ്ടർട്ടിന് അശുഭകരമായിത്തോന്നി. ഇത് മതപരമായ കൊളോണിയലിസമാണെന്നു കരുതി ഗുണ്ടർട്ട് തൻെറ അഭിപ്രായം പരസ്യമായി പ്രകടിപ്പിച്ചു. പരിണതപ്രജ്ഞതരും പക്വമതികളുമായ മുതിർന്ന മിഷണറിമാരെക്കാൾ അന്ധമായ അനുസരണ കാട്ടുന്ന ആത്മവിശ്വാസമില്ലാത്ത ചെറുപ്പക്കാരായ മിഷണറിമാരോടായിരുന്നു മിഷൻ ഇൻസ്പക്ടർക്ക് അടുപ്പം. 1851-52 ഘട്ടത്തിൽ യൂറോപ്യൻ നിയന്ത്രണം മലബാറിലെ ബാസൽ മിഷനിൽ ശക്തി പ്രാപിച്ചു. തദ്ദേശവാസികളെ പക്വതയിലേക്കു വളർത്തി തികച്ചും ഭാരതീയമായ ക്രൈസ്തവ സമൂഹം രൂപപ്പെടുത്തണം എന്നായിരുന്നു ഗുണ്ടർട്ടിൻെറ അഭിപ്രായം.

'നിങ്ങളുടെ ഭരണം ഏറിപ്പോകുന്നു'

ഗുണ്ടർട്ട് ബാസലിലേക്കെഴുതുന്നു: *നിങ്ങളുടെ ഇപ്പോഴത്തെ സമ്പ്രദായത്തിൻെറ അപകടം, ഭരണം ഏറിപ്പോകുന്നുവെന്നതാണ്. നിങ്ങൾ പുതിയ പുതിയ കല്പനകൾ പുറപ്പെടുവിക്കുന്നു. വിശദാംശങ്ങളെല്ലാം യൂറോപ്യൻ മാതൃകയിൽ തീരുമാനിക്കയാണ്. ഇത് തികച്ചും അനുചിതമാണെന്ന് ഞങ്ങളിൽ പലരും കരുതുന്നു. തന്മൂലം ഉത്സാഹമല്ല, വല്ലായ്മയാണിപ്പോൾ അനുഭവപ്പെടുന്നത്. ഞങ്ങൾക്കു കുറേക്കൂടി സ്വാതന്ത്ര്യം തന്നുകൂടേ? മററു മിഷണറി സംഘങ്ങൾക്ക് വല്ല ദുരന്തവും സംഭവിച്ചിട്ടുണ്ടോ? ചർച്ച് മിഷണറിമാരുടെ ചര്യകൾ പരിഗണിക്കുമ്പോൾ ഞങ്ങൾ ലജ്ജിക്കേണ്ടി വരുന്നു. ചർച്ച് മിഷണറിമാർക്ക് അനേകം ചട്ടങ്ങളുണ്ട്. പക്ഷേ, ആരാണത് ഗൗനിക്കുന്നത്. അച്ചടിച്ച നിയമാവലിയൊന്നും അവർക്കില്ല. മാർഗ നിർദേശങ്ങളുണ്ട്. ഓരോ മിഷണറിയും അടുത്തുള്ള സഹപ്രവർത്തകരുമായി ചർച്ചയിലൂടെ പ്രാമാണിക കാര്യങ്ങൾ കണ്ടെത്തി രമ്യമായി മുന്നോട്ടു പോകുന്നു. കേന്ദ്ര ഭവനത്തിൽ നിന്നും മദ്രാസിൽ നിന്നും ചുരുക്കം ചില നിർദേശങ്ങളേ*

ഉണ്ടാവൂ. മൂന്നു കൊല്ലത്തിലൊരിക്കൽ സന്ദർശനത്തിനെത്തുന്ന മെത്രാൻ അങ്ങിങ്ങു കാണുന്ന ചെറിയ വളർച്ചയിൽ സന്തുഷ്ടനാകുന്നു. എന്നാൽ, നിങ്ങൾ ഞങ്ങളെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രക്കമ്മിററിയുടെ കത്തുകൾ പേടിച്ചു വിറച്ചാണ് പൊട്ടിക്കുക എന്ന് സഹോദര മിഷണറിമാർ പറയുന്നു. ഏറെയൊന്നും ചെയ്യാത്തവരെ നിങ്ങൾ ഉപദ്രവിക്കാറില്ല. കൂടുതൽ ചെയ്യുന്നവരെ നിങ്ങൾ ഏറെ ശല്യപ്പെടുത്തുന്നു എന്നാണ് ഞങ്ങളുടെ തോന്നൽ. GM 11.9.54

മംഗലാപുരത്ത് ഒരു ഇടവേള

ഏകപക്ഷീയമായി തീരുമാനങ്ങൾ എടുക്കുന്ന കേന്ദ്രക്കമ്മിററിയുടെ ശൈലി ഗുണ്ടർട്ടിനെ നിർണായകമായി ബാധിച്ചത് ചിറയ്ക്കലിൽ നിന്ന് മംഗലാപുരത്തേക്ക് അദ്ദേഹത്തെ സ്ഥലം മാററിയപ്പോഴാണ്. ആ ഘട്ടത്തിൽ അദ്ദേഹം എഴുതി:

പുതിയൊരു ഭാഷാ മേഖലയിലേക്കുള്ള മാററം എൻെറ മലയാള ഭാഷാപരിചയത്തെ ദോഷകരമായി ബാധിക്കും. കന്നഡഭാഷയിൽ ഞാൻ വെറുമൊരു തുടക്കക്കാരനായി കഴിയേണ്ടിവരുന്നു. ആദ്യം ബംഗാളിയും ഹിന്ദുസ്ഥാനിയും പഠിച്ചു. പിന്നെ രണ്ടു മദ്രാസ് ഭാഷകളും. ഇതുകൊണ്ടും തീർന്നില്ല. 1838-ൽ കന്നഡ പഠിച്ചു; തമിഴിനോടു ചാർച്ചയുള്ള മലയാളം പഠിക്കേണ്ടി വന്നപ്പോൾ വളരെ സന്തോഷമായിരുന്നു. അതുകൊണ്ട് പ്രശ്നങ്ങൾ തീർന്നെന്നു കരുതി. വീണ്ടുമൊരു മലയാള മിഷണറിയാകാൻ കഴിഞ്ഞെങ്കിൽ! ഇനിയും മൂന്നു വർഷം കഴിഞ്ഞാലും ഞാൻ ഇങ്ങനെതന്നെ ചിന്തിക്കും. ഇക്കാലത്തിനിടയിൽ മലയാളം പ്രസ്സ്, മംഗലാപുരത്തേക്കു മാററാൻ കഴിഞ്ഞേക്കാം. GM 23.10.55

യാക്കോബു രാമവർമ

1856 ഫെബ്രുവരിയിൽ ഗുണ്ടർട്ട് ചിറയ്ക്കൽ നിന്ന് മംഗലാപുരത്തേക്കു താമസം മാററി. ആ വർഷം അദ്ദേഹം കണ്ണൂരിൽ യാക്കോബ് രാമവർമയുടെ പൗരോഹിത്യ നിയോഗത്തിൽ പങ്കെടുത്തു. നാട്ടുകാരിൽനിന്നുണ്ടായ ആദ്യപുരോഹിതനായിരുന്നു രാമവർമ. ഇത് ഗുണ്ടർട്ടിന് കൃതാർഥതയുടെ ദിനമായിരുന്നു. വിദേശ മിഷണറിമാരുടെ ദൗത്യം ഏററെടുക്കാൻ കരുത്തുള്ള നാട്ടുകാർ ഉണ്ടാകണമെന്ന് ഗുണ്ടർട്ട് ആഗ്രഹിച്ചിരുന്നല്ലോ. പുതിയ നിയമത്തിൻെറ അച്ചടിപ്പകർപ്പ് ആ ദിവസം ഇറിയോൺ ഗുണ്ടർട്ടിനെ ഏല്പിച്ചു. ഇത് അദ്ദേഹത്തിൻെറ ആഹ്ളാദം ഇരട്ടിയാക്കി.

ഗുണ്ടർട്ടിൻെറ ഡയറിക്കുറിപ്പ്: യാക്കോബു രാമവർമയുടെ പൗരോഹിത്യാഭിഷേകം...ഇറിയോൺ പുതിയ നിയമത്തിൻെറ പകർപ്പു കൊണ്ടുവരുന്നു... കർത്താവേ, നിനക്കു സ്തോത്രം. TM 3.9.56

അക്കാലത്തുണ്ടായ ദുഃഖകരമായ ഒരു സംഭവം അഞ്ചരക്കണ്ടിയിലെ ബാസൽ മിഷൻ അംഗങ്ങൾ ചൊവ്വയിലേക്കു താമസം മാററിയതാണ്. *രണ്ടു പ്രശസ്ത വ്യക്തികൾ ക്രിസ്തുമതത്തിൽ ചേർന്നതിനെത്തുടർന്ന് കണ്ണൂരിൽ ചില ക്ഷോഭങ്ങൾ ഉണ്ടായിരിക്കുന്നു. അഞ്ചരക്കണ്ടിയിലെ*

ക്രിസ്ത്യാനികൾ ചൊവ്വയിലേക്കു നീങ്ങിയിരിക്കുന്നു. ചിലരെ അവിടെ നിന്നു പുറത്താക്കിയതാണ്. മററു ചിലർ അവിടത്തെ ജീവിതം ദുസ്സഹമായതിനാൽ സ്ഥലം വിട്ടു. ഇപ്പോൾ ഹേബിക്കും കൂട്ടരും ഇവരുടെ കാര്യങ്ങൾ നോക്കണം. അങ്ങനെ 1839-ൽ ഞാൻ അഞ്ചരക്കണ്ടിയിൽ തുടങ്ങിവച്ച സംരംഭം അവസാനിച്ചിരിക്കുന്നു. GM 5.1.57

വീണ്ടും മലബാറിലേക്ക്

ഗുണ്ടർട്ടിൻെറ മംഗലാപുരത്തെ വാസം ഏറെ ദീർഘിച്ചില്ല. ഒരു വർഷത്തിനു ശേഷം ഗുണ്ടർട്ടിനെ മലബാറിലെയും കാനറായിലെയും സ്കൂൾ ഇൻസ്പക്ടറായി നിയമിച്ചു. മിസ്സിസ് ഫ്രിററ്സിൻെറ നിര്യാണം മലബാറിലേക്കുള്ള മടക്കം അത്യാവശ്യമാക്കി. കോഴിക്കോട്ട് പെൺകുട്ടികളുടെ വിദ്യാലയത്തിൻെറ ചുമതല ജൂലി ഗുണ്ടർട്ട് ഏറെറടുക്കേണ്ടിവന്നു. മംഗലാപുരംവാസം വെറുമൊരു ഇടവേള മാത്രമായിത്തീർന്നു ഗുണ്ടർട്ടിൻെറ മലബാർ ജീവിതത്തിൽ.

15

സ്കൂൾ ഇൻസ്പക്ടർ

1855 മുതൽ മലബാർ പ്രദേശത്തേക്ക് ഒരു സ്കൂൾ ഇൻസ്പക്ടറെ നിയമിക്കുന്ന കാര്യം മദ്രാസ് ഗവൺമെൻറിൻെറ പരിഗണനയിലുണ്ടായിരുന്നു. ഹെർമൻ ഗുണ്ടർട്ടിനെ തൽസ്ഥാനത്ത് നിയമിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ആഗ്രഹിച്ചിരുന്നതായി കരുതാം. അക്കാലത്ത് ഗുണ്ടർട്ട് എഴുതുന്നു:

സ്കൂൾ ഇൻസ്പക്ടറാകാമോ എന്ന അന്വേഷണത്തിന് എൻെറ പ്രതികരണം: ഈ പദവിയിൽ മതപരമായ കാര്യങ്ങളിൽ എത്രത്തോളം നിഷ്പക്ഷത പാലിക്കാനാവും എന്ന് എനിക്ക് നിശ്ചയമില്ല. ഇത്തരം ഒരു ക്രമീകരണത്തെക്കുറിച്ച് ഇംഗ്ലീഷുകാരായ സഹോദരന്മാർക്ക് എന്തു തോന്നുമോ?...പ്രവൃത്തികൊണ്ടു മാത്രമേ ഇത്തരമൊരു നീക്കത്തിന് സാധൂകരണം നൽകാനാവൂ. ഈ നിർദേശം മററൊരു തരത്തിൽ എനിക്കിഷ്ടമായി. കാരണം, എൻെറ അഭിരുചികൾക്കിണങ്ങുന്നതാണ് ജോലി. പാതിരി എന്ന ബിരുദമില്ലാതെ എൻെറ പ്രവൃത്തികളിലൂടെ ദൈവരാജ്യത്തിനു വേണ്ടി യത്നിക്കുക സന്തോഷകരമാണ്. GM 23.10.55

ഗുണ്ടർട്ടിൻെറ നിയമനം പല തരത്തിലുള്ള നൂലാമാലകളിൽപ്പെട്ട് ദീർഘിച്ചു പോയി. ഔദ്യോഗിക ഗസററിൽ (Fort Saint George Gazette) 1857 ഏപ്രിൽ 6-നാണ് നിയമനവാർത്ത പ്രസിദ്ധീകരിച്ചത്. ഇതിനു മുമ്പ് നിയമനകാര്യത്തിൽ ബാസൽ മിഷൻ ഉന്നയിച്ച വ്യവസ്ഥകൾ വിശദമായി ചർച്ച ചെയ്യപ്പെട്ടു. ഇതെക്കുറിച്ച് ഗുണ്ടർട്ട് മകൻ സാമുവലിനെഴുതുന്നു:

ബാസൽ ഉന്നയിച്ച ചോദ്യങ്ങൾ നീ കേട്ടതിൽ നിന്നു വ്യത്യസ്തമാണ്.

1. *മലയാള ബൈബിൾ തർജമയ്ക്ക് എനിക്കു സമയം ലഭിക്കുമോ?*
2. *ഇംഗ്ലീഷിൽ സുവിശേഷം പ്രസംഗിക്കാൻ അനുവാദമുണ്ടായിരിക്കുമോ?*
3. *എനിക്കു പെൻഷൻ ലഭിക്കുമോ? എൻെറ കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് സർക്കാർ വഹിക്കുമോ?*
4. *മംഗലാപുരത്ത് എൻെറ ജോലി ഹേബിക് ഏറെറടുക്കുമോ?*

ഒന്നാം ചോദ്യത്തിന് അനുകൂലമായ ഉത്തരം നൽകാം.രണ്ടാം

ചോദ്യത്തിനും അങ്ങനെ തന്നെ. മൂന്നാം ചോദ്യത്തിന്, 35 വർഷത്തെ സേവനത്തിനുശേഷമേ പെൻഷൻ ലഭിക്കൂ എന്നാണ് മറുപടി. എന്നാൽ ഇളയകുട്ടികളുടെ വിദ്യാഭ്യാസത്തിന് അല്പം പണം മിച്ചം വയ്ക്കാൻ എനിക്കു കഴിഞ്ഞേക്കും. നാലാമത്തെ കാര്യമാണ് ബുദ്ധിമുട്ട്. രാമവർമയുടെ മരണം നിമിത്തം ഹേബിക്കിന് സ്ഥലം വിടാനാവില്ല. പോരെങ്കിൽ, അഞ്ചരക്കണ്ടിയിലെ സമൂഹത്തെ ചൊവ്വയിൽ പാർപ്പിച്ചിരിക്കയുമാണല്ലോ. GM 19.4.57

ഗവൺമെൻറുതലത്തിൽ പല പ്രതിബന്ധങ്ങളും ഉണ്ടായിരുന്നു. ഒരു മിഷണറിയെ സ്കൂൾ ഇൻസ്പക്ടറായി നിയമിക്കുന്നതു ശരിയല്ലെന്ന് മദ്രാസ് ഗവൺമെൻറ് സെക്രട്ടറി കരുതി. പൊതുവിദ്യാഭ്യാസ ഡയറക്ടറായിരുന്ന ആർബത്നോട്ടിന് ഗുണ്ടർട്ടിനെ ഈ സ്ഥാനത്തു നിയമിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. ആദ്യം ഡയറക്ടർ നൽകിയ ശുപാർശ ഗവൺമെൻറ് നിരസിച്ചു. വീണ്ടും ആർബത്നോട്ട് എഴുതി: *ഗുണ്ടർട്ടിനെയല്ലാതെ മറെറാരാളെ നിർദേശിക്കാനില്ല.* അങ്ങനെ ഗവൺമെൻറ് സെക്രട്ടറി നിയമനം അംഗീകരിച്ചു. ഗുണ്ടർട്ടിൻെറ വിശേഷ യോഗ്യതകൾ പരിഗണിച്ചാണ് നിയമനോത്തരവു നൽകിയത്.

പാഠപുസ്തകങ്ങൾ

നല്ല പാഠപുസ്തകങ്ങൾ ലഭ്യമാക്കുക എന്നതായിരുന്നു ഗുണ്ടർട്ടിൻെറ പ്രവർത്തനങ്ങളുടെ മുഖ്യലക്ഷ്യം. ഇല്ലിക്കുന്നിൽ വന്നതു മുതൽ ഇക്കാര്യത്തിൽ സ്വന്തം നിലയിൽ പാഠപുസ്തകങ്ങൾ എഴുതിയും പുനപ്പരിശോധിച്ചും അദ്ദേഹം പരിചയസമ്പത്തു നേടിയിരുന്നു. ഗുണ്ടർട്ട് ബാസലിലേക്ക് 1855-ൽ എഴുതുന്നു: *പൊതുവിദ്യാഭ്യാസ ഡയറക്ടറായ ആർബത്നോട്ടുമായി പാഠപുസ്തകങ്ങളെക്കുറിച്ച് ഞാൻ ചില കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കോഴിക്കോട്ടുള്ള എൻെറ സുഹൃത്ത് ഹാരിസ് ജഡ്ജിയുമായി ഇക്കാര്യം ചർച്ച ചെയ്യാൻ പോകുന്നു.* GM 19.9.55

മലയാള പാഠാവലി-പാഠമാല

ആർബത്നോട്ടിന് ഗുണ്ടർട്ട് എഴുതുന്നു: *മലയാള പാഠപുസ്തകങ്ങളെക്കുറിച്ചുള്ള താങ്കളുടെ ആഗ്രഹങ്ങൾ ഒട്ടും വൈകാതെ നിറവേററാൻ ഞാൻ തയ്യാറാണ്. ലോക ചരിത്ര സംക്ഷേപവും ഭൂമിശാസ്ത്രവും ഇനിയൊരു ആലോചനയും കൂടാതെ ചെയ്യാവുന്നതാണ്. ഞാൻ സമാഹരിച്ചുണ്ടാക്കാം എന്ന് ഏററിരുന്ന പാഠാവലിയെക്കുറിച്ച് ചിലതെല്ലാം കൂടി പറയേണ്ടതുണ്ട്. മിസ്ററർ പോപ്പ് നിർദേശിച്ച ഗദ്യപാഠാവലി പോലെ എന്തോ ഒന്നായിരിക്കണം താങ്കളുടെ മനസ്സിലുള്ളത്. ഇവിടെ എനിക്ക് രണ്ടു കാര്യത്തിൽ വിയോജിപ്പുണ്ട്.*

1. *ഗദ്യപദ്യങ്ങൾ ഇടകലർത്താനാണ് എൻെറ ആലോചന. സാമാന്യം നല്ല ഒരു സമാഹാരമാക്കാൻ വേണ്ടത്ര ഉത്തമഗദ്യം മലയാളത്തിലില്ല. ഗദ്യപദ്യപാഠങ്ങൾ കലർത്തുന്നതിനോട് തമിഴ്-കന്നഡഭാഷകളിൽ ഉണ്ടാകാവുന്നത്ര എതിർപ്പ് ഇവിടെ പ്രതീക്ഷിക്കേണ്ടതില്ല.*

സഹോദര ഭാഷകളെ അപേക്ഷിച്ച് ഇവിടെ ഗദ്യത്തിൽ നിന്നു പദ്യത്തിലേക്കുള്ള മാററം കൂടുതൽ സ്വച്ഛന്ദമാണ്. തമിഴിലെയും ഹളകന്നഡത്തിലെയും ക്ലാസിക്കുകളുടെ പഴക്കമുള്ള കൃതികൾ മലയാളത്തിലില്ല. ഈ സാഹിത്യത്തിന് മൊത്തത്തിൽ പഴക്കം കുറവാണ്. കൂടുതൽ ഐകരൂപ്യം കാണുന്നുമുണ്ട്. ഞങ്ങളുടെ സാഹിത്യത്തെ ചെന്തമിഴ് കവികളുമായി ബന്ധിപ്പിക്കുന്ന ഒരു പ്രാചീന കവിതയുണ്ട്—ഏറെക്കുറെ വിസ്മൃതമായ 'രാമചരിതം'. എന്റെ അറിവിൽ ഇത് ഒററപ്പെട്ട കൃതിയാണ്. ഭാഷയിലും ശൈലിയിലും ഗദ്യരചനകളിൽ നിന്നു വ്യത്യാസം പുലർത്താതെ ആധുനികമായിരിക്കുക എന്നതാണ് മലയാള കവിതയുടെ മൗലിക സ്വഭാവം. മിസ്ററർ പോപ്പിന്റെ കാവ്യസമാഹാരത്തിൽ കാണുന്ന കുറിപ്പുകളും പദാവലിയും മററും മലയാള പാഠാവലിയിൽ ആവശ്യമില്ല.

2. *ഗദ്യപാഠാവലിയിൽ വിഷയത്തിലും ശൈലിയിലും വൈവിധ്യം പുലർത്താൻ പാഠങ്ങൾ എഴുതിയുണ്ടാക്കാം എന്ന പോപ്പിന്റെ അഭിപ്രായത്തോട് എനിക്ക് വിയോജിപ്പാണ്. എത്രമാത്രം അഭികാമ്യമാണെങ്കിലും ഞാൻ അതിന് ഇപ്പോൾ ഒരുമ്പെടുകയില്ല. സമ്പാദകന് ഇക്കാര്യത്തിൽ ലഭ്യമായ കൃതികൾ ഗുണത്തിലും എണ്ണത്തിലും മോശമാണ്. എങ്കിലും, നിർദിഷ്ട പാഠാവലി മുഴുവനുമോ കുറഞ്ഞപക്ഷം സിംഹഭാഗമോ യഥാർഥ മലയാള രചനകളായിരിക്കണം. ഇത് ഈ ജനതയുടെ ശൈലീഭേദങ്ങൾക്കെല്ലാം നിദർശനമായ ഉത്തമ ഗ്രന്ഥമാകേണ്ടതാണ്. ധർമതത്ത്വമോ ശാസ്ത്ര സത്യമോ പ്രചരിപ്പിക്കുക എന്ന ലക്ഷ്യം കൂടി ഇവിടെ കലർത്തിയാൽ പ്രാഥമിക ലക്ഷ്യം പരാജയപ്പെട്ടേക്കാം. സന്മാർഗ ബോധനത്തിനു മറെറാരു പുസ്തകം പ്രത്യേകമായി ഉണ്ടാകണം എന്നാണ് എന്റെ പക്ഷം. അതിൽ അമൂർത്ത സത്യങ്ങൾ അങ്ങനെതന്നെ അവതരിപ്പിക്കാതെ കഥകളും സംഭവങ്ങളും വഴി അധ്യയനം നടത്തണം. ഇങ്ങനെയൊരു പുസ്തകം വെർണാക്കുലർ സ്കൂളിൽ കൂടിയേ തീരൂ.* SB 215

ഏതാനും ശാസ്ത്രഗ്രന്ഥങ്ങളും മലയാള വ്യാകരണ ചോദ്യോത്തരവും തയ്യാറാക്കാനുള്ള സന്നദ്ധതയും ഈ കത്തിൽ ഗുണ്ടർട്ട് പ്രകടിപ്പിക്കുന്നു.

മദിരാശി സർവകലാശാലയ്ക്കു വേണ്ട പുസ്തകങ്ങൾ

ആർബത്നോട്ടിന്റെ അഭ്യർഥനയനുസരിച്ച് മദിരാശി സർവകലാശാലയിലെ പാഠപുസ്തകങ്ങളായി ഗുണ്ടർട്ട് നിർദേശിച്ചത് താഴെപ്പറയുന്ന ഗ്രന്ഥങ്ങളാണ്:

1. *മലയാള പഴഞ്ചൊല്ലുകൾ*
2. *പഞ്ചതന്ത്രം*
3. *മുദ്രാരാക്ഷസം*

ഭാരതം, വാല്മീകിരാമായണം, ഭാഗവതം എന്നിവയും പരിഗണിക്കാവുന്നവയായി സൂചിപ്പിച്ചിട്ടുണ്ട്. 1851-ൽ തലശ്ശേരിയിൽ അച്ചടിച്ച *മലയാള ഭാഷാവ്യാകരണവും* പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മലയാള ഗ്രന്ഥങ്ങൾക്ക് ശൈലിയിലും വിഷയത്തിലും തീരെ വൈവിധ്യമില്ല എന്ന് ഖേദപൂർവം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

ഗുണ്ടർട്ട് എഴുതുന്നു: *ഏറെ വലിപ്പമില്ലാത്തതും ലളിത കോമള മലയാളകാവ്യത്തിന്റെ മാതൃകയുമായ പഞ്ചതന്ത്രമോ മുദ്രാരാക്ഷസമോ ഒന്നാം വർഷ പരീക്ഷയ്ക്കു ശുപാർശ ചെയ്യാം. മതപരമായ അംശങ്ങൾ പരിഗണിക്കുമ്പോഴും ഈ കൃതികൾക്ക് എതിർപ്പുണ്ടാവാൻ ഇടയില്ല. മലയാള ഗദ്യമായി അങ്കഗണിതവും ക്ഷേത്രഗണിതവും പ്രതിപാദിക്കുന്ന കണക്കുസാരം ഉണ്ട്. ജ്യോതിർഗണിതത്തിനുള്ള മുഖവുര എന്നു പറയാവുന്ന തന്ത്രസംഗ്രഹമാണ് മറെറാരു കൃതി. ഇവയിൽ കൂടുതൽ പ്രചാരമുള്ള കണക്കുസാരമാണ് ഞാൻ തിരഞ്ഞെടുക്കുക. 1850-ൽ തലശ്ശേരിയിൽ അച്ചടിച്ച ആയിരം പഴമൊഴിയും ഈ പട്ടികയിൽ ചേർക്കാവുന്നതാണ്.*

ഉയർന്ന പരീക്ഷയ്ക്ക് ഇവിടെയിപ്പോൾ പ്രചാരത്തിലുള്ള രാമായണത്തെക്കാൾ (അധ്യാത്മ രാമായണം) ഭാരതമാണ് ഉത്തമം. കേരള വർമയുടെ വാല്മീകി രാമായണം ഞങ്ങളുടെ ഭാരതത്തെക്കാൾ നല്ലതാണ്. എന്നാൽ അതിന്റെ ഒരു പൂർണകോപ്പി എനിക്ക് ഇതുവരെ കിട്ടിയിട്ടില്ല. അതിന് ഒരു കാലത്തും വ്യാപകമായ പ്രചാരം ലഭിച്ചിരിക്കയില്ല. ആ നിലയ്ക്ക് ഇതുമായുള്ള പരിചയം കൂടിയേ തീരൂ എന്നു പറഞ്ഞുകൂടാ. ഭാഗവതം ഏററവും വലിപ്പമേറിയതും മററു കാവ്യതർജമകളെ അപേക്ഷിച്ച് വക്രവുമാണ്. അതിൽ അതിരററ സംസ്കൃത കലർപ്പുണ്ട്. ഇതു പഠിച്ചുകഴിഞ്ഞാൽ ആധുനിക മലയാള കവിതയിലെ ബുദ്ധിമുട്ടുകളെല്ലാം തരണം ചെയ്തതായി കരുതാം.

ഉള്ളടക്കത്തിന്റെ വല്ലായ്മയും ശൈലിയുടെ കടുപ്പവും പരിഗണിച്ച് അത്രയേറെ സമയം അതിനുവേണ്ടി അനുവദിക്കാൻ യൂറോപ്യർക്കു കഴിയുമോ എന്നു ഞാൻ സംശയിക്കുന്നു. ഇക്കാരണത്താൽതന്നെ (വിദ്യാർഥികളുടെ സമയപരിമിതി പരിഗണിച്ച്) പ്രചാരലുപ്തമായ രാമചരിതം നിർദേശിക്കാൻ എനിക്ക് വൈമനസ്യമുണ്ട്. ഈ സ്ഥാനത്ത് ആധുനികവും പ്രാചീനവുമായ സാഹിത്യത്തിൽ പ്രകാശിതമാകുന്ന മലയാള ഭാഷ സംക്ഷിപ്തമായി വിവരിക്കാൻ ശ്രമിക്കുന്ന എന്റെ വ്യാകരണം (മലയാള ഭാഷാ വ്യാകരണം, തലശ്ശേരി, 1851) ഞാൻ നിർദേശിക്കുന്നു. SB 216-217

1856 ഫെബ്രുവരി 5-ലെ ഡയറിക്കുറിപ്പ് : *ഞാൻ വാഗ്ദാനംചെയ്ത സ്കൂൾ പാഠപുസ്തകങ്ങൾ ഇപ്പോൾ എന്റെ സജീവ പരിഗണനയിലാണ്.*

1857 മാർച്ച് 11-ന് *പാഠമാല*യുടെ നല്ലൊരു ഭാഗം ആർബത്നോട്ടിന് അയച്ചു കൊടുത്തു. നല്ല ഗദ്യഭാഗങ്ങൾ കണ്ടെത്താൻ കഴിയാഞ്ഞതിലുള്ള ദുഃഖം ഇതോടനുബന്ധിച്ചയച്ച കത്തിൽ പ്രകടമാക്കിയിട്ടുണ്ട്. *ആദ്യം കല്ലച്ചിൽ കുറെ കോപ്പികൾ അച്ചടിച്ചു സ്കൂളുകളിൽ*

പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചു നോക്കിയ ശേഷം മതി സമ്പൂർണ്ണ പതിപ്പ്. ചുരുങ്ങിയ സമയംകൊണ്ട് ചുരുങ്ങിയ ചെലവിൽ തലശ്ശേരിയിൽ ആദ്യ പതിപ്പ് അച്ചടിക്കാവുന്നതാണ്. ഇങ്ങനെ ചില നിർദേശങ്ങളും ഗുണ്ടർട്ട് നൽകി.

പാഠമാല പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ അതു പുതുമയുള്ള പാഠപുസ്തകമായിരുന്നിരിക്കണം. ആ നിലയ്ക്ക് വിമർശകർ വേണ്ടുവോളം ഉണ്ടായിരിക്കുമല്ലോ. ദക്ഷിണ കേരളത്തിൽ നിന്നുള്ള ഒരു ഷമീറിന്റെ ആക്ഷേപം, മലബാർ മലയാളം നല്ല മലയാളമല്ലെന്നും അത് പഠിച്ചുപയോഗിക്കാൻ ശ്രമിക്കുന്ന ബാസൽ മിഷണറിമാർക്ക് മലയാളമേ അറിഞ്ഞുകൂടാ എന്നുമായിരുന്നു!

ഇതിന് ഗുണ്ടർട്ട് മറുപടി നൽകി: *മലയാളനാടിന്റെ ഒരു കോണിലുള്ള പട്ടണമല്ല കണ്ണൂർ. കാസർഗോഡുമാത്രമാണ് തുളുവിന്റെ കലർപ്പുണ്ടാവുക. കൂർഗും കന്നഡവും പർവതനിരകൾക്ക് ഇപ്പുറത്തേക്കു കടന്നുവരുന്നതുമില്ല... ഞങ്ങളെല്ലാം മലയാളം പഠിച്ചത് ഈ നാട്ടുകാരിൽനിന്നാണ്. സുറിയാനിക്കാരിൽനിന്നോ മിശ്രവർഗക്കാരിൽ നിന്നോ അല്ല. ഉത്തരകേരളത്തിലെയും തിരുവിതാംകൂറിലെയും കവിത നിശ്ചയമുള്ള ഹിന്ദുക്കളിൽ നിന്നാണ്. ദക്ഷിണദേശത്തെ ഞങ്ങളുടെ വിമർശകരെപ്പോലെതന്നെ മലയാള ഭാഷാ പരിചയമുള്ളവരാണ് ഞങ്ങൾ എന്ന അവകാശവാദം പരിഹാസ്യമായി തോന്നിയേക്കാം.* GM 31.10.57

ഗുണ്ടർട്ട് രണ്ട് ദശകത്തോളം കേരളത്തിലെമ്പാടുമുള്ള മലയാളം ഗ്രഹിക്കാൻ കഠിനാധ്വാനം ചെയ്തു. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, സുറിയാനിക്കാർ എന്നിങ്ങനെ എല്ലാ വിഭാഗക്കാരുടെയും ഭാഷാഭേദങ്ങൾ, സാഹിത്യകൃതികളും സംസാരഭാഷയും മുൻനിർത്തി, അദ്ദേഹം മനസ്സിലാക്കി. തന്റെ ഭാഷാപരിചയം വർധിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ചുള്ള ബോധ്യം അദ്ദേഹത്തിന് എക്കാലത്തുമുണ്ടായിരുന്നു. കേരളത്തിലെത്തിയ വിദേശികളിൽ ഇത്രയേറെ വൈവിധ്യമാർന്ന ഭാഷാനുഭവം നേടിയ മറ്റൊരാൾ ഇല്ലെന്നു പറയാം. അതെല്ലാം മലയാളികൾക്കു പ്രയോജനകരമായി നിഘണ്ടുവിലും വ്യാകരണത്തിലും പുനരവതരിപ്പിച്ചു എന്നത് അതിലേറെ സന്തോഷകരമായ കാര്യമാണ്.

സ്കൂൾ ഇൻസ്പക്ടറുടെ സന്ദർശനം

ഗുണ്ടർട്ട് ആദ്യം സന്ദർശിച്ചത് മംഗലാപുരത്തെ കത്തോലിക്ക സ്കൂളാണ്. *മലബാർ കാനറാ മേഖലയിലെ ഡപ്യൂട്ടി സ്കൂൾ ഇൻസ്പക്ടർ എന്ന നിലയിൽ ഞാൻ കൊച്ചിയിൽ വൈററ് ഹൗസിന്റെ സ്കൂളുകളിൽ നിന്നു സന്ദർശനം തുടങ്ങേണ്ടതായിരുന്നു. എന്നാൽ, ബന്ധപ്പെട്ടവരെ തെല്ലൊന്ന് അമ്പരപ്പിക്കാൻ ഞാൻ മംഗലാപുരത്തെ കത്തോലിക്ക സ്കൂളിൽ സന്ദർശനം ആരംഭിച്ചു.* GM 1.5.57

തന്റെ യാത്രകളെക്കുറിച്ച് കൊച്ചിയിൽനിന്ന് ഭാര്യയ്ക്ക് അദ്ദേഹം എഴുതുന്നു: *ഞായറാഴ്ച കുന്നങ്കുളത്ത്, തിങ്കളാഴ്ച ഡിക്സനെ കാണണം. ചൊവ്വാഴ്ച കോട്ടയ്ക്കൽ, പിന്നെ കോഴിക്കോട്ട്. അതിനാൽ കത്തുകളെല്ലാം*

കോഴിക്കോട്ടേക്ക് അയയ്ക്കണം. അവിടെനിന്ന് ഞാൻ മലപ്പുറത്തേക്കു പോകും. GM 7.5.57

പലവട്ടം കോഴിക്കോടിനും മംഗലാപുരത്തിനുമിടയിൽ അദ്ദേഹത്തിനു സഞ്ചരിക്കേണ്ടിയിരുന്നു. 1857 ഒക്ടോബറിൽ അദ്ദേഹം വടക്കെ കാനറയിൽ സന്ദർശനം നടത്തി. യാത്രയ്ക്കിടയിൽ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവർക്കുള്ള കത്തുകളും ഔദ്യോഗിക റിപ്പോർട്ടുകളും അദ്ദേഹം മുറയ്ക്ക് എഴുതിക്കൊണ്ടിരുന്നു.

യാത്ര ചെയ്യുമ്പോൾ പല കാര്യങ്ങളും സൂക്ഷ്മമായി നോക്കിക്കാണുന്ന സ്വഭാവക്കാരനായിരുന്നു ഗുണ്ടർട്ട്. പഴയ അനുഭവങ്ങളുമായി അവ ബന്ധപ്പെടുത്താനും അദ്ദേഹം ശ്രമിച്ചിരുന്നു. ഒരു ഉദാഹരണം: *കണ്ണൂരിൽ നിന്നാണ് കഴിഞ്ഞ കത്ത് അയച്ചതെന്നു തോന്നുന്നു. അവിടെ നിന്ന് തളിപ്പറമ്പിലേക്ക് സ്കൂൾ പരിശോധിക്കാൻ പോയി. പിന്നെ വയനാട്ടിലെ മാനന്തവാടി. അവിടെ രാത്രിയിൽ നല്ല തണുപ്പാണ്. സുഖകരമായിരുന്നു മലകയററം. 1844-ൽ ഫ്രീഡറിക്കിൻെറ മരണശേഷം ഞാൻ ഇവിടെ വന്നിരുന്നു. അതിനുശേഷം പലയിടത്തും മരങ്ങൾ വെട്ടിനീക്കി കാപ്പി കൃഷി ചെയ്തു. പെരിയചുരത്തിലൂടെ പോയി കുററിയാടി ചുരത്തിലൂടെ മടങ്ങിവന്നു. കുററിയാടിയിൽ നിന്ന് വള്ളത്തിൽ, കോഴിക്കോട്ടുനിന്നു രണ്ടു മണിക്കൂർ അകലെയുള്ള ഇലത്തൂരിലേക്കു പോയി. പതിനൊന്നാം തീയതി മുതൽ ഇരുപത്തെട്ടാം തീയതിവരെ ഞാൻ യാത്രയിലായിരുന്നു.* GM 5.12.57

നിരന്തരമായ യാത്ര ഗുണ്ടർട്ടിൻെറ ആരോഗ്യത്തിന് ഹാനികരമായി. തന്മൂലം അദ്ദേഹം കൊച്ചിയിൽ എത്തി ഡോക്ടർ ലെസ്ലിയെ (Leslie) കണ്ടു: *അദ്ദേഹം എന്നെ സ്വീകരിച്ചു. രണ്ടു മുറിയിലായി താമസ സൗകര്യവും ഏർപ്പെടുത്തി. വിശദമായ പരിശോധനയും ചികിത്സയും നൽകി. രാവും പകലും അദ്ദേഹം എൻെറ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. എല്ലാം ശരിയാകുമെന്ന് അദ്ദേഹം കരുതുന്നു. പക്ഷേ, അതിനു നല്ല വിശ്രമം ആവശ്യമാണ്. ഞാൻ കരുതിയതിനെക്കാൾ കൂടുതൽ സമയം ഇവിടെ താമസിക്കേണ്ടി വന്നേക്കും.* GM 27.3.1858

രോഗം ശമിച്ചെങ്കിലും അതദ്ദേഹത്തെ വിട്ടുമാറാതെ നിന്നു. ഇത് ഗൗനിക്കാതെ ഔദ്യോഗിക കാര്യങ്ങളിൽ അദ്ദേഹം മുഴുകി. മദ്രാസ് ഗവൺമെൻറ് സർവീസിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടി പുതുതായി ഏർപ്പെടുത്തിയ പരീക്ഷാ കമ്മീഷനിലെ അംഗമായി ഗുണ്ടർട്ടിനെ നിയമിച്ച വൃത്താന്തം ബാസലിലേക്കുള്ള ഒരു കത്തിൽ കാണുന്നു. GM 3.9.1858

പരീക്ഷ നടത്തിപ്പിൻെറ കാര്യങ്ങൾക്കായി രോഗം ഗൗനിക്കാതെ അദ്ദേഹം മംഗലാപുരത്തേക്കു പോയി. മംഗലാപുരത്ത് ഹാരീസ് പ്രഭുവിൻെറ ക്ഷണമനുസരിച്ച് ഒരു വിരുന്നിൽ പങ്കെടുക്കേണ്ടിവന്നതിനെക്കുറിച്ച്: *എന്നാൽ നാളെ ഉച്ചയ്ക്ക് ഭക്ഷണത്തിന് എനിക്ക് ക്ഷണമുണ്ട്. ഇതിപ്പോൾ ക്ലേശകരമാണ്. എൻെറ ഉദരത്തിൻെറ അവസ്ഥ പരിഗണിക്കുമ്പോൾ വീട്ടിൽ തങ്ങുന്നതാണ് ഭേദം.* GM 20.11.58

രാജി സമർപ്പിച്ചു

രോഗം മൂർച്ഛരിച്ചതോടെ, ജോലിയിൽ നിന്ന് വിടുതൽ ചോദിക്കാൻ ഗുണ്ടർട്ട് തീരുമാനിച്ചു. 1859 ഫെബ്രുവരി 7-ലെ ആർബത്നോട്ടിൻെറ ഒരു കത്തിൽ വിടുതൽ അനുവദിച്ചതായി കാണാം. 1859 മാർച്ച് 20-ന് ബാസലിലേക്ക് അയച്ച കത്തിൽ: *എൻെറ രാജിവാർത്ത നിങ്ങളെ അറിയിക്കട്ടെ. ഇന്നലത്തെ ഗസററിൽ ഇങ്ങനെ കാണുന്നു—'പൊതു വിദ്യാഭ്യാസ ഡയറക്ടർ താഴെക്കാണുന്ന നിയമനം നടത്തിയിരിക്കുന്നു: മാർച്ച് 15-ന് രാജി സമർപ്പിച്ച റവ. എച്ച്. ഗുണ്ടർട്ടിൻെറ സ്ഥാനത്ത് എൽ. ഗാർത്ത്വെയിററിനെ മലബാർ-കാനറാ മേഖലയിലെ സ്കൂൾ ഇൻസ്പക്ടറായി നിയമിച്ചിരിക്കുന്നു. മുമ്പ് വെസ്ലെയൻ മിഷനിൽ അംഗമായിരുന്ന ഗാർത്ത്വെയിററ് നമ്മുടെ നല്ല മിത്രമായിരിക്കും.*

ഒരു മിഷണറിയെ സ്കൂൾ ഇൻസ്പക്ടറായി നിയമിച്ചതിൽ ഭരണകൂടത്തിൽ സാരമായ അഭിപ്രായഭേദം നിലനിന്നിരുന്നു. ആർബത്നോട്ട് ഒരിക്കലും ഗുണ്ടർട്ടിനെ റവറണ്ട് എന്ന് അഭിസംബോധന ചെയ്യാതിരുന്നതും രാജിവാർത്തയിൽ റവറണ്ട് എന്ന് ചേർത്തു കാണുന്നതും കൗതുകകരമായി ഗുണ്ടർട്ടിനുതന്നെ തോന്നി. ഏതായാലും, ഗുണ്ടർട്ടിൻെറ രാജി ആ ബലപരീക്ഷണത്തിന് അറുതി കുറിച്ചു. മതപരമായ കാര്യങ്ങൾ ഭരണത്തിൽ നിന്ന് അകററി നിർത്തണം എന്ന ബ്രിട്ടീഷ് നയത്തിൻെറ പശ്ചാത്തലത്തിൽ ഈ സംഘർഷം എളുപ്പത്തിൽ മനസ്സിലാക്കാം.

16

ജർമനിയിൽ രണ്ടാം ജന്മം

1859 ഏപ്രിൽ 12-ന്, അതായത് തലശ്ശേരിയിൽ എത്തി കൃത്യം ഇരുപത് വർഷത്തിനുശേഷം, ഗുണ്ടർട്ട് ജർമനിയിലേക്കു മടങ്ങിപ്പോയി. മടങ്ങി വരാം എന്ന് അദ്ദേഹം കരുതി. 1859 മെയ് 20-ന് അദ്ദേഹം ബാസലിൽ എത്തി. അവിടെ കൊച്ചുകുട്ടികളെ പാർപ്പിക്കുന്ന ഭവനത്തിൽ ചെന്ന് ഇളയ മൂന്നു കുട്ടികളെയും കണ്ടു—ഫ്രീഡറിക് (7.3.1847-15.7.1925), പൗൽ (29.1.1849-22.2.1871), ഡേവിഡ് (9.10.1850-26.10.1945). മൂത്ത പുത്രന്മാരായ ഹെർമൻ (18.4.1839-?), സാമുവൽ (4.8.1840-8.5.1880) എന്നിവരും മിഷൻ ഭവനത്തിലുണ്ടായിരുന്നു. നിത്യേന രാവിലെയോ വൈകുന്നേരമോ അദ്ദേഹം കുട്ടികളെ കണ്ടിരുന്നു. ബാസലിൽ എത്തിയിട്ടും ഗുണ്ടർട്ടിന്റെ ആരോഗ്യനിലയിൽ സാരമായ മാററമുണ്ടായില്ല. പുത്രി മാറി (18.10.1842-24.4.1902)യും ഭാര്യ ജൂലിയും അപ്പോഴും കോഴിക്കോട്ട് ഗുണ്ടർട്ട് മടങ്ങിവരുന്നതും കാത്തു കഴിയുകയായിരുന്നു.

ഗുണ്ടർട്ടിന് സ്വന്തം ആരോഗ്യനിലയെക്കുറിച്ച് സംശയമുണ്ടായി. അദ്ദേഹം രോഗവിവരങ്ങൾ വിശദമായി എഴുതുന്നു: *ഇരുപതു വർഷം ഉഷ്ണമേഖലയിൽ സാരമായ അസുഖങ്ങളൊന്നും കൂടാതെ എനിക്കു കഴിഞ്ഞുകൂടാൻ സാധിച്ചു. 1845-1852 ഘട്ടത്തിലെ തൊണ്ടയിലെ രോഗവും വല്ലപ്പോഴുമൊക്കെ ശല്യപ്പെടുത്തിയിരുന്ന അർശസും മറക്കുന്നില്ല. 1858 ഫെബ്രുവരിയിൽ മലബാറിന്റെ ഉൾഭാഗത്തേക്കു നടത്തിയ നിരന്തരമായ യാത്രയിൽ കിഴക്കൻ കാററ് ശക്തിയായി വീശുന്നുണ്ടായിരുന്നു. പകൽ ചൂട് അസഹ്യം. എനിക്ക് ഊണും ഉറക്കവും കുഴപ്പത്തിലായി. സമുദ്രതീരത്തെ ഹ്രസ്വമായ ഉല്ലാസയാത്രകൊണ്ട് എല്ലാം നേരെയാകുമെന്ന് കരുതിയെങ്കിലും അതു ഫലിച്ചില്ല. മാർച്ചിൽ ഗുരുതരമായ അതിസാരം ഉണ്ടായി. മരുന്നൊന്നും ഫലിച്ചില്ല. ബോട്ടിൽ കൊച്ചിയിലേക്കു യാത്ര ചെയ്തപ്പോൾ അതിസാരം വയറുകടിയായി മാറി. കപ്പലിൽ മടക്കയാത്ര തുടങ്ങിയതോടെ എല്ലാം ശരിയായതുപോലെ തോന്നി. ഉണർവും വിശപ്പും ഉണ്ടായി. ഭക്ഷണകാര്യത്തിൽ ചിട്ടകൾ പാലിക്കാൻ കഴിഞ്ഞു. (ഫ്രാൻസിലെ) മാർസൈലയിൽ മെയ് 18-ന് എത്തിയപ്പോൾ രോഗമെല്ലാം പൊയ്പോയതുപോലെ തോന്നി. ജൂലൈ ആദ്യം മുതൽ*

വീണ്ടും രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങി. സ്വിററ്സർലണ്ടിലൂടെയുള്ള യാത്രയ്ക്കിടയിൽ അതിസാരം വീണ്ടും വയറുകടിയായി മാറി. പിന്നീട് അതിൽ നിന്ന് എനിക്കു മോചനമുണ്ടായിട്ടില്ല. GM 5.12.59

മലബാറിലേക്കു മടക്കയാത്രയില്ല

ഗുണ്ടർട്ടിനെ മലബാറിലേക്കു മടക്കി അയയ്ക്കുന്നതിൽ ബാസലിലെ കമ്മിററിക്കു വലിയ താല്പര്യം ഇല്ലായിരുന്നു. ഇത് ബാസലിലെ താമസത്തിനിടയിൽ അദ്ദേഹം മനസ്സിലാക്കി.

കാൽവർ ഫെർലാഗ്സ്ഫെറൈൻസ് (Calwer Verlagsverein) എന്ന പ്രസിദ്ധീകരണ സംഘത്തിൻെറ തലവനായിരുന്ന ഡോ. ക്രിസ്ത്യാൻ ഗോട്ട്ലോബ് ബാർത്ത് (1799-1862) ഗുണ്ടർട്ടിനെ തൻെറ സഹകാരിയായി ക്ഷണിച്ചതോടെ സംഭവങ്ങൾ നാടകീയമായി മാറി. ഗുണ്ടർട്ട് ബാസലിലെ കമ്മിററിക്ക് എഴുതുന്നു: *എനിക്ക് കഴിയുന്നിടത്തോളം മിഷൻെറ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനാണ് താല്പര്യം. ജർമനിയിൽ പ്രവർത്തിക്കാൻ വിരോധമില്ലെങ്കിലും ഇന്ത്യയിലേക്കു പോകാനാണ് കൂടുതലിഷ്ടം. എൻെറ ആരോഗ്യനില ഇന്ത്യയിലേക്കു മടങ്ങിപ്പോകാൻ പ്രതിബന്ധമാകുമെന്ന് തോന്നുന്നില്ല. മലബാറിൽ കടൽത്തീരത്തുനിന്ന് അകലെ ഉൾനാട്ടിൽ എവിടെയെങ്കിലും ജോലി ചെയ്യാനാണ് എനിക്കിഷ്ടം. ഇന്ത്യയാണ് എൻെറ ഭാര്യയ്ക്ക് ഇണങ്ങുന്ന സ്ഥലം. ഇവിടെ ജർമനിയിൽ അവൾ അപരിചിതയായിരിക്കും.* GM 6.12.59

കാൽവിലെ പ്രസിദ്ധീകരണ ശാലയിലേക്കു പോകുന്നതിൽ തനിക്കുള്ള ബുദ്ധിമുട്ടുകൾ അതേ കത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. എങ്കിലും, ഏതു നല്ല മിഷണറിയെയുംപോലെ അധികാരിയുടെ നിയോഗത്തിൽ ദൈവനിയോഗം കണ്ടെത്താൻ അദ്ദേഹം ആഗ്രഹിക്കുന്നു. ഏതാനും ദിവസത്തിനുള്ളിൽ കമ്മിററിയുടെ തീരുമാനമായി. ഗുണ്ടർട്ട് കമ്മിററിക്ക് എഴുതുന്നു: *ഞാൻ നിയമനം സ്വീകരിക്കുന്നു. ഇക്കാര്യത്തിൽ ഭാര്യയുടെ സമ്മതം കൂടി ലഭിക്കണം എന്നുമാത്രം. അവളുടെ മറുപടി മാർച്ചിൽ എത്തിയേക്കും. അതിനോടകം ജോലി തുടങ്ങത്തക്കവണ്ണം എൻെറ ആരോഗ്യം മെച്ചപ്പെടും എന്നു കരുതുന്നു.* GM 10.12.59

1860 ജനുവരി ആരംഭത്തിൽ ഗുണ്ടർട്ട് ജന്മനഗരമായ സ്ററുട്ഗാർട്ട് വഴി കാൽവിലേക്കു പോയി. അവിടെ അദ്ദേഹത്തിൻെറ വല്ലായ്മകളെല്ലാം അപ്രത്യക്ഷമായി. കാൽവിൽ താമസസൗകര്യം ഏർപ്പാടുചെയ്തശേഷം അദ്ദേഹം സ്ററുട്ഗാർട്ടിലേക്കു മടങ്ങി. അവിടെ ബന്ധുമിത്രാദികളെയെല്ലാം സന്ദർശിച്ചു. ബാസലിൽ മടങ്ങിയെത്തിയപ്പോൾ രോഗലക്ഷണങ്ങൾ വീണ്ടും കണ്ടു തുടങ്ങി. ഗുണ്ടർട്ട് എഴുതുന്നു: *കാൽവിലെ താമസത്തിൻെറ സദ്ഫലങ്ങൾ ഒരാഴ്ചയായി ഞാൻ അനുഭവിക്കുന്നു. ബാസലിൽ എത്തിയപ്പോൾ എല്ലാം പഴയതുപോലെ വഷളായി.* GM 14.1.60

കാൽവിലേക്ക്

1860 മാർച്ചിൽ ലണ്ടനിൽ നടന്ന മിഷൻ കോൺഫറൻസിൽ പങ്കെടുത്തു മടങ്ങിയെത്തിയ ഗുണ്ടർട്ട് കാൽവിലേക്കു പുറപ്പെട്ടു. കുട്ടികൾ ബാസലിൽതന്നെ തുടർന്നു. ഏപ്രിൽ 10-ന് കാൽവിൽ ഗുണ്ടർട്ട് വന്നെത്തി. പിറേറന്ന് പുത്രി മാറിയും ഭാര്യ ജൂലിയും ബോംബെയിൽ നിന്ന് യൂറോപ്പിലേക്ക് കപ്പൽ കയറി.

പ്രസിദ്ധീകരണ ശാലയിൽ

കാൽവിലെ പ്രസിദ്ധീകരണശാലയും ബാസൽമിഷനും തമ്മിൽ നല്ല ബന്ധമാണുണ്ടായിരുന്നത്. ഗുണ്ടർട്ടിൻെറ കാര്യത്തിൽ അവർ ഉണ്ടാക്കിയ കരാറിലെ ഒരു വ്യവസ്ഥ ഇതായിരുന്നു: ബാസൽ മിഷൻ കമ്മിററിയുടെ അഭിപ്രായമനുസരിച്ച് ഗുണ്ടർട്ട് തൻെറ സമയത്തിൻെറ മൂന്നിലൊന്നു ഭാഗം മലയാളഭാഷാപരിശ്രമങ്ങൾക്കുവേണ്ടിയായിരിക്കും വിനിയോഗിക്കുക. ഈ മൂന്നിലൊന്നു സമയത്തിൻെറ വേതനം ബാസൽ മിഷനും ശേഷം ഭാഗത്തിനുള്ളത് കാൽവർ ഫെർലാഗും ഗുണ്ടർട്ടിനു നൽകുന്നതാണ്. കാൽവർ ഫെർലാഗിൻെറയും ബാസൽമിഷൻെറയും പ്രതിനിധികളും ഗുണ്ടർട്ടും ഒപ്പുവച്ച കരാറിൻെറ പൂർണരൂപം ലഭ്യമാണ്.

മെയ് 10-ന് ജൂലിയും മാറിയും ബാസലിൽ എത്തി. അവരെയും ഇളയ മൂന്നു കുട്ടികളെയും കാൽവിലേക്കു കൂട്ടിക്കൊണ്ടുവന്നു. കുടുംബത്തിൻെറ പുനഃസമാഗമം എല്ലാവർക്കും ആഹ്ളാദകരമായി.

പ്രസാധകനായ ഗുണ്ടർട്ട്

പ്രസിദ്ധീകരണ ശാലയിൽ,ബാർത്തുതന്നെ തലവനായി തുടർന്നു. പുതിയ സാഹചര്യങ്ങളുമായി വളരെ വേഗം ഇണങ്ങിച്ചേർന്ന ഗുണ്ടർട്ട് സാഹിത്യ പരിശ്രമങ്ങളിൽ മുഴുകി. ബാർത്തുമായുള്ള ഗുണ്ടർട്ടിൻെറ ബന്ധം നിശ്ശബ്ദഭരിതമായിരുന്നു. ചുരുക്കം സന്ദർഭങ്ങളിൽ മാത്രമേ അവർ തമ്മിൽ സംസാരിച്ചിരുന്നുള്ളു. ബാർത്ത് മരിച്ചപ്പോൾ ഗുണ്ടർട്ട് (12 നവംബർ 1862) പ്രസിദ്ധീകരണശാലയുടെ തലവനായി. ഇതോടെ ബാസൽമിഷനും ഗുണ്ടർട്ടുമായുണ്ടായിരുന്ന നൈയാമികബന്ധങ്ങൾ അവസാനിച്ചു. ഇന്ത്യയിലേക്കു മടങ്ങാനുള്ള സാധ്യതകളും ഇല്ലാതായി. ഇന്നും സ്ററുട്ഗാർട്ടിൽ സജീവമായി പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ ശാലയാണ് കാൽവർ ഫെർലാഗ്. അതിൻെറ അന്നത്തെ തലവൻ എന്ന നിലയിൽ ഗുണ്ടർട്ട് സ്വയം പരിചയപ്പെടുത്തുന്ന കത്ത്:

കാൽവർ ഫെർലാഗ് 1829-ൽ സ്ഥാപിച്ചതാണ്. 1839-ൽ ഇത് വിപുലീകരിച്ചു. അന്തരിച്ച ഡോ. ബാർത്തായിരുന്നു സ്ഥാപകൻ. മരണപര്യന്തം അദ്ദേഹം ഇതിൻെറ ചുമതല വഹിച്ചു. ഈ സ്ഥാപനത്തിൻെറ ലക്ഷ്യം, ക്രൈസ്തവ പാഠപുസ്തകങ്ങളും ലഘുലേഖകളും മിഷൻ പ്രസിദ്ധീകരണങ്ങളും പ്രകാശിപ്പിക്കുക എന്നതായിരുന്നു. ഇതോടനുബന്ധിച്ച് ഒരു പുസ്തക വില്പനശാല പ്രത്യേക വിഭാഗമായി നടത്തുന്നുണ്ട്. ബാർത്തിൻെറ പിൻഗാമിയായി ഈ കത്തെഴുതുന്ന ഹെർമൻ ഗുണ്ടർട്ട് സ്ഥാപനത്തിൻെറ മുഴുവൻ ചുമതലയും ഏറെറടുത്തിരിക്കുന്നു. GM 16.1.66

17

ജർമനും മലയാളവും

മിഷണറിയായിരുന്ന ഗുണ്ടർട്ട് പ്രസാധകനും വ്യവസായിയുമായി മാറേണ്ടിവന്നു കാൽവിൽ. എങ്കിലും മലയാള ഭാഷാ പരിശ്രമങ്ങൾ അദ്ദേഹം മറന്നില്ല. കാൽവിലും പരിസരത്തും സുവിശേഷം പ്രസംഗിക്കാനും മിഷൻ ചടങ്ങുകളിൽ പങ്കെടുക്കാനും ഗുണ്ടർട്ട് സമയം കണ്ടെത്തി. കാൽവിൽ യുവജനങ്ങൾക്കുവേണ്ടി ഒരു സംഘടന രൂപീകരിച്ചു. ഓരോ ഞായറാഴ്ചയും കാൽവിനു സമീപമുള്ള ഹിർസാവു എന്ന ഗ്രാമത്തിൽ പ്രാർഥനായോഗങ്ങൾ നടത്തുന്ന ചുമതലയും അദ്ദേഹം ഏറ്റെടുത്തു.

മലയാള കൃതികളിലൂടെ

കാൽവിൽ താമസം തുടങ്ങിയ കാലത്ത്, 1860 മെയ് 21-ന് ഗുണ്ടർട്ട് എഴുതുന്നു: *ഞാൻ എന്റെ സമയത്തിന്റെ മൂന്നിൽ ഒന്ന് മതപ്രചാരകർക്കു വേണ്ടിയുള്ള ഒരു മാർഗനിർദേശക ഗ്രന്ഥം തയ്യാറാക്കാൻ ഉപയോഗിക്കുന്നു. ഇതിന് മലയാളസാഹിത്യകൃതികളിൽനിന്നുള്ള ഭാഗങ്ങൾ ഞാൻ ഉപയോഗിക്കുന്നുണ്ട്. ബൈബിളിന്റെ ജോലി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കാരണം, കൈയെഴുത്തുകളും മറ്റും ഇതുവരെ ഇവിടെ എത്തിച്ചേർന്നിട്ടില്ല.*

1861 ഫെബ്രുവരി 25-ന് ബാസലിലേക്ക് എഴുതുന്നു: *ഞാൻ എന്റെ കൂടെ കൊണ്ടുവന്നിരുന്ന മലയാളം കൈയെഴുത്തു ഗ്രന്ഥങ്ങൾ ഇവിടെ താമസമുറപ്പിച്ചപ്പോൾ ആദ്യം കണ്ണിൽ പെട്ടില്ല. അവ കണ്ടുകിട്ടിയതു മുതൽ ഏറ്റവും പ്രധാനപ്പെട്ട രാമായണത്തിൽനിന്ന് നിഘണ്ടുവിനും വ്യാകരണത്തിനും വേണ്ടതെല്ലാം വേർതിരിച്ചെടുക്കുകയാണ്. അവയെല്ലാം വേണ്ടുംവണ്ണം ഇനം തിരിച്ച് ക്രമീകരിക്കുന്നു. ഈ ഘട്ടത്തിലാണ് മതപ്രചാരകർക്കു വേണ്ടി ഒരു സഹായകഗ്രന്ഥം ഉണ്ടാക്കണം എന്ന ചിന്ത എന്നിലുദിച്ചത്. അതിൽ കേരള സാഹിത്യത്തിലെ ശ്രദ്ധേയമായ ഭാഗങ്ങളെല്ലാം ഇണക്കിച്ചേർക്കുന്നതാണ്. രണ്ടു കാര്യങ്ങളാണ് എന്റെ മനസ്സിലുള്ളത്—ആ രചനകളിലെ മാനുഷികതയും അവയുടെ പിന്നിലുള്ള ദർശനവും തെളിച്ചു കാട്ടുക; അവയിൽ ആദരണീയമായ കാര്യങ്ങൾ—സ്വാഭാവികമായുണ്ടാകുന്ന ഈശ്വരാന്വേഷണം, ധർമോദ്ബോധനം തുടങ്ങിയവ—വെളിവാക്കുക. ഈ മാതൃകയിലുള്ള രചന തുടങ്ങിയിട്ട്*

വർഷങ്ങളായി. പത്തുപന്ത്രണ്ടു വർഷം മുമ്പ് എഴുതിയ നളചരിതസാര ശോധന—ഇത് മിഷൻ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു—ഇതിനൊരു മാതൃകയായി എടുക്കാം. ആ കൃതിയിലെ സംഭാഷണരൂപത്തിലുള്ള ഘടന ഉപേക്ഷിക്കുന്നതു കൊണ്ട് ഈ രചന കുറെക്കൂടി സംക്ഷിപ്തരൂപത്തിലായിരിക്കും. ഇതൊരു ലേഖന പരമ്പരയായി പ്രസിദ്ധീകരിക്കാവുന്നതാണ്. ഉടനടി വേണ്ട മററു കാര്യങ്ങൾക്ക് ഈ ജോലി ഇടയ്ക്കു നിർത്തേണ്ടിവരുന്നു. 'ഒരായിരം പഴഞ്ചൊല്ലി'ൻെറ പുതിയ പതിപ്പ് തയ്യാറാക്കി ഇന്ത്യയിലേക്ക് അയച്ചിരിക്കയാണ്.

നവംബറിൽ ലഗേജ് വന്നെത്തിയപ്പോൾ പ്രവാചക ഗ്രന്ഥങ്ങളുടെ തർജമ തുടങ്ങാൻ കഴിഞ്ഞു. നിർഭാഗ്യമെന്നു പറയട്ടെ, വീട്ടുകാര്യങ്ങളിലുള്ള ചുമതല നിമിത്തം ബൈബിൾ തർജമ വീട്ടിലിരുന്നു വേണം ചെയ്യാൻ.

ഇവിടെ രാത്രികാലത്ത് യെശയ്യാ പ്രവാചകൻെറ പുസ്തകം തർജമ ചെയ്യുന്നു. അത് മുപ്പത്തിമൂന്നാം അധ്യായം വരെ എത്തി. ബാർത്തിൻെറ ഓഫീസിൽ പകൽ സമയത്ത് ഞാൻ നിഘണ്ടുവിൻെറ ജോലി തുടരുന്നു. ഇരുപതു വർഷം മുമ്പ് കത്തോലിക്ക മിഷണറിമാർ രചിച്ച നിഘണ്ടുവിൻെറ മൂന്നു വാല്യങ്ങൾ പരിശോധിക്കുകയെന്നതായിരുന്നു ആദ്യത്തെ ജോലി. 1745-ൽ ഇന്നത്തെ രൂപത്തിലെത്തിയ മലയാളം-പോർത്തുഗീസ് നിഘണ്ടുവാണിത്. ബ്രിട്ടീഷുകാർ മലബാർ ആക്രമിച്ചു കീഴടക്കിയ കാലത്ത്, തൊണ്ണൂറുകളിൽ, മലയാളം പഠിക്കാൻ ഈ നിഘണ്ടുവിന് അപൂർണമായ ഒരു ഇംഗ്ലീഷ് തർജമ ഉണ്ടാക്കിയിരുന്നു. ഈ മൂന്നു വാല്യങ്ങൾ ഉപയോഗം കഴിഞ്ഞപ്പോൾ ഞാൻ ബാസലിലേക്കയച്ചു. അവിടെയുള്ള മലയാളികൾ ഒരു മലയാള നിഘണ്ടു ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. ഒരു പോർത്തുഗീസ്-മലയാളം നിഘണ്ടു എൻെറ കൈവശമുള്ളത് മൂന്നു വാല്യമായുള്ള മറെറ നിഘണ്ടുവിൻെറ രൂപഭേദം മാത്രമാണ്.

ജർമൻ രചനകൾ

ഈ ഘട്ടത്തിൽ ഗുണ്ടർട്ട് ജർമൻ രചനകളിൽ കൂടുതൽ വ്യാപൃതനായി. ബാസൽ മിഷൻമാസികയിൽ ഗുണ്ടർട്ടിൻെറ ഒരു രചന പ്രത്യക്ഷപ്പെട്ടു. വളരെക്കാലമായി ബാസലിൽ കിടന്നിരുന്ന കൃതിയാണിത്. *Der Elephantenfuhrer Gowinda* (*ആനക്കാരൻ ഗോവിന്ദൻ*) എന്നായിരുന്നു കൃതിയുടെ പേര്. ഇല്ലിക്കുന്നിലെ തോമസ് എന്ന ഉപദേശിയുടെ കഥയാണിത്. അയാളുടെ ജീവിതകഥയിൽ ഗുണ്ടർട്ട് ഒരു പ്രധാന കഥാപാത്രമാണ്. ആ നിലയ്ക്ക് തൻെറ പേരു വയ്ക്കാതെ ആ കൃതി പ്രസിദ്ധീകരിക്കുന്നതാണ് ഉത്തമം എന്ന് ഗുണ്ടർട്ടിനു തോന്നി. പിൽക്കാലത്ത് ഗുണ്ടർട്ടിൻെറ പുത്രൻ തന്നെ ആനക്കാരൻ ഗോവിന്ദൻെറ കർത്താവാരാണെന്ന് അന്വേഷിക്കുകയുണ്ടായി. അതിന് ഗുണ്ടർട്ട് നൽകിയ മറുപടി: *രാമവർമയുടെ ജീവചരിത്രം അന്തിമരൂപത്തിലാക്കിയത് വൈററ് ബ്രഷ്ടാണ്. ഗോവിന്ദൻെറ കഥ ഞാൻ തന്നെ തയ്യാറാക്കി.* GM 10.8.62 ഗുണ്ടർട്ടിൻെറ പല രചനകളും ഇങ്ങനെ ഗ്രന്ഥകർത്താവിൻെറ പേരില്ലാതെ

Der Elephantenführer Gowinda.

Ein Lebensbild

aus

Malabar.



2. Aufl. Preis 30 Cts. = 25 Pfg.

Basel, 1877.
Verlag der Missionsbuchhandlung.

ആനക്കാരൻ ഗോവിന്ദൻെറ കഥ ജർമൻ ഭാഷയിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്.

യോഹാൻ ക്രിസ്ററഫ് ബ്ലൂം ഹാർട്ടി(1805-1880)ന്റെ മിഷൻ ചരിത്രം കാൽവർ ഫെർലാഗ് പ്രസിദ്ധീകരിക്കയുണ്ടായി. ദിവസേന ഏഴെട്ടു മണിക്കൂർ വീതം ഈ കൃതിയുടെ സംശോധനത്തിനു ഗുണ്ടർട്ട് വിനിയോഗിക്കുന്നതായി ചില കത്തുകളിൽ കാണുന്നു. പുതിയ കാര്യങ്ങൾ കൂട്ടിച്ചേർത്തും പഴയ കാര്യങ്ങൾ സംഗ്രഹിച്ചും ഗുണ്ടർട്ട് ഈ ഗ്രന്ഥത്തിന് ആധികാരികത്വം നൽകി. അത്യന്തം ശ്രമകരമായിരുന്നു ഈ ജോലി. പിൽക്കാലത്ത് ഗുണ്ടർട്ടു തന്നെ ഒരു മിഷൻ ചരിത്രം പ്രസിദ്ധീകരിച്ചു. 1881-ൽ പ്രസിദ്ധീകരിച്ച ഈ കൃതിയുടെ മൂന്നാം പതിപ്പ് (532 പുറം) 1894-ൽ കാൽവർ ഫെർലാഗ് പ്രസിദ്ധീകരിക്കുകയുണ്ടായി.

അനേകം മിഷണറിമാരുടെ ജീവചരിത്രങ്ങൾ ഗുണ്ടർട്ട് കാൽവിലെ താമസത്തിനിടയ്ക്ക് രചിച്ചിട്ടുണ്ട്. 1861-ൽ ഹേബിക്കിന്റെ പതിനഞ്ച് പ്രസംഗങ്ങൾ പ്രസിദ്ധീകരിച്ചു. ഹെർമൻ മ്യൂഗ്ളിങ്ങുമായി സഹകരിച്ച് 1872-ൽ ഹേബിക്കിന്റെ വിശദമായ ജീവചരിത്രവും തയ്യാറാക്കി. മ്യൂഗ്ളിങ്ങിന്റെ ജീവചരിത്രവും ഗുണ്ടർട്ട് എഴുതിയിട്ടുണ്ട്. പശ്ചിമാഫ്രിക്കയിൽ നാലുവർഷം തടവറയിൽ കഴിഞ്ഞുകൂടിയ ഫ്രീഡറിക് ആഗുസ്ററ് റംസായെയുടെയും യൊഹാൻ കൂനെയുടെയും ഡയറി 1875-ൽ അദ്ദേഹം പ്രകാശനം ചെയ്തു.

തമിഴ്നാട്ടിൽ പ്രവർത്തിച്ച പ്രശസ്തരായ ഒമ്പത് മിഷണറിമാരുടെ ജീവിത കഥകൾ ജർമൻ ഭാഷയിൽ അദ്ദേഹം പ്രസിദ്ധീകരിച്ചു. ഫ്രാൻസീസ് സേവ്യർ (1506-1552), റോബർട്ട് ഡിനോബിലി (1577-1656), ജോസഫ് ബെസ്ചി (1680-1747), ബർത്ലോമ്യസ് സീഗൻബാൾഗ് (1682-1719), യോഹാൻ ഫിലിപ് ഫാബ്രിസിയൂസ് (1711-1791), ക്രിസ്റ്റ്യൻ ഫ്രീഡറിക് ഷ്വാർട്സ് (1726-1798), കാൾ തിയോഫിൽ റേനിയൂസ് (1790-1838), ജോൺ ആൻഡേഴ്സൺ (1806-1855), കാൾ ഗ്രൗൾ (1814-1864) എന്നീ മിഷണറിമാരാണ് ചരിത്രനായകർ. ഭാരതീയ പഠനങ്ങൾക്കു സാരമായ സംഭാവനകൾ നൽകിയിട്ടുള്ള ഈ മഹാത്മാക്കളുടെ ജീവചരിത്രങ്ങൾ ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിൽ ജർമൻ ജീവചരിത്രത്തിന്റെ (Frenz 1991: 259-364) അനുബന്ധമായി ചേർത്തിട്ടുണ്ട്. ഗുണ്ടർട്ടിന്റെ ജീവിത ദർശനം ജീവചരിത്ര രചനകളിൽ വ്യക്തമായി പ്രതിഫലിക്കുന്നു.

വിൽഹലം റീസൻബാകറുടെ *മാനവചരിത്രം* എന്ന ബൃഹത്ഗ്രന്ഥ പരമ്പരയിലെ നാലാം വാല്യം—ആധുനിക ചരിത്രം—(1815-1877) ഗുണ്ടർട്ടാണ് എഴുതിയിരിക്കുന്നത്. 1878-ൽ ഇത് പ്രസിദ്ധീകരിച്ചു. മിഷൻ മേഖലയെക്കുറിച്ച് ശരാശരി 110 പേജു വീതമുള്ള ഇരുപത്തിമൂന്ന് വാല്യങ്ങൾ പുസ്തകരൂപത്തിൽ ഗുണ്ടർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. മിഷൻ മാസികകളിൽ ഗുണ്ടർട്ട് എഴുതിയ ലേഖനങ്ങളും പ്രസക്തമായ ചിത്രങ്ങളുമാണ് ഇവയിലെ ഉള്ളടക്കം. സ്ററുട്ഗാർട്ടിലെ സ്റേററ് ലൈബ്രറിയിൽ ഇവയുടെ പഴയ വാല്യങ്ങൾ കാണാവുന്നതാണ്. കാൽവർ ഫെർലാഗിന്റെ പേരിലായിരുന്നു ഇവയെല്ലാം പ്രസിദ്ധീകരിച്ചിരുന്നത്.

Die Geschichte

der

Neuesten Zeit.

1815—1877.

Von

H. Gundert.

Zweite Auflage.

Calw und Stuttgart.
Verlag der Vereinsbuchhandlung.
1878.

മാനവചരിത്രം നാലാം ഭാഗം — ആധുനിക ചരിത്രം 1815-1877

പത്രാധിപർ

കാൽവർ ഫെർലാഗ് പ്രസിദ്ധീകരിച്ചിരുന്ന അഞ്ചു മാസികകളുടെ പത്രാധിപരായും ഗുണ്ടർട്ട് ജോലി ചെയ്തു. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്ന് ലഭിക്കുന്ന വാർത്തകൾ വേണ്ടവണ്ണം പുനരവതരിപ്പിക്കുക മാത്രമായിരുന്നില്ല അദ്ദേഹത്തിൻെറ ജോലി. മൗലികതയാർന്ന അനേകം ലേഖനങ്ങൾ മാസികകളിൽ അദ്ദേഹം എഴുതിച്ചേർത്തിരുന്നു. പലപ്പോഴും തൻെറ പേര് ഇവയിൽ ചേർക്കാറുണ്ടായിരുന്നില്ല. ഗുണ്ടർട്ട് എഴുതുന്നു: *മിഷൻ മാസികകളിലെല്ലാം എൻെറ പേരു ചേർക്കാനാവില്ല. കാരണം, മൂന്നു മിഷൻമാസികയും യുവജനമാസികയും ഞാൻ പ്രസിദ്ധീകരിക്കുന്നതായി കാണിച്ചാൽ എല്ലാവരും, എൻെറ അച്ചടിശാലക്കാർ പോലും, എൻെറ ജോലിയൊന്നും ഭംഗിയായി ഞാൻ ചെയ്യുന്നില്ലെന്നും ഇതെല്ലാം പണത്തിനു വേണ്ടിയാണ്, ദൈവമഹത്വത്തിനു വേണ്ടിയല്ലെന്നും, കരുതും. ഒരു സഹകാരിയെ ലഭിച്ചിരുന്നെങ്കിൽ ഈ അപകടം ഒഴിവാക്കാമായിരുന്നു.*

മലയാളം-ഇംഗ്ലീഷ് നിഘണ്ടു

ഇല്ലിക്കുന്നിലെത്തിയ ആദ്യദിവസം മുതൽ മരണം വരെ ഗുണ്ടർട്ടിൻെറ ചിന്താമണ്ഡലത്തിൽ സ്ഥാനം പിടിച്ചിരുന്ന കൃതിയാണ് *മലയാളം-ഇംഗ്ലീഷ് നിഘണ്ടു*. ഗുണ്ടർട്ട് തലശ്ശേരിയിലെത്തി ഒരു വർഷത്തിനകം ദക്ഷിണേന്ത്യൻ ഭാഷാധാതു നിഘണ്ടുവിനു വേണ്ടിയുള്ള ഉപാദാനങ്ങൾ ശേഖരിച്ചുതുടങ്ങി. GM 20.1.41

ധാതുക്കളും അവയുടെ വ്യുത്പന്നങ്ങളും വിവരിക്കുന്നതായിരുന്നു ഈ നിഘണ്ടു. പുതിയ മിഷണറിമാർ വന്നെത്തുമ്പോൾ ഈ ജോലി പൂർത്തിയാക്കാം എന്നായിരുന്നു തുടക്കത്തിൽ അദ്ദേഹത്തിൻെറ പ്രതീക്ഷ. ലഭ്യമായ ഇടവേളകളിൽ, വിശേഷിച്ചു രോഗാവസ്ഥയിലും മററും, ഗുണ്ടർട്ട് ഈ ജോലി തുടർന്നു പോന്നു. നിഘണ്ടു നിർമാണത്തിന് ഉപയുക്തമാവും എന്ന പ്രതീക്ഷയിൽ മലയാളത്തിലുള്ള കൃതികളെല്ലാം തേടിപ്പിടിക്കുന്നതിൽ അദ്ദേഹം ഉത്സുകനായി. GM 2.7.52

കാൽവിൽ എത്തിയശേഷം ഗുണ്ടർട്ട് നിഘണ്ടു നിർമാണം പുനരാരംഭിച്ചു. അതിനു മുമ്പു തന്നെ നിഘണ്ടുവിൻെറ കരട് രൂപപ്പെട്ടിരുന്നു. 1860-ൽ ഗുണ്ടർട്ട് എഴുതുന്നു:

ഈ ദിവസങ്ങളിൽ ബാസലിൽനിന്നു പാഴ്സലുകൾ വന്നെത്തി. ഇവയിൽ എൻെറ നിഘണ്ടുവിൻെറ രണ്ടു വാല്യങ്ങളുണ്ട്. ഒന്നാം വാല്യവും വന്നെത്തും എന്നതിൻെറ ശുഭലക്ഷണമായി ഇതിനെ കരുതാം. GM 11.10.60

വരാപ്പുഴ നിഘണ്ടുക്കൾ

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥശേഖരത്തിൻെറ ഭാഗമായി ഇപ്പോൾ ട്യൂബിങ്ങൻ സർവകലാശാലയിലുള്ളതും വരാപ്പുഴ നിഘണ്ടുക്കൾ എന്നു വ്യപദേശിക്കുന്നതുമായ *മലയാളം-പോർത്തുഗീസ് നിഘണ്ടുവും പോർത്തുഗീസ് - മലയാളം നിഘണ്ടുവും* ഗുണ്ടർട്ടിനു ലഭിച്ചത് ഈസൻബർഗ് എന്ന

മിഷണറിയിൽ നിന്നാണ്: *ഞാൻ 1859-ൽ ഇന്ത്യ വിടുമ്പോൾ എനിക്ക് മിഷണറി ഈസൻബർഗിൽ നിന്ന് ഒരുപെട്ടി സാധനങ്ങൾ കിട്ടി. അമ്പതു വർഷം മുമ്പ് ഒരു ഓഫീസർ ശേഖരിച്ചവയാണിത്. ബോംബെയിൽ വച്ച് എനിക്കിതു ലഭിച്ചു. നിഘണ്ടുവിന്റെ പൂർത്തീകരണത്തിന് ഇത് ഏറെ സഹായകമായി.* GM 23.11.73

ഇരുപതു വർഷത്തിനിടയിൽ താൻ ശേഖരിച്ച പദാവലിയോടൊപ്പം ഈ നിഘണ്ടുവും ഗുണ്ടർട്ടിനുപകരിച്ചു: *ബോംബെയിൽ എനിക്കു കിട്ടിയത് നിധിയാണ്—പതിനേഴാം നൂററാണ്ടിൽ മലബാറിലെ കത്തോലിക്ക മിഷണറിമാർ മൂന്നു വാല്യമായി എഴുതിപൂർത്തീകരിച്ച് (1742) വരാപ്പുഴയിൽ സൂക്ഷിച്ചിരുന്ന മലയാളം-പോർത്തുഗീസ് നിഘണ്ടു.*

ബ്രിട്ടീഷുകാർ 1792-ൽ മലബാർ കീഴടക്കിയപ്പോൾ ഇപ്പോൾ എന്റെ കൈവശമുള്ള കോപ്പി അവരുടെ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കിയതാണ്. അവർ അതിൽ ഇംഗ്ലീഷ് പരിഭാഷ ചേർക്കാൻ ശ്രമിച്ചു. ഞാൻ ഇപ്പോൾ ഇത് ബയിലിയുടെ 1842-ലെ നിഘണ്ടു, എന്റെ പദശേഖരം എന്നിവയുമായി താരതമ്യപ്പെടുത്തി നോക്കുകയാണ്. ആവശ്യം കഴിഞ്ഞാൽ, ഒരു നിഘണ്ടുവിന്റെ അഭാവം ഏറെ അനുഭവിക്കുന്ന മിഷൻ ഭവനത്തിലെ മൂന്നു മലയാളികൾക്ക് ഇത് എത്തിച്ചു കൊടുക്കാം. ഒന്നാം വാല്യം അയച്ചു കഴിഞ്ഞു. ഈ നിഘണ്ടു പരമപ്രധാനമാണ്. കാരണം, ഇതിലെ പദശേഖരം നല്ല മലയാളമാണ്. അടുത്ത കാലത്ത് ഇന്ത്യയിലുണ്ടായ നിഘണ്ടുക്കളിൽ വിശേഷിച്ചൊരു ശ്രദ്ധയുമില്ലാതെ സംസ്കൃതത്തിന്റെയും ബന്ധഭാഷകളുടെയും പദശേഖരം ചേർത്തിരിക്കുന്നതായി കാണാം. അങ്ങനെയുള്ളതല്ല ഈ നിഘണ്ടു. പശ്ചിമതീരത്തു കഴിഞ്ഞ ഇരുപതു വർഷത്തിനിടയിൽ ഞാൻ ശേഖരിച്ചത് മറെറാരു തരം പദാവലിയാണ്. കേട്ടതെല്ലാം ഞാൻ കുറിച്ചിട്ടുണ്ട് എന്നതു സത്യം. പക്ഷേ, ഈ ഭാഗമല്ല പ്രധാനം. മറിച്ച്, എനിക്കു ശേഖരിക്കാൻ കഴിഞ്ഞ മലയാള ഗ്രന്ഥങ്ങൾ കൈയിൽ പേനയുമായി ഇരുന്ന് ഞാൻ വായിച്ചു. ഈ സമാഹരണ യത്നം ക്ലേശകരമായിരുന്നു. ഇക്കാര്യത്തിൽ കത്തോലിക്ക മിഷണറിമാരോ ബയിലിയോ എനിക്കുതകിയിട്ടില്ല എന്നു കൂടി പറഞ്ഞുകൊള്ളട്ടെ. GB 18.1.61, CT 88

ഗുണ്ടർട്ട് നിഘണ്ടുവിന്റെ തനിമ

സാഹിത്യഗ്രന്ഥങ്ങളിൽനിന്നു പദങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ ഗുണ്ടർട്ടും പൂർവഗാമികളും തമ്മിൽ ഉണ്ടായിരുന്ന അന്തരം മറെറാരു കത്തിൽ നിന്ന് കുറേക്കൂടി വ്യക്തമാകും: *കോട്ടയത്തെ എന്റെ പൂർവഗാമികളെക്കുറിച്ച് മോശമായി എന്തെങ്കിലും പറയുന്നതു ശരിയല്ല. അവരുടെ രചനകൾ ദൈവവചനത്തിന്റെ ശീഘ്രഗതിയിലുള്ള പ്രചാരത്തിന് മലബാറിൽ ഉപകരിച്ചു. കോട്ടയം തർജമയുടെ പകർപ്പുകൾ അവ ഗുണകരമാണെന്ന വിശ്വാസത്തിൽ ഞാൻ പ്രചരിപ്പിച്ചിട്ടുണ്ട്. എന്നാൽ, ഭാഷയുടെ കാര്യത്തിൽ—കൃത്യമായ ഭാഷാപരിജ്ഞാനത്തിൽ—ആ തർജമക്കാർക്ക് പോരായ്മയുണ്ട്. അവരുടെ പ്രദേശത്തെ യാക്കോബായ*

ക്രിസ്ത്യാനികളുടെ വ്യവഹാരഭാഷ അവർക്കു നല്ല നിശ്ചയമുണ്ടായിരുന്നു. 1859 ജനുവരിയിലെ ചർച്ച് മിഷണറി ഇൻറലിജൻസിൽ ഇന്ത്യൻ ഭാഷകളുടെ പട്ടികയിൽ സാഹിത്യത്തിനു വേണ്ടിയുള്ള കോളത്തിൽ മലയാളത്തിനു നേരെ സാഹിത്യമില്ല എന്നു രേഖപ്പെടുത്തിക്കാണുന്നു. ഞാൻ ഇക്കാര്യം ചർച്ചു മിഷണറിമാരുമായി ചർച്ച ചെയ്തിട്ടുണ്ട്. കാരണം എൻെറ ഭാഷാ നിഘണ്ടുവിനു വേണ്ടി ഞാൻ ചെറുതും വലുതുമായി നൂറോളം മലയാളം കൃതികൾ വായിച്ചിട്ടുണ്ട്. ഇവ തമിഴർ തമിഴ് സാഹിത്യം എന്നപോലെ മലയാളികൾ പാരായണം ചെയ്യുന്നവയാണ്. പുരാണവും സത്യവും കലർന്നു കാണുന്ന ഇത്തരം രചനകളിൽനിന്ന് അകന്നു നിൽക്കണമെന്ന നിർബന്ധം ചർച്ച് മിഷണറിമാർക്കുണ്ട്. അത്തരം പഠനങ്ങൾ തങ്ങളുടെ ഭാഷയെ വികലമാക്കും എന്നു കൂടി അവർ കരുതുന്നു. GM 2.5.1865

നിഘണ്ടുവിൻെറ പണിപ്പുരയിൽ

നിഘണ്ടു നിർമാണത്തിൽ ഗുണ്ടർട്ട് അനുസ്യൂതം വ്യാപൃതനായെങ്കിലും ഉദ്ദേശിച്ചത്ര വേഗത്തിൽ ജോലി പുരോഗമിച്ചില്ല. 1864 ഫെബ്രുവരി അവസാനം ഗുണ്ടർട്ട് ഒ കാരം വരെ എത്തി. തൊട്ടടുത്ത മാസം സ്വരങ്ങൾ പൂർത്തിയാക്കി. വർഷാവസാനമായപ്പോൾ മൂന്നിലൊരു ഭാഗം തീർന്നു: *മലയാള നിഘണ്ടുവിൽ മുഴുകാൻ ഞാൻ ഏതാനും ദിവസത്തെ അവധി എടുത്തിരിക്കയാണ്. മൂന്നിലൊന്ന് ഇപ്പോൾ അച്ചടിക്കു തയ്യാറായി* എന്ന് 1864 ഡിസംബർ 28-ന് അദ്ദേഹം എഴുതുന്നു. മൂന്നുമാസം കൂടി കഴിഞ്ഞപ്പോൾ നിഘണ്ടു പകുതിയോളമായി. ഗുണ്ടർട്ട് മ്യൂഗ്ളിങ്ങിന് എഴുതി: *ഇപ്പോൾ ഞാൻ മലയാള നിഘണ്ടുവിൻെറ പകുതിയോളമായി (അതായത് അച്ചടിക്കു തയ്യാറാക്കിക്കഴിഞ്ഞു). 'നി'യാണ് ഒത്ത നടുവ്*. GM 10.4.65.

തുടർന്നുള്ള ദിവസങ്ങളിൽ വെളുപ്പിന് ഉണർന്നെഴുന്നേററ് പ്രഭാത ഭക്ഷണം വരെ നിഘണ്ടുരചനയിൽ ഏർപ്പെടാൻ നിശ്ചയിച്ചു. മകൾ മാറിക്ക് അദ്ദേഹം എഴുതി: *അക്കാലത്ത് അഞ്ചുമണിക്കുമുമ്പ് ഞാൻ എഴുന്നേററ് മലയാള രചനകൾ നടത്തി. ഭാഗ്യവശാൽ അഞ്ചു വർഗങ്ങളും അതായത് 'മ'കാരം വരെ, പൂർത്തിയായി.* GM 15.4.67

മലയാളം ലത്തീൻ ലിപിയിൽ രേഖപ്പെടുത്തണമോ എന്നത് ഗുണ്ടർട്ടിനെ ഏറെ അലട്ടിയ പ്രശ്നമാണ്. ഭാരതീയ ലിപികളെല്ലാം ഉപേക്ഷിച്ച് റോമൻ ലിപിമാത്രം ഉപയോഗിക്കണം എന്ന അഭിപ്രായക്കാരനായിരുന്നു കാൾ റിച്ചാർഡ് ലെപ്സിയൂസ് (1810-1884) എന്ന ജർമൻ പണ്ഡിതൻ. എന്നാൽ ഗുണ്ടർട്ട് ആ അഭിപ്രായം സ്വീകരിച്ചില്ല. മുഖ്യപദം റോമൻ ലിപിയിൽ രേഖപ്പെടുത്താൻ മാത്രം അദ്ദേഹം തയ്യാറായി. ളകാരവും റകാരവും സദൃശവർണങ്ങളിൽനിന്നു വേർതിരിച്ച് റോമൻ ലിപിയിൽ അങ്കനം ചെയ്യാൻ ക്ലേശിക്കേണ്ടിവന്നു. പദമധ്യത്തിലെ വർഗാക്ഷരങ്ങളുടെ ലിപ്യങ്കനവും പ്രശ്നമായി.

ഒരു വർഷത്തോളം ഗുണ്ടർട്ടിൻെറ ജോലി മുടങ്ങിപ്പോയി. 1867 ഫെബ്രുവരി 15-ന് ഗുണ്ടർട്ട് എഴുതി: *13-ന് ഉച്ചകഴിഞ്ഞ് ഞാൻ വീണ്ടും മലയാള നിഘണ്ടുവിലേക്കു മടങ്ങിവന്നു. ഇതിനിടയിൽ ഒത്തിരിക്കാര്യങ്ങൾ*

ഉണ്ടായിരുന്നു. പിന്നീട് വർധിതവീര്യനായി അദ്ദേഹം പ്രവർത്തിച്ചു. ഏഴു ദിവസത്തിനുള്ളിൽ പെ മുതൽ ഫ വരെയുള്ള ഭാഗം പൂർത്തിയാക്കി. അങ്ങനെ ഗുണ്ടർട്ട് വീണ്ടും മലയാള ലോകത്തിലായി.

1867 ഏപ്രിലിൽ പുത്രൻ സാമുവലിനുള്ള കത്തിൽ: *ഞാനിപ്പോൾ യകാരത്തിലാണ് നിൽക്കുന്നത്. ഇനി ശുദ്ധ മലയാള വർണങ്ങളിൽ വകാരം മാത്രമാണ് ശേഷിക്കുന്നത്.* അതേ കത്തിൻെറ മറെറാരു ഭാഗത്ത്: *അച്ചടി ഏറെ വൈകിപ്പോകുന്ന നിലയ്ക്ക് ഞാൻ എന്തിന് നിഘണ്ടു അയയ്ക്കണം. എഴുതിക്കഴിഞ്ഞതും എഴുതിക്കൊണ്ടിരിക്കുന്നതും താരതമ്യപ്പെടുത്തിനോക്കാമല്ലോ. മെയ് അവസാനമായപ്പോൾ ശകാര ഷകാരങ്ങൾ പൂർത്തിയായി.* ഇക്കാലത്തും അദ്ദേഹം പുതിയ പുസ്തകങ്ങൾ വായിച്ചു പൂർത്തിയായ ഭാഗങ്ങൾക്ക് അനുബന്ധം തയ്യാറാക്കിക്കൊണ്ടിരുന്നു. തല്ക്കാലം കൂടുതൽ ഭാഗങ്ങൾ അയയ്ക്കേണ്ടതില്ലാ എന്ന തീരുമാനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. മുഴുവൻ നിഘണ്ടുവും യൂറോപ്പിൽ അച്ചടിപ്പിച്ചാലോ എന്ന് ഇക്കാലത്ത് അദ്ദേഹം ചിന്തിക്കുന്നു. സാമുവലിനുള്ള കത്തിൽ: *നിഘണ്ടു ഇവിടെ അച്ചടിപ്പിച്ചാലോ എന്ന് ഞാൻ ആലോചിക്കുകയാണ്. ലണ്ടനിൽ നിന്നോ വിയന്നായിൽ നിന്നോ ടൈപ്പ് ലഭിച്ചേക്കും.* GM 14.6.67എന്നാൽ പിന്നീട് ആദ്യഭാഗം പുത്രൻ സാമുവൽ വഴി ഗുണ്ടർട്ട് മംഗലാപുരത്തേക്ക് അയച്ചു എന്നു വേണം കരുതാൻ. 1867 ജൂലൈ 1-ന് സാമുവലിന് എഴുതുന്നു: *നിഘണ്ടു മംഗലാപുരത്ത്. ഇത് വിചിത്രമായിരിക്കുന്നു. എനിക്കതു പോസ്ററിൽ അയച്ചുതരേണ്ട. നഷ്ടപ്പെടാനിടയുണ്ട്. അത് നിൻെറ പക്കൽ സൂക്ഷിക്കുക. ഞാൻ അടുത്ത കത്തിനോടൊപ്പം അയയ്ക്കുന്ന തിരുത്തലുകൾ കൂടി അതിൽ ചേർക്കുക.*

1867 അന്ത്യമായപ്പോൾ നിഘണ്ടു ഏറെക്കുറെ പൂർത്തിയായി. അടുത്ത വർഷം ഫെബ്രുവരിയിൽ എല്ലാം പൂർത്തിയാക്കണം എന്നായിരുന്നു കണക്കുകൂട്ടൽ. 1868 ഏപ്രിലിൽ അദ്ദേഹം പുത്രൻ സാമുവലിന് എഴുതി: *പെസഹാ വ്യാഴാഴ്ച (9.4.1868). നിഘണ്ടു പൂർത്തിയായതായി എനിക്കു രേഖപ്പെടുത്താനുള്ള ദിവസം അതാണ്. അത്രത്തോളം പിന്നിടാൻ കഴിഞ്ഞതിനു ദൈവത്തിനു സ്തുതി.* GM 15.4.68

അച്ചടിക്കുള്ള അനുമതി ബാസലിൽനിന്നു ലഭിക്കുമോ എന്നു സംശയിച്ചിരുന്നെങ്കിലും ആ നിർദേശം ഏതാനും മാസത്തിനുള്ളിൽ ഇന്ത്യയിലേക്ക് അയയ്ക്കാം എന്ന് ഇൻസ്പക്ടർ യോസൻഹാൻസ് അറിയിച്ചു. ഉത്സാഹ ഭരിതനായ ഗുണ്ടർട്ട് ഏതാനും പരിശിഷ്ടങ്ങൾകൂടി തയ്യാറാക്കി ഇന്ത്യയിലേക്കയച്ചു. *ഒരു പരിശിഷ്ടം ഞാനിപ്പോൾ അയയ്ക്കുന്നു. മററു ചിലതു കൂടി പിന്നാലെ വരുന്നുണ്ട്. ഡീസ് കൊണ്ടുവന്നുതന്നവ വായിക്കാൻ സമയം കിട്ടണം.* GM 15.7.68. പുതിയ പുസ്തകങ്ങൾ വായിച്ചു പുതിയ പദങ്ങളും അർഥവിശേഷങ്ങളും കണ്ടെത്തുകയാണ് ഗുണ്ടർട്ട്.

1869 ഏപ്രിലിൽ ബാസലിലെ മിഷൻ കമ്മിററി നിഘണ്ടു അച്ചടിക്കാൻ ഔപചാരിക അനുവാദം നൽകി. ഒന്നര വർഷത്തിനു ശേഷം നിഘണ്ടുവിൻെറ ആദ്യത്തെ പ്രൂഫ് ഗുണ്ടർട്ടിൻെറ കൈയിൽ

എത്തിച്ചേർന്നു: *നിഘണ്ടുവിൻെറ നാലു ഫോറം (4 × 16 = 64 പുറം) ഇന്ന് എനിക്കു കിട്ടി.* GM 21.11.70

1871 മാർച്ച് അവസാനത്തിൽ 128 പുറത്തിൻെറ അച്ചടി കഴിഞ്ഞു; ജൂലൈ മധ്യത്തിൽ 228 പുറം. ഒക്ടോബർ തുടക്കത്തിൽ നാല്പത്തഞ്ചാമത്തെ ഫോറം ലഭിച്ചു. ഇതിനിടയിൽ തൻെറ കൈയിലുണ്ടായിരുന്ന കൈയെഴുത്തുകൾ കൂടി ഗുണ്ടർട്ട് മംഗലാപുരത്തേക്ക് അയച്ചു കൊടുത്തു. എന്നാൽ യകാര വകാരങ്ങളടങ്ങുന്ന രണ്ടു കെട്ടുകൾ ബാസലിലെ മിഷൻ ഇൻസ്പക്ടറുടെ പക്കൽ ജൂൺ മുതൽ ഡിസംബർ വരെ കിടന്നുപോയി.

അച്ചടി പൂർത്തിയായപ്പോൾ

1872 നവംബറിൽ നിഘണ്ടു അച്ചടിച്ചു തീർന്നു. ആ സാഹസിക യത്നത്തെക്കുറിച്ച് ഗുണ്ടർട്ടിൻെറ പ്രതികരണം: *ദൈവസഹായമില്ലായിരുന്നെങ്കിൽ, ഈ പദ്ധതി തീർത്തും പരാജയപ്പെടുമായിരുന്നു. കൃതിയുടെ പത്തിലൊന്നു നഷ്ടപ്പെട്ടു പോയതാണ്. പക്ഷേ, അത് കരടുരൂപമായിരുന്നു. സാമുവലിൻെറ മേശപ്പുറത്തുവച്ച് എലികൾ ഒരു ഭാഗം കടിച്ചു കീറിക്കളഞ്ഞു. അത് ഒട്ടിച്ചു ശരിയാക്കി. അയയ്ക്കുന്നതിനിടയിൽ ഒരു വാല്യം നഷ്ടപ്പെട്ടുപോയിരുന്നെങ്കിൽ അതു വീണ്ടും എഴുതിയുണ്ടാക്കാൻ കഴിയുമായിരുന്നില്ല. കാരണം, കാൽവിൽ എന്നെ സഹായിക്കാൻ ആരും ഉണ്ടായിരുന്നില്ല. കരടിൻെറ രണ്ടു വാല്യങ്ങളുണ്ടായിരുന്ന ഒരു പെട്ടി ഒരിക്കൽ ഇററലിയിൽ കിടന്നുപോയി. ഒരു മാസത്തോളം അതങ്ങനെ ശ്രദ്ധിക്കപ്പെടാതെ കിടന്നു. എത്ര എളുപ്പത്തിൽ അത് നഷ്ടപ്പെടുമായിരുന്നു! ഇപ്പോൾ പിന്നോക്കം തിരിഞ്ഞു നോക്കുമ്പോൾ മുപ്പതു വർഷത്തിനിടയിൽ എന്തെല്ലാം കാര്യങ്ങളാണ് ഇണക്കിച്ചേർക്കേണ്ടി വന്നത് എന്നു കാണാൻ കഴിയുന്നു. ഇവയെല്ലാം തുടക്കത്തിൽ എനിക്ക് വിഭാവന ചെയ്യാൻ കഴിഞ്ഞിരുന്നില്ല.* GM 23.11.73

കളക്ടർ വില്യം റോബിൻസൺ ഗുണ്ടർട്ട് നിഘണ്ടുവിൻെറ അച്ചടിയിൽ തല്പരനായിരുന്നു. ഗുണ്ടർട്ട് എഴുതുന്നു: *മലയാളം നിഘണ്ടുവിന് റോബിൻസൺ 100 പൗണ്ട് സബ്സിഡിയായി നൽകുമെന്ന് അടുത്ത ദിവസങ്ങളിൽ ഞാൻ മനസ്സിലാക്കി. എനിക്കത് അത്യന്തം സന്തോഷകരമായി. ഞാൻ നൂറു കോപ്പി വാങ്ങി. അവ മദ്രാസ്, കൽക്കത്ത, ജർമനി എന്നിവിടങ്ങളിലേക്ക് അയയ്ക്കും.* GM 18.11.73

ഗുണ്ടർട്ട് നിഘണ്ടുവിനെക്കുറിച്ച് അതു പ്രസിദ്ധീകരിച്ച ഉടനെ ലണ്ടനിലെ ഇന്ത്യാ ഓഫീസ് ലൈബ്രേറിയൻ തയ്യാറാക്കിയ ഒരു കുറിപ്പിൽ നിന്ന്: *റവ. എച്ച്. ഗുണ്ടർട്ട് ഇപ്പോൾ പൂർത്തിയാക്കിയ മലയാള ഭാഷാ നിഘണ്ടു സ്റേററ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പ്രായോഗികമായി ഏററവും ഉപയോഗപ്രദവും ഭാഷാശാസ്ത്രപരമായി മികവുററതുമാണ് ഈ കൃതി....ഇരുപത്തിനാലു വർഷത്തെ അധ്വാനത്തിൻെറ ഫലമായ ഈ നിഘണ്ടുവിലെ പദാവലിയിൽ ഒരുഭാഗം വിവിധ കാലങ്ങളിൽ ഉണ്ടായിട്ടുള്ള ഭാഷാ സാഹിത്യകൃതികൾ സൂക്ഷ്മ*

പരിശോധന നടത്തി ശേഖരിച്ചിട്ടുള്ളതാണ്. മറെറാരു ഭാഗം മലബാർ തീരത്തെ വിവിധ വർഗക്കാരായ നാട്ടുകാരുമായി ഉണ്ടായ ഗാഢസമ്പർക്കത്തിലൂടെ ലഭിച്ചതാണ്. ഇതാദ്യമായി ഉത്തമ നിരുക്തി സിദ്ധാന്തങ്ങളും സഗോത്രഭാഷാപരാമർശങ്ങളും ഇങ്ങനെയൊരു കൃതിയിലുണ്ടാകുന്നു. അതിനാൽ ദ്രാവിഡ ഭാഷാ പഠനത്തിൽ ഇതിനു പ്രത്യേക പ്രാധാന്യമുണ്ട്. മറെറാരു ദ്രാവിഡ ഭാഷാ നിഘണ്ടുവിലും മറെറാരു നവീന ഭാരതീയ ഭാഷാ നിഘണ്ടുവിലും വാക്കുകളുടെ ചരിത്രവും ആഗമിക ബന്ധങ്ങളും ഇത്രത്തോളം വിശദമായി കാണുന്നില്ല. ദ്രാവിഡ ഭാഷാ നിഘണ്ടുക്കളുടെ ചരിത്രത്തിൽ നവയുഗത്തിൻെറ തുടക്കം കുറിക്കുന്നതും മറെറല്ലാ ഇന്ത്യൻ ഭാഷകളിലെയും നിഘണ്ടുക്കൾക്ക് മാതൃകയാകാവുന്നതുമാണ് വിജ്ഞേയമായ ഈ കൃതി.

ഇതിൻെറ മൊത്തം നിർമാണച്ചെലവ് (1500 കോപ്പിയുടെ കടലാസ്, കമ്പോസിങ്, ബയൻറിംഗ്) 8800 രൂപ വരും. ഇതു മുഴുവൻ ബാസൽ മിഷനാണ് വഹിക്കുന്നത്. ഇതിനു പുറമെയാണ് ഗ്രന്ഥകർത്താവിൻെറ സമയം, അധ്വാനം, അദ്ദേഹത്തിൻെറ സുഹൃത്തുക്കൾ അച്ചടിക്കാര്യത്തിൽ നൽകിയ സഹായം എന്നിവ.

ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് നിഘണ്ടുവിൻെറ നൂറു കോപ്പിയെങ്കിലും ഗവൺമെൻറ് വിലയ്ക്കു വാങ്ങി വിതരണം ചെയ്യണം എന്നാണ് ലൈബ്രേറിയൻെറ ശുപാർശ. 1873 ജൂലൈ 21-നു നൽകിയ ശുപാർശ 1873 സെപ്ററംബർ 16-നു ലണ്ടനിലെ ഇന്ത്യാ ഓഫീസ് അംഗീകരിച്ചു. അതനുസരിച്ച് നിഘണ്ടുവിൻെറ നൂറു കോപ്പി സർക്കാർ വിലയ്ക്കു വാങ്ങി വിതരണം ചെയ്യുകയും നൂറു പൗണ്ട് ബാസൽ മിഷൻ സംഘത്തിന് പ്രത്യേക ഗ്രാൻറായി നൽകുകയും ചെയ്തു.

ഗുണ്ടർട്ടിൻെറ ജീവചരിത്രത്തിൽ കാൾ ഫ്രോൺമേയർ (സ്ററുട്ഗാർട്, 1955, പുറം 14) എഴുതുന്നു: *അദ്ദേഹം (ഗുണ്ടർട്ട്) തുടർന്ന് നിഘണ്ടുവിൻെറ പകർപ്പിൽ വാക്കുകൾ എഴുതിച്ചേർത്തുകൊണ്ടിരുന്നു. 1116 പേജുള്ള ഈ പുസ്തകം സ്വന്തം കൈപ്പടയിലുള്ള തിരുത്തലുകളോടും ചേർപ്പുകളോടും കൂടി അവശേഷിപ്പിച്ചിട്ടുണ്ട്.*

18

കർത്തവ്യനിരതനായിക്കഴിയുമ്പോൾ...

ഇന്ത്യയിൽനിന്ന് ഇരുപതു വർഷത്തിനു ശേഷം മടങ്ങിയെത്തിയ ഗുണ്ടർട്ട് ജന്മദേശത്തു കണ്ട ക്രൈസ്തവ സമൂഹത്തിന് സാരമായ മാററങ്ങളുണ്ടായിരുന്നു. ഭക്തിപ്രസ്ഥാനം പുതിയ വെല്ലുവിളികൾ നേരിടാൻ കഴിയാതെ കുഴഞ്ഞു. സഭയിലല്ല, പലസ്തീനിലാണ് രക്ഷാകേന്ദ്രം എന്നു കരുതിയിരുന്നവർ തെക്കൻ ജർമനിയിൽ വർധിച്ചുവന്നു. സാമുവേൽ ഹേബിക്കിനെ ആദരിച്ചിരുന്നവർ ഒരു പ്രത്യേക വിഭാഗമായി നിലനിൽക്കാൻ ആഗ്രഹിച്ചു.

ബാഹ്യമായ മതാത്മകതയിൽ ഏറെ ഭ്രമിക്കരുതെന്ന അഭിപ്രായക്കാരനായിരുന്നു ഗുണ്ടർട്ട്. നവ്യഹൃദയം നേടുക എന്ന സന്ദേശമാണ് അദ്ദേഹം ഊന്നിപ്പറഞ്ഞത്. മൂത്തമകൻ ഹെർമന്ന് എഴുതുന്നു:

നമ്മുടെ സഭ, അതുമാത്രമാണ് സഭ എന്നു പറഞ്ഞുകൂടാ. എന്നാൽ, യേശു അതിലുണ്ട്. മൊത്തത്തിൽപ്പറഞ്ഞാൽ മറെറാരു സഭയ്ക്കു കൂടുതലൊന്നും നൽകാനാവില്ല. ചില കത്തോലിക്കരെ ചില പ്രൊട്ടസ്ററൻറുകാരെക്കാൾ ഞാൻ സ്നേഹിക്കുന്നുണ്ട്. എന്നാൽ, അവരല്ല അവരുടെ സഭകൾ. ഓരോ ക്രൈസ്തവ സമൂഹത്തിലും ക്രിസ്തുവിനു കൂടുതൽ സ്ഥാനം ലഭിക്കേണ്ടിയിരിക്കുന്നു. ഇങ്ങയൊയാൽ പോരായ്മകൾ നമുക്കു മറക്കാം. GM 30.11.67

ഇന്ത്യൻ സഭയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ ദർശനവും വ്യത്യസ്ഥമായിരുന്നില്ല: *ക്രിസ്തുവിനു വേണ്ടി ഇന്ത്യയിൽ ഒരു ചെറിയ സമൂഹത്തെ രൂപപ്പെടുത്തുക; നവ്യഹൃദയവും ഉണർവുമുള്ള ഈ സമൂഹമായിരിക്കണം ഇന്ത്യൻ സഭയുടെ ഹൃദയം. ഇന്ത്യൻ ക്രൈസ്തവർ നല്ലവരാണെങ്കിൽ ക്രൈസ്തവേതരരുടെ നന്മയ്ക്ക് അവർ ഉപകരിക്കും* എന്ന് മകൻ ഫ്രീഡറിക്കിന് മംഗലാപുരത്തേക്ക് 1869 ജൂൺ 29-ന് എഴുതുന്നതിൻെറ വ്യംഗ്യവും ഇതു തന്നെ.

രാഷ്ട്രീയവും മതപരവുമായ കാര്യങ്ങളിൽ അഭിപ്രായപ്രകടനം നടത്താൻ ഗുണ്ടർട്ട് ഒരുമ്പെട്ടിരുന്നു. പരസ്പരം പൊരുത്തപ്പെട്ടുപോകേണ്ട ശക്തികളായിട്ടാണ് മതത്തെയും രാഷ്ട്രീയത്തെയും ഗുണ്ടർട്ട് ദർശിച്ചത്.

ജർമനിയും ഫ്രാൻസും തമ്മിൽ യുദ്ധമുണ്ടായപ്പോൾ (1870) യാഥാ

സ്ഥിതിക പാരമ്പര്യമനുസരിച്ച് പ്രഷ്യയുടെ പക്ഷത്തായിരുന്നു അദ്ദേഹം. എന്നാൽ ജർമൻ പടയാളികളുടെ മദ്യപിച്ചുള്ള കൂത്താട്ടത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു. ഇതിന് കടുത്ത പ്രതികരണമുണ്ടായി. ഇത് മദ്യപരെ ആകമാനം ചൊടിപ്പിച്ചു. ബീയർ വിളമ്പുന്ന റെസ്റേറാറൻറുകളിൽ സമ്മേളിച്ച് ദീർഘനേരം ചർച്ചകൾ നടത്തിയിരുന്ന സോഷ്യലിസ്ററുകൾക്കും ഇത് അഹിതകരമായി.അവർ പ്രഷ്യയ്ക്ക് എതിരായിരുന്നു. ഗുണ്ടർട്ട് പ്രസംഗിക്കുന്ന പള്ളിയിൽ പോകയില്ല എന്ന് ഒരു വിഭാഗം ആളുകൾ പത്രപംക്തിയിലൂടെ പ്രഖ്യാപിച്ചു. ഗുണ്ടർട്ടിനെ അനുകൂലിക്കാനും ധാരാളം പേരുണ്ടായി. ബിസ്മാർക്കിൻെറ നേതൃത്വത്തിലുള്ള പ്രഷ്യൻപട യുദ്ധം ജയിച്ചതോടെ പ്രശ്നങ്ങൾ അവസാനിച്ചു.

ജർമനിയിലെ നിരന്തരമായ പ്രവർത്തനങ്ങൾക്കിടയിലും ഇന്ത്യയിലെ വിവിധ മിഷൻ കേന്ദ്രങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു ലോകത്തിന് നൽകുന്ന കാര്യത്തിൽ ഗുണ്ടർട്ട് ഉത്സുകനായിരുന്നു.

1866 മെയ് 8-13 വരെ ഉത്തരജർമനിയിലെ കടൽത്തീരത്തുള്ള ബ്രേമനിൽ നടന്ന പൊതു മിഷണറി കോൺഫറൻസിൽ ബൈബിൾ പരിഭാഷയെക്കുറിച്ചു പ്രബന്ധം അവതരിപ്പിച്ചത് ഗുണ്ടർട്ടാണ്. പല മിഷൻമാസികകളും ഈ പ്രബന്ധം അച്ചടിക്കുകയുണ്ടായി.

1877-ൽ കാൽവർ ഫെർലാഗിൻെറ ഒരു ശാഖ സ്ററുട്ഗാർട്ടിൽ ആരംഭിച്ചു. പുത്രനായ ഡേവിഡ് ഗുണ്ടർട്ടിനായിരുന്നു ഇതിൻെറ ചുമതല. ബൈബിൾ ലക്സിക്കൺപോലുള്ള മൗലിക ഗ്രന്ഥങ്ങൾ ഇവിടെ നിന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. അവർ 1886-ൽ ഫ്രാങ്ക്ഫർട്ടിലെ ഒരു പുസ്തകശാലകൂടി വിലയ്ക്കു വാങ്ങി.

1873 ഡിസംബർ മുതൽ യൊഹാനസ് ഹെസ്സേ ഗുണ്ടർട്ടിൻെറ സഹായിയായി വന്നു. 1874 നവംബർ 22-ന് ഗുണ്ടർട്ടിൻെറ പുത്രി മാറിയെ ഹെസ്സേ വിവാഹം കഴിച്ചു. ഈസൻബർഗ് എന്ന മിഷണറിയുടെ വിധവയായിരുന്നു മാറി. 1877 ജൂലൈ 13-ാം തീയതിയിലെ ഗുണ്ടർട്ടിൻെറ ഡയറിക്കുറിപ്പിൽ: *മാറി ഒരു കൊച്ചു ഹെർമനെ പ്രസവിച്ചതായി ഞാൻ അറിഞ്ഞു. ജൂലൈ 2 വൈകുന്നേരം 7 മണി. ആരോഗ്യവാനായി അവൻ വളരുന്നു.* ഈ ശിശുവാണ് വിശ്വവിശ്രുതനും നോബൽ സമ്മാന ജേതാവുമായ ഹെർമൻ ഹെസ്സേ എന്ന മഹാ സാഹിത്യകാരൻ.

ഗുണ്ടർട്ടിൻെറ പുത്രനായ ഫ്രീഡറിക് കാൽവിൽ പാർപ്പുറപ്പിച്ചു. കാൽവിലെ പ്രശസ്ത പൗരനായിരുന്ന മോറിസ് ഹെർമൻെറ (Moris Hermann) പുത്രിയെ വിവാഹം കഴിച്ചു. സ്ററയിൻ ഭവനത്തിലാണ് അയാൾ താമസിച്ചിരുന്നത്. അന്നുമുതൽ ഇന്നോളം കാൽവിൽ ഗുണ്ടർട്ട് പാരമ്പര്യവും സ്ററയിൻ ഹൗസും ബന്ധപ്പെട്ടാണ് കഴിയുന്നത്.

എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം ഞങ്ങൾ സ്ററയിൻ ഭവനത്തിലെത്തി അവിടെ ഒമ്പതു മണിവരെ കഴിച്ചു കൂട്ടുന്നു GM 3.3.74 എന്ന് ഗുണ്ടർട്ട് ഒരു കത്തിൽ രേഖപ്പെടുത്തിക്കാണുന്നു.

പുത്രനായ പൗലിൻെറ മരണം (1871 ഫെബ്രുവരി 22) ഗുണ്ടർട്ടിനെ വല്ലാതെ ഉലച്ചു. ക്യാൻസറിൻെറ വേദനയ്ക്കു കീഴടങ്ങിക്കൊണ്ടിരുന്ന

പുത്രന് ആശ്വാസം പകരാൻ നാലു മാസത്തോളം കൂടെക്കൂടെ ഗുണ്ടർട്ട് സ്ററുട്ഗാർട്ടിലേക്കു പൊയ്ക്കൊണ്ടിരുന്നു. കേരളത്തിൽ മിഷണറിയായിരുന്ന സാമുവൽ ആകസ്മികമായി, 1880 മെയ് 8-ന് അന്തരിച്ചു. ഭാര്യ ജൂലി ഗുണ്ടർട്ട് 1885 സെപ്റ്റംബർ 18-ന് യാത്രയായി. ഗുണ്ടർട്ട് അനുസ്മരിക്കുന്നു: *സത്യം പറഞ്ഞാൽ, അവൾ എന്റെ ബാഹ്യ ജീവിതത്തിൽ മാത്രമല്ല, ആധ്യാത്മിക ജീവിതത്തിലും തുണയായിരുന്നു. ഞാൻ അവൾക്ക് എന്നതിലധികം അവൾ എനിക്കുപകരിച്ചു. അവൾ ഒരിക്കലും മതപ്രസംഗം നടത്തിയിട്ടില്ല. പക്ഷേ, തെററായ ഒന്നിനെയും അവൾ വിമർശിക്കാതെയിരുന്നിട്ടില്ല. അങ്ങനെതന്നെ തന്റെ തെററുകളെയും വിമർശിക്കണമെന്ന് അവൾ മററുള്ളവരോട് അഭ്യർഥിച്ചിരുന്നു. മംഗലാപുരത്തും കോഴിക്കോട്ടുമെല്ലാം അവൾ ഒരേ മട്ടിലായിരുന്നു.*

കർത്തവ്യനിരതനായിക്കഴിയുമ്പോൾ മരിക്കാൻ കഴിഞ്ഞെങ്കിൽ എന്ന് ഗുണ്ടർട്ട് ആഗ്രഹിച്ചിരുന്നു. എന്നാൽ ഇത് സംഭവിച്ചില്ല. അന്ത്യകാലത്ത് തീരെ അവശനിലയിൽ കിടക്കയിൽ കഴിയേണ്ടിവന്നു. ജൂലി ഗുണ്ടർട്ടിന്റെ മരണശേഷം കാൽവിൽ താമസിച്ചിരുന്ന പുത്രി മാറിയും പുത്രൻ ഫ്രീഡറിക്കും അവരുടെ കുടുംബാംഗങ്ങളും ഗുണ്ടർട്ടിന്റെ കാര്യങ്ങളിൽ ഏറെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മരണംവരെ ഗ്രീക്കുഭാഷയിലുള്ള പുതിയ നിയമം മുടങ്ങാതെ വായിച്ചിരുന്നു. മരിക്കുമ്പോൾ കിടപ്പുമുറിയിലെ മേശപ്പുറത്തുണ്ടായിരുന്നത് ഗ്രീക്കു ബൈബിളും ഹോമറുടെ കൃതികളുമാണ്.

പുത്രി മാറിയുടെ ഡയറിക്കുറിപ്പ്:

ഈ വർഷം ഞങ്ങളുടെ ഹൃദയേശ്വരനായ പിതാവിനെ ദൈവം കൂട്ടിക്കൊണ്ടുപോയി. നികത്താനാവാത്ത വിടവാണത്. എന്റെ മാതാപിതാക്കൾ തികഞ്ഞ അടുപ്പത്തിലാണ് കഴിഞ്ഞിരുന്നതെന്ന് ഞാൻ ഓർമിക്കുന്നു. ഏപ്രിൽ 8-ന് പപ്പാ തീർത്തും ക്ഷീണിതനായിരുന്നു. അന്ന് കൊച്ചുമക്കളായ ഫ്രീഡയോടും ഹെന്നിയോടും ഇങ്ങനെ പറഞ്ഞു: നിങ്ങളുടെ മുത്തച്ഛൻ ഒട്ടുവൈകാതെ ഒരു ദീർഘയാത്രയ്ക്കു പുറപ്പെട്ടേക്കും. പതിനാലാം തീയതി തന്റെ അന്ത്യ ദിനങ്ങൾ അടുത്തതായി മനസ്സിലാക്കിയ പപ്പാ മരണാസന്നനെപ്പോലെ പ്രാർഥിച്ചു...സ്ഥിരീകരണ ദിനത്തിൽ പപ്പാ അത്യന്തം ഉല്ലാസവാനായിരുന്നു. സ്വീകരണമുറിയിൽ ഇരുന്ന് സമ്മാനമായിക്കിട്ടിയ കൈതച്ചക്കയുടെ കഷണങ്ങൾ എല്ലാവർക്കും വിതരണം ചെയ്തു. 18-ാം തീയതി ഒരു കത്ത് പറഞ്ഞുകൊടുത്തെഴുതിച്ചു. ഞാൻ പപ്പായെ 19-ാം തീയതി കാലത്ത് സാധാരണ നിലയിൽ കണ്ടു. ഉച്ചകഴിഞ്ഞ് ഒരു ചാരുകസേരയിൽ രണ്ടു മണിക്കൂറോളം കഴിച്ചു കൂട്ടിയപ്പോൾ വലിയ ക്ഷീണവും പനിയും അനുഭവപ്പെട്ടു. അസ്വസ്ഥത*

---

*ഗുണ്ടർട്ടിന്റെ ഡയറിയിൽ അന്തിമമായി രേഖപ്പെടുത്തിക്കാണുന്ന ദിവസമാണിത്. അന്ന് ഫ്രീഡറിക്കിന്റെ കൊച്ചു മകളായ ഹിൽഡയും മരിച്ചുപോയ പുത്രൻ സാമുവലിന്റെ പുത്രി ആഗ്നസും സ്ഥിരീകരണം സ്വീകരിച്ചു.

വർധിച്ചു, വിശപ്പില്ലാതായി. പാതിരാത്രി കഴിഞ്ഞപ്പോൾ വിയർത്തു. പിന്നെ ഉറങ്ങി. കാലത്ത് മയക്കവും പനിയും ഉണ്ടായിരുന്നു. എങ്കിലും അല്പം പുക വലിച്ചു. മാത്രമല്ല, ഞാൻ കടന്നു ചെന്നപ്പോൾ ചിരിക്കയും ചെയ്തു. എന്തോ വായിക്കുന്നുമുണ്ടായിരുന്നു. അധികം കഴിയും മുമ്പ് ക്ഷീണവും പനിയും വർധിച്ചു മയക്കത്തിലായി.

ഏപ്രിൽ 21 വെള്ളി: ചൂടേറിയ വേനൽ. തുറന്നു കിടക്കുന്ന ജനലിലൂടെ ഏറെ ശബ്ദം മുറിയിലേക്കു കടന്നു വന്നു. ഞങ്ങളുടെ പ്രിയപ്പെട്ട രോഗി പനിയുടെ മയക്കത്തിലാണ്. അത്താഴം കഴിഞ്ഞ് ഞങ്ങൾ പപ്പായുടെ കിടക്കയ്ക്കു ചുററും നിന്നു. ഫ്രീഡറിക് 23-ാം സങ്കീർത്തനം ഉറക്കെ വായിച്ചു. വായന പൂർത്തിയാക്കിയപ്പോൾ പപ്പാ വ്യക്തമായി ഊന്നൽ കൊടുത്തു പറഞ്ഞു: അതേ, കർത്താവേ ഞങ്ങൾ ഇപ്പോഴും എപ്പോഴും നിൻെറ ഭവനത്തിൽ വസിക്കും എന്നു സ്ഥിരീകരിക്കൂ......! വികാരാധീനരായ ഞങ്ങളുടെ മുഖത്തേക്ക് പപ്പാ അത്ഭുതത്തോടുകൂടി നോക്കി. നിരുപാധികമായ ആനന്ദത്തിൻെറ പ്രകാശവീചി അദ്ദേഹത്തിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടു. പിതൃഗൃഹത്തിലേക്കുള്ള യാത്ര അടുത്തു. യൊഹാൻ പ്രാർഥന നടത്തി. പിന്നീട് പപ്പാ വലിയ വേദന അനുഭവിക്കുന്നതുപോലെ തോന്നി. യൊഹാൻ സങ്കടത്തോടു കൂടി പറഞ്ഞു: ഞങ്ങൾക്ക് അങ്ങയെ സഹായിക്കാനാവില്ല; എന്നാൽ അങ്ങയെ സഹായിക്കാൻ ഒരാളുണ്ട്. അപ്പോൾ പ്രിയപ്പെട്ട പപ്പാ മുഖം നിറയെ ചിരിച്ചു..... കൊച്ചുമകൾ ജൂലിയും ഫ്രീഡറിക്കും രാത്രി മുഴുവൻ അവിടെ തങ്ങി.*

ഒരിക്കൽ പപ്പാ പറഞ്ഞു: ഇപ്പോൾ ഞാൻ എൻെറ യാത്രയ്ക്കുള്ളത് ഒരുക്കണം. മററൊരവസരത്തിൽ പ്രാർഥനയ്ക്കിടയിൽപ്പറഞ്ഞു: എൻെറ ഭാരം നീക്കിക്കളയണമേ. ഫ്രീഡറിക് ബൈബിൾ ഭാഗങ്ങൾ വായിച്ചു കൊണ്ടിരുന്നു. അതിനിടെ പപ്പാ പരിക്ഷീണങ്ങളായ കണ്ണുകൾ തുറക്കാൻ ശ്രമിച്ചു. അപ്പോൾ ഞങ്ങൾ ഒരു ഗീതം ആലപിച്ചു. പപ്പായും ഞങ്ങളോടു ചേർന്ന് മുഴക്കത്തിൽപ്പാടി. ഒരു തരം പുഞ്ചിരി ആ മുഖത്ത് സഞ്ചരിക്കുന്നുണ്ടായിരുന്നു. അന്തിമ വിയർപ്പ് നെററിത്തടത്തിൽ കണ്ടു. വെളുപ്പിന് രണ്ടു മണിക്ക് ദീർഘശ്വാസം ആരംഭിച്ചു. ഇടയ്ക്കിടെ കർത്താവേ, കർത്താവേ എന്നു പറയുന്നതുപോലെ തോന്നി. ശ്വാസഗതി വർദ്ധിച്ചുകൊണ്ടിരുന്നു. ഈ ജീർണകുടീരത്തിൽ നിന്നുള്ള പപ്പായുടെ മോചനത്തിൽ ഞങ്ങൾ ആനന്ദിച്ചു. വെളുപ്പിന് 4.30-ന് കർത്താവ് തൻെറ ദാസനെ സ്വഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

ഏപ്രിൽ 25 ചൊവ്വ: പപ്പായുടെ രക്ഷാദിനമായിരുന്നു. അമ്മയുടെ മരണത്തിനു ശേഷം 7 വർഷവും 7 മാസവും 7 ദിവസവും കഴിഞ്ഞു!

(Marie Hesse : പുത്രിയായ അഡേല ഗുണ്ടർട്ട് ഡയറിയും കത്തുകളും അവലംബമാക്കി രചിച്ച ജീവിത കഥ. David Gundert Verlag 1934, Stuttgart :229-231)

---

* യൊഹാനസ് ഹെസ്സേ.

Worte am Grabe

des

Hermann Gundert, Dr. ph.

Geboren den 4. Februar 1814. — Gestorben den 25. April 1893.

Beerdigt den 27. April 1893 in Calw.

Gesprochen

von

Dekan P. Braun.

ഗുണ്ടർട്ടിന്റെ ശവസംസ്കാര ദിനത്തിലെ (ഏപ്രിൽ 27, 1893) പ്രസംഗങ്ങൾ
പുസ്തക രൂപത്തിൽ

കാൽവിലെ കുടുംബക്കല്ലറ 1893-ൽ; ഹെർമൻ ഹെസ്സേയുടെ പ്രിയങ്കരനായ
ചിത്രകാരൻ ബ്യോഹ്മർ വരച്ചത്

1893 ഏപ്രിൽ 27-ന് കാൽവിലെ സിമിത്തേരിയിൽ കുടുംബക്കല്ലറയിൽ ഗുണ്ടർട്ടിന്റെ ഭൗതികാവശിഷ്ടം സംസ്കരിച്ചു. അന്ന് ബാസൽമിഷൻ പ്രതിനിധിയടക്കമുള്ളവർ കുഴിമാടത്തിങ്കൽ ചെയ്ത പ്രസംഗങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാൽവിലെ സിമിത്തേരിയിൽ ഇപ്പോഴും ഭംഗിയായി പരിരക്ഷിക്കപ്പെടുന്ന ആ കുടുംബക്കല്ലറയ്ക്കു മുകളിൽ ഗുണ്ടർട്ടിന്റെയും ജൂലി ഗുണ്ടർട്ടിന്റെയും മാറിയുടെയും നാമങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു.

19

സാമാന്യാവലോകനം

കത്തുകൾ, ഡയറിക്കുറിപ്പുകൾ

മലബാറിൽനിന്നു ജന്മദേശത്തേക്ക് ഗുണ്ടർട്ട് അയച്ച ചില കത്തുകൾ ഈ ഗ്രന്ഥത്തിലൂടെ വായനക്കാർ പരിചയപ്പെട്ടിരിക്കുമല്ലോ. കാൽവിൽ ചെന്നെത്തിയശേഷം ലോകത്തിൻെറ നാനാഭാഗങ്ങളിലേക്ക് അയച്ച കത്തുകളിൽ കുറെയെല്ലാം ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുത്രന്മാർക്കയച്ച കത്തുകൾ ഏറെക്കുറെ പൂർണമായി വീണ്ടെടുക്കാൻ കഴിഞ്ഞു. പിതാവിൻെറ കത്തുകൾ ശേഖരിച്ചു പകർത്തിയെടുക്കുന്നതിലും ചിലതെല്ലാം അച്ചടിപ്പിക്കുന്നതിലും പുത്രന്മാർ താൽപര്യം കാണിച്ചു. പുത്രി മാറിയുടെ ഭർത്താവ് യൊഹാനസ് ഹെസ്സേയും (നോബൽ സമ്മാന ജേതാവായ ഹെർമൻ ഹെസ്സേയുടെ പിതാവ്) ഇക്കാര്യത്തിൽ താൽപര്യമെടുത്തു. ഗുണ്ടർട്ടിൻെറ തിരഞ്ഞെടുത്ത കത്തുകൾ 1900, 1907 എന്നീ വർഷങ്ങളിൽ പുസ്തകരൂപത്തിൽ സ്ററുട്ഗാർട്ടിൽനിന്നു പ്രസിദ്ധീകരിക്കയുണ്ടായി. പുത്രനായ പൗലിനയച്ച കത്തുകൾ മററൊരു പുത്രനായ ഡേവിഡ് 1930-ൽ സ്ററുട്ഗാർട്ടിൽ അച്ചടിച്ചു.

സ്വിററ്സർലണ്ടിലെ ബാസൽ മിഷൻ രേഖാലയത്തിൽ മലബാറിലെ മിഷണറിമാർ അയച്ച അനേകായിരം കത്തുകൾ സൂക്ഷിച്ചിരിക്കുന്നു. 1839-1893 വരെയുള്ള ഫയലുകളിൽ ഗുണ്ടർട്ടിൻെറ കത്തുകളുണ്ട്. ജർമൻ ഭാഷയിലുള്ള ഈ കത്തുകൾ സാഹസികരായ ഗവേഷകരെ കാത്തിരിക്കുന്നു. ബാസലിലെ കത്തുകൾ GB എന്ന ചുരുക്കെഴുത്തുകൊണ്ടാണ് ഈ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്നത്.

ഗുണ്ടർട്ട് കുടുംബത്തിലെ അംഗങ്ങൾക്കു ലഭിച്ച കത്തുകൾ സ്ററുട്ഗാർട്ടിനടുത്തുള്ള മാർബഹായിലെ ഷില്ലർ സ്മാരക ജർമൻ സാഹിത്യ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അവയിൽ നിന്ന് 8000 കത്തുകൾ 13000 പേജുകളിലായി പകർത്തിയെടുത്തിരിക്കുന്നു. ആ ജോലി തുടരുകയാണ്. മാർബഹായിലെ കത്തുകൾ GM എന്ന ചുരുക്കെഴുത്തു കൊണ്ട് ഈ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു.

ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്: ഹെർമൻ ഗുണ്ടർട്ട് മലയാളത്തിൽ കത്തിടപാടുകൾ നടത്തിയിരുന്നില്ലേ? നിശ്ചയമായും

അനേകം മലയാളികളുമായി മലയാളഭാഷയിൽ അദ്ദേഹം എഴുത്തുകുത്തുകൾ നടത്തിയിരിക്കണം. എന്നാൽ അത്തരം കത്തുകൾ ഏറെയൊന്നും ഇപ്പോൾ ലഭ്യമല്ല. 1856-ൽ പൗൽ ഇട്ടിരാച്ചൻ എന്ന നാട്ടുകാരന് എഴുതിയ കത്ത് ഡയറിയിൽ കാണാം (Frenz, 1983 പു. 329-332 നോക്കുക). ജർമനിയിലേക്കു മടങ്ങിപ്പോയ ഗുണ്ടർട്ടിന് ബാസൽമിഷനിലെ പ്രമുഖരായ അംഗങ്ങൾ അയച്ച ചില കത്തുകൾ മാർബഹായിലുണ്ട്. പ്രതിപാദ്യത്തിലോ പ്രതിപാദനത്തിലോ ശ്രദ്ധേയതയില്ലാത്ത വെറും കത്തുകളാണ് അവ. ഗുണ്ടർട്ടും ഫ്രോൺമേയറും തമ്മിലുള്ള കത്തിടപാടുകളിൽ ധാരാളം മലയാള വാക്കുകൾ കാണുന്നുണ്ട്. എങ്കിലും അവർ തമ്മിലുള്ള കത്തിടപാടിന്റെ മുഖ്യമാധ്യമം ജർമൻ ഭാഷയായിരുന്നു.

ഗുണ്ടർട്ടിന്റെ ഡയറിക്കുറിപ്പുകളും അനുബന്ധരേഖകളും മൂന്നു വാല്യമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലബാറിലെയും കാൽവിലെയും വൃത്താന്തങ്ങൾ ഓരോ വാല്യമായും അനുബന്ധരേഖകൾ മറ്റൊരു വാല്യമായും അവതരിപ്പിച്ചിരിക്കുന്നു. ജർമൻ ഭാഷയിലാണ് കുറിപ്പുകൾ. എന്നാൽ അങ്ങിങ്ങ് ഇംഗ്ലീഷിലുള്ള കത്തുകളും ഉദ്ധരണികളും കാണാം. മലയാള വാക്കുകൾ മലയാള ലിപിയിൽ പല സ്ഥലങ്ങളിലും ചേർത്തിട്ടുണ്ട്.

കത്തുകളിലും ഡയറിയിലും തനിക്കു സുപരിചിതമായ കാര്യങ്ങളെക്കുറിച്ചു ചുരുങ്ങിയ വാക്കുകളിൽ ഗുണ്ടർട്ട് കുറിപ്പുകളെഴുതുന്നു. ഇവയെല്ലാം വായിച്ചു മനസ്സിലാക്കാൻ ഏറെ ക്ഷമയും ജിജ്ഞാസയും കൂടിയേ തീരൂ. ദേശചരിത്രം, സമുദായ ചരിത്രം, ഭാഷാശാസ്ത്രം, ദൈവശാസ്ത്രം എന്നിങ്ങനെ വൈവിധ്യമാർന്ന വിജ്ഞാനമണ്ഡലങ്ങളിൽ സജീവ താൽപര്യം പുലർത്തിയ ഒരു ബഹുമുഖ പ്രതിഭാശാലിയുടെ മനസ്സിന്റെ നിറഭേദങ്ങൾ പ്രതിഫലിപ്പിക്കുന്ന ഡയറിക്കുറിപ്പുകളും കത്തുകളും ഗവേഷകനു വെല്ലുവിളിയായി പരിണമിച്ചിരിക്കുന്നു. ഗുണ്ടർട്ടിന്റെ ഭാഷയിലുമുണ്ട് ചില അപകടങ്ങൾ. അനേകം ഭാഷകൾ നിരായാസം കൈകാര്യം ചെയ്തിരുന്ന അദ്ദേഹം സങ്കൽപനങ്ങൾ കൃത്യമായി പുനരവതരിപ്പിക്കാൻ വിവിധഭാഷകളിലെ പദാവലികൾ ഉപയോഗിക്കാറുണ്ട്. സംസ്കൃതവും ഹീബ്രുവും ഗ്രീക്കും തമിഴും മലയാളവും ജർമൻ ഭാഷയിലുള്ള കുറിപ്പുകളിൽ കാണാം.

ഒരു മഹാപുരുഷനെ അടുത്തറിയാൻ കത്തുകളിലൂടെയും ഡയറിക്കുറിപ്പുകളിലൂടെയും നടത്തുന്ന തീർഥാടനം ക്ലേശകരമെങ്കിലും അഭികാമ്യമാണ്. ഇവയിലൂടെ സഞ്ചരിക്കുമ്പോൾ മനസ്സിനു സാഹസികാഭിമുഖ്യവും ബുദ്ധിക്കു സഫലതാബോധവും ആത്മാവിനു കൃതാർഥതയും ഉണ്ടാകുന്നു.

അച്ചടിച്ച കത്തുകളും ഡയറിക്കുറിപ്പുകളും

Aus dem Briefnachlass von Dr. Hermann Gundert [എഡിറ്റർ: Johannes Hesse/Calwer Verlagsverein], Calw & Stuttgart 1907, 560; Aus Dr. Hermann Gundert's Briefnachlass Stuttgart 1900, 423

Briefe an Paul, [എഡിറ്റർ: David Gundert], Stuttgart 1930, 125

Calwer Tagebuch 1859-1893, എഡിറ്റർ: Albrecht Frenz, Stuttgart 1986, 671 ചുരുക്കെഴുത്ത്: CT

Schriften und Berichte aus Malabar, എഡിറ്റർ: Albrecht Frenz, Stuttgart 1983, XVI + 263 ചുരുക്കെഴുത്ത് : SB

Schriftgedanken auf alle Tage des Jahres, എഡിറ്റർ: Haering / Calwer Verlagsverein, Calw & Stuttgart 1906, 376

Tagebuch aus Malabar 1837-1859, എഡിറ്റർ: Albrecht Frenz, Stuttgart 1983, XXIV +399 ചുരുക്കെഴുത്ത് : TM

മലയാളകൃതികൾ

ഗുണ്ടർട്ടിൻെറ പുസ്തകങ്ങളെപ്പററി ഡയറിക്കുറിപ്പിൽനിന്നും കത്തുകളിൽ നിന്നും ചില വിവരങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഒരു സമ്പൂർണ പട്ടിക തയ്യാറാക്കാൻ അവ മതിയാകുകയില്ല. അദ്ദേഹത്തെക്കുറിച്ചുള്ള ജീവചരിത്രപരമായ പരാമർശങ്ങളിലും അപൂർണമായ പട്ടികയേ കാണുന്നുള്ളൂ, ഇതിനുള്ള കാരണം എ.ഡി. ഹരിശർമ ചൂണ്ടിക്കാണിക്കുന്നു: *ഡോക്ടർ ഗുണ്ടർട്ട്, താനൊരു സാഹിത്യകാരനാണെന്നു വിചാരിച്ചിരുന്നില്ല; ഒരു മിഷ്യനറിയാണ് എന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരവും വിശ്വാസവുമെന്ന് എത്ര പ്രാവശ്യം പറഞ്ഞാലും അധികപ്പററാവുകയില്ല. ഗുണ്ടർട്ടിൻെറ സാഹിത്യകൃതികൾ സുവിശേഷവേലയ്ക്കുള്ള ഉപാധികൾ മാത്രമാണെന്നേ അദ്ദേഹവും മററു മിഷ്യനറിമാരും വിചാരിച്ചിരുന്നുള്ളൂ. അതുകൊണ്ടുതന്നെയാണ് മലയാളത്തിലും ജർമൻ ഭാഷയിലുമുള്ള അദ്ദേഹത്തിൻെറ ജീവചരിത്രങ്ങളിൽ സാഹിത്യകൃതികളെപ്പററി കാര്യമായൊന്നും പ്രസ്താവിക്കാത്തത്. വളരെ പ്രസിദ്ധിപെററ നിഘണ്ടുവിനെക്കുറിച്ചുപോലും സാമാന്യം ദീർഘമായ ഒരു ജീവചരിത്രത്തിൽ രണ്ടേ രണ്ടു വാക്യങ്ങൾ മാത്രമേ ഉള്ളൂ. തൽഫലമായി ഗുണ്ടർട്ടിൻെറ എല്ലാ പുസ്തകങ്ങളെപ്പററിയും ശരിയായ വിവരം ലഭിക്കാൻ പ്രയാസം* (കെ.പി. വറീദിൻെറ *ഡോക്ടർ ഹെർമൻ ഗുണ്ടർട്ട്*, 1973 പു. 89).

മഹാകവി ഉള്ളൂരിൻെറ *കേരള സാഹിത്യചരിത്ര* (രണ്ടാംവാല്യ 1964: 159-167)ത്തിൽ ഇരുപത്തൊന്നു കൃതികളെക്കുറിച്ച് പരാമർശമുണ്ട്. എ.ഡി. ഹരിശർമ ഇരുപത്തേഴു കൃതികളുടെ പേരുകൾ നൽകുന്നു. (*ഡോക്ടർ ഹെർമൻ ഗുണ്ടർട്ട്* 1973:89-90). ഉള്ളൂരിൻെറ പട്ടികയിലില്ലാത്ത *കേരളോൽപത്തി* , *മലയാളരാജ്യം*, *സുവിശേഷ സംഗ്രഹം*, *സഞ്ചാരിയുടെ പ്രയാണം* തുടങ്ങിയവ അദ്ദേഹം കണ്ടെത്തി. ഡോ. പി.ജെ. തോമസ് (*മലയാളസാഹിത്യവും ക്രിസ്ത്യാനികളും*,, 1961) കേരള

സാഹിത്യചരിത്രത്തിലെ പട്ടികതന്നെയാണ് സ്വീകരിക്കുന്നത്. ഈ ഗ്രന്ഥത്തിൻെറ 1989-ലെ ഡി സി ബി പതിപ്പിൽ (സ്കറിയാ സക്കറിയ എഴുതിയ ചർച്ചയും പൂരണവും എന്ന അനുബന്ധത്തിൽ) ജർമനിയിലെ ട്യൂബിങ്ങൻ സർവകലാശാലാ ഗ്രന്ഥശേഖരത്തിൽ കാണുന്ന മററു ചില ഗ്രന്ഥങ്ങളെക്കുറിച്ചു കൂടി പരാമർശമുണ്ട്. കെ.എം.ഗോവിയും പണിക്കരും ചേർന്നു തയ്യാറാക്കിയ *മലയാള ഗ്രന്ഥസൂചി* (കേരള സാഹിത്യ അക്കാദമി), ആൽബർട്ടെൻ ഗൗർ തയ്യാറാക്കിയ ബ്രിട്ടീഷ് മ്യൂസിയത്തിലെ മലയാള ഗ്രന്ഥ വിവരണം എന്നിവ ഗവേഷണ വിദ്യാർഥികൾക്കു പുസ്തകങ്ങളുടെ ലഭ്യതയെക്കുറിച്ചു സൂചനകൾ നൽകുന്നു. 1896-ൽ മംഗലാപുരത്തു പ്രസിദ്ധീകരിച്ച *ഗുണ്ടർത്ത് പണ്ഡിതരുടെ ജീവചരിത്രം* എന്ന ഗ്രന്ഥത്തിൻെറ പുറംചട്ടയിൽ ഇരുപത്തഞ്ചു മലയാള കൃതികളുടെ പേരുണ്ട്.

മേൽവിവരിച്ച പശ്ചാത്തലത്തിൽ യൂറോപ്പിൽ കൂടുതൽ പഠനങ്ങൾ നടത്തി. സ്വിററ്സർലണ്ടിലെ ബാസൽമിഷൻ രേഖാലയത്തിലും ബാസൽ സർവകലാശാലയിലും ജർമനിയിലെ ട്യൂബിങ്ങൻ സർവകലാശാലയിലും നടത്തിയ അന്വേഷണങ്ങൾ ഫലപ്രദമായിരുന്നു. കത്തുകളും ഡയറിക്കുറിപ്പുകളും ബാസൽമിഷൻെറ റിപ്പോർട്ടുകളും വായിച്ച് ജീവചരിത്ര പശ്ചാത്തലത്തിൽ സൂക്ഷ്മപരിശോധന നടത്തി ഒരു പട്ടിക തയ്യാറാക്കിയിരിക്കുകയാണ്. ഇതിൽ ഗ്രന്ഥങ്ങളുടെ എണ്ണം ഇരട്ടിയോളമായിട്ടുണ്ടെങ്കിലും ഭാഷാ സാഹിത്യ വിദ്യാർഥികൾക്ക് കൗതുകകരമായേക്കാവുന്ന പുതിയ കൃതികൾ നാലോ അഞ്ചോ മാത്രമേ ഉണ്ടാവൂ. മറെറാരു തരത്തിൽ പറഞ്ഞാൽ പണ്ഡിതന്മാരായ പൂർവഗാമികൾ, വിശിഷ്യ ഉള്ളൂരും ഹരിശർമയും, കേരളത്തിനുള്ളിൽ നിന്നുകൊണ്ട് അവതരിപ്പിച്ച പട്ടിക ആദരണീയമാണ്. ഇന്ന് ഇതെഴുന്നവർക്കു ലഭ്യമായ പല സൗകര്യങ്ങളും അവർക്കില്ലായിരുന്നു. അതിനാൽ പൂർവഗാമികളോടു തികഞ്ഞ കൃതജ്ഞതാദരബുദ്ധി പുലർത്തിക്കൊണ്ടാണ് ഈ പട്ടിക അവതരിപ്പിക്കുന്നത്.

ഓരോ ഗ്രന്ഥത്തിൻെറയും വലിപ്പത്തെയും പ്രചാരത്തെയും കുറിച്ചു സാമാന്യമായ അറിവു ലഭിക്കാൻ ഉതകുന്ന ചില സൂചനകൾ പട്ടികയിൽ കാണാം. പേജുകളുടെ എണ്ണം, ഒന്നിലേറെ പതിപ്പുകളുണ്ടെങ്കിൽ അവ പ്രസിദ്ധീകരിച്ച വത്സരങ്ങൾ എന്നിവ ഗ്രന്ഥനാമത്തിനുശേഷം ചേർത്തിരിക്കുന്നു. ചുരുക്കം ചില ഗ്രന്ഥങ്ങൾ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അവയെക്കുറിച്ചു റിപ്പോർട്ടുകളിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നു. *മലയാള വ്യാകരണ ചോദ്യോത്തരത്തിൻെറ* ഒന്നാം പതിപ്പാണ് നല്ല ഉദാഹരണം. ഇതിന് അനേകം പതിപ്പുകളുണ്ടായി. ഗാർത്ത് വെയിററുമായി സഹകരിച്ചു പ്രസിദ്ധീകരിച്ചതാണ് രണ്ടാംപതിപ്പു മുതലുള്ളവ. അവയെല്ലാം പഴയ ഗ്രന്ഥശേഖരങ്ങളിൽ സുലഭമാണ്. 1860-ലെ ഒന്നാം പതിപ്പുമാത്രം കണ്ടുകിട്ടിയിട്ടില്ല. 1846-ൽ തലശ്ശേരിയിൽ അച്ചടിച്ച അറുനൂറു മലയാളം പഴഞ്ചൊൽ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇവിടെ ഗുണ്ടർട്ടിൻെറ പേരിൽ ചേർത്തിരിക്കുന്ന ചില ഗ്രന്ഥങ്ങളുടെ

രചനയിൽ മററു മിഷണറിമാർ സഹകരിച്ചിരുന്നിരിക്കാം. ഗുണ്ടർട്ടിന്റെ സജീവ പങ്കാളിത്തം, ജീവചരിത്രപരമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉറപ്പു വരുത്തിയ ശേഷമാണ് അവ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രധാനപ്പെട്ട ഗ്രന്ഥങ്ങളുടെയെല്ലാം രചനാ പശ്ചാത്തലവും പ്രചോദനവും ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിലെ മററു വാല്യങ്ങളുടെ ആമുഖ ഭാഗത്തു വിസ്തരിച്ചവതരിപ്പിക്കുന്നതാണ്.

കേരള ഉത്പത്തി, മംഗലാപുരം 1843 പു. 54; 1868; 1874; 1880; 1890

കേരള പഴമ Or the History of Malabar A.D. 1498-1631, മംഗലാപുരം 1868 പു. 195; 1869; കോട്ടയം 1983; കോഴിക്കോട് 1988 (എം.എൻ. നമ്പൂതിരിയുടെ ആമുഖ പഠനത്തോടുകൂടി)

ക്രിസ്തീയ വിശ്വാസം, മംഗലാപുരം 1843 പു. 55

ക്രിസ്തുസഭാചരിത്രം, തലശ്ശേരി 1847-48 പു. 474

ഗർമ്മാന്യ രാജ്യത്തിലെ ക്രിസ്തുസഭാനവീകരണം, തലശ്ശേരി 1847 പു. 82; മംഗലാപുരം 1866 പു. 103

ഗീതങ്ങൾ

ക്രിസ്തീയ ഗീതങ്ങൾ — രാഗങ്ങളോടു കൂടിയ പാട്ടുപുസ്തകം, തലശ്ശേരി 1850; 1854; 1861; പരിഷ്കരിച്ച പതിപ്പ് മംഗലാപുരം 1867 പു. 296; 1883

ഗീതങ്ങൾ, മംഗലാപുരം 1842 പു. 112; പരിഷ്കരിച്ച പതിപ്പ്, തലശേരി 1847

ദേവവിചാരണ (കന്നഡയിൽ നിന്നുള്ള തർജമ) തലശ്ശേരി 1845, പു. 54, മംഗലാപുരം 1864 പു. 94; 1865

നസ്രാണികളുടെ പഴമ (കൈയെഴുത്ത്), ട്യൂബിങ്ങൻ, പു. 40

നളചരിത സാരശോധന, ഒന്നാംഭാഗം പു. 34, രണ്ടാംഭാഗം പു. 29, മൂന്നാംഭാഗം പു. 37, തലശ്ശേരി 1851; 1853; 1855; 1864; മംഗലാപുരം 1867; 1889; 1897

നിഘണ്ടു

A Malayalam and English Dictionary, മംഗലാപുരം 1872 പു. XVIII +1116; കോട്ടയം 1962; ഓസ്നാബ്രൂക്ക് (ജർമനി) 1970; കോട്ടയം 1972; തിരുവനന്തപുരം 1982; ന്യൂഡൽഹി 1982

പഞ്ചതന്ത്രം, തലശ്ശേരി 1850-51 പു. 133; 1857; മംഗലാപുരം 1891. *സ്കൂൾ പഞ്ചതന്ത്രം,* മംഗലാപുരം 1866 പു. 207; 1868; 1884; 1891; 1897; 1900; 1903; 1910; 1916

പഴഞ്ചൊൽ

അറുനൂറു മലയാളം പഴഞ്ചൊൽ, തലശ്ശേരി 1846

ഒരു ആയിരം പഴഞ്ചൊൽ, തലശ്ശേരി 1850 പു. 81. പരിഷ്കരിച്ച പതിപ്പ്, *ആയിരത്തിരുനൂറു പഴഞ്ചൊൽ*, മംഗലാപുരം 1904

പഴഞ്ചൊൽ മാല, മൂന്നു ഭാഗം, തലശ്ശേരി 1845 പു. 133; മംഗലാപുരം 1896

പാഠമാല , മദ്രാസ് 1860

പാഠാരംഭം, വലിയ പാഠാരംഭം, തലശ്ശേരി 1845; 1851 പു. 43; 1896-ൽ പതിനാലാം പതിപ്പ് പു. 39

പൊലുകാർപ്പചരിത്രം, തലശ്ശേരി 1847 പു. 32; 1855

പ്രാർഥനാചാരങ്ങൾ, തലശ്ശേരി 1847 പു. 72

പ്രാർഥനാ സംഗ്രഹം, തലശ്ശേരി 1857 പു.200

ബൈബിൾ

പവിത്രലേഖകൾ, തലശ്ശേരി 1857 പു.423; മംഗലാപുരം 1881 പു. 364; 1886 പു. 468

പുതിയ നിയമം, തലശ്ശേരി 1852- 54 പു. 444+335; മംഗലാപുരം 1868 പു. 629; പരിഷ്കരിച്ച പതിപ്പ് മംഗലാപുരം 1887 പു. 632

പുതിയ നിയമത്തിലെ ലേഖനങ്ങൾ — റോമർ മുതൽ വെളിപാടു വരെ, തലശ്ശേരി 1852-54 പു. 335

പ്രവാചക ലേഖകൾ, മംഗലാപുരം 1886 പു. 468

സങ്കീർത്തനങ്ങൾ, മംഗലാപുരം 1880 പു. 288;1886; 1893; പരിഷ്കരിച്ച പതിപ്പ് 1897 പു. 196

സത്യവേദ ഇതിഹാസം (ഉൽപത്തി മുതൽ രാജാക്കന്മാർ വരെയുള്ള ഗ്രന്ഥങ്ങളുടെ സംഗൃഹീത പുനരാഖ്യാനം, കോട്ടയം/തലശ്ശേരി 1841- 1845 പു. 44+108+ 112. കന്നഡ തർജമ-ഉൽപത്തി 1-11, ഹെർമൻ മ്യൂഗ്ളിംങ്, മംഗലാപുരം 1842 പു. 24

സത്യവേദകഥകൾ, സി. ബാർത്തിൻെറ 52 ബൈബിൾ കഥകളുടെ തർജമ, തലശ്ശേരി 1849-50 പു. 96+92; 4-ാം പതിപ്പ്, മംഗലാപുരം 1868-69, പു.

159+ 134, 9-ാം പതിപ്പ്, മംഗലാപുരം 1904-05 പു. 222+186

സുവിശേഷ കഥകൾ - പുതിയ നിയമ കഥകൾ, തലശ്ശേരി 1847 പു.108

സുവിശേഷ സംഗ്രഹം, തലശ്ശേരി 1849 പു. 279; പരിഷ്കരിച്ച പതിപ്പ്, മംഗലാപുരം 1876 പു. 339

മതപരീക്ഷ — കേരളഗീതം ഒന്നാം ഖണ്ഡം (ജോൺ മ്യൂറിൻെറ മതപരീക്ഷയുടെ തർജമ) തലശ്ശേരി 1855 പു.133

മതവിചാരണ (കന്നഡയിൽ നിന്നു തർജമ), തലശ്ശേരി, 1854 പു. 28

മനുഷ്യചോദ്യങ്ങൾക്ക് ദൈവം കല്പിച്ച ഉത്തരങ്ങൾ —സെല്ലറുടെ വേദോപദേശം മൂന്നുഭാഗം, മംഗലാപുരം 1842 പു. 73

മലയാള രാജ്യം —ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം, മംഗലാപുരം 1869; 1877 പു. 80; 1887

മഹമ്മദ ചരിത്രം, മംഗലാപുരം 1844 പു. 30.; 1862; 1869; 1883

മാനുഷഹൃദയം, ജെ. ഇ. ഗോസ്നറുടെ *Herzbuechlein* എന്ന ഗ്രന്ഥത്തിൻെറ തർജമ, തലശ്ശേരി 1848 പു. 28; 1849; 1851; 1852; മംഗലാപുരം 1867; 1877; 1897

ലൂതറിൻെറ ചെറിയ ചോദ്യോത്തരം — പ്രഥമവേദോപദേശം, 2-ാം പതിപ്പ്, മംഗലാപുരം 1869 പു. 29; 1899; 1908

ലോകചരിത്രശാസ്ത്രം , തലശ്ശേരി 1849-1851 പു. 407

ലോക ചരിത്രസംക്ഷേപം , മദ്രാസ് 1859 പു. 158

വജ്രസൂചി , തലശ്ശേരി 1851 പു. 24; 1853; മംഗലാപുരം 1868; 1892

വ്യാകരണം

മലയാള ഭാഷാ വ്യാകരണം, തലശ്ശേരി 1851 പു. 95 (അപൂർണം); 1851 പു. 176; ഇംഗ്ലീഷ് ശീർഷകമുള്ള സമ്പൂർണ്ണ പതിപ്പ്, മംഗലാപുരം 1868, പു. 278, കോട്ടയം 1962

മലയാള വ്യാകരണം ചോദ്യോത്തരം, 1860; എൽ. ഗാർത്ത്‌വെയിററ് പരിഷ്കരിച്ച പതിപ്പ്, മംഗലാപുരം1865; 1867; 1869 പു. 140; 1870; 1882; 1883; 1887; 1889; 1890; 1892; 1903; 1905; ഇംഗ്ലീഷ് പരിഭാഷയോടു

കൂടിയത് (എൽ. ഗാർത്ത്വെയിററ്) മംഗലാപുരം 1867, പു. 320; 1870; മദ്രാസ് 1881; മംഗലാപുരം 1892

ശ്രീയേശുക്രിസ്തു മാഹാത്മ്യം (ജോൺ മ്യൂറുടെ സംസ്കൃത ഗ്രന്ഥത്തിൻെറ തർജമ) തലശ്ശേരി, 1851-52 പു.100

സഞ്ചാരിയുടെ പ്രയാണം (*Pilgrims progress*-ൻെറ തർജമ), തലശ്ശേരി 1849 പു. 154; മംഗലാപുരം 1869; പുതിയ പതിപ്പ്, മംഗലാപുരം 1929

സത്യവേദചരിത്രം, തലശ്ശേരി 1854 പു. 65

സന്മരണവിദ്യ , തലശ്ശേരി 1849; 1850; 1851 പു. 34; 1852; മംഗലാപുരം 1864; 1869; 1894; 1897; 1929

സ്ഥിരീകരണത്തിനുള്ള ഉപദേശം, തലശ്ശേരി 1851-52 പു. 100

മലയാള പുസ്തകങ്ങളുടെ പട്ടികയിലൂടെ കടന്നുപോകുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഉള്ളൂരിൻെറയും ഹരിശർമയുടെയും തോമസിൻെറയും പട്ടികകളിൽ കാണുന്ന *ശർമാന* ഇവിടെ ഇല്ല. *ഗർമാന്യ രാജ്യത്തിലെ ക്രിസ്തുസഭാനവീകരണം* (History of the Reformation in Germany) എന്ന ശീർഷകം തൽസ്ഥാനത്തു പ്രത്യക്ഷപ്പെടുന്നുമുണ്ട്. ഗർമാന്യ/ഗർമാന (Germany) എന്ന വാക്ക് അച്ചടിപ്പിഴകൊണ്ടോ മററോ ശർമാനയായി കേരള സാഹിത്യചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടതാകാം. മററുള്ളവർ അത് ഉത്തമ വിശ്വാസത്തോടെ പകർത്തിയതായിരിക്കണം.

1845 മുതൽ അച്ചടിച്ചു വരുന്ന *പാഠാരംഭം* (Malayalam Spelling and Reading Book), അതിൻെറ രൂപഭേദമായ *വലിയ പാഠാരംഭം* എന്നിവ മലയാള പാഠപുസ്തകങ്ങളുടെ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നു. ഇവ ഇപ്പോഴാണ് ഗുണ്ടർട്ടിൻെറ കൃതികളുടെ പട്ടികയിലേക്ക് കടന്നു വരുന്നത്.

1849-1851 ഘട്ടത്തിൽ ഗുണ്ടർട്ട് പ്രസിദ്ധീകരിച്ച ബൃഹദ് ഗ്രന്ഥമാണ് *ലോകചരിത്രശാസ്ത്രം*. 1859-ൽ മദിരാശി ഗവൺമെൻറിൻെറ അഭ്യർഥനയനുസരിച്ച് *ലോകചരിത്രസംക്ഷേപവും* പ്രസിദ്ധപ്പെടുത്തി. ഇവ എന്തുകൊണ്ടോ ഗുണ്ടർട്ടിൻെറ ഗ്രന്ഥങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ കിടക്കുകയായിരുന്നു.

കേരള ഉത്പത്തിയും പഞ്ചതന്ത്രവും യഥാക്രമം കേരളചരിത്രത്തിലും മലയാളസാഹിത്യത്തിലും ഗുണ്ടർട്ടിനുണ്ടായിരുന്ന ആഭിമുഖ്യത്തിൻെറ ദൃഷ്ടാന്തങ്ങളാണ്. ഇവയുടെ പ്രകാശനത്തിലൂടെ അതതു മേഖലകളിലെ പണ്ഡിതസദസ്സുകളിലേക്ക് അദ്ദേഹം കടന്നുചെന്നു. *കേരള ഉത്പത്തി* ഹരിശർമയുടെ പട്ടികയിലുണ്ട്. അതെക്കുറിച്ചുള്ള കൂടുതൽ വിവരണങ്ങൾ *കേരളപഴമയുടെ* ആമുഖപഠനത്തിൽ (മാതൃഭൂമി, 1988) എം.എൻ. നമ്പൂതിരി

നൽകുന്നുമുണ്ട്. *പഞ്ചതന്ത്രത്തെ*ക്കുറിച്ചുള്ള പരാമർശങ്ങൾ *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന ഗ്രന്ഥത്തിന്റെ ചർച്ചയും പൂരണവും എന്ന അനുബന്ധത്തിൽ (സ്കറിയാ സക്കറിയ 1989: 416-417) കാണാം.

ഗുണ്ടർട്ടിന്റെ *ബൈബിൾ* തർജമയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ഇതാദ്യമായി രേഖപ്പെടുത്തുകയാണ്. പുതിയ നിയമം, പ്രവാചകലേഖകൾ, പവിത്രലേഖകൾ എന്നിങ്ങനെ മൂന്നു ഭാഗമായി ബൈബിൾ തർജമ അവതരിപ്പിച്ചു. ഉൽപത്തി മുതൽ എസ്ഥേർവരെയുള്ള ഭാഗം തർജമ ചെയ്തിട്ടില്ല. എന്നാൽ ഗുണ്ടർട്ടിന്റെ ആദ്യബൈബിൾ രചനയാണ് സത്യവേദ ഇതിഹാസമെന്നും തർജമ ചെയ്യാതെ വിട്ടുകളഞ്ഞിട്ടുള്ള ഗ്രന്ഥങ്ങളുടെ ഉള്ളടക്കം ഇതിൽ അവതരിപ്പിച്ചിരിക്കുന്നു എന്നും ഇപ്പോൾ മനസ്സിലാക്കുന്നു. മൂലഭാഷകളിൽ നിന്നു നേരിട്ടു മലയാളത്തിലെ സാഹിത്യഭാഷയിലേക്കു ബൈബിൾ തർജമ ചെയ്യാനാണ് സാഹസികനായ ഗുണ്ടർട്ട് ഉദ്യമിച്ചത്. തർജമയുടെയും പുനരാഖ്യാനത്തിന്റെയും മാതൃകകൾ കഴിഞ്ഞ ഖണ്ഡികയിൽ സൂചിപ്പിച്ച ചർച്ചയും പൂരണവും (1989: 438-455) എന്ന ഭാഗത്തു കാണാം.

ഇംഗ്ലീഷിലുള്ള രചനകൾ

Amendments to Robert Caldwell's Comparative Grammar of the Dravidian Languages (London 1856), MSS, Stuttgart, Pp 80.

കാൽഡ്വലിന്റെ താരതമ്യ വ്യാകരണത്തിലൂടെ കടന്നു പോകുമ്പോൾ ഗുണ്ടർട്ട് എന്ന് ഇപ്പോൾ കാണുന്ന ഭാഗങ്ങളെല്ലാം ഈ കുറിപ്പിനെ ആധാരമാക്കിയുള്ളതാണ്. താരതമ്യവ്യാകരണത്തിൽ ഏററവും കൂടുതൽ പ്രാവശ്യം പരാമർശിക്കപ്പെടുന്ന വ്യക്തി ഗുണ്ടർട്ടായിരിക്കണം. സുദീർഘമായ ഈ കൈയെഴുത്തു ഗ്രന്ഥം അതിന്റെ വിശദീകരണമാണ്. 1856-ലെ ഒന്നാം പതിപ്പിൽ ഗുണ്ടർട്ടിനെക്കുറിച്ച് പരാമർശമേ ഇല്ലായിരുന്നു.

Grammar of the Malayalam, MSS, Tübingen, First copy Pp 32, Second copy Pp 114.

ദ്രാവിഡ ഭാഷകളുടെ പരസ്പര ബന്ധം കണക്കിലെടുത്ത് ഹെർമൻ ഗുണ്ടർട്ട് രചിച്ച മലയാള വ്യാകരണഗ്രന്ഥം. ഇതാണ് അദ്ദേഹത്തിന്റെ പ്രഥമ മലയാള വ്യാകരണ രചന.

Kerala-achara Samcshepam, Frenz 1983 : 120-126

അറുപത്തിനാല് ആചാരങ്ങൾ ഇംഗ്ലീഷിൽ വിവരിച്ചിരിക്കുന്നു. ഇടയ്ക്കിടെ മലയാളവാക്കുകളുമുണ്ട്.

The Kerala Mahatmya or Keralotpatti, Frenz 1991: 387-431

കേരളോത്പത്തിയുടെ ഇംഗ്ലീഷിലുള്ള സംഗ്രഹവും

കൗതുകകരമായ കുറിപ്പുകളുമാണ് ഉള്ളടക്കം. ഇത് സ്ററുട്ഗാർട്ടിൽ കൈയെഴുത്തായി സൂക്ഷിച്ചിരിക്കുന്നു. ഗുണ്ടർട്ടിൻെറ പഠനശൈലി വ്യക്തമാക്കുന്ന ഈ കൈയെഴുത്തുഗ്രന്ഥം 1991-ൽ ജർമനിയിൽ പ്രസിദ്ധീകരിച്ച ജീവചരിത്രത്തോടൊപ്പം ഫോട്ടോ പകർപ്പായി അച്ചടിച്ചിട്ടുണ്ട്.

Translation and Analysis of the ancient documents engraved on copper in possession of the Syrian Christians and Jews of Malabar, The Madras Journal of Literature and Science, Vol XII parts I, II, 1844/45, Madras Pp 18-45, 115-146.

തമിഴ് രചനകൾ

1838 ഒക്ടോബർ 3-ന് നാഗർകോവിലിൽ അച്ചടിപ്പിക്കാൻ ഏല്പിച്ച രചനകളാണ് ഇവ.

ഗ്രിഗരി ഏഴാമൻെറ കാലംവരെയുള്ള സഭാചരിത്രം

ഗ്രീക്ക്-തമിഴ് നിഘണ്ടു (പുതിയ നിയമപഠനത്തിന്)

മഡഗാസ്കറിലെ വേദപീഡനം

ഹീബ്രു വ്യാകരണം

ഹീബ്രു-തമിഴ് നിഘണ്ടു

ഇവയൊന്നും കണ്ടു കിട്ടിയിട്ടില്ല. കഥാനായകൻെറ അഭിരുചികൾ നിർണയിക്കാൻ ഉപകരിക്കുന്നതു കൊണ്ടാണ് ഇവിടെ അവയുടെ പേരുകൾ രേഖപ്പെടുത്തുന്നത്.

ചരിത്രരചനയിലും വ്യാകരണരചനയിലും നിഘണ്ടു നിർമാണത്തിലും പ്രാഥമിക പരിശീലനം നേടിയശേഷമാണ് ഗുണ്ടർട്ട് കേരളത്തിലേക്കു കടന്നു വന്നതെന്നു വ്യക്തമാകുന്നു.

മലയാള ഗദ്യശൈലി

ഗദ്യരചനയിൽ വിഷയം, പ്രകരണം എന്നിവ മാറുന്നതനുസരിച്ച് ഗുണ്ടർട്ട് പ്രകടമാക്കുന്ന ശൈലീവൈവിധ്യം ശ്രദ്ധേയമാണ്. *കേരളപഴമ, മലയാള രാജ്യം, പാഠമാലയിലെ* കഥകൾ, *മലയാള വ്യാകരണ കൃതികൾ, ലൊകചരിത്ര സംക്ഷെപം* തുടങ്ങിയ സ്വതന്ത്ര രചനകളിൽ അതീവ



1843-ൽ മംഗലാപുരത്ത് അച്ചടിച്ച കേരളോല്പത്തി
Basel Mission Archives, Switzerland



ശ്രീപിത്രെ പുത്രായച സദാത്മനെച നമഃ

സത്യവെദ ഇതിഹാസം

ഒന്നാമത്തംശം.

മൊശെ നബി എഴുതിയ യൊനി എന്നിട്ടുള്ള

പ്രഥമഖണ്ഡത്തിന്റെ സാരം ॥

പൂൎവസംസ്ഥസ്സമസ്താനാം ഗ്രന്ഥാനാംയൊനിരെവച ।
ശംശബ്ദെധെയസ്സൃഷ്ട്യാംശസ്സൂത്രസ്ത്യാഖ്യൊമൊശിനാകൃതഃ
യൊന്യാഖ്യാദിമതൽസ്കന്ധെ സൎവത്രതഗണസ്യഹി ।
സൃഷ്ടിരക്താദമാദീനാം ചാദിമാനാംകഥാസ്തണാം ॥
തൽപാപപതനംഭൂവശെഷസൃഷ്ടീശ്വരപ്രിയഃ ।
വിപ്രവാച്ചപരെനൊഹൊൽപന്നമാനവവൎണ്ണനം ॥
തതൊബ്രഹെശഹകയൊൎയ്യാകൊബെസ്യചകീൎത്തനം ।
തമ്മിശ്രഗതിപൎയ്യന്തം സൎവ്വംശാശിക്ഷൊപിച ॥
(ശ്രീഖ്രീസ്തസംഗീതം ൧ പൎവ്വ, ൧൩ അദ്ധ്യ.)

൧ ലൊക സൃഷ്ടിയുടെ വിവരം (൧ മൊ. ൧ ൨)

ആദ്യമില്ലാത്തവനും തന്റെ ഇഷ്ടപ്രകാരം എല്ലാറ്റെയും ചെയ്തുകൊണ്ടിരിക്കുന്നവനുമായ യഹൊവാ എന്ന ദൈവം ആദിയിൽ തന്റെ തിരുവാക്കിൻ ശക്തികൊണ്ട പരലൊകത്തെയും ഭൂലൊകത്തെയും ഉണ്ടാക്കി. തന്റെ ശക്തിയുടെ വചനത്താലവയെ വഹിച്ചുകൊണ്ടുമിരിക്കുന്നു.

നക്ഷത്ര സൈന്യങ്ങളിൽ നിവാസികളായിട്ട എണ്ണിക്കൂടാത്ത സത്ഭൂതവൎഗ്ഗങ്ങളെസൃഷ്ടിച്ചു അവരവക്ക തന്റെ തിരുമനസ്സ പ്രകാരം ദിവ്യ തെജസ്സാകുന്ന ജീവൻ വെളിച്ചം ശക്തിമുതലായ വരങ്ങളെ വിഭാഗിച്ചുകൊടുത്തതെയുള്ളു അവക്ക ദൈവ സൈന്യം എന്നും ദൈവദൂതന്മാർ എന്നും എല്ലാ സ്ഥലങ്ങളിലും അവന്റെ ഇഷ്ടത്തെ പ്രവൃത്തിക്കുന്ന ശുശ്രൂഷക്കാർ എന്നും ഉള്ള പെരുകളെ കൊടുത്തു ഖെരുബിമാർ സെരാഫിമാർ ഇം രണ്ട വൎണ്ണപെരുണ്ട മററും ചിലതുണ്ടായിരിക്കും ആണും പെണ്ണുമുള്ള ഭെദം അവക്കില്ല സൂക്ഷ്മദെഹമുണ്ട. ഇത സംബന്ധിച്ചുള്ള സംഗതികളെ ഈ

ഗുണ്ടർട്ടിന്റെ പ്രഥമ ബൈബിൾ രചന—സത്യവേദ ഇതിഹാസം, ഒന്നാം ഭാഗം 1841-ൽ കോട്ടയത്ത് അച്ചടിച്ചു

പഴഞ്ചൊൽമാല

മംഗലപ്പുരെ ഛാപിതം

ക്രിസ്താബ്ദം ൧൮൪൫

Tübingen University Library

Bibliothek des
Basl. Missionshauses
Abt. Eingebornensprachen

L. F. Freyermuth.

മതപരീക്ഷ

കെരളയിതം

ഒന്നാംഖണ്ഡം

തലശ്ശെരിയിലെ ഛാപിതം.
൧൮൫൯
(വില ൧൦ കാശ)

Tübingen University Library
Basel Mission Archives Switzerland

ABRIDGMENT

OF

GENERAL HISTORY

FOR THE USE OF SCHOOLS.

ലൊകചരിത്രസംക്ഷെപം

ഇത

സൎക്കാരവക പാഠകശാലകളിൽ

അഭ്യസിക്കുന്ന ശിഷ്യന്മാരുടെ ഉപയോഗത്തിന്ന

ചെയ്യുത.

MADRAS:

PRINTED AT THE PUBLIC INSTRUCTION PRESS.

1859.

Tübingen University Library



ഗുണ്ടർട്ടിന്റെ നോട്ബുക്ക് — ചരിത്രപഠനത്തിനുള്ള കുറിപ്പും ചിത്രവും.
നസ്രാണികളുടെ പേർഷ്യൻ കുരിശിലെ പഹ്‌ലവി ലിഖിതങ്ങൾ
മനസ്സിലാക്കാനുള്ള ശ്രമമാണ്.
Tübingen University Library

ഹൃദ്യമാണ് ഗദ്യശൈലി. *ഗുണ്ടർട്ടിൻെറ ശൈലിക്ക് അകൃത്രിമമായ ആർജവമുണ്ട്. നാടൻ ഭാഷയുടെ ചുവയും കാണും* എന്ന് ഡോ. കെ. എൻ. എഴുത്തച്ഛൻ (1972) അഭിപ്രായപ്പെടുന്നത് ഇത്തരം കൃതികൾ മുൻ നിറുത്തിയാണ്. മലയാളം ബൈബിൾ, വജ്രസൂചി എന്നിങ്ങനെയുള്ള തർജമകളിലാകട്ടെ, പ്രാചീന മലയാള ഗദ്യത്തിൻെറ ഓർമയുണർത്തുന്ന കൃത്രിമശൈലി പലപ്പോഴും പ്രത്യക്ഷപ്പെടുന്നു. സാമ്പ്രദായിക മലയാള സാഹിത്യശൈലിയുമായി പൊരുത്തപ്പെട്ടുപോകാനുള്ള സാഹസിക യത്നമാണ് ഇത്തരം രചനകളിലുള്ളത്. നാടൻ വാക്കുകളോട് മിഷണറിമാർക്കു പ്രത്യേക മമതയുണ്ടല്ലോ. ഗുണ്ടർട്ടിൻെറ രചനകളിൽ ശുദ്ധ ദ്രാവിഡപദങ്ങൾ സുലഭമാണ്. അവയിൽ ചിലത് ഇന്നു വ്യവഹാരഭാഷയിൽ കാണുന്നില്ല. പ്രാചീന സാഹിത്യ കൃതികളിൽ പരിമിതപ്പെട്ടു കിടക്കുന്ന ചില വാക്കുകൾ അവയുടെ ദ്രാവിഡജന്മം പരിഗണിച്ച് ഗുണ്ടർട്ട് സ്വന്തം രചനകളിൽ ഉപയോഗിച്ചു. സ്വതന്ത്ര കൃതികളിൽ പൊതുവേ ഹ്രസ്വവാക്യങ്ങളാ ണുള്ളത്. നീണ്ടുനീണ്ടു പോകുന്ന നടുവൊടിഞ്ഞ വാക്യങ്ങൾ തർജമകളിലേ കടന്നു വരൂ.

ഗുണ്ടർട്ടിൻെറ ഉത്തമ ഗദ്യശൈലിയുടെ മാതൃകയായി *പാഠമാല*(1860)യിലെ അഞ്ചു കഥകൾ ഇവിടെ ചേർക്കുന്നു. മലയാള ചെറുകഥയുടെ വേരുകൾ തേടുന്നവർക്കും ഇതു പ്രയോജനപ്പെട്ടേക്കും.

1

വെന്നഗരമെന്ന പേരായ ഒരു ഊരിൽ ഒരു കിഴവി ഉണ്ടായിരുന്നു. അവളുടെ വീട്ടിൽ ഒരു തീ കായുന്ന ചട്ടിയും ഒരു കോഴിയുമുണ്ട. അതുകൊണ്ട ദിവസവും വെളുക്കും കാലത്ത ആ കോഴി കൂവുമ്പോൾ ആ ഊരിൽ ഉള്ളവർ ഒക്കെയും എഴുന്നീറ്റ ഈ കിഴവിയുടെ വീട്ടിൽവന്ന തീമേടിച്ചും കൊണ്ടുപോകും. ഇങ്ങനെ ഏറെകാലം കഴിഞ്ഞപിന്നെ ഒരുദിവസം ആ കിഴവി, എൻെറ കോഴി കൂവുന്നതുകൊണ്ട നേരംവെളുക്കുന്നു. എൻെറ വീട്ടിൽ തീ ഇരിക്കുന്നതുകൊണ്ട ഈ ഊരിൽ ഉള്ളവർഒക്കയും തീമെടിച്ചു കൊണ്ടുപോയി വെയ്പുകഴിച്ചു ഭോജനം ചെയ്യുന്നു. ഞാൻ ഈ ഊർവിട്ടുപോയാൽ ഇവിടെ എങ്ങനെ നേരംവെളുക്കും ഈ ഊരിൽ ഉള്ളവർ എങ്ങനെ ഭോജനം കഴിക്കും ഇതറിയെണം എന്ന വിചാരിച്ച ആരോടും പറയാതെ കോഴിയെയും തീക്കായുന്ന ചട്ടിയെയും എടുത്തുങ്കൊണ്ട ആ ഊരിൽനിന്ന വളരെ ദൂരത്തിൽഉള്ള കാട്ടിലേക്ക ചെന്ന അവിടെ ഇരുന്നു. പിറ്റെന്നാൾകാലത്ത ആ ഊരിൽ ഉള്ളവർ ഒക്കെയും എഴുനീറ്റു ആ കിഴവിയുടെ വീട്ടിലെക്കു പതിവുപോലെ തീക്കായിട്ടു ചെന്നപ്പോൾ അവൾ വീട്ടിൽ ഇല്ലായ്കകൊണ്ട. എങ്ങാനും പോയിരിക്കും എന്ന വിചാരിച്ച മറ്റൊര ഇടത്തിൽനിന്ന തീമേടിച്ചു കൊണ്ടപോയി അവരവരുടെ വേലകളെ തീർത്തു. ഈ കിഴവി കാട്ടിൽ അസ്തമിക്കയോളം പട്ടിണിആയിട്ട കുത്തിയിരുന്നു. ആ ഊരിൽനിന്ന ഒരുത്തൻ എങ്ങാണ്ട വേലയായിട്ട ആ മാർഗ്ഗത്തിൽ പൊയ്ക്കൊണ്ടിരിക്കുമ്പൊൾ അവനെ വിളിച്ച നിങ്ങളുടെ ഊരിൽ ഇന്ന ഞാൻ ഇല്ലല്ലൊ. അതുകൊണ്ട അവിടെ നേരംവെളുത്തുവൊ എന്നും തീകിട്ടിയൊ എന്നും നിങ്ങൾ ഒക്കെയും ഭോജനം കഴിച്ചുവൊ എന്നും

ചോദിച്ചപ്പോൾ അവൻ ചിരിച്ചു. ഹേ ഭ്രാന്തുപിടിച്ചവളെ നിൻെറ തീക്കായുന്ന ചട്ടികൊണ്ടും നിൻെറ കോഴികൊണ്ടും തന്നെയൊ ഈ പ്രപഞ്ചം ഒക്കെയും ഇരിക്കുന്നതു. നീ എന്ത ഇവിടെ ഉപവാസമായിട്ട കുത്തിയിരിക്കുന്നു. എഴുനീറ്റപോവു എന്ന പറഞ്ഞപ്പോൾ അവൾ ഏറ്റവും നാണിച്ചതിരിച്ച ആ ഊരിലേക്ക പോയി. അവിടെ ഉള്ളവർ ഒക്കയും തന്നാൽ ജീവിച്ചിരിക്കുന്നു എന്നുള്ള ദുരഭിമാനത്തെ വിട്ടുകളഞ്ഞ സുഖമായിട്ടിരുന്നു. അതുകൊണ്ട എല്ലാ ജനങ്ങളെയും സംരക്ഷണചെയ്യുന്ന ഭാരം സൃഷ്ടികർത്താവ വഹിച്ചിരിക്കുമ്പോൾ ബുദ്ധിഹീനന്മാരായവർ അവരെക്കൊണ്ടതന്നെ എല്ലാവരും സംരക്ഷിക്കപ്പെടുന്നു എന്നും അവർക്ക അവരെയല്ലാതെ വേറെ ഗതിയില്ല എന്നും വിചാരിച്ചിരിക്കുന്നു.

2

ഒരു ബ്രാഹ്മണൻ യാഗം ചെയ്‌വാൻ ആട്ടിനെ മേടിച്ചുകൊണ്ടു പോകുമ്പോൾ വഴിയിൽവെച്ച കണ്ടാറെ ദുഷ്ടന്മാർ പലരുംകൂടി ബ്രാഹ്മണൻ ആടിനെ വിട്ടേച്ചു പോകത്തക്കവണ്ണം ഒരു ഉപായംചെയ്യേണമെന്നു വിചാരിച്ചു നിശ്ചയിച്ചു. ഒരുത്തൻ അടുക്കൽചെന്നു നായെ കഴുത്തിലെടുത്തും കൊണ്ടുപോകുന്നത എന്തിനാകുന്നു എന്നു ചോദിച്ചു. ബ്രാഹ്മണൻ ഒന്നും പറയാതെ പോയി. അവിടെനിന്നും കുറെദൂരെ പോയപ്പോൾ മറ്റൊരുത്തൻ ബ്രാഹ്മണാ അങ്ങുന്നു ഈ പട്ടിയെ മേടിച്ചത എന്തിനാകുന്നു എന്ന ചോദിച്ചു. അതുകൊണ്ടും ഒന്നും ഭാവിക്കാതെ കുറെദൂരെ പോയപ്പോൾ അവിടെ പലരുംകൂടി നിന്നുകൊണ്ട ഉത്തമജാതിയായിട്ടുള്ള ബ്രാഹമണൻ ശ്വാവിനെ എടുത്തുകൊണ്ട പോകുന്നതു കണ്ടാൽ ആശ്ചര്യമായിരിക്കുന്നു എന്ന പറഞ്ഞു. അതുകേട്ടപ്പോൾ ബ്രാഹ്മണൻ ഇനിക്കു കണ്ണ നല്ലവണ്ണം അറിഞ്ഞു കൂടായ്കകൊണ്ട ഒരു വസ്തു മേടിച്ചതു നായെതന്നെ ആയിരിക്കും. എല്ലാവരുടെ ബുദ്ധിയിലും ഒന്നായിട്ടു തോന്നിയാൽ മര്യാദയായിട്ടു നടക്കുന്ന വിദ്വാന്മാർ അതു വിചാരിക്കണം എന്ന അറിഞ്ഞിട്ടുള്ളത വിചാരിച്ച ആടിനെ വിട്ടേച്ച കുളിയ്പാൻ പോയി. ദുഷ്ടന്മാർ ആടിനെ കൊന്നുതിന്നു. അതുകൊണ്ടത്രെ ദുഷ്ടന്മാർ ബുദ്ധികൊണ്ട ചതിക്കുമെന്ന പറഞ്ഞതു.

3

ബ്രഹ്മചാരിയായിട്ട ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അവനെഒരുത്തൻ ചാത്തത്തിന്ന ക്ഷണിച്ച ഊട്ടി മറ്റൊരുത്തൻ വറുത്ത അരിപ്പൊടികൊടുത്തു. അതകുടത്തിലാക്കി തുണികൊണ്ട മൂടികൊണ്ടു വരുന്നവഴിക്ക മനോരാജ്യം വിചാരിച്ച പ്രകാരം. ഈ അരിപ്പൊടിവിറ്റ ഒരു പെണ്ണാട്ടിനെ മേടിക്കണം അത ഒരആണ്ടിൽ രണ്ടകുട്ടിയെ പ്രസവിക്കും. അപ്രകാരം പ്രസവിച്ചു വളരെ കൂട്ടം ഉണ്ടായാൽ അതിനെവിറ്റ ഒരു പശുവിനെ മേടിക്കെണം ആ പശുപെറ്റു മുമ്പിലത്തെപോലെ പശുക്കളും കാളകളും വളരെഉണ്ടാകും. പിന്നെ കാളകളെ കൊണ്ട കൃഷിചെയ്തു വളരെ നെല്ലുണ്ടാക്കെണം. അപ്പോൾ ഞാൻ പണക്കാരനാകുന്നു എന്നറിഞ്ഞാൽ വിവാഹം ചെയ്യേണ്ടതിന്ന വല്ലവരും പെണ്ണിനെ തരും. അവളിൽ ഒരു മകനുണ്ടാകും അവന

സൊമശർമ്മാവ എന്ന പേരിടെണം. പശുക്കളെ തീറ്റാൻ കൊണ്ടപോയി കൊണ്ടവരുമ്പോൾ ഭാര്യകിടാവിനെ നോക്കാതെ പശുവിനെ കറക്കാൻ പോയെങ്കിൽ ഞാൻ അവളെ വടികൊണ്ട ടിക്കും എന്ന മനോരാജ്യം വിചാരിച്ചു കയ്യിലിരുന്ന വടി ചുഴറ്റി വീശി. അപ്പൊൾ അരിപ്പൊടി ഇട്ടിരുന്ന കുടം പൊട്ടി താഴത്തു വീണു. അപ്പൊൾ സ്വപ്നം...നെപ്പോലെ പിന്നെ ദുഃഖിച്ചു. അതുകൊണ്ടത്രെ വരാനുള്ള കാര്യം മുമ്പിൽ വിചാരിക്കരുതെന്ന പറഞ്ഞതും.

4

അന്യായമെന്ന പേരായിട്ട ഒരുനഗരം ഉണ്ട ആ നഗരത്തിൽ നിന്ന പയറുമേടിപ്പാനായിട്ട ഒരുത്തൻ അവിടെചെന്ന വിലപറഞ്ഞതിൻെറ ശേഷം ഇടങ്ങഴിയുടെ പുറകൊണ്ട അളക്കണം എന്നു കച്ചോടക്കാരൻ പറഞ്ഞു., പുറകൊണ്ട അളക്കുന്നത ഒരെടത്തും കണ്ടിട്ടില്ലാത്തതാകകൊണ്ടും മര്യാദപോലെ അകംകൊണ്ട അളക്കണമെന്ന പയറമേടിപ്പാൻ ചെന്നവനും പറഞ്ഞു. ഇങ്ങനെ രണ്ടാളും തമ്മിൽ തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ ആ പട്ടണത്തിൽ ഉള്ളവർ അവിടെചെന്ന വിചാരിച്ചു രണ്ടാളുടെ പക്ഷവും അനുസരിക്കാതെ മദ്ധ്യസ്ഥമായിട്ട ഇടങ്ങഴി ചരിച്ചവെച്ച അളക്കണമെന്ന വിധിച്ചു.

5

. വലുതായിട്ടുള്ള വഴിക്ക സമീപത്തിൽ ഒരുത്തൻ വഴിയമ്പലം തീർപ്പിച്ച അതസൂക്ഷിച്ചുംകൊണ്ട പാകത്തക്കവണ്ണം ഒരു ബ്രാഹ്മണനെ പറഞ്ഞ ആക്കിയിരുന്നു. ആ ബ്രാഹ്മണനും അദ്ദേഹത്തിൻെറ സ്ത്രീയും അവിടെ പാർത്തിരിക്കുമ്പോൾ ഒരു ദിവസം വൈകുന്നേരം ഒരു ചെട്ടി കല്യാണത്തിന്നു പോയിവരുമ്പോൾ അവിടെവന്നു വിചാരിച്ചപ്പോൾ ബ്രാഹ്മണനവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ സ്ത്രീയൊട പാർക്കാൻ സ്ഥലമുണ്ടൊ എന്നു ചോദിച്ചപ്പോൾ ചെട്ടിയുടെ കയ്യിമെൽ രണ്ടിലും പൊന്നകൊണ്ട കട്ടിയായിട്ട ഉണ്ടാക്കിയിട്ടിരുന്ന വളയും കാതിൽ മേത്തരം കല്ലുവെച്ച കടുക്കനും കഴുത്തിൽ മാലയും മററും വേണ്ടുന്ന ആഭരണങ്ങളൊക്കയും ഇട്ടിരിക്കുന്നത കണ്ടിട്ട അകായിൽ കൂട്ടി കൊണ്ടുപോയി ബ്രാഹ്മണൻ കിടക്കുന്ന അകത്തുതന്നെ കിടക്കത്തക്കവണ്ണം പറഞ്ഞു അത്താഴത്തിന്ന നല്ലവണ്ണം കൂട്ടുവാനും മററും ഉണ്ടാക്കി വിളമ്പികൊടുത്തു. ചെട്ടി ഊണുകഴിഞ്ഞ അകത്തു ചെന്ന ബ്രാഹ്മണൻെറ കട്ടിലിന്മെൽ കിടന്നു. അപ്പോൾ വേനൽക്കാലമാകകൊണ്ട അകത്ത ഉഷ്ണംതന്നെ ഉണ്ടായിരുന്നു. അതുകൊണ്ട ഉറക്കംവരാതെ കിടക്കുമ്പോൾ ആ ബ്രാഹ്മണസ്ത്രീ രണ്ടു മൂന്നു പ്രാവശ്യം അകത്തുവന്ന ഉറങ്ങിയൊ എന്ന ചോദിച്ചേച്ചു പോയി. അതുകണ്ടാറെ ഇനി ഇവിടെ കിടന്നാൽ നന്നാകയില്ലെന്നു വിചാരിച്ചു പതുക്കെ എഴുനീററു പുറത്തുപോയി കിടന്നു. ചെട്ടി പുറത്തുപോയി കിടന്നിട്ട അരനാഴിക ആകുന്നതിനാ മുമ്പിൽ ബ്രാഹ്മണൻ വന്നു വഴി നടന്ന ചാപ്പുകൊണ്ട കട്ടിലിന്മേൽ കിടന്നുറങ്ങി. അതു സ്ത്രീ അറിഞ്ഞില്ലാ രാത്രി പതിനഞ്ചാ നാഴികയായപ്പോൾ ചെന്ന വിളിച്ചപ്പോൾ ഒന്നും മിണ്ടാതെ ഇരുന്നതകണ്ടാറെ. കത്തി എടുത്തുകൊണ്ടവന്ന കഴുത്തറത്ത

ആഭരണങ്ങൾ എടുപ്പാനായിട്ട വിളക്ക കൊണ്ടവന്ന നോക്കിയപ്പോൾ ചത്തതു തന്റെ ഭർത്താവാകുന്നു എന്ന അറിഞ്ഞാറെ. ഒരു ചെട്ടിവന്ന എന്റെ ഭർത്താവിനെ കൊന്നേച്ചുപോയി എന്ന നിലവിളിച്ചു. ആനിലവിളികേട്ടു സമീപത്തിലുള്ളവർ എല്ലാവരും വന്ന നോക്കിയപ്പോൾ ബ്രാഹ്മണൻ ചത്തുകിടക്കുന്നതു കാണുകകൊണ്ട ചെട്ടിയെ പിടിച്ചുകെട്ടി പിറെറദിവസം കാര്യക്കാരുടെ അടുക്കൽ കൊണ്ടചെന്നു. ആ കാര്യക്കാർ സമീപത്തിലുള്ളവരെ ഒക്കെയും വിളിച്ചു വരുത്തി വിചാരിച്ചാറെ അന്നചെട്ടി അല്ലാതെ മറെറാരുത്തരും അവിടെ വന്നിട്ടുണ്ടായിരുന്നില്ല. എന്ന എല്ലാവരും തികച്ചലായിട്ട പറകകൊണ്ട കൊന്നത ചെട്ടിതന്നെ എന്ന നിശ്ചയിച്ചു. ഇതിവനെ കൊല്ലേണ്ടുവ പിഴയാകുന്നു എന്നു പറഞ്ഞു പിടിച്ചുകെട്ടി സർവാധികാര്യക്കാരുടെ അടുക്കലെക്കു സൂക്ഷിച്ചുകൊണ്ടു പോകത്തക്കവണ്ണം ആളുകളെയും കൂട്ടി അയച്ചു. സർവാധികാര്യക്കാർ ചെട്ടിയോട ചോദിച്ചപ്പോൾ ഞാൻ കൊന്നിട്ടില്ലാത്ത കാര്യമാകകൊണ്ട അങ്ങുന്നതന്നെ പരമാർഥത്തോളം വിചാരിക്കെണമെന്നും അപരാധം ചെയ്യാതെ ഇരിക്കുന്നവരെ ശിക്ഷിച്ചാൽ അതു വലുതായിട്ടുള്ള ദോഷമാകുന്നു എന്ന അങ്ങുന്ന അറിഞ്ഞിട്ടുണ്ടെല്ലൊ എന്നും അതുകൊണ്ട വഴിപോലെ വിചാരിച്ചാൽ കൊന്നതു ഞാൻ തന്നെയെന്ന നിശ്ചയംവന്നു എങ്കിൽ എന്നെ കൊല്ലുന്നതുകൊണ്ട സങ്കടമില്ലെന്നും മററും വേണ്ടുംപ്രകാരം ഒക്കെയും തികച്ചലായിട്ട ചെട്ടി പറഞ്ഞു. അതുകേട്ടപ്പോൾ അതിന്റെ പരമാർഥം അറിയേണ്ടതിന്നായിട്ട സർവാധികാര്യക്കാർ ആ വഴിയമ്പലത്തിൽ ചെന്നുപാർത്തു. ചെട്ടി വഴിപോക്കനായിട്ട വന്നിരുന്നവനാകകൊണ്ട ബ്രാഹ്മണനോട ദ്വേഷ്യം ഉണ്ടാവാനുള്ള സംഗതി ഇല്ലായ്കകൊണ്ടും ബ്രാഹ്മണന ചട്ടിയും കലവുമല്ലാതെ മറെറാന്നും ഇല്ലായ്കകൊണ്ട മുതലൊക്കയും എടുത്തകൊണ്ട പോവാനായിട്ട കൊന്നു എന്ന വിചാരിപ്പാനും ഇട ഇല്ലായ്കകൊണ്ടും കൊന്നതു ചെട്ടി അല്ലെന്ന മനസ്സുകൊണ്ട നിശ്ചയിച്ചു. വെട്ടിക്കൊല്ലുവാൻ ആയുധം കൂടാതെ കഴിയാത്തതാകകൊണ്ട ആയുധം ചെട്ടി കൊണ്ടുവന്നിട്ടുണ്ടായിരുന്നു എങ്കിൽ അത വിചാരിക്കെണമെന്നുവെച്ചു ബ്രാഹ്മണസ്ത്രീയോടും പിന്നെ അവിടെ ഉണ്ടായിരുന്നവരോടും ചോദിച്ചപ്പോൾ ആയുധം ഒന്നും കൊണ്ടുവന്നില്ല എന്നു പറഞ്ഞാറെ. ആയുധത്തിന്റെ തുമ്പ ഉണ്ടായാൽ ഇതിന്റെ നിശ്ചയമറിയാമെന്നുവെച്ചു സമീപത്തിൽ കുടിയിരുന്നവരെ ഒക്കെയും വരുത്തി ശോധനചെയ്യാറെ. ചെട്ടിയെ കൊന്ന ദിവസം സന്ധ്യയാകുമ്പോൾ ബ്രാഹ്മണസ്ത്രീ അവിടെ അടുക്കൽ കുടിയിരിക്കുന്ന തീയന്റെ വീട്ടിൽ ചെന്നു ചക്കവെട്ടേണ്ടതിന്നു നിന്റെ ചെത്തുന്ന കത്തിതരണമെന്ന ചോദിച്ചുഎന്നും അവൻ കത്തി കൊടുത്തില്ല എന്നും പിന്നെ നാലുനാഴിക ചെന്നപ്പോൾ തീയത്തിയോട നല്ലവാക്കു പറഞ്ഞ ഏററക്കത്തിമേടിച്ചുകൊണ്ടുപോയി എന്നും കേൾക്കകൊണ്ടു. തീയനെയും തീയത്തിയെയും വരുത്തിചോദിച്ചാറെ അതങ്ങള്ളതുതന്നെ ആകുന്നു എന്ന അവർ അനുവദിച്ചു കൈച്ചീട്ട എഴുതി വെച്ചതിന്റെശേഷം. ബ്രാഹ്മണസ്ത്രീയെ വരുത്തി അവരെകൂടെനിറുത്തി ചോദിച്ചപ്പോൾ

ബ്രാഹ്മണസ്ത്രീയും അനുസരിച്ചു. പിന്നെയും നിഷ്കർഷിച്ചു വേണ്ടും പ്രകാരം ചോദിച്ചപ്പോൾ ബ്രാഹ്മണനെ കൊന്നത അറിയാതെ വന്നുപോയതാകുന്നു എന്ന അനുവദിക്കകൊണ്ട ബ്രാഹ്മണസ്ത്രീക്ക ശിക്ഷവിധിച്ചു ചെട്ടിയെ പോകത്തക്കവണ്ണം പറഞ്ഞയക്കുകയും ചെയ്തു.

മലയാള ഗ്രന്ഥശേഖരം

മലയാള ഭാഷാവ്യാകരണത്തിലും മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിലും താൻ ഉപയോഗിച്ച മലയാള ഗ്രന്ഥങ്ങളുടെ സുദീർഘമായ പട്ടികകൾ ഗുണ്ടർട്ട് നൽകുന്നുണ്ട്. മലയാള ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന വ്യഗ്രതയെക്കുറിച്ച് മഹാകവി ഉള്ളൂർ എഴുതുന്നു:

ഭാഷാവിഷയകമായുള്ള ഏതു കാര്യത്തെ സംബന്ധിച്ചും അദ്ദേഹത്തിൻെറ ജീവിത കാലത്തിൽ അദ്ദേഹത്തിനു തന്നെയായിരുന്നു പ്രാമാണികത. ഭാഷാശബ്ദങ്ങളുടെ ധാത്വർഥനിർണയം, പഴയ ചെപ്പേടുകളുടെ താൽപര്യവിവേചനം മുതലായി നിരവധി പ്രമേയങ്ങൾക്ക് അദ്ദേഹത്തിൻെറ ഗവേഷണം നിമിത്തം പ്രശംസനീയമായ പ്രകാശം ലഭിച്ചിട്ടുണ്ട്. അന്നുവരെ യാതൊരു കേരളീയനും പേർ പോലും കേട്ടിട്ടില്ലാത്ത അനേകം താളിയോല ഗ്രന്ഥങ്ങൾ അദ്ദേഹം സംഭരിക്കുകയും ഓരോന്നും നിഷ്കൃഷ്ടമായി വായിച്ചു മനസ്സിലാക്കി തൻെറ നിഘണ്ടുവിൽ നിരവധി ശബ്ദങ്ങൾ ഉദാഹരിക്കുന്നതിനു പ്രയോജനപ്പെടുത്തുകയും ചെയ്തു. തലശ്ശേരി മുതലായ സ്ഥലങ്ങളിലെ പഴയ സർക്കാർ റിക്കാർഡുകൾ പരിശോധിച്ച് അവയിലെ ശബ്ദങ്ങളും തിരഞ്ഞെടുത്തിട്ടുണ്ട്. പല തരത്തിലും തൊഴിലിലും സ്ഥാനങ്ങളിലുമുള്ള നാനാജാതി മതസ്ഥരായ ജനങ്ങളുമായി സംഭാഷണത്തിലേർപ്പെട്ടു അവരവരുടെ ഇടയിൽ മാത്രം പ്രചാരമുള്ള ശബ്ദങ്ങളും സംഗ്രഹിച്ചിരിക്കുന്നു. രാമചരിതവും പയ്യന്നൂർപ്പാട്ടും അദ്ദേഹത്തിൻെറ ഗ്രന്ഥ സമുച്ചയത്തിൽ അവയുടെ പ്രാചീനത നിമിത്തം അത്യന്തം മഹനീയമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നു. രാമചരിതം നമുക്കു പിന്നീട് കിട്ടുകയുണ്ടായിട്ടുണ്ടെങ്കിലും പയ്യന്നൂർപ്പാട്ട് അദ്ദേഹത്തോടൊന്നിച്ച് അന്തർധാനം ചെയ്തതായി കരുതേണ്ടിയിരിക്കുന്നു. കേരള സാഹിത്യ ചരിത്രം വാല്യം 4, 1964: 165

1859-ൽ കേരളത്തിൽ നിന്നു മടങ്ങിപ്പോയ ഗുണ്ടർട്ട് ജർമനിയിലിരുന്നുകൊണ്ടാണ് *മലയാളം -ഇംഗ്ലീഷ് നിഘണ്ടു* പൂർത്തിയാക്കിയത്. അതിൻെറ ജോലികൾക്കു വേണ്ടിയായിരിക്കണം, തൻെറ ഗ്രന്ഥശേഖരവും ജർമനിയിലേക്കു കൊണ്ടുപോയി. ഇതിൽ പയ്യന്നൂർപ്പാട്ടടക്കമുള്ള ചുരുക്കം ചില ഗ്രന്ഥങ്ങൾ ഗുണ്ടർട്ട് സ്വജീവിതകാലത്തു തന്നെ മാതൃവിദ്യാലയമായ ട്യൂബിങ്ങൻ സർവകലാശാലയ്ക്കു സംഭാവന ചെയ്തിരുന്നു.

1865-ൽ ട്യൂബിങ്ങൻ സർവകലാശാലാ ലൈബ്രറി പ്രസിദ്ധീകരിച്ച കൈയെഴുത്തു ഗ്രന്ഥങ്ങളുടെ പട്ടികയിൽ ഏതാനും മലയാള ഗ്രന്ഥങ്ങളുമുണ്ട്. അന്ന് അവിടെ സംസ്കൃതത്തിനു പുറമേ ബംഗാളിയും

മലയാളവും മാത്രമേ ഇന്ത്യയിൽനിന്ന് ചെന്നെത്തിയിരുന്നുള്ളു. ഓലയിൽ എഴുതിയ *കേരളോത്പത്തിയും* *മുദ്രാരാക്ഷസവു*മായിരുന്നു 1865-ലെ പ്രധാനപ്പെട്ട മലയാള ഗ്രന്ഥങ്ങൾ. 1899-ലെ കാററ്ലോഗിൽ മലയാളം കൈയെഴുത്തു ഗ്രന്ഥങ്ങളുടെ എണ്ണം വർധിച്ചിരിക്കുന്നു. അവയിൽ Ma. I. 279 എന്ന നമ്പരിൽ കാണുന്ന ഓലക്കെട്ട് മലയാളികൾക്ക് അമൂല്യനിധിയാണ്. ഇതിൽ മലയാളികൾ വളരെക്കാലമായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന *പയ്യന്നൂർപ്പാട്ട്* പ്രത്യക്ഷപ്പെടുന്നു. 36 ഓലയിലായി 104 പാട്ടുകൾ ഈ കൃതിയിലുണ്ട്. കൃതി അപൂർണം തന്നെ. കോരത്തല ചെട്ടി, കച്ചിലപട്ടണം, അഞ്ചുവണ്ണം, യഹൂദർ, മണിഗ്രാമം എന്നിങ്ങനെ ചില വിഷയങ്ങളെല്ലാം വിവരണത്തിന്റെ ഭാഗമായി കാററ്ലോഗിൽ പ്രത്യേകം സൂചിപ്പിക്കുന്നു. അതേ ഓലക്കെട്ടിൽ കോലത്തു നാടിന്റെയും കോലത്തിരിമാരുടെയും വീരകഥകളാണ് 46 ഓലകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 36 ഓലകളിൽ *അഷ്ടാംഗഹൃദയ* ത്തിന്റെ പകർപ്പും ഇതേ ഓലക്കെട്ടിൽ കാണുന്നു.

വടക്കെ മലബാറിലെ തളിപ്പറമ്പിൽനിന്നു ലഭിച്ച ഓലക്കെട്ട് ഗുണ്ടർട്ടാണ് ലൈബ്രറിക്കു സമ്മാനിച്ചതെന്നു കാററ്ലോഗിലുണ്ട്. കാററ്ലോഗിൽ കാണുന്ന വിശദാംശങ്ങൾ ഗുണ്ടർട്ടുതന്നെ നൽകിയതായിരിക്കണം.

ഇതേ കാററ്ലോഗിൽ Ma I 282, 283, 284 നമ്പരുകളിലായി കടലാസിലുള്ള മൂന്നു കൈയെഴുത്തു ഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൂടി കാണുന്നു. മംഗലാപുരത്തുനിന്ന് ഡീസ് എന്ന മിഷണറി സംഭാവന ചെയ്തതാണ് ഇവ. *നളചരിതം കിളിപ്പാട്ട്*, *മുദ്രാരാക്ഷസം കിളിപ്പാട്ട്*, *വേതാളചരിതം*, *ഉത്തര രാമായണം*, *ദേവീ മാഹാത്മ്യം*, *ചന്ദ്രസംഗമം കഥ*, *സീതാവൃത്താന്തം*, *രാമായണ കഥ*, *വിവേക രത്നം*, *ഓണപ്പാട്ട്*, *ശീലവതിപ്പാട്ട്*, *തന്ത്രസംഗ്രഹം*, *മഹാഭാരതം കിളിപ്പാട്ട്*, *അധ്യാത്മ രാമായണം* എന്നിവയാണ് ഡീസ് സായ്പു നൽകിയ കടലാസു പകർപ്പുകളിലുള്ളത്.

ഗുണ്ടർട്ടിന്റെ മരണശേഷമായിരിക്കണം അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ സിംഹഭാഗവും ട്യൂബിങ്ങനിൽ എത്തിച്ചേർന്നത്. അച്ചടിച്ച പുസ്തകങ്ങൾ ലൈബ്രറിയുടെ കാററ്ലോഗിൽ ചേർത്തിരുന്നെങ്കിലും അമൂല്യങ്ങളായ കൈയെഴുത്തു ഗ്രന്ഥങ്ങൾ 1986 വരെ കെട്ടുകളായി ഇരുന്നുപോയി. ബർലിനിലെ ലോക മലയാള സമ്മേളനത്തിനുശേഷം ട്യൂബിങ്ങൻ സർവകലാശാല സന്ദർശിച്ച അവസരത്തിൽ ഞങ്ങളാണ് ഈ ഗ്രന്ഥശേഖരം തിരിച്ചറിഞ്ഞത്. അതിനുശേഷം അവ കാററ്ലോഗു ചെയ്ത് ലൈബ്രറി രേഖകളിൽ ചേർത്തു.

കാൽവിലെ ഗുണ്ടർട്ടു ഭവനത്തിൽ ശേഷിച്ച താളിയോല ഗ്രന്ഥങ്ങളുടെ പേരുവിവരങ്ങൾ കൊളോൺ സർവകലാശാലയിലെ ഡോ. കെ. എൽ. യാനർട്ടും എൻ. നരസിംഹൻ പോററിയും ചേർന്ന് 1980-ൽ പ്രസിദ്ധീകരിച്ച INDISCHE HANDSCHRIFTEN (ഇന്ത്യൻ കൈയെഴുത്തുകൾ), ആറാം വാല്യത്തിൽ ചേർത്തിട്ടുണ്ട്. പതിനാറു താളിയോല ഗ്രന്ഥങ്ങളാണ് അവിടെ ഉണ്ടായിരുന്നത്. ഇവ 1991 തുടക്കത്തിൽ ഗുണ്ടർട്ടു

കുടുംബം ട്യൂബിങ്ങൻ സർവകലാശാലയ്ക്കു സംഭാവന ചെയ്തു.

സ്ററുട്ഗാർട്ടിലെ സ്റേററ് ലൈബ്രറി, സ്വിററ്സർലണ്ടിലെ ബാസൽ മിഷൻ രേഖാലയം, ഗുണ്ടർട്ടു പാരമ്പര്യത്തിലുള്ള കുടുംബങ്ങൾ എന്നിങ്ങനെ മററു ചില കേന്ദ്രങ്ങളിലും ഗ്രന്ഥസമുച്ചയത്തിൻെറ ഭാഗങ്ങൾ കാണാം.

പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യദശകം വരെ അച്ചടിച്ചിട്ടുള്ള മലയാള ഗ്രന്ഥങ്ങൾ, ഹെർമൻ ഗുണ്ടർട്ട് ശേഖരിച്ചിരുന്നു. അവയിൽ നല്ല ഭാഗം ട്യൂബിങ്ങൻ സർവകലാശാലയിലുണ്ട്. ചുരുക്കം ചില ഗ്രന്ഥങ്ങൾ ബാസലിലും ഗുണ്ടർട്ടു കുടുംബാംഗങ്ങളുടെ കൈവശത്തിലും കാണുന്നു.

ഗുണ്ടർട്ട് ഗ്രന്ഥശേഖരത്തിലെ പ്രധാനപ്പെട്ട ഭാഗമായ കൈയെഴുത്തു ഗ്രന്ഥങ്ങളെക്കുറിച്ച് സാമാന്യ പരിജ്ഞാനം ലഭിക്കാൻ ഉതകുമെന്ന പ്രതീക്ഷയിൽ ഒരു പട്ടിക ഇവിടെ ചേർക്കുന്നു. സാഹിത്യചരിത്രങ്ങളിലൂടെയും മററും കേട്ടറിയുക മാത്രം ചെയ്തിട്ടുള്ള അത്യപൂർവങ്ങളായ ചില ഗ്രന്ഥങ്ങളെങ്കിലും ഈ പട്ടികയിലുണ്ടാകും. അച്ചടിച്ച ഗ്രന്ഥങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധിക്കുമല്ലോ. (ഇവയെക്കുറിച്ചുള്ള വിവരങ്ങൾക്ക്, ചർച്ചയും പൂരണവും, *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, ഡി സി ബി പതിപ്പ് 1989 കാണുക).

കൈയെഴുത്തു ഗ്രന്ഥങ്ങൾ

അദ്വൈത ശതകം, ഓല, കാൽവ്, പു.110

അധ്യാത്മ രാമായണം കിളിപ്പാട്ട് ട്യൂബിങ്ങൻ ഒന്നാം പകർപ്പ് പു. 290; രണ്ടാം പകർപ്പ്, പു. 302

അഞ്ചടി, നോട്ബുക്ക്- 5 എന്ന ശീർഷകം നോക്കുക

അഷ്ടാംഗ ഹൃദയം, ഓല, സംസ്കൃതവും മലയാളവും, ട്യൂബിങ്ങൻ, പു. 118

ഇരുപത്തിരണ്ടു വൃത്തം, ട്യൂബിങ്ങൻ, പു. 52

ഉത്തരരാമായണം, ട്യൂബിങ്ങൻ, പു. 66

ഏകാദശി മാഹാത്മ്യം, ട്യൂബിങ്ങൻ, പു. 28

ഓണപ്പാട്ടു, ഓല, കാൽവ്, പു. 20

ഓണപ്പാട്ടു, ട്യൂബിങ്ങൻ, പു. 6

കൃഷ്ണഗാഥ, ട്യൂബിങ്ങൻ, പു. 448

കൃഷ്ണപ്പാട്ടു, ഓല, കാൽവ്, പു. 50

കൃഷ്ണസ്തുതി, ഓല, കാൽവ് പു. 14

കേരള ഉത്പത്തി, ഓല, കാൽവ്, പു. 178

കേരള ഉത്പത്തി, ഓല, കാൽവ് പു. 144

കേരള ഉത്പത്തി, ട്യൂബിങ്ങൻ, പു. 70

കേരള ഉത്പത്തി, ഓല, ട്യൂബിങ്ങൻ, പു. 24

കേരളാചാരസംക്ഷേപം, സ്ററുട്ഗാർട്ട്, പു. 20

കേരള നാടകം, സ്ററുട്ഗാർട്ട്, പു. 54

കേരള മാഹാത്മ്യം , ഓല , സംസ്കൃതവും മലയാളവും, ട്യൂബിങ്ങൻ, പു. 320

കേരള മാഹാത്മ്യം, ഇംഗ്ലീഷ് മലയാളം കുറിപ്പുകൾ, സ്ററുട്ഗാർട്ട്, പു. 24

കേരള വിലാസം - സംസ്കൃതവും മലയാളവും, ട്യൂബിങ്ങൻ, പു. 86

കൈവല്യ നവനീതം, ഓല, കാൽവ്, പു. 154

ക്രിസ്തുചരിത്രം, ഓല, കാൽവ്, പു. 70

ക്രൈസ്തവ കാവ്യം , ഓല, കാൽവ്, പു. 14

ചന്ദ്രസംഗമ കഥ, ട്യൂബിങ്ങൻ, പു. 6

ചന്ദ്രസംഗമ കഥ പാട്ടു, ഓല, കാൽവ്, പു. 54

ചതുർദ്ദശ വൃത്തം, ട്യൂബിങ്ങൻ, പു. 42

ജനോവ പർവം, ഓല, കാൽവ്, പു. 32

ജുഡീഷ്യൽ റിക്കാർഡ്സ്, ട്യൂബിങ്ങൻ, പു. 22

ജ്ഞാനപ്പാന, സ്ററുട്ഗാർട്, പു. 7, നോട്ബുക്ക് -5

ജ്യോതിശാസ്ത്ര പ്രബന്ധം, ഓല, കാൽവ്, പു. 28

തച്ചോളിപ്പാട്ടുകൾ, സ്ററുട്ഗാർട്, പു. 226

തലശ്ശേരിരേഖകൾ, കോഴിക്കോട്, 1790-1800, ട്യൂബിങ്ങൻ, പു. 4448

തന്ത്രശാസ്ത്രം, ഓല, കാൽവ്, പു. 54

തന്ത്രസംഗ്രഹം, ട്യൂബിങ്ങൻ, പു. 295

തളിപ്പറമ്പു മാഹാത്മ്യം, ട്യൂബിങ്ങൻ, പു. 2

ത്രിപുര ദഹനകാവ്യം, ഓല, സ്ററുട്ഗാർട് സ്റേററ് ലൈബ്രറി, 197 ശ്ലോകം

ദുഷി പർവം, ട്യൂബിങ്ങൻ, പു. 10

ദേവീ മാഹാത്മ്യം, ഓല, കാൽവ്, പു. 96

ദേവീ മാഹാത്മ്യം, ട്യൂബിങ്ങൻ പു. 27

നളചരിതം , ട്യൂബിങ്ങൻ, പു. 228

നളോദയ കാവ്യം, ഓല, സ്ററുട്ഗാർട് സ്റേററ് ലൈബ്രറി, 222 ശ്ലോകം

നാസികേതു പുരാണം, ട്യൂബിങ്ങൻ, പു. 16

നോട്ബുക്ക് -1, കൊങ്കണിഭാഷയിലെ പഴഞ്ചൊല്ലുകൾ ,പു.36

നോട്ബുക്ക് -2, മലയാള ലിപിമാലകൾ, എഴുത്തുകുത്തുകൾ തുടങ്ങിയവ, പു. 134

നോട്ബുക്ക് -3, പേർഷ്യൻ അറബി പദാവലികൾ, സഹദേവവാക്യം, പ്രപഞ്ചഹൃദയം, പു. 209

നോട്ബുക്ക്-4, നിയമകാര്യങ്ങൾ, പു. 64

നോട്ബുക്ക്-5, തിരുവങ്ങാട്ടഞ്ചടി, പൊന്മേരി അഞ്ചടി, കന്നിപ്പറമ്പ് അഞ്ചടി, ജ്ഞാനപ്പാന, വിജ്ഞാനപ്പാട്ട് , പു. 52

പഴയന്നൂർ പാട്ടു/ പയ്യന്നൂർപാട്ടു, ഓല, ട്യൂബിങ്ങൻ, പു. 72

പ്രപഞ്ചഹൃദയം, ട്യൂബിങ്ങൻ നോട്ബുക്ക്-3

ബൈബിൾ - കൈയെഴുത്ത് (പഴയനിയമം) ബാസൽ, ട്യൂബിങ്ങൻ

ബ്രഹ്മാണ്ഡപുരാണം, ട്യൂബിങ്ങൻ, പു. 278

ഭാഗവതം കിളിപ്പാട്ട്, ട്യൂബിങ്ങൻ, പു. 546

ഭദ്രദീപം, ട്യൂബിങ്ങൻ, പു. 50

മലയാളം - ഇംഗ്ലീഷ് നിഘണ്ടു (കരട്) ഒന്നാംഭാഗം, പു. 768.; രണ്ടാംഭാഗം, പു. 674.; മൂന്നാംഭാഗം പു. 772 ട്യൂബിങ്ങൻ

മലയാളം കഥകൾ, സ്ററുട്ഗാർട്, പു. 6

മലയാള വ്യാകരണം (കരട്) ട്യൂബിങ്ങൻ, പു. 40

മഹാഭാരതം കിളിപ്പാട്ട്, ട്യൂബിങ്ങൻ, ഒന്നാം പകർപ്പ്, പു. 998; രണ്ടാംപകർപ്പ്, പു. 560

മഹാഭാരതം പാട്ട്, ഓല, കാൽവ്, പു. 360

മാപ്പിളപ്പാട്ട്, ട്യൂബിങ്ങൻ, പു. 34

മുദ്രാരാക്ഷസ ഭാഷാഗാനം, ട്യൂബിങ്ങൻ, ഒന്നാംപകർപ്പ്, പു. 152.; രണ്ടാം പകർപ്പ്, പു. 159

മൂകാംബി മാഹാത്മ്യം, ഓല, കാൽവ്, പു. 40

മേഘസന്ദേശ കാവ്യം, ഓല, സ്ററുട്ഗാർട് സ്റേററ് ലൈബ്രറി, 106 ശ്ലോകം

യുധിഷ്ഠിര വിജയ കാവ്യം, ഓല, സ്ററുട്ഗാർട് സ്റേററ് ലൈബ്രറി, 938 ശ്ലോകം

രാമചരിതം, ട്യൂബിങ്ങൻ, പു. 186

രാമായണകഥ, ട്യൂബിങ്ങൻ, പു. 6

ലക്ഷ്മീ പാർവതീ സംവാദം, സ്ററുട്ഗാർട്, പു.4

വാല്മീകി രാമായണം , ട്യൂബിങ്ങൻ, പു. 868

വിവേകരത്നം, ട്യൂബിങ്ങൻ പു. 65

വിജ്ഞാനപ്പാട്ട്, നോട്ബുക്ക്-5, പു. 52

വേതാളചരിതം, ട്യൂബിങ്ങൻ, പു. 109

വേദാന്ത ദർശനം, ഓല, കാൽവ്, പു. 50

വൈരാഗ്യ ചന്ദ്രോദയം, ട്യൂബിങ്ങൻ, പു. 33

വ്യവഹാരമാല, ട്യൂബിങ്ങൻ, പു. 628

ശീലാവതി പാട്ട്, ട്യൂബിങ്ങൻ, പു. 18

ശ്രീകൃഷ്ണ ചരിതം മണിപ്രവാളം, ട്യൂബിങ്ങൻ, പു. 86

ശ്രീരാമോദന്ത കാവ്യം, ഓല, സ്ററുട്ഗാർട് സ്റേററ് ലൈബ്രറി, 151 ശ്ലോകം

സഹദേവവാക്യം, ട്യൂബിങ്ങൻ, പു. 209

സന്താനഗോപാലം, ട്യൂബിങ്ങൻ, പു. 7

സീതാവൃത്താന്തം, ട്യൂബിങ്ങൻ, പു. 6

സ്തുതികൾ: സൂര്യസ്തുതി, കൃഷ്ണസ്തുതി, ഗുരുനാഥസ്തുതി, രാമപാഹിമാ, സ്ററുട്ഗാർട്, പു. 10

ഹോരവ്യാഖ്യാനം, ഓല, (ശ്രീമതി ഹാരിസൺ 1834 ഫെബ്രുവരി 24-നു യൂറോപ്പിലേക്കു പോയി എന്ന് ഇതിൽ കാണുന്നു). കാൽവ്, പു. 118

Verapoly Dictionaries : വരാപ്പുഴ നിഘണ്ടുക്കൾ

Malayalam - Portuguese Dictionary 3 volumes, P.990, Tuebingen

Portuguese - Malayalam Dictionary, p. 290, Tuebingen

ജർമൻ ഭാഷയിൽ

കാൽവർ ഫെർലാഗിൻെറ ചുമതല ഏറെറടുത്ത് കാൽവിൽ താമസമാക്കിയ ഗുണ്ടർട്ട് അഞ്ച് ആനുകാലിക ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ എഡിററായിരുന്നു.

Das Calwer Missionsblatt, 1828-1918; Editor: Hermann Gundert, 1863-1883. സചിത്ര മിഷൻ വാർത്താപത്രിക; ചുരുക്കെഴുത്ത് : CM

Calwer Missionsblatt fuer Kinder, 1842-1918; Editor: Hermann Gundert, 1863-1892. കുട്ടികൾക്കു വേണ്ടിയുള്ള മിഷൻ മാസിക; ചുരുക്കെഴുത്ത് : CK

Evangelisches Missions - Magazin, 1857 - 1974 Editor: Hermann Gundert, 1865-1874, പ്രോട്ടസ്ററൻറ് മിഷൻ മാസിക; ചുരുക്കെഴുത്ത്: MM

Jugendblaetter, 1836-1916; Editor : Hermann Gundert, 1862-1881, യുവജന മാസിക; ചുരുക്കെഴുത്ത് : JB

Monatsblaetter fuer Oeffentliche Missionsstunden, 1839-1917; Editor : Hermann Gundert, 1863-1888 മിഷൻയോഗങ്ങൾക്കു വേണ്ടിയുള്ള മാസിക; ചുരുക്കെഴുത്ത് : MB

മിഷൻ മാസികകളിൽ ഗുണ്ടർട്ട് അനേകം ലേഖനങ്ങൾ എഴുതിയിരുന്നു. ജീവചരിത്രം, ദേശചരിത്രം, യാത്രാവിവരണം, മിഷണറിമാരുടെ അനുഭവങ്ങൾ, തർജമകൾ എന്നിങ്ങനെ വിവിധ ഇനങ്ങളായി തിരിക്കാവുന്നവയാണ് ആ രചനകൾ. പിൽക്കാലത്ത് ഈ ലേഖനങ്ങൾ തന്നെ ചില്ലറ മാററങ്ങൾ വരുത്തി പുസ്തകരൂപത്തിൽ സമാഹരിച്ചവതരിപ്പിക്കയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ജർമൻ രചനകളുടെയെല്ലാം പിന്നിൽ സഹായിയായിരുന്നതു ബന്ധുവായ ഒരു അധ്യാപികയാണ് — ഹെൻറിററെ എൻസ്ലിൻ (Henritte Enslin).

സ്വന്തം മാസികകളിൽ പേരുവയ്ക്കാതെ അദ്ദേഹം ലേഖനങ്ങൾ എഴുതിയിരുന്നു. അവയിൽ ചിലതു പുസ്തകരൂപത്തിൽ ഗുണ്ടർട്ടിൻേറതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മററു ചിലത് ജീവചരിത്ര രേഖകളുടെ വെളിച്ചത്തിൽ അദ്ദേഹത്തിൻേറതാണെന്നു തീരുമാനിക്കേണ്ടി വന്നു.

കേരളത്തിൽ നിന്നു ജർമനിയിൽ മടങ്ങിയെത്തിയ ഗുണ്ടർട്ട് അവിടെവച്ചു *മലയാളം-ഇംഗ്ലീഷ് നിഘണ്ടു* പൂർത്തിയാക്കി എന്നു മാത്രമാണ് മലയാളികൾ കേട്ടിട്ടുള്ളത്. അവിടെ അദ്ദേഹം ചെയ്തു തീർത്ത ജോലിയുടെ വൈപുല്യം മനസ്സിലാക്കാൻ വായനക്കാർക്ക് ഉപകരിക്കുമെന്ന പ്രതീക്ഷയിലാണ് മിഷൻ മാസികകളെക്കുറിച്ചും ജർമൻ രചനകളെക്കുറിച്ചും എഴുതുന്നത്. മാത്രമല്ല, കേരളത്തിലും ജർമനിയിലും ഗുണ്ടർട്ടിനു ലഭിച്ച കർമമണ്ഡലങ്ങൾ തികച്ചും വ്യത്യസ്തങ്ങളായിരുന്നെന്നും രണ്ടു ജന്മത്തിലെന്നപോലെ രണ്ടിടത്തും വളരെയേറെ കാര്യങ്ങൾ അദ്ദേഹം ചെയ്തു തീർത്തു എന്നും വായനക്കാർ ഗ്രഹിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ഭാഷാ പരിശ്രമങ്ങൾ പരിഗണിച്ച് അദ്ദേഹത്തെ ഒന്നാംനിരക്കാരനായി പരിഗണിക്കുന്നവരാണ് കേരളീയർ. ജർമനിയിൽ അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ അത്രത്തോളം തിളക്കമാർന്നതായിരുന്നില്ല. എങ്കിലും അദ്ദേഹം തുടങ്ങി വച്ച പല പാരമ്പര്യങ്ങളും ചിന്താപദ്ധതികളും കാലം ചെല്ലുംതോറും കൂടുതൽ ആദരം നേടുകയാണ്. മതരംഗത്തും വൈജ്ഞാനികരംഗത്തും ഗുണ്ടർട്ടിൻെറ സംഭാവനകൾ ഇപ്പോൾ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നു. ഇങ്ങനെയൊരു പുനരവലോകനം സാധ്യമാക്കുന്ന ജർമൻ രചനകളുടെ പട്ടിക ഇവിടെ ചേർക്കുന്നു. അവയുടെ എണ്ണവും വൈവിധ്യവുമാണ് ഒററനോട്ടത്തിൽ നമ്മുടെ ശ്രദ്ധയിൽപെടുന്നത്. *തമിഴ്നാട്ടിലെ ജർമൻ മിഷണറിമാരുടെ ചരിത്രം, സംസ്കൃതത്തിലെ ദ്രാവിഡാംശം, നായർകഥകൾ, ആനക്കാരൻ ഗോവിന്ദൻ* എന്നിങ്ങനെ മലയാളികൾക്കു കൗതുകകരമായേക്കാവുന്ന പല രചനകളും ഈ പട്ടികയിലുണ്ട്. ജർമൻ ഭാഷ നിശ്ചയമുള്ളവർക്ക് കൃതികൾ കണ്ടെത്താൻ ആവശ്യമായ വിവരങ്ങൾ ആദ്യം കൃത്യമായി നൽകിയിരിക്കുന്നു. പിന്നീട് കൂടിയേ തീരൂ എന്നു തോന്നിയ സ്ഥലങ്ങളിൽ വിഷയ സൂചന മലയാളത്തിൽ നൽകിയിട്ടുണ്ട്.

Abriss der Geschichte der Station Tellitscherry, MM 1846, 2, S. 96-124 തലശ്ശേരിയിലെ മിഷൻ സ്റേറഷൻെറ സംക്ഷിപ്ത ചരിത്രം

Alphonse Francois Lacroix, MM 1862, S. 325-366; 453-506; 510-527 ജീവചരിത്രം

Amritsar, JB 1874, 1, Sp.115-122 ദേശവിവരണം

Aneaso, der Neger aus dem Ibo-Lande, Basel 1865, 55 S.; 2. Aufl., Aneaso, oder Durch Sklaverei zur Freiheit, Basel 1883, 48 S., vgl. MM 1864 അനിയാസോ എന്ന നീഗ്രോയുടെ സ്വാതന്ത്ര്യത്തിൻെറ കഥ.

Arbeiter in der Tamil-Mission തമിഴ്നാട്ടിലെ മിഷണറിമാർ. അത്യന്ത ശ്രദ്ധേയമായ ഈ ഗ്രന്ഥം ജർമൻ ജീവചരിത്രത്തോടൊപ്പം ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥ പരമ്പരയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. Frenz 1991: 259-364. Einleitung, MM 1868, S. 31-34

1. Franz Xavier, S. 34-45
2. Robert dei Nobili, S. 49-70
3. Joseph Beschi, S. 97-114
4. Bartholomaeus Ziegenbalg, S. 129-153
5. Johann Philipp Fabricius, S. 177-195
6. Chr. F. Schwartz, S.225-242
7. Karl T.E. Rhenius, S. 257-289
8. John Anderson, S.305-325
9. Dr. Karl Graul und die Kaste in der Tamil-Mission, S. 353-371
10. Dr. Karl Graul, S. 385-396.

Die Asante (Aschante), MM 1873, S. 353-373 ജനവർഗപഠനം

Auf der Suedspitze Indiens, JB 1876, 2, Sp. 355-370 ഇന്ത്യയുടെ തെക്കേകോണിനെക്കുറിച്ച്.

Aus dem Leben von Christian Martig, weiland Missionar in China, Basel 1864, 100 S.; 2. Aufl., Basel 1872, 75S.; vgl. MM 1863 ചൈനയിലെ മിഷണറിയെക്കുറിച്ച്.

Aus dem Nayerleben: നായർകഥകൾ

1. Der junge Tschandu von Njalikara, JB 1868, 2, Sp. 225-236
2. Kannen von Kaideri, JB 1868, 2, Sp. 297-312
3. Kelappen vom Garten, JB 1868,2, Sp.369-384
4. Dairu von Ebereck, JB 1869,1, Sp. 61-66

Aus einem Moenchsleben, JB 1870,2, Sp.85-104; 161-188 ഒരു സന്യാസിയുടെ ജീവിതകഥ

Aussicht der Mission in Persien, MM 1873, S. 3-22. പേർഷ്യൻ മിഷന്റെ ഭാവി

Barth, Dr. Christian Gottlob, in: Real-Encyklopaedie fuer protestantische Theologie und Kirche, 2. Aufl., Bd. 2, Leipzig 1878, S.108-111; 3 Aufl., Bd.2, Leipzig 1897, S. 418-420 ബാർത്തിനെക്കുറിച്ചുള്ള ലേഖനം

Der Bauernaufstand in Bengalen, MM 1860, S.385-418 ബംഗാളിലെ കർഷക കലാപം

Bericht ueber die Reise nach Manantodi, MM 1844, 4, S. 142-145 മാനന്തവാടിയാത്ര

Beschreibung des Sahya-Gebirges, SB, S.119 സഹ്യപർവതം

Bilder - Tafeln zur Laender-und Voelker-Kunde mit besonderer

Beruecksichtigung der evangelischen Missions arbeit, Calw & Stuttgart 1883, 178 Tafeln und Register; 2. Aufl., Faks.d. Ausg. 1883, Stuttgart 1987. പ്രോട്ടസ്റ്റന്റു മിഷൻ മേഖയും ജനങ്ങളും ചിത്രങ്ങളിലൂടെ

Ein Blick nach Persien, MM 1872, S. 3-56. പേർഷ്യ

Blumhardt, Christian Gottlieb, in: Real-Encyklopädie fur protestnische Theologie und Kirche, 2. Aufl., Bd.2, Leipzig 1878, S. 501-505; 3. Aufl., Bd. 3,Leipzig 1897, S. 262-264 ബ്ലുംഹാർഡിനെക്കുറിച്ച് ലേഖനം

Calwer Bibellexikon, redig. v. P. Zeller, hg.v. Calwer Verlagsverein [Hermann Gundert], Calw & Stuttgart 1885, 1036 S.; vgl. MM 1885, S.47 ബൈബിൾ ലക്സിക്കൺ

Die central -afrikanische Mission, MM 1865, S. 279-297; 305-343. സെൻട്രൽ ആഫ്രിക്കയിലെ മിഷൻ

Christliche Kirchengeschichte fuer Schulen und Familien, begr.v. Christian Gottlob Barth, fortgef. durch Hermann Gundert 18. Aufl., Stuttgart 1866, IV+264 S.; neu bearb.; 21. verm. Aufl., Calw& Stuttgart 1882, 304 S., 23. verb. Aufl., Stuttgart 1892, 315 S. ക്രിസ്തുസഭാചരിത്രം, സ്കൂളുകൾക്കും കുടുംബങ്ങൾക്കും

Christianens Denkmal, Ein Stueck Familienchronik aus dem ersten Drittheil unseres Jahrhunderts, Als Manuskript gedruckt, Calw & Stuttgart 1868, 416 S.; Christianens Denkmal, Ein Stueck Familienchronik aus dem ersten Dritteil unseres Jahrhunderts, Calw & Stuttgart 1894, 304 S. ക്രിസ്ത്യാനയുടെ ഓർമ; പത്തൊമ്പതാം നൂററാണ്ടിലെ കുടുംബചരിത്രം

Circular, monatl., an >>Brüder<< in Indien, Calw, April 1860 ff., jeweils ca. 4 S. ഇന്ത്യയിലെ മിഷണറി സഹോദരനുള്ള കത്ത്

David Tappan Stoddard, MM 1867, S. 129-159; 177-210; 225-272

Die Denomination und die Missionskirche, MM 1869, S. 385-399 മിഷണറി സഭയും സഭാവിഭാഗങ്ങളും

Die dravidischen Elemente im Sanskrit, Zeitschrift der Deutschen Morgenlaendischen Gesellschaft, 23, Bd., Leipzig 1869, S. 517-530. സംസ്കൃതത്തിലെ ദ്രാവിഡാംശം.

Der Elephantenfuehrer Gowinda, Ein Lebensbild aus Malabar, Basel 1860, 48 S.; 1877; 1894; 1899; 1909;1913; vgl. MM 1857, S.321-381 ആനക്കാരൻ ഗോവിന്ദൻ, മലബാറിൽനിന്നുള്ള ഒരു ജീവിതകഥ

Die englisch-presbyterianische Kirche in China, MM 1867, S. 115-121; 159-171

Eine Episode aus dem indischen Feldzug, JB 1873, 1, Sp. 323-332. ഇന്ത്യൻ കലാപത്തിൽനിന്ന് ഒരു സംഭവം

Erinnerungen an Missionar Isenberg, MM 1866, S. 129-145; 177-190; 225-235; 257-279 ഈസൻബർഗ് മിഷണറിയെക്കുറിച്ചുള്ള അനുസ്മരണം

Die Evangelische Mission, ihre Laender, Voelker und Arbeiten, Calw& Stuttgart 1881, V+359 S.;3 verm. Aufl., Calw & Stuttgart 1894, VIII + 531 S.പ്രോട്ടസ്റ്റൻറു മിഷൻ - രാജ്യങ്ങൾ, ജനതകൾ, പ്രവർത്തനങ്ങൾ

Die Fortschritte der indischen Mission in den letzten zwoelf Jahren, MM 1864, S. 145-194 കഴിഞ്ഞ പന്ത്രണ്ടുവർഷത്തെ ഇന്ത്യൻ മിഷൻെറ പുരോഗതി

Fuenfzehn Vorträge Samuel Hebichs, Hg., Stuttgart (?) 1861. സാമുവൽ ഹേബിക്കിൻെറ പതിനഞ്ചുപ്രസംഗം.

Die Gefangenschaft der Missionare Ramseyer und Kuehne in Asante und ihre Befreiung, Basel 1875, 32 S. രണ്ടു മിഷണറിമാരുടെ തടവു ജീവിതം

Georg Adam Kissling, ein Missionsleben in Afrika und Neuseeland, Basel 1871, 55 S.; vgl. MM 1867,S. 305-323; 353-360; 390-400; 443-461 ആഫ്രിക്കയിലെയും ന്യൂസിലണ്ടിലെയും ഒരു മിഷണറി

Georg Mueller, JB 1871, 1, Sp. 329-342.

Die Geschichte der Neuesten Zeit 1815-1877,2.Aufl., Calw& Stuttgart 1878 VI+354 S. = Lesebuch der Weltgeschichte oder die Geschichte der Menschheit, allgemein fasslich erzaehlt von Wilhelm Redenbacher, Bd. 4; Bd. 1-3 von Hermann Gundert bearbeitet, Bd. 4 von ihm verfasst. മാനവ ചരിത്രം എന്ന ഗ്രന്ഥ പരമ്പരയിലെ നാലാം വാല്യം - ആധുനിക ചരിത്രം 1815-1877

Geschichte von Wuerttemberg, begr. v. C.G. Barth, neu bearb. v. Hermann Gundert, 5. verm, Ausg., Calw & Stuttgart 1884, VI + 339 S. വ്യുർട്ടൻബർഗ് രാജ്യചരിത്രം

Die Gossner'sche Mission unter den Kols, MM 1874, S. 330-363 കോൾവർഗക്കാരുടെ ഇടയിൽ ഗോസ്നർമിഷൻെറ പ്രവർത്തനം

Handbuch der Bibelerklaerung, Bd. II, Das Neue Testament, neu bearb. v. Hermann Gundert, 5. umgearb. Aufl., Calw & Stuttgart

1878, 2 Karten, VIII + 628 S. ബൈബിൾ ഭാഷ്യം - പുതിയ നിയമം

Hanna Thoma, JB 1869, 1, Sp. 361-390

Hebich in Canara, MM 1869, S. 24-47; 97-113; 129-139

Hebichs letzte Zeit, MM 1870, S. 481-500. ഹേബിക്കിന്റെ അന്ത്യകാലം

Herrmann Moegling, ein Missionsleben in der Mitte des Jahrhunderts, Calw & Stuttgart 1882, VI+391 S.

Ein Hilferuf fuer Madagaskar, MM 1872, S, 239-258 മഡഗാസ്കറിനുവേണ്ടി ഒരു അഭ്യർഥന

Hochlande Indiens, JB 1868, 1, Sp. 421-428 ഇന്ത്യയിലെ മലമ്പ്രദേശങ്ങൾ

Imadeddin, Ein bekehrter Muhammedaner, Basel 1881, 16 S., vgl. MM 1871, S. 397-412; MB 1876, 5, S. 1-16

Der indische Aufstand, JB 1867, 2, Sp. 214-226; 303-314 ഇന്ത്യൻ കലാപം

Jamaika einst und jetzt, MM 1864, S. 99-104; 284 - 291; 463 - 480; 529-568 (Aneaso). ജമൈക്ക - പണ്ടും ഇന്നും

Jamaika seit dem letzten Aufstand, MM 1870, 329-336 ജമൈക്ക, കഴിഞ്ഞ കലാപത്തിനുശേഷം

Jesus Christus, Europa und Asien, MM 1867,S. 3-24

Johannes Evangelist Gossner, MM 1874, S. 289-301

Die Kaders der Anamalai - Berge, JB 1862,2, Sp. 37-40 ആനമലയിലെ കാടർ

Die Kirche der Thomaschristen von Dr. W. Germann, Guetersloh 1877, Rezension, MM 1877, S. 88-96; vgl. ebd., S. 97-112. മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ ഗെർമാൻ രചിച്ച ഗ്രന്ഥത്തിന്റെ നിരൂപണം

Koenigin Luise, JB 1874, 1, Sp 147-158; 185-204 ലൂയിസെ രാജ്ഞി

Die Lebensgeschichte Nanaks, des Religionsstifters der Sikhs (Nach Original quellen), JB 1875,1, Sp. 337-348; 431-442 നാനാക്കിന്റെ ജീവചരിത്രം

Leichte und schwere Garben vom Missionsfeld, Basel 1878; 2. Aufl., Basel 1888, 16 S. മിഷൻ വയലിൽനിന്നുള്ള ചെറുതും വലുതുമായ കററകൾ

Licht und Schatten in der Madagassischen Mission, MM 1876, S.

481-509 മഡഗാസ്കർ മിഷനിൽ നിന്നുള്ള നിഴലും വെളിച്ചവും

Livingstones Entdeckungsreisen am Zambesi, MM 1866, S. 3-37; 48-90; 97-103 യാത്രാവിവരണം

Dr. Livingstone's Wirksamkeit, MM 1872, S. 387-400 ലിവിംഗ്സ്ററൺന്റെ പ്രവർത്തനം

Lord Lawrence, JB 1872,1, Sp. 57-68

Die Macht des Evangeliums, urspr. Ein Sonntag bei Capt. Robert, Stuttgart (?) 1863. സുവിശേഷത്തിന്റെ ശക്തി

Malabar und die Nilagiri od. blaue Berge, in: Atlas der Evangelischen Missionsgesellschaft zu Basel, bearb von J. Josenhans, Basel 1857, 1 S. മലബാറും നീലഗിരിയും

Missionar Hebich in Kannanur, MM 1870, S. 14-36; 69-92; 113-127; 143-166; 200-223; 240-255; 257-278; 305-329; 367-383; 397-432; 454-478 ഹേബിക് കണ്ണൂരിൽ

Der Missionar und der Saktipriester, JB 1875, 2, Sp.241-248 മിഷണറിയും ശക്തിപൂജാരിയും

- **Missions - Bilder, Calw & Stuttgart 1864-1879:** മിഷനുകളെക്കുറിച്ചുള്ള ഗ്രന്ഥപരമ്പര

1. Heft, Neuseeland, 1864, 112 S.
2. und 3. Heft, Polynesien, 1864, 224 S.; Die Suedsee, 2. umgearb. Aufl., 1875, 212 S.
4. Heft, Nordamerikanische Indianer, 1866, 132 S., 2. umgearb. Aufl., 1877, 104 S. വടക്കേ അമേരിക്കയിലെ ഇന്ത്യാക്കാർ
5. Heft, Die Mission in den Polarlaendern, 1867, 120 S.; 2. umgearb Aufl., 1880, 96 S. ധ്രുവപ്രദേശത്തെ മിഷൻ
6. Heft, Die evangelischen Missionen in Mittel-und Sued-Amerika, 1868, 128 S. മധ്യദക്ഷിണ അമേരിക്ക
7. Heft, Jamaika und die Bahama's, 1869, 112 S.
8. Heft, Sierra Leone und Yoruba, 1870, 146 S.
9. Heft, West-Afrika, 1870, 112 S.
10. Heft, Madagaskar, 1871, 112 S.
11. Heft, Das Kapland, 1873, 120 S. ദക്ഷിണാഫ്രിക്ക
12. Heft, Suedost-Afrika, 1874, 112 S. തെക്കു കിഴക്കെ ആഫ്രിക്ക
13. Heft, Ost-Afrika, 1875, 128 S. ഈസ്ററാഫ്രിക്ക

Neue Serie : Asien: ഏഷ്യ

1. Heft, Syrien und Palaestina, 1876, 120 S.
2. Heft, Vorderasien, 1876, 112 S. സമീപപൂർവ ഏഷ്യ
3. Heft, Die Induslaender, 1878, 112 S. സൈന്ധവ നാടുകൾ
4. Heft, Die Gangeslaender, 1878, 112 S.ഗംഗാനാടുകൾ
5. Heft, Malabar, 1878, 112 S. (8. Das Malajalamland, S. 94-111) മലബാർ, മലയാള നാട്
6. Heft, Die Tamil-und Telugulaender, 1878, 112 S. (I. Das Thamil-land, S. 3-86) തമിഴ്-തെലുങ്ക് നാടുകൾ
7. Heft, Ceylon und Hinterindien, 1879, 112 S.
8. Heft, Die ostasiatische Inselwelt, 1879, 112 S. പൂർവേഷ്യൻ ദ്വീപുകൾ
9. Heft, China's Millionen, 1879, 112 S. ചൈനയിലെ ലക്ഷങ്ങൾ
10. Heft, China's Missionsgemeinden, 1879, 112 S. ചൈനയിലെ മിഷൻ സമൂഹങ്ങൾ

Missionsanfaenge in Bengalen, MM 1865, S. 300-355; 379-399; 432-442; 485-528 ബംഗാൾമിഷന്റെ തുടക്കം

Missionsgedanken eines Vermittlungstheologen, MM 1876, S. 257-290. അനുരഞ്ജനബുദ്ധിയായ ഒരു ദൈവശാസ്ത്രജ്ഞന്റെ മിഷൻചിന്തകൾ

Die Mission und der >>Tempel<<, MM 1876, S. 49-66

Die Mission vor dem Richterstuhl der Immanenz, Entgegnung auf: J.F. Langhans, Peitismus und Christenthum im Spiegel der aeusseren Mission, Erster Theil, Leipzig 1864, MM 1865, S. 14-50; 90-100; 123-132; 152-196 മിഷൻ ഉദാത്തതയുടെ ന്യായാസനത്തിങ്കൽ

Nachruf auf Missionar J. M. Buehler, HB 1854, 10,S. 92-94 ബ്യൂളറെക്കുറിച്ചുള്ള അനുസ്മരണ

Nala Charita Saram, Erster Theil, Hauptinhalt der Nala-Geschichte = Beitraege zur Kenntniss des religioesen Lebens der-Hindus, MM 1853, 1, S. 49-65; നളചരിതസാരം, ഒന്നാം ഭാഗം

Die Nestorianer, JB 1865,1, Sp. 411-420 നെസ്തോറിയർ

Neues aus Centralafrika, MM 1876, S. 200-210 മധ്യാഫ്രിക്കയിൽ നിന്നുള്ള വാർത്ത

Die Nilgiri und die Basler Mission, MM 1861, S. 57-106; 109-137; 189-242 (mit >> handschriftlichen Mitteilungen von Mis-

sionar Dr. Gundert<<). നീലഗിരിയും ബാസൽമിഷനും

Noch einmal Freretown, MM. 1876, S. 226-236

Noch einmal Sir Henry Lawrence, JB 1875,1, Sp. 37-54

Ostafrika, MM 1866, S. 481-512 ഈസ്റ്റാഫ്രിക്ക

Pater Sidotti, MM 1883, S. 283-285 ജീവചരിത്രം

Philipp Tschandran und sein Vaterhaus, Basel 1866, 56 S. ഫിലിപ്പ് ചന്ദ്രനും അയാളുടെ പിതൃഭവനവും

Reisebericht [auf die Nilgiri] von Missionar Gundert in Tellitscherry, MM 1842, 2, S. 248-258 മിഷണറി ഗുണ്ടർട്ടിന്റെ യാത്രാവിവരണം

Reise des Missionars Gundert nach Antscharkandi, eine Plantage bei Tellitscherry, MM 1839,3, S. 477-485. അഞ്ചരക്കണ്ടിയിലേക്കുള്ള ഗുണ്ടർട്ടിന്റെ യാത്ര

Robert Noble, MM 1869, S. 232-254; 257- 283

Rosette Schrumpf, MM 1863, S. 237-265; 313-338; 369-392

Samuel Hebich, Ein Beitrag zur Geschichte der indischen Mission, von zwei Mitarbeitern des Verewigten [Hermann Gundert und Herrmann Moegling], Basel 1872, 320 S. ജീവചരിത്രം

Samuel Hebichs Anfaenge, MM 1868 , S. 433-447; 481-495. സാമുവേൽ ഹേബിക്കിന്റെ തുടക്കം

Savanarola, JB 1875,1, Sp. 371-380.

Sir Henry Lawrence, JB 1868,1, Sp. 23-39

Sir Herbert Edwardes, JB 1873, 1, Sp. 117-132

Skizzen aus der Mission in Urumia, MM 1867, S. 24-31; 49-75 ഉറൂമിയയിലെ മിഷന്റെ രൂപരേഖ

Skizzen aus Persien, JB 1872,1, Sp. 21-36 പേർഷ്യയിൽ നിന്നുള്ള രൂപരേഖ

Stephan Grellet, der franzoesische Quaeker-Missionar, JB 1868,2, Sp. 25-50; 97-108

Stephan Hislop, MM 1870, S. 3-14

Ein Sterbebett ohne Hoffnung, Ûbersetzung und Zusammenfassung von>>Der Ausbruch (oder Anfang) des Weltekels << von Cottajagattu Radscha, Kerala Varma, MM 1853,1, S. 76-79 പ്രത്യാശയില്ലാത്ത മരണശയ്യ

Stimmen aus der Mission ueber den Aufstand in Jamaika, MM 1866,S. 145-158. ജമൈക്കയിലെ കലാപത്തെക്കുറിച്ചുള്ള മിഷൻനാദം

Thomas Gajetan Ragland, Missionar in Sued-Indien, MM 1859, S. 257-292

Tijo Soga, MM 1872, S. 57-76

Die Tinnewely-Mission, MM 1866, S. 190-216; vgl. MB1876, 6, S. 1-16

Tod des Bischofs von Calcutta, MM 1867, S. 109-115 കൽക്കത്തയിലെ ബിഷപ്പിന്റെ മരണം

Der Ursprung des deutschen Kriegs, JB 1866, 2, Sp. 193-220; JB 1867, 2, Sp. 55-80 ജർമൻ യുദ്ധത്തിന്റെ തുടക്കം

Ein vergessener Grosskoenig von Madagaskar, JB 1865,1, Sp. 387-400; 421-424 മഡഗാസ്കറിലെ വിസ്മൃതനായ മഹാരാജാവ്

Vierhundert Millionen, MM 1871, S. 244-257; 284-293; vgl.S. 293-298 നാൽപതു കോടി

Vier Jahre in Asante, Tagebuecher der Missionare Ramseyer und Kuehne aus der Zeit ihrer Gefangenschaft, Basel 1875; 2. Aufl., Basel 1875, IV+256 S. അസാന്തെയിലെ നാലു വത്സരം — മിഷണറിമാരായ റംസെയുടെയും കൂനെയുടെയും ജയിൽ ഡയറികൾ

Eine Visitationsreise nach Madagaskar, MM 1875, S. 49-67. മഡഗാസ്കർ സന്ദർശനം

Vor z wei Menschenaltern, JB 1871, 2, Sp. 207-220; 307-314; 359-368; JB 1872,1, Sp. 51-58; 121-132; 299-310; 385-394; JB 1872, 2, Sp. 69-78; 181-190; 243-254 രണ്ടു തലമുറ മുമ്പ്

Warren Hastings, JB 1876, 2, Sp. 33-42

Ein wiedergewonnener Straefling, JB 1876, 2, Sp.83-92 വീണ്ടെടുക്കപ്പെട്ട തടവുകാരൻ

Wie gelangt man zu einer Bibeluebersetzung in der Mission?, in: Verhandlungen der zu Bremen gehaltenen vierten allgemeinen Missions-Conferenz in der Himmelfahrtswoche 1876, Gueter-sloh 1876, S. 19-26 മിഷനുകളിൽ എങ്ങനെ ബൈബിൾ തർജമ ലഭ്യമാകും?

William Chalmers Burns, MM 1871, S. 3-29; 72-98; 117-128, 147-174; 179-190

Die Zaubereisuenden, Bericht, HB 1858, 5, S. 40-42

മന്ത്രവാദത്തിൻെറ തിന്മ

Zur Erinnerung an Christian Martig, MM 1863, S. 401-428; 449-492 ക്രിസ്ററ്യൻ മാർട്ടിഗിൻെറ ഓർമയ്ക്ക്

Zur Erinnerung an Gottfried Weigle und Pauline Bacmeister, Basel 1884, 32 S. = Auszuege aus >> Herrmann Moegling<<, s.o.
ഗോട്ട്ഫ്രിഡ് വൈഗ്ലേയുടെയും പൗളിനെ ബാക്മൈസ്ററററുടെയും ഓർമയ്ക്ക്

Zwoelf Monate in Madagaskar, MM 1875, S. 433-461; 481-491
മഡഗാസ്കറിൽ പന്ത്രണ്ടു മാസം

20

മലയാളികളുടെ മമത

1859-ൽ കേരളത്തോടു വിട പറഞ്ഞ ഹെർമൻ ഗുണ്ടർട്ട് ഇന്നും മലയാളികളുടെ മനസ്സിൽ ജീവിക്കുന്നു. ഈ വസ്തുത, എ.ഡി. ഹരിശർമ ചൂണ്ടിക്കാണിച്ചതുപോലെ, ഗുണ്ടർട്ടിനും കേരളീയർക്കും അഭിമാനകരമാണ്: *ജർമനിയിൽ ജനിച്ച് വെറും ഇരുപതു കൊല്ലം മാത്രം മലബാറിൽ ചെലവഴിച്ച ഒരു ജർമൻ മിഷ്യനറിക്ക് ഇത്ര വലിയ ബഹുമതി ലഭിക്കുന്നത് അദ്ദേഹത്തിൻെറ അപാരമായ കഴിവിനെയും മലയാളഭാഷയോടുള്ള അഗാധമായ സ്നേഹത്തെയും കാണിക്കുന്നതിനോടൊപ്പംതന്നെ കേരളീയരുടെ മഹാമനസ്കതയെയും വിവേചനാബുദ്ധിയെയും പ്രദർശിപ്പിക്കുന്നു (ഡോക്ടർ ഹെർമൻ ഗുണ്ടർട്ട്* 1973: 163).

കേരളീയർക്ക് എക്കാലത്തും ഗുണ്ടർട്ടിനെക്കുറിച്ചുണ്ടായിരുന്ന മതിപ്പ് മഹാകവി ഉള്ളൂരിൻെറ വാക്കുകളിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്: *പല വിദേശീയ വിദ്വാന്മാരും ഭാഷയ്ക്കു പല പ്രകാരത്തിൽ കൈങ്കര്യം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലും അവരിൽ പ്രഥമപദത്തെ അലങ്കരിക്കുന്നത് ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് എന്ന ജർമൻ പണ്ഡിതനാകുന്നു. അദ്ദേഹം പാലാഴിയിൽ നിന്ന് ദേവാമൃതമെന്ന പോലെ കടഞ്ഞെടുത്തു കൈരളിക്കു കാഴ്ചവച്ച മലയാളം-ഇംഗ്ലീഷ് നിഘണ്ടുപോലെ ഒരു മഹാഗ്രന്ഥം മലയാളത്തിൽ വേറെയില്ല. തങ്ങൾ ഏറെറടുക്കുന്ന ഏതൊരു കാര്യവും സമർഥമായി, സർവങ്കഷമായി, സാംഗോപാംഗസുഭഗമായി ചെയ്തു തീർക്കുന്നതിന് ജർമൻ ദേശക്കാരായ മനീഷികൾക്കുള്ള അഭൗമമായ ധിഷണാശക്തിയും ക്ലേശസഹിഷ്ണുതയും വിശ്വവിദിതമാണ്. അവരുടെ കൂട്ടത്തിൽ അപശ്ചിമമായ ഒരു സ്ഥാനത്തിന് ഏതു നിലയ്ക്കു നോക്കിയാലും ഗുണ്ടർട്ട് സായിപ്പിനും അവകാശമുണ്ട്.* (കേരള സാഹിത്യ ചരിത്രം, വാല്യം നാല് 1964: 159)

ഹെർമൻ ഗുണ്ടർട്ടിൻെറ സ്മരണ പുതുക്കാൻ ലഭിക്കുന്ന ഒരവസരവും കേരളീയർ മറന്നുപോയിട്ടില്ല. 1972-ൽ ഗുണ്ടർട്ടു നിഘണ്ടുവിൻെറ ശതാബ്ദി വിപുലമായി പല തലങ്ങളിലും ആഘോഷിച്ചു. നിഘണ്ടുവും വ്യാകരണവും സാഹിത്യപ്രവർത്തക സഹകരണ സംഘം പൊതുജനങ്ങൾക്കും ലഭ്യമാക്കി. കൊച്ചി സർവകലാശാല ഗുണ്ടർട്ടു

സെമിനാർ സംഘടിപ്പിച്ചു; അതിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ ഒരു പുസ്തകമായി സർവകലാശാല തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1972-ൽ കേരള സർവകലാശാലയിലെ ജർമൻ വകുപ്പ് അവിസ്മരണീയമായ ഒരു കൃതി പുറത്തിറക്കി—*ജർമൻ മലയാള നിഘണ്ടു*. അതിന്റെ മുഖവുരയിൽ ഗ്രന്ഥകർത്താവായ ഡോ. വി. സി. ചാക്കോ എഴുതുന്നു:

ഇന്നേക്കു നൂറുവർഷം മുമ്പ് 1872-ാമാണ്ടാണ് ഡോക്ടർ ഗുണ്ടർട്ട് തന്റെ നിഘണ്ടു പ്രസിദ്ധീകരിച്ചത്. സൂക്ഷ്മമായ ഭാഷാശാസ്ത്ര പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മലയാളഭാഷയെ തമിഴ്, കന്നടം, തെലുങ്ക് എന്നീ ഇതര ദ്രാവിഡ ഭാഷകളുമായി ബന്ധപ്പെടുത്തി രചിച്ചിട്ടുള്ള ഈ നിഘണ്ടു ഇന്നും മാർഗനിർദേശക സ്വഭാവമുള്ള ഒരു അടിസ്ഥാനകൃതി എന്ന നിലയിൽ അത്യന്തം പ്രയോജനപ്രദമാണ്. അങ്ങനെ മലയാള ഭാഷാരംഗത്തു പിന്നീടുണ്ടായ ഗവേഷണപ്രവർത്തനങ്ങൾക്ക് വഴി തെളിച്ചവരിൽ ഈ ജർമൻകാരനു മുഖ്യമായ ഒരു സ്ഥാനമാണുള്ളത്. ഡോ. ഗുണ്ടർട്ടിന്റെ നാമം കേരളീയർക്കു വിസ്മരിക്കാനാവാത്തതാണ്.

ലോകമലയാള സമ്മേളനങ്ങൾ പലതു നടന്നിട്ടുണ്ടെങ്കിലും ഒരു വ്യക്തിയുടെ സ്മരണയ്ക്ക് അതു സമർപ്പിക്കപ്പെട്ടത് ഒരിക്കൽ മാത്രമാണ്. 1986-ൽ ബർലിനിൽ നടന്ന ഹെർമൻ ഗുണ്ടർട്ട് സ്മാരക ലോകമലയാള സമ്മേളനം. ജർമൻ മലയാളികളുടെ ഉത്സാഹത്തിലും കേരളസർക്കാരിന്റെ സഹായത്തിലും സംഘടിപ്പിക്കപ്പെട്ട ആ സമ്മേളനത്തിൽ ഇരുനൂറോളം പ്രതിനിധികൾ ജർമനിക്കു പുറമെനിന്നു പങ്കെടുത്തിരുന്നു. മററെന്തിലുമുപരി ആ സമ്മേളനം ഗുണ്ടർട്ട് പഠനത്തിന് ഉത്തേജനമായി തീർന്നു ജർമനിയിലും കേരളത്തിലും.

ഇതെല്ലാമാണെങ്കിലും ഗുണ്ടർട്ടിനെ കേരളീയർ ഇനിയും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല എന്ന പരാതി ചില പണ്ഡിതന്മാർക്കുണ്ട്. കേരളീയരുടെ പരിധിയററ സ്നേഹോദാരതയാണ് ഡോക്ടർ സുകുമാർ അഴീക്കോടിന്റെ വാക്കുകളിൽ മുഴങ്ങുന്നത്: *ഓർക്കുമ്പോൾ മേലാകെ ചീർക്കുമാറ് പശ്ചിമ ചക്രവാളം ഭേദിച്ച് ഇവിടെയെത്തി ഒരു മന്ദാനിലനെപ്പോലെ ഇവിടത്തെ ജനതയെ പരിചരിച്ച്, ശുശ്രൂഷിച്ച് പടിഞ്ഞാറുതന്നെ തിരിച്ചുപോയ ആ മഹാപ്രതിഭയെപ്പററി നാമധികമൊന്നും പിന്നീട് പഠിച്ചില്ല. വളരെക്കുറച്ച് ഉപന്യാസങ്ങളേ അദ്ദേഹത്തെപ്പററിയോ അദ്ദേഹത്തിന്റെ കൃതികളെ പ്പററിയോ മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ളൂ. മററൊരു നാട്ടിലായിരുന്നെങ്കിൽ ഗവേഷണ പ്രബന്ധങ്ങളുടെ ഒരു ധവളാചലം ആ സ്മരണയുടെ മുമ്പിൽ വിനീതപ്രാഭ്യതമായി തല താഴ്ത്തി നിന്നേനേ!* (കെ.പി. വറീദിന്റെ *ഡോക്ടർ ഹെർമൻ ഗുണ്ടർട്ട്*, അവതാരിക 1973: IX)

ഭാവിക്കുവേണ്ടി

ഡോക്ടർ അഴീക്കോട് ആഗ്രഹിക്കുന്ന തരത്തിലുള്ള ഗവേഷണ പഠനങ്ങൾ, മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും കേരള ചരിത്രത്തിന്റെയും അജ്ഞേയ മേഖലകളിലായിരിക്കും ഗവേഷകരെ കൊണ്ടുചെന്നെത്തിക്കുക. ഗവേഷണാചാര്യനായ ഡോ. കെ.എൻ. എഴുത്തച്ഛൻ നിർദേശിച്ചിരിക്കുന്ന പോംവഴി ഇവിടെ പ്രസക്തമാണ്:

മലയാളത്തിലെ നിരവധി ഗദ്യപദ്യകൃതികളുമായി ഗുണ്ടർട്ടിനു നേരിട്ടു പരിചയമുണ്ടായിരുന്നു. ആയിരക്കണക്കിനുള്ള ഉദ്ധരണികൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. ആ ഗ്രന്ഥങ്ങളിൽ പലതും ഇന്നു കിട്ടാനില്ല. അദ്ദേഹത്തിന്റെ കൃതികളും അങ്ങനെതന്നെ. ഈ വിഷയത്തിൽ പ്രത്യേകം താൽപര്യമെടുത്തു പ്രവർത്തിക്കാൻ തയ്യാറുള്ള ഒട്ടധികം ഗവേഷകന്മാർ ഉണ്ടായാലേ ഗുണ്ടർട്ടിന്റെ പ്രയത്നത്തിന്റെയും സിദ്ധിയുടെയും മൂല്യം തികച്ചും നിർണയിക്കാൻ സാധിക്കയുള്ളുവെന്നതിനു സംശയമില്ല (*ഗുണ്ടർട്ട്- ഒരു പഠനം*, കൊച്ചി സർവകലാശാല 1972: 103).

ഇവിടെ സൂചിപ്പിച്ച രണ്ടു പരിമിതികൾ ഏറെക്കുറെ മറി കടക്കാൻ ഇപ്പോൾ കഴിഞ്ഞെന്നു തോന്നുന്നു. ഗുണ്ടർട്ട് ഉപയോഗിച്ച മിക്ക കൃതികളും കണ്ടെടുക്കാൻ സാധിച്ചു. ഗുണ്ടർട്ടിന്റെ പ്രധാനപ്പെട്ട കൃതികളെല്ലാം ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയുടെ ഭാഗമായി വെളിച്ചം കാണുന്നതാണ്. ഗുണ്ടർട്ട് രചിച്ചതും ശേഖരിച്ചതുമായ കൃതികളുടെ വിശദമായ പട്ടിക ഈ പുസ്തകത്തിലൂടെ ഗവേഷകർക്കു ലഭ്യമാകുന്നു. ഇനി ഉണ്ടാകേണ്ടത് ഈ വിഷയത്തിൽ പ്രത്യേക താൽപര്യമെടുത്തു പ്രവർത്തിക്കാൻ തയ്യാറുള്ള ഒട്ടധികം ഗവേഷകരാണ്! അവരെ സഹായിക്കാൻ ആസൂത്രിതമായ ഗവേഷണ പദ്ധതികളും വേണം.

സൂചിക

അഞ്ചരക്കണ്ടി - 78, 79, 87, 94, 95, 109, 110, 111, 114, 133
അഞ്ചുതെങ്ങ് - 72
അധ്യാത്മരാമായണം - 138
അബ്രഹാം മൂളിയിൽ - 95
അമരകോശം - 77
അമേരിക്കൻ മിഷണറിമാർ - 64
അമ്മാനെ - 128
അലക്സാന്ദ്രിയ - 103
ആദൻ - 103
ആധുനിക ചരിത്രം - 149
ആനക്കാരൻ ഗോവിന്ദൻ - 148
ആൻഡേഴ്സൺ - 79, 85
ആന്ധ്രപ്രദേശ് - 67
ആൻറിഗണി - 55
ആൻേറാൺ നോറീസ് ഗ്രോവ്സ് - 58, 59, 60, 61, 62 63, 67
ആഫ്രിക്ക - 61
"ആയിരത്തി എണ്ണൂററി മുപ്പത്തിമൂന്ന് —ആഗസ്ററ് പന്ത്രണ്ട്" - 52
ആലപ്പുഴ - 72, 97
ആൽപ്സ് - 103
ആർബത്നോട്ട് - 141
ഇംഗ്ലണ്ട് - 59, 60, 61, 81, 93
ഇംഗ്ലീഷ് ബൈബിൾ - 91
ഇടയംകുടി - 112
ഇന്ത്യ - 44, 52, 58, 59, 62, 64, 65, 69, 73, 74, 75, 77, 105, 143
ഇന്ത്യയിലെ ക്രിസ്തുമതം - 97
ഇല്ലിക്കുന്ന് - 77, 81, 82, 83, 85, 86, 87, 88, 89, 92, 93, 96, 103, 108, 136
ഇവാഞ്ചലിക്കൽ സ്ററിഫ്ററിൽ - 50
ഇസ്രായേൽ - 64
ഇറിയോൺ മിഷണറി - 86
ഈഡിപ്പസ് രാജാവ് - 55
ഈസ്ററിന്ത്യാക്കമ്പനി - 117
ഈറിയോൺസായ്പ് - 108
ഉല്പത്തി പുസ്തകം - 92
ഊട്ടി - 112
എൻസ്ലിൻ ജെ. എച്ച് - 43
എഫേസിയർ -124
എലിസബത്ത് ബ്ലാൻഡ്ഫോർഡ് - 108
ഏഴിമല - 73
ഒരായിരം പഴഞ്ചൊൽ - 119, 148
ഓക്സ്ഫോ ഡ് - 61
ഓട്ടിംഗർ - 57, 61, 102
ഔസ്ബുർഗ് - 103
കണ്ണൂർ - 75, 78, 80, 81, 95, 107, 109, 110, 114
കതിരൂർ - 86
കന്നഡ - 69
കന്നഡ ബൈബിൾ - 76
കന്നഡ ഭാഷാ പഠനങ്ങൾ - 121
കന്യാകുമാരി - 70
കയത്തൂർ - 65
കയിറോ - 103
കൽക്കട്ട - 59, 60, 62, 117, 118
കർണ്ണാട്ടിക് ദേശം - 71
കാതോലിക ലേഖനങ്ങൾ - 124
കാനറ - 69
കാൽവർ ഫെർലാഗ് - 143, 144, 149, 150, 157
കാൽവിൽ - 45, 49, 55, 57, 120
കാസർഗോഡ് - 139
കാൾ ഗ്രൗൾ. ഡോ - 111
കാൾ തിയോഫിലോസ് റേനിയൂസ് - 60
കാൾ ഫ്രോൺ മേയർ - 155
കാൾസ് റൂഹ് - 44
കിർഷ് സ്ട്രാസെ - 41
കീച്ചേരി - 129
കുഞ്ഞിവൈദ്യൻ - 87
കുന്നംകുളം - 139
കുംഭകോണം - 63
കുഴിത്തുറ - 71
കുററിക്കൽ പാലം - 129
കുററിയാടി - 140

കൂടല്ലൂർ - 63
കൂത്തുപറമ്പ് - 87
കെററി - 117
കേരളപ്പഴമ - 104
കേരളം - 77, 85, 92, 123
കേരളോല്പത്തി - 77, 93, 100, 116, 117
കൊച്ചി - 72, 88
കൊടുങ്ങല്ലൂർ - 101
കൊഡൈക്കനാൽ - 112
കൊണോലി - 94
കൊരിന്തിയർക്കുള്ള ലേഖനം - 117
കൊല്ലം - 72
കൊളോൺ - 59
കൊളോസിയർ - 124
കോട്ടയകത്ത് രാജ - 91
കോട്ടയം - 71, 92, 93, 96, 98, 99, 102, 122
കോട്ടയ്ക്കൽ - 139
കോൺസ്ററാൻറിനോപ്പിൾ - 61
കോഴിക്കോട് - 69, 83, 85, 94, 111, 134
ക്രിസ്തീയ ഗീതങ്ങൾ- 92
ക്രിസ്തുമതം - 79, 101
"ക്രിസ്തു മാഹാത്മ്യം" - 117, 118
ക്രിസ്തുസഭാചരിതം - 106
ക്രിസ്റ്റ്യൻ ഗോട്ട്ലീബ് ബ്ലൂംഹാർട്ട് -43
ക്രിസ്റ്റ്യാനെ എൻസ്ലിൻ - 41, 42
ക്രിസ്റ്റ്യാനെ - 103, 105
ക്രിസ്റ്റ്യാൻ ഇറിയോൺ - 94, 95, 96, 133
ക്രിസ്റ്റ്യാൻ മ്യൂള്ളർ -93
ക്രൈസ്തവ വേദ വിജ്ഞാനീയം - 48
ഗംഗാതടം - 118
ഗലാത്യർ - 124
ഗാർത്ത്വെയിററ് - 122, 141
ഗുണ്ടർട്ട് നിഘണ്ടു - 108, 154
ഗുണ്ടർട്ട് ബംഗ്ലാവ് - 81
ഗുണ്ടർട്ട് ബൈബിൾ - 125
ഗുണ്ടർട്ട് വ്യാകരണം - 108, 121
ഗെയ്ഥേ - 45, 50, 51
ഗോട്ട്ഫ്രീഡ് വൈഗ്ലേ - 76, 77
ഗ്രിഗറി ഏഴാമൻെറ കാലം വരെയുള്ള സഭാചരിത്രം - 70
ഗ്രീക്ക്-തമിഴ് നിഘണ്ടു - 65
ഗ്രീക്ക് നിഘണ്ടു - 70
ഗ്രീവ്സ് ജെ.പി. - 43
ഗ്രെൻസ് ബോട്ടൻ - 48
ഗ്ലാസ്ഗോ - 112
ചണക കഥ - 100
ചർച്ച് ഓഫ് ഇംഗ്ലണ്ട് - 59, 112
ചാപ്മാൻ -96, 97
ചിറയ്ക്കൽ - 52, 75, 85, 107, 108, 109, 114
ചിററൂർ - 67, 68, 73, 83
ചെപ്പേടുകൾ - 96
ചൈന - 82
ചൊക്ലി - 87
ചൊവ്വ - 134
ചോമ്പാൽ - 88, 103
ജൂലി - 67-70, 82, 85, 88, 94, 105-108, 117, 158, 160
ജേർണൽ ഓഫ് ലിററേച്ചർ ആൻഡ് സയൻസ് - 97
ജോൺ ആൻഡേഴ്സൺ - 112
ജോൺ ബുനിയൻ - 106
ജോൺ മിഖായേൽ ഫ്രിററ്സ് - 92, 94
ജോൺ മ്യൂർ - 117
ജോൺസൺ - 97, 99
ജോസഫൈൻ - 103
ജോസഫ് പിററ് - 97, 101
ജോസഫ് സീമോൺ അസ്മാനി - 97
ജോർജ് ഫ്രീഡറിക്ക് മ്യൂള്ളർ - 94
ജോർജ് മ്യൂളർ - 60
ജോർജ് യൂഗ്ലോവ് പോപ്പ് - 112
ടിപ്പു - 114
ട്യൂബിങ്ങൻ സർവകലാശാല - 48, 50, 51, 55, 58, 61, 69, 76, 89, 91, 102, 104, 117, 150
ട്രീയസ്ററ് - 103
ഡച്ചുകോട്ട - 72
ഡബ്ലിൻ - 112
ഡയറിക്കുറിപ്പുകൾ - 67
ഡീസ് സായ്പ് - 108, 120
ഡേലിംഗർ - 81, 82
ഡേവിഡ് - 103, 157
ഡേവിഡ് ഫ്രീഡറിക് സ്ട്രൗസ് - 48, 50, 51
തച്ചോളിപ്പാട്ടുകൾ - 120
തഞ്ചാവൂർ - 63, 85
തമിഴ് വ്യാകരണം - 112
"തമിഴ് ശതുരകാരാദി" - 117

തലശ്ശേരി - 73, 75, 78, 79, 81, 82, 85, 86, 93, 94, 95, 98, 103, 105, 113
തളിപ്പറമ്പ് - 129, 140
താരതമ്യ വ്യാകരണ സിദ്ധാന്തം - 61
തിരുക്കുറൽ - 112
തിരുച്ചിറപ്പള്ളി - 63
തിരുനൽവേലി - 60, 63, 65, 69, 79, 91, 112
തിരുമംഗലം - 65
തിരുവനന്തപുരം - 71, 105
തിരുവള്ളുവർ - 112
തിരുവാചകം - 113
തിരുവിതാംകൂർ - 70, 71, 101, 105
തീയർ - 86, 91
തുളു - 77, 139
തൂത്തുക്കുടി - 67
തൃശ്ശിനാപ്പള്ളി - 69
തെങ്ങ് - 71
തെലുങ്ക്- 62
തെസിലോണിയർ - 124
തോംസൺ - 116
ദ്രാവിഡഭാഷകളുടെ താരതമ്യ വ്യാകരണം - 112
ദ്രാവിഡഭാഷകൾ - 77, 82, 91
നവ്യജന്മം -43
നവ്യഹൃദയം - 42
നളചരിതസാരശോധന - 119, 148
നാഗർകോവിൽ - 70
നായർ കഥകൾ - 120
നീലഗിരി - 83, 105, 107, 111, 112, 116, 122, 131
നെക്കാർ നദീതീരം - 50
നെട്ടൂർ - 103, 104, 107
നെപ്പോളിയൻ - 42
നെയ്യാറ്റിൻകര - 71
നെയ്യൂർ - 70
ന്യൂമാൻ ജെ. ഡബ്ലൂ - 61
ന്യൂസിലാൻഡ് - 107
പഞ്ചതന്ത്രം - 137
പടപ്പാട്ടുകൾ - 114
പതഞ്ജലി - 63
പയ്യന്നൂർ - 114
പശ്ചിമോദയം - 93
പഴഞ്ചൊൽമാല - 119
പാമ്പൻ - 67
പാളയംകോട്ട - 68, 69, 70, 78
പിൽഗ്രിംസ് പ്രോഗ്രസ് - 106
"പീഡാനുഭവചരിത്രം" - 117
പേർഫെക്റ്റ് - 61
പോണ്ടിച്ചേരി - 63
പോസ്റ്ററൽ സ്ററാമ്പുകൾ - 114
പോളികാർപ്പൂ ചരിതം - 106
പോർത്തുഗീസുകാർ - 101
പൗരോഹത്യാഭിഷേകം - 102
പൗൽചന്ദ്രൻ - 87
പൗൽ - 103, 107, 129, 130
പ്രാചീന ഗ്രീസ് - 98
പ്രാചീന മലയാളം - 97
പ്രിച്ചാർഡ് - 61
ഫയിഹിംഗൻ - 48
ഫിലിപ്പ് ചന്ദ്രനും അയാളുടെ പിതൃഭവനവും - 88
ഫ്ലോറാ - 88
ഫ്രൻസ്. ഡോ - 107
ഫ്രാങ്കേ മിഷണറി ഇൻസ്ററിററ്യൂട്ട് - 60
ഫ്രാൻസ് - 62
ഫ്രീഡറിക് - 103, 105, 107, 109, 121, 131, 157, 159
ബംഗാളി - 61, 62
ബംഗാൾ - 60
ബഞ്ചമിൻ ബയിലി - 96, 97, 98, 99, 100, 116
ബയിലി മിസ്സിസ് - 99
"ബയിലിയുടെ മലയാളം നിഘണ്ടു" - 117
ബാംഗ്ലൂർ - 112
ബാദൻവ്യൂർട്ടൻബർഗ് - 41, 50, 58
ബാപ്ടിസ്ത - 85
ബാസൽ - 58, 103, 105, 116, 119, 121, 142, 143
ബാസൽ ബൈബിൾ സംഘം - 123
ബാസൽ മിഷൻ - 43, 44, 58, 60, 69, 74, 75, 81, 88, 94, 101, 102, 104, 131
ബി-യാൻ-ലൂ - 64
ബെത്തൂലിയൂസ് - 104
ബേക്കർ ദമ്പതികൾ - 99
ബേൺ - 58
ബൈബിൾ സൊസൈററി - 43

ബോംബെ - 60, 77, 103, 105
ബോർഡോ - 62
ബ്യൂസിംഗർ - 105
ബ്രണ്ണൻ -88
ബ്രസീൽ - 62
ബ്രാഹ്മണർ - 65, 71
ബ്രിട്ടീഷ് ബൈബിൾ സൊസൈററി - 41
ബ്രിസ്ററൾ - 60
ബ്രൗൺ - 78, 79, 80
ഭക്തിപ്രസ്ഥാനം - 41, 44, 51, 57
ഭാഗവതം - 138
ഭാരതം - 138
മംഗലാപുരം - 52, 62, 69, 70, 72, 73, 77, 78, 82, 83, 85, 88, 89, 92, 93, 103, 105, 113, 121
മഡഗാസ്കറിലെ മതപീഡനത്തെ ക്കുറിച്ചുള്ള ലഘുലേഖ - 70
മതപരീക്ഷ - 118
മത്തായിയുടെ സുവിശേഷം - 91
മദിരാശി സർവകലാശാല - 137
മദ്രാസ് - 60, 62, 63, 67, 123
മധുര - 64, 65
മന്നൻ - 87
മലപ്പുറം - 140
മലയാള നിഘണ്ടു - 152
മലയാള പഴഞ്ചൊല്ലുകൾ - 137
മലയാള വ്യാകരണം - 91, 121
മലയാള വ്യാകരണ ചോദ്യോത്തരം - 122
മാണിക്കവാചകർ - 101, 113
മാനന്തവാടി - 87, 140
മാനവചരിത്രം - 149
മാനുഷഹൃദയം - 42, 104, 106, 130
"മാന്ത്രിക ഓടക്കുഴൽ" - 49
മാപ്പിള മലയാളം - 95
മായാപുരം - 63
മാവേലിക്കര - 97, 98, 101
മാഹി - 87
മാറി - 103, 108, 158, 160
മാർഗരെററ് വീൽ - 107, 108
മാർസൈല - 142
മിഖായേൽ - 78, 79, 94
മില്ലി. ഡോ - 91
മിഷൻ മാസിക - 119
മിഷൻസ്കൂളുകൾ - 64
മിസിസ് ബഗ്ഗി - 84
മിസ്ററിസിസം - 41, 57
മുദ്രാരാക്ഷസം - 137
മുപ്പതുവർഷയുദ്ധം - 45
മെൻഡൽസ് സോഹൻ - 117
മേലൂർ - 63, 65
മൈൻസ് - 59
മൈസൂർ - 99
മൊസാർട്ട് - 49
മോശെ - 91
മൗൾ ബ്രോൺ - 44, 45, 48, 49, 51
മ്യൂണിക് - 103
യഹൂദച്ചെപ്പേട് - 101
യഹൂദശാസനം - 96
യഹെസ്കേൽ പ്രവാചകൻ - 45
യാക്കോബ് രാമവർമ - 133
യുവജനമാസിക - 120
യൂദാസ് മക്കേബ്യൂസ് - 117
യൂറോപ്പ് - 62
യെശു മശീഹയുടെ കഥാസംക്ഷെപം - 127
യേശുക്രിസ്തു - 63
യൊഹാനസ് കെപ്ലർ - 44, 50
യൊഹാൻ ആൽബ്രഷ്ട് ബെംഗൽ - 41
യൊഹാൻ എവാൻഗെലിസ്ത ഗോസ്നർ - 42
യോഗസൂത്രം - 63
യോന - 73
യോഹന്നാൻെറ സുവിശേഷം - 61
രാജ്യസമാചാരം - 93
രാമചരിതം - 116
രാമേശ്വരം - 67
രാമോട്ടി - 95
രൂപനിഷ്പത്തി പ്രകരണം - 120
ലണ്ടൻ - 59, 60, 112
ലസ്‌ലി - 68
ലസ്സലസ് - 83
ലിററർജി കമ്മീഷൻ - 113
ലുഡ്‌വിംഗ് - 103
ലുഡ്‌വിഗ് ഗുണ്ടർട്ട് - 41, 42, 43, 44, 50, 55, 74
ലൂക്കോസിൻെറ സുവിശേഷം - 91
ലൂഥർ - 91

ലൈപ്സിംഗ് - 42
വജ്രസൂചി - 118
വയനാട് - 107
വരാപ്പുഴ നിഘണ്ടുക്കൾ - 150
വളർപട്ടണം - 111
വാക്യവിചാരം - 120
വാക്കർ സായ്പ് - 118
വാല്മീകി രാമായണം - 138
വിരുദനഗർ - 65
വിൽഫോർഡ് ഹാവൻ - 61
വിൽസ്ലോ - 116
വില്യം റോബിൻസ് - 76
വെസ്റ്റ്. സി - 95
വെർപ്പേരി - 63
വേദവിപരീത സിദ്ധാന്തങ്ങൾ - 98
വേദശാസ്ത്ര ചരിത്രം - 98
വൈഗ്ലേ - 90, 92
വൈഗ്ലേയ - 128
ശൂദ്രർ - 97
ഷ്ലയർ മാഹറു - 98
സഞ്ചാരിയുടെ പ്രയാണം - 106
സത്യവെദ സംക്ഷെപ ചരിത്രം - 127
സത്യവേദ ഇതിഹാസം - 92
സമ്പൂർണ മലയാള ഭാഷാ
വ്യാകരണം - 121
സംസ്കൃതം - 61, 90, 97, 100, 118
സയാം - 82
സാത്തൂർ - 65
സാമുവേൽ - 84, 103, 114, 121, 122, 135, 153, 158
സാമുവേൽ ഹേബിക് - 75, 76, 104, 107, 109, 110, 114
സി.എം.എസ്. പ്രസ് - 92
സി.എം.എസ്. മിഷണറിമാർ - 91, 96, 122
സിന്ധുപ്പൻ തുറ - 63, 65
സിറിയ - 61
സുറിയാനി ക്രിസ്ത്യാനികൾ - 97, 101
സുറിയാനിച്ചെപ്പേട് - 101
"സുറിയാനി പ്ശീത്താ" - 99
സുറിയാനി സഭ - 98
സൂയസ് - 103
സൂറിച്ച് - 58
സെൻ ബുദ്ധദർശനം - 63
സെൻറ് ജോർജ് കോട്ട - 62
സെല്ലറുടെ വേദോപദേശം - 92
സോഫി - 65
സോഫോക്ലീസ് - 55
സ്ട്രെയിഞ്ച് - 81
സ്ട്രെയിഞ്ച്, ടി.എൽ. - 76
സ്വിററ്സർലണ്ട് - 51, 58, 69, 143
സ്ററയിൻ ഭവനം - 45
സ്ററുട്ഗാർട്ട് - 41, 42, 44, 45, 48, 49, 51, 58, 59, 73, 74, 94, 103, 104, 105, 116, 143, 157
സ്ററുട്ഗാർട്ട് മിഷൻ മാസിക - 44
സ്ററെഫാൻ ഗ്രെല്ലററ് - 42
ഹന്നാ തോമാ - 67
ഹാളേ - 60
ഹിന്ദുസ്ഥാനി - 62
ഹീബ്രു-തമിഴ് നിഘണ്ടു - 65
ഹീബ്രു വ്യാകരണം - 70
ഹെർമൻ - 82, 103, 114
ഹെർമൻ ഡെർ കെറുസ്കർ - 42
ഹെർമൻ മ്യൂഗ്ളിങ് - 69, 73, 76, 77, 80, 82, 83, 99, 105, 110, 111
ഹെർമൻ ഹെസ്സേ - 103
ഹേഗൽ - 50, 51
ഹൈഡൽ ബർഗ് - 59
ഹൈദ്രബാദ് - 108
ഹോഫ്മാൻ - 104
റബ്ബി സാമുവേൽ - 101
റിഡ്സ്ഡെയിൽ - 72
റേനിയൂസ് - 63, 65, 66, 67, 78, 91
റൈൻ നദി - 59
റോട്ടർ ഡാം - 59
റോബർട്സ് - 71
റോബർട്ട് കാൽഡ്വൽ - 66, 112

ഡോ. ഹെർമൻ ഗുണ്ടർട്ട്

പറുദീസയിലെ ഭാഷാപണ്ഡിതൻ

ആൽബ്രെഷ്ട് ഫ്രൻസ്
സ്കറിയാ സക്കറിയ

ഡി. സി. ബുക്സ് കോട്ടയം
1991
വില 50.00